ദ്വിതീയഃ പടലഃ

അനന്തരം രണ്ടാമത്തെ പടലംകൊണ്ടു പ്രാസാദബിംബലക്ഷണ ങ്ങളെപ്പറയുന്നു.

പാദോനത്രികാരാദിപഞ്ചദശഹ-
സ്താശാംഗുലാന്തോത്തരേ-
ഷ്വഷ്ടാഷ്ടാംഗുലവൃദ്ധിതോഽന്തരഭവ-
ദ്യോനിപ്രഭേദേഷ്വഥ
പ്രത്യക്പ്രാഗവദനക്രമേണ വിഹിതേഷ്വ-
ല്പേഷു വാന്യേഷു വാ
പ്രാസാദേഷു വിശിഷ്ടജാതിഷു നിജേ-
ഷ്ടം കാരയേത് കാരുഭിഃ. 1

പാദോനത്രികാരാദിപഞ്ചദശഹസ്താശാംഗുലാന്തോത്തരേഷു = രണ്ടേമുക്കാൽ കോൽ നീളം തുടങ്ങി പതിനഞ്ചു കോലും പത്തുവിരലും നീളം അവസാനമായിട്ടു ശ്രീകോവിലിന്റെ ഉത്തരങ്ങൾക്കു നീളം കല്പിക്കാം. അഷ്ടാഷ്ടാംഗുലവൃദ്ധിതഃ അന്തരഭവദ്യോനിപ്രഭേദേഷു = ഈ നീളത്തിൽ എട്ടെട്ട് അംഗുലം കൂടിക്കൂട്ടിയാൽ മുക്കോലേരണ്ടുവിരലും, മുക്കോലേപത്തുവിരലും മേല്പോട്ട് ഇങ്ങനെ കൂടിക്കൂടിയും ഉത്തരനീളം കൊള്ളാം. പ്രത്യക്പ്രാഗവദനക്രമേണ വിഹിതേഷു = ഈ ഉത്തരനീളങ്ങൾ രണ്ടേമുക്കാൽ കോൽ പടിഞ്ഞാറും മുക്കോലേരണ്ടുവിരൽ കിഴക്കും മുക്കോലേപത്തുവിരൽ പടിഞ്ഞാറും മൂന്നേമുക്കാൽകോൽ കിഴക്കു നടയായിട്ടും വിധിക്കപ്പെട്ടിരിക്കുന്നു. അല്പേഷു വാ = അല്പപ്രാസാദങ്ങളിൽതാൻ, അന്യേഷു വിശിഷ്ടജാതിഷു വാ = ഇതുകൂടാതെ മറ്റു വിശിഷ്ടങ്ങളായി ജാതികളായിരിക്കുന്ന പ്രാസാദങ്ങളിൽതാൻ, നിജേഷ്ടം കാരുഭിഃ കാരയേത് = തനിക്ക് ഇഷ്ടമായിരിക്കുന്ന പ്രാസാദത്തെ ആശാരിമാരേക്കൊണ്ടു പണിചെയ്യിപ്പൂ.

ഇനി ഒരു ശ്ലോകംകൊണ്ട് രണ്ടാം പടലത്തിൽ സാമാന്യേന അല്പപ്രാസാദങ്ങളുടെ നിയമത്തെ ചൊല്ലുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

കാൽ കുറയ മൃ(ഭ?)ക്കാൽ തുടങ്ങി പതിനഞ്ചോലെ പതിറ്റു വിരലന്ത മായി ഇരിക്കുന്ന ഉത്തരനീളത്തോട്ടുകൂടി അവിടെ എട്ടെട്ടു വിരലേറിയേ റി മദ്ധ്യേ മദ്ധ്യേ ഉണ്ടായി ഉണ്ടായി ഇരിക്കുന്ന യോനിഭേദത്തോടുംകൂ ടി കാൽകുറെ മുക്കാൽ തുടങ്ങി ക്രമത്താലേ പശ്ചിമദ്വാരം പൂർവ്വദ്വാരം എന്നു തുടങ്ങിയുള്ള നിയമത്തോടുംകൂടിയിരിക്കുന്ന അല്പപ്രാസാദങ്ങൾ ഇരുവരൽകുറയെ മൃ(ഭ?)ക്കാൽ തുടങ്ങി എട്ടെട്ടു വിരലേറിയേറി ഉത്തര മുഖങ്ങളായി അല്പപ്രാസാദങ്ങളിൽതാൻ, മറ്റു ഉൽകൃഷ്ടമായി ഇരിക്കുന്ന മഹാപ്രാസാദങ്ങളിൽതാൻ, തനിക്കിഷ്ടമാകുന്നതിനെ ആശാരിമാരേ ക്കൊണ്ട് പണിചെയ്യിപ്പിച്ചുകൊള്ളുക തന്ത്രിയെന്നു പൊരുൾ. ഇവിടെ കാൽകുറയ മൃ(ഭ?)ക്കാൽ ഏകയോനി പശ്ചിമദ്വാരം. അവിടെനിന്നു മൃ (ഭ?)ക്കാൽ എൺവിരൽ ഏറിയിരിക്കുന്ന മുക്കോലേ ഇരുവിരൽ പഞ്ച യോനി പൂർവദ്വാരം. ഇതിനിടയിൽ മുക്കോൽ പന്തീർകോൽ പഞ്ചകൂടം യോനിപ്പെടാതെ ഉള്ളത്. അവിടെ, നടേ എന്ന് എൺവിരലേറിയതു മുക്കോലെ പത്തുവിരൽ ഏകയോനി. അതിൽ എൺവിരൽകൂടെ കൂടി യത് മൂന്നേകാൽകോൽ പതിമ്മുക്കോൽ സപ്തയോനി ദക്ഷിണദ്വാരം. ഇങ്ങനെ പതിനഞ്ചോലെ പതിറ്റുവിരലോളം എന്നു താല്പര്യം. പതി നൊരുകോൽ ഓജാധമാദിയിലും കാൽകുറയെ പതിനൊരുകോൽ പതി നൊരുകോലെ ഇരുവിരലുൽകൃഷ്ടജാതിയിലുമീവണ്ണമെന്നു താല്പര്യം.

ഈശാദിപ്രേതേശപര്യന്തദിക്സ്ഥാഃ
പ്രാസാദാ ഗ്രാമാദികേഷു ധ്വജോത്ഥാഃ
ഗോയോന്യുത്ഥാശ്ശേഷദിക്സംസ്ഥിതാസ്സ്യു-
സ്തത്സ്ഥാപ്യാർച്ചാ ചേഷ്യതേ തത്സയോനിഃ. 2

ഗ്രാമാദികേഷു = ഗ്രാമപുരാദികളിൽ, ഈശാദിപ്രേതേശപര്യന്ത ദിക്സ്ഥാഃ പ്രാസാദാഃ ധ്വജോത്ഥാഃ = ഈശകോണിൽ തുടങ്ങി കിഴ ക്കും, തെക്കപാതിയോളവും ഉള്ള സ്ഥലത്ത് ഉണ്ടാക്കുന്ന പ്രാസാദങ്ങൾ പശ്ചിമദ്വാരമായിട്ട് ഇരിക്കണം. ശേഷദിക്സംസ്ഥിതാഃ ഗോയോന്യു ത്ഥാഃ = തെക്ക പടിഞ്ഞാറും, പടിഞ്ഞാറേ ഭാഗത്തും, വടക്കഭാഗത്തും ഉ ണ്ടാക്കുന്ന പ്രാസാദങ്ങൾ പൂർവദ്വാരമായിട്ടുതന്നെ വേണം. തത്സ്ഥാപ്യാ അർച്ചാ ച തത്സയോനിഃ ഇഷ്യതേ = ആ ശ്രീകോവിലുകളിൽ പ്രതി ഷ്ഠിപ്പാൻ ഉണ്ടാക്കുന്ന ബിംബവും ആ യോനിതന്നെയായിട്ടും വേണം. ശ്രീകോവിലിനും ബിംബത്തിനും ഒരു ദിക്കിൽ ദർശനമായിട്ടുമിരിക്ക ണമെന്നു താല്പര്യം.

ഇനി ഒരു ശ്ലോകംകൊണ്ട് യോനിഭേദവശാൽ ദിഗ്ഭേദത്തെ ചൊ ല്ലുന്നു.

Shripuram Publications
www.shripuram.org

ഗ്രാമം പുരം പത്തനം എന്നു തുടങ്ങിയുള്ളവറ്റിൽ, ഈശാനകോണിൽ തുടങ്ങി പ്രദക്ഷിണവശാൽ യമങ്കലോളമുള്ള ദിക്കിൽ മൂലപ്രതിഷ്ഠയെങ്കിലും, പരിവാരപ്രതിഷ്ഠയെങ്കിലും, പരിവാരാ(ല)യങ്ങളെങ്കിലും ഏകയോനിയായി പണിചെയ്യണം. യമൻ തുടങ്ങി ഈശാന്തപര്യന്തം ഉള്ളവ പഞ്ചയോനിയായിട്ടും പണിചെയ്ക. നടുവിൽ വിഷയമാമ്പോൾ - ഏക നടുവിൽ വിഷയമാമ്പോൾ ഏകയോനിയും, പഞ്ചയോനിയും ത്രിയോനിയും സപ്തയോനിയും യുക്തിവശാലറിഞ്ഞിട്ടു വേണം പ്രാസാദം. ഏകയോനിയെങ്കിൽ ബിംബവും ഏകയോനിതന്നെ വേണം. പഞ്ചയോനി പ്രാസാദത്തിങ്കൾ ബിംബവും പഞ്ചയോനിതന്നെ വേണം. സിംഹഗജാലയങ്ങൾ ഈവണ്ണംതന്നെ വേണം. വിശേഷിച്ച് ഏകയോനി എല്ലായിടവും കൊള്ളാം. ചകാരം ഉണ്ടാകകൊണ്ട്, പീഠം, [1]ബലിആടം, ഗർഭഗ്രഹം, ദ്വാരവാനാദികാൽനീളം, അധിഷ്ഠാനാദിവർഗ്ഗങ്ങൾ - ഒക്കയും അതുതന്നെ. യോനിവേണ്ടുന്നത് എന്നു താൽപര്യം.

ഇഷ്ടാതാനവിതാനമാനനിചയേ
ത്രിഘ്നേ/ഷ്ടഭിർഭാജിതേ
ശേഷോ യോനിരിഹ വ്യയോ മുനിയുജാ-
ഢായോ/ഷ്ടനിഘ്നേ/രുണൈഃ
ഋക്ഷൈരൃക്ഷമവാപ്തീരത്ര വയോ
ജ്ഞേയം തിഥിസ്ത്രിംശതാ
വാരോ ഭൂമിധരൈർനിധിപ്രഗുണിതേ
ധർമ്മാഹൃതേ വാ വ്യയഃ. 3

ഇഷ്ടാതാനവിതാനമാനനിചയേ = തനിക്ക് ഇഷ്ടമായിരിക്കുന്ന പ്രാസാദത്തിന്റെ നീളവും വീതിയും കൂടിയതു ചുറ്റാകുന്നത്. ചുറ്റിനേ, ത്രിഘ്നേ അഷ്ടഭിഃ ഭാജിതേ ശേഷഃ യോനിഃ = മൂന്നിലിരട്ടിച്ച് എട്ടിൽ കഴിച്ചു ശേഷമുള്ള സംഖ്യ യോനിയായിരിക്കും. ഇഹ മുനിയുജാ വ്യയഃ = ഈ മൂന്നിൽപെരുക്കിയ ചുറ്റിനേ പതിന്നാലിൽ ഹരിച്ചശേഷം വ്യയമായി വരും. അഷ്ടനിഘ്നേ അരുണൈഃ ആയഃ = ചുറ്റിനേ എട്ടിൽ പെരുക്കി പന്ത്രണ്ടിൽ ഹരിച്ചശേഷം ആയംവരും. ഋക്ഷൈഃ ഋക്ഷം = എട്ടിൽ പെരുക്കിയ ചുറ്റിനേ ഇരുപത്തേഴിൽ ഹരിച്ചു ശേഷം നാളുവരും. അത്ര തു അവാപ്തിഃ വയഃ = ഇവിടെ നാളുവരുത്തിയപ്പോൾ ഹരിച്ച ഫലം വയസ്സായിരിക്കും. ഫലം വളരെവന്നാൽ അതിനെ അഞ്ചിൽ ഹരിച്ചു വയസ്സിനേ അറിയണം. ത്രിംശതാ തിഥിഃ; ഭൂമിധരൈഃ വാരഃ = എട്ടിൽ പെരുക്കി

Shripuram Publications

1. ബലി ആടം = ബലിമാടം.

www.shripuram.org

യതിനെ മുപ്പതിൽ ഹരിച്ചതു പക്കം; ഏഴിൽ ഹരിച്ചശേഷം ആഴ്ച. നിധിപ്രഗുണിതേ ധർമ്മാഹൃതേ വ്യയഃ വാ = ചുറ്റിനേ ഒമ്പതിൽ പെരുക്കി പത്തിൽ ഹരിച്ച ശേഷവും വ്യയമായിട്ടു വരുത്താം.

ഇനി ഒരു ശ്ലോകംകൊണ്ട് ആയവ്യയാദികളെ ചൊല്ലുന്നു.

തനിക്കിഷ്ടമായി കല്പിച്ച ചുറ്റിനെ മൂന്നിൽ പെരുക്കി എട്ടിൽ ഹരിച്ചശേഷം യോനിദേവത. ചുറ്റിനേ മൂന്നിൽ പെരുക്കി അതിനേത്തന്നെ പതിന്നാലിൽ ഹരിച്ചശേഷം വ്യയം, അഴിവ്. പിന്നെ എട്ടിൽ പെരുക്കി പന്ത്രണ്ടിൽ ഹരിച്ചശേഷം ആയം, വരവ്. പിന്നെ എട്ടിൽ പെരുക്കി അതിനേത്തന്നെ ഇരുപത്തേഴിൽ ഹരിച്ച ശേഷം നാള്, അശ്വതി തുടങ്ങി. ഫലം വയസ്സ് - ബാല്യാദി അഞ്ചും - ചുറ്റിനെ എട്ടിൽ പെരുക്കി അതിനെത്തന്നെ മുപ്പതിൽ ഹരിച്ചശേഷം പ്രതിപദം തുടങ്ങിയുള്ള പക്കങ്ങൾ - പതിനഞ്ചിലേറിയാലപരപക്ഷം. ഇവറ്റേക്കൊണ്ട് വിഷ്ടിഗണ്ഡാന്താദി അറിഞ്ഞു കല്പിച്ചുകൊള്ളണം. ചുറ്റിനേ എട്ടിൽ പെരുക്കി അതിനേത്തന്നെ ഏഴിൽ ഹരിച്ചശേഷം ഞായറാഴ്ച തുടങ്ങിയുള്ള ആഴ്ചകൾ. ചുറ്റിനേ ഒമ്പതിൽ പെരുക്കി പത്തിൽ ഹരിച്ചശേഷം വ്യയം, അഴിവ്, എന്നൊരുപക്ഷം. ചുറ്റിനേ ഒമ്പതിൽ പെരുക്കി അതുതന്നെ മുപ്പതിലും ഏഴിലും ഹരിച്ചശേഷം പ്രതിപദാദിപക്കങ്ങളും ആഴ്ചകളും എന്നു ചൊല്ലിയത്.

അനന്തരം യോന്യാദികളെ വരുത്തുവാൻ മറ്റു ചില ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതിനെക്കൂടെ കാട്ടുന്നു.

ത്ര്യഷ്ടാങ്കാങ്കനവാഷ്ടചക്രയുഗവേ-
ദാങ്കാഹതേഽഷ്ടാർക്കദി-
ഗ്വേദത്രിംശതിസപ്തവിംശവിശവാ-
ർക്കാങ്കാദിഭിർഭാജിതേ
പര്യന്തേ ഭവനസ്യ യാനി ഹി ഫലാ-
ന്യാപ്താനിതാനി ക്രമാ-
ദ്യോന്യായവ്യയവംശതിഥ്യുഡുവയോ-
രാശ്യംശവാരാഃ ക്രമാത്. 4

ഭവനസ്യ പര്യന്തേ = പ്രാസാദാദികളുടെ ചുറ്റിനെ മൂന്നിൽ പെരുക്കി എട്ടിൽ ഹരിച്ചശേഷം യോനി. എട്ടിൽ പെരുക്കി പന്ത്രണ്ടിൽ ഹരിച്ചശേഷം ആയം. ഒമ്പതിൽ പെരുക്കി പത്തിൽ ഹരിച്ചശേഷം വ്യയം. ഒമ്പതിൽ പെരുക്കി നാലിൽ ഹരിച്ചശേഷം ബ്രാഹ്മണാദിവർണ്ണങ്ങൾ. ഒമ്പതിൽ പെരുക്കി മുപ്പതിൽ ഹരിച്ചശേഷം പക്കം. എട്ടിൽ പെരുക്കി ഇരുപത്തേഴിൽ ഹരിച്ചശേഷം നാള്. പന്ത്രണ്ടിൽ പെരുക്കി നൂറിൽ ഹരിച്ചശേഷം വയസ്സ്. നാലിൽ പെരുക്കി പന്ത്രണ്ടിൽ ഹരിച്ചശേഷം രാ

www.shripuram.org
Shripuram Publications
www.shripuram.org

ശി. നാലിൽ പെരുക്കി ഒമ്പതിൽ ഹരിച്ചശേഷം നവാംശകം. ഒമ്പതിൽ പെരുക്കി ഏഴിൽ ഹരിച്ചശേഷം ആഴ്ച. ഇങ്ങനെയും ഗുണദോഷങ്ങൾ അറിയാം.

ധ്വജധൂമസിംഹകുക്കര-
വൃഷഖരഗജവായസാഃ ക്രമേണ സ്യുഃ
പ്രാഗാദിയോനയോഽഷ്ടൗ
തേഷ്വയുജഃ സമ്പദേ യുജോ വിപദേ. 5

ധ്വജധൂമസിംഹകുക്കരവൃഷഖരഗജവായസാഃ = ധ്വജം, ധൂമം, സിംഹം, കുക്കരം (ശ്വാവ്), വൃഷം (കാള), ഖരം (കഴുത), ഗജം (ആന), വായസം (കാക്ക). ക്രമേണ പ്രാഗാദ്യഷ്ടൗ യോനയഃ സ്യുഃ = ഇവ കിഴക്കു തുടങ്ങി എട്ടു ദിക്കുകളിലേയും യോനികളായി ഭവിക്കും. തേഷു അയുജഃ സമ്പദേ യുജഃ (വിപദേ) = ഈ യോനികൾ ദിക്കുകളിലേതു നാലും സമ്പത്തിന്നായിക്കൊണ്ടും, കോണുകളിലേതു നാലും ആപത്തിനായിക്കൊണ്ടും – എന്നു പറകകൊണ്ട്, ദിഗ്യോനി കൊള്ളാമെന്നും വിദിഗ്യോനികൾ കൊള്ളരുതെന്നും താല്പര്യം.

ഈ ഒരു ശ്ലോകംകൊണ്ട് യോനികളെ ചൊല്ലുന്നു.

ആയാധിക്യം വ്യയതഃ
സമ്പാദ്യം സർവഥാഽന്യഥാഽഽപത്തിഃ
നക്ഷത്രാദിശുഭത്വം
ജ്യോതിശ്ശാസ്ത്രാദിഭിഃ സുവിജ്ഞേയം. 6

സർവതഃ വ്യയതഃ ആയാധിക്യം സമ്പാദ്യം = രണ്ടുപക്ഷം നോക്കീട്ടു താൻ വ്യയം കുറഞ്ഞും ആയം ഏറീട്ടും വരണം. അന്യഥാ ആപത്തിഃ = അങ്ങനെ വരാതെ വ്യയം ഏറിവന്നാൽ ആപത്തുകളെ ഉണ്ടാക്കും. നക്ഷത്രാദിശുഭത്വം ജ്യോതിശ്ശാസ്ത്രാദിഭിഃ സുവിജ്ഞേയം = നാള്, പക്കം, ആഴ്ച, രാശി – ഇവറ്റിന്റെ ഗുണദോഷങ്ങൾ ജ്യോതിശ്ശാസ്ത്രങ്ങളേക്കൊണ്ട് അറിഞ്ഞുകൊള്ളണം.

ഇനി ആയാദിഗുണദോഷങ്ങളെ ചൊല്ലുന്നു.

വ്യയത്താൽ ആയമേറുന്നതു നന്ന്. ആയത്താൽ വ്യയമേറുന്നത് ആകാ. ആയം പന്ത്രണ്ട്, വ്യയം പന്ത്രണ്ടു വരികയും മദ്ധ്യമം. അടുക്കള ക്ഷേത്രാദികൾക്കു വ്യയമേറണമെന്നൊരു പക്ഷമുണ്ട്. നാള്, പക്കം, ആഴ്ച എന്നിവറ്റിന്റെ ഗുണദോഷങ്ങളെ ജ്യോതിശ്ശാസ്ത്രാദികളേക്കൊണ്ടു സൂക്ഷിച്ച് അറിയണം എന്നു താല്പര്യം. വിഷ്ടി, ഗണ്ഡാന്തം, രിക്ത, പാപവാരങ്ങൾ ഇവയെല്ലാം വർജ്ജിക്കണം.

Shripuram Publications
www.shripuram.org

ബാലത്വം കൗമാരം
യൗവനമഥ വാർദ്ധകം ച നിധനം ച
പഞ്ച വയാംസ്യേഷ്വന്ത്യാ
നേഷ്ടം ശിഷ്ടാനി വാസ്തുനീഷ്ടാനി. 7

ബാലത്വം കൗമാരം യൗവനം വാർദ്ധകം നിധനം ഇതി പഞ്ച വയാംസി = ഇങ്ങനെ ബാല്യാദി നിധനാന്തം അഞ്ചുവയസ്സുകൾ, ഏഷു അന്ത്യം ഇഷ്ടം ന = ഈ വയസ്സുകളിൽ ഒടുക്കത്തേ മരണമാകുന്ന വയസ്സ കൊള്ളരുത്, ശിഷ്ടാനി വാസ്തുനി ഇഷ്ടാനി = ശിഷ്ടങ്ങളായ വയസ്സകൾ കൊള്ളാം.

ഇനി വയസ്സിനേ ചൊല്ലുന്നു.

ചുറ്റിനെ എട്ടിൽ പെരുക്കി ഇരുപത്തേഴിൽ ഒന്നു ഹരിച്ചാൽ അതു ബാല്യം, രണ്ടുകൂട്ടം ഹരിച്ചാൽ കൗമാരം, മൂന്നു കൂട്ടം ഹരിച്ചാൽ യൗവനം, നാലു ഹരിച്ചാൽ വാർദ്ധകം, അഞ്ച് ആകിൽ മരണം, ആറാകിൽ പിന്നെയും ബാല്യം എന്നിങ്ങനെ അറിഞ്ഞുകൊള്ളുക. ഇതിൽ കൗമാരം, യൗവനം, ഉത്തമം; ബാല്യവാർദ്ധക്യം മദ്ധ്യമം, മരണം അധമം. മനുഷ്യാലയങ്ങൾക്ക് മരണമൊരേടത്തുമാകാ. ദേവാലയങ്ങൾക്കു മദ്ധ്യമമായിട്ടുകൊള്ളുന്നു.

ധാമ്നോ വ്യാസേ ശക്വരീദ്വന്ദ്വഭക്തേ
മിത്രേന്ദ്രേ/ല്പാംശൈസ്സമസ്താംശതശ്ച
വിസ്തൃത്യാ സംയുക്തയാ പാദുകാദി-
സ്തൂപ്യഗ്രാന്തോ/ഭ്യുച്ഛ്രയഃ സ്യാച്ചതുർദ്ധാ. 8

ധാമ്നഃ വ്യാസേ = ഗൃഹത്തിന്റെ വിസ്താരത്തെ, ശക്വരീദ്വന്ദ്വ ഭക്തേ = ഇരുപത്തിയെട്ട് അംശമാക്കിയാൽ അതിൽ, മിത്രേന്ദ്രേല്പാംശൈഃ സമസ്താംശതഃ ച സംയുക്തയാ വിസ്തൃത്യാ = പന്ത്രണ്ട് അംശം കൂട്ടീട്ടും, പതിനാറ് അംശം കൂട്ടീട്ടും, ഇരുപത്തിയൊന്ന് അംശം കൂട്ടീട്ടും, ഇരുപത്തെട്ട് അംശം കൂട്ടീട്ടുമിരിക്കുന്ന ഗൃഹവിസ്താരംകൊണ്ട്, പാദുകാദിസ്തൂപ്യഗ്രാന്തഃ അഭ്യുച്ഛ്രയഃ ചതുർദ്ധാ സ്യാത് = പാദുകത്തുങ്കൽ തുടങ്ങി താഴികക്കുടത്തിന്റെ മുകളിലോളം പൊക്കം നാലുപ്രകാരവും കൊള്ളാം. ഇതു കൂടാതെ യോനിപ്പെട്ടും പൊക്കം കല്പിച്ചു കാണുന്നു.

ഇനി ഒരു ശ്ലോകംകൊണ്ട് പ്രാസാദങ്ങളുടെ ഇവരത്തെ ചൊല്ലുന്നു.

പ്രാസാദത്തിന്റെ വിസ്താരത്തെ ഇരുപത്തെട്ടു കുറിട്ടാൽ, പന്ത്രണ്ടംശംതാൻ പതിന്നാലംശംതാൻ, ഇരുപത്തെട്ടൊന്നംശം താൻ എടുത്തു ഗൃഹവിസ്താരത്തോടുകൂടിയത് പാദുകാദി സ്തൂപ്യന്തം ഇവരമെന്നു പറഞ്ഞ

www.shripuram.org
Shripuram Publications
www.shripuram.org

ത്. ഇങ്ങനെ നാലുപ്രകാരം ഇവരമെന്നു താത്പര്യം. വിസ്താരത്തേക്കൊണ്ട് ഇരുപത്തെട്ടംശിച്ചാൽ, നാല്പതംശംതാൻ നാല്പത്തിരണ്ടംശംതാൻ നാല്പത്തൊമ്പതംശംതാൻ അമ്പത്താറംശംതാൻ എന്നു താല്പര്യം.

ഗേഹേ ത്രിദോർവർഗ്ഗഭവേ ദ്വിദോർമ്മിതാം-
സ്തംഭാംസ്തതോ/ബ്ധ്യംഗുലവർദ്ധിതാൻ ക്രമാത്
ചതുഷ്കരാദ്യുത്തരവർഗ്ഗജേഷു താൻ
കരോത്വധിഷ്ഠാനമതോ/ർദ്ധസമ്മിതം. 9

ത്രിദോർവർഗ്ഗഭവേ ഗേഹേ ദ്വിദോർമ്മിതാൻ സ്തംഭാൻ = രണ്ടേ മുക്കാലും മുക്കാലേ രണ്ടുവിരലും മു(ു)ക്കാലും പത്തുവിരലും ഉത്തരനീളമായി മുക്കോ(ൽ)പരിഷയായ പ്രാസാദങ്ങൾക്കു രണ്ടുകോലു കാലുനീളം കല്പിക്കണം. ചതുഷ്കരാദ്യുത്തരവർഗ്ഗജേഷു അതഃ അബ്ധ്യംഗുലവർദ്ധിതാൻ ക്രമാത = മൂന്നേമുക്കാൽ കോലു തുടങ്ങി നാലുകോലേ പത്തു വിരലോളമുള്ള നാല്ക്കോൽപരിഷകൾക്കു രണ്ടുകോലേ നാലുവിരൽ കാലു നീളം കല്പിപ്പൂ. മേല്പോട്ടു ഒരുക്കോൽ ഉത്തരനീളം ഏറുമ്പോൾ നാലു വിരൽ കാലുനീളം ഏറിവരുമാറു കണ്ടുകൊള്ളൂ. അതഃ അർദ്ധസമ്മിതം അധിഷ്ഠാനം കരോതു = ഇക്കാലു നീളത്തിൽ പാതി തറയുടെ പൊക്കവും കല്പിപ്പൂ.

ഇനി ഒരു ശ്ലോകം കൊണ്ട് അധിഷ്ഠാനത്തിന്റെ നീളങ്ങളെ ചൊല്ലുന്നു.

മുക്കോൽ പരിഷയായിരിക്കുന്നത് - കാൽ കുറയെ മുക്കോൽ, ഇരുവിരൽ കുറയെ മുക്കോൽ, മുക്കോലേ ഇരുവിരൽ, മുക്കോലേ ആറുവിരൽ, മുക്കോലേ പത്തുവിരൽ, മുക്കോലേ പതിന്നാലുവിരൽ, മുക്കോലേ പതിനെട്ടുവിരൽ, ഇവ മുക്കോൽപരിഷ, ഏഴു പ്രാസാദം ഇവറ്റിന്നു കാൽ നീളം ഇരുക്കോൽ. കാൽകുറയെ നാൽക്കോൽ തുടങ്ങി നാൽക്കോൽ പരിഷ ഏഴിന്നും ഇരുക്കോലേ നാലുവിരൽ കാൽനീളം. ഇങ്ങനെ നാലുവിരൽ ഏറി ഏറി നാല്ക്കോൽപരിഷതുടങ്ങി പതിനയ്ക്കോൽ പരിഷയോളം കാൽനീളങ്ങളെ നാൽക്കോലന്തമായി കല്പിച്ചുകൊള്ളുക. കാൽനീളത്തിൽ പാതി അധിഷ്ഠാനം ഇവരം.

അംഗാദ്യൈരുദയോത്തരാന്തരഗതോ-
ന്മാനം വിഭജ്യ ക്രമാത്
സംഖ്യാനൈഃ ശിവപഞ്ചിമൈർനിഗദിതേ
സ്തംഭോച്ഛ്രയേ സ്വേച്ഛയാ
അംശം യോജയതു ക്വചിത്ത്യജതു വാ

Shripuram Publications
www.shripuram.org

മാസൂരകേ സ്വോച്ഛ്രയം
ഭങ്ക്ത്വാംഗാദിനവാന്തിമൈർവിരഹയേ-
ദ്വാംശം യഥോക്തോച്ഛ്രയാത്. 10

അംഗാദ്യൈഃ ശിവപശ്ചിമൈഃ സംഖ്യാനൈഃ ക്രമാത് ഉദയോത്ത രാന്തരഗതോന്മാനം വിഭജ്യ = ആറുതുടങ്ങി പതിനൊന്നുവരെയുള്ള സം ഖ്യകളേക്കൊണ്ട് ക്രമേണ ഉത്തരത്തിന്റെ താഴെ കല്പിച്ച കാലുനീളത്തേ ത്താൻ, പാദുകാദ്യുത്തരാന്തരാളത്തേത്താൻ അംശിച്ചാൽ, നിഗദിതേ സ്തംഭോച്ഛ്രയേ സ്വേച്ഛയാ അംശം യോജയതു വാ ക്വചിത് ത്യജതു വാ = മുമ്പിൽ കല്പിച്ച കാലുനീളത്തിൽ അംശത്തെ ഒന്നിനെ കൂട്ടുകയും, കള യേണ്ടുകിൽ കുറയ്ക്കുകയും ആം. മാസൂരകേ സ്വോച്ഛ്രയം അംഗാദിനവാന്തി മൈഃ ഭങ്ക്ത്വാ = പിന്നെ തറയുടെ പൊക്കത്തേയും ആറു തുടങ്ങി ഒമ്പ തോളമുള്ള സംഖ്യകളേക്കൊണ്ടു പകുത്ത്, യഥോക്തോച്ഛ്രയാൽ അംശം വിരഹയേദ് വാ = മുമ്പിൽ കല്പിച്ച തറയുടെ പൊക്കത്തിൽനിന്ന് ഈ ഒരംശം കുറച്ചിട്ടും തറയുടെ പൊക്കം കല്പിക്കാം. ഇങ്ങനെ ഒരുക്കോൽ പർഷയിൽ പതിമൂന്നു പ്രകാരം കാലുനീളവും അഞ്ചുപ്രകാരം തറയുടെ പൊക്കവും പറഞ്ഞിരിക്കുന്നു. ഈ പൊക്കം യോനിപ്പെട്ടും കല്പിക്കാം.

ഇനി ഒരു ശ്ലോകംകൊണ്ട് അധിഷ്ഠാനക്കാൽ നീളങ്ങൾക്ക് ഇ പ്പോൾ പറഞ്ഞതിൽ വിശേഷം വരുത്തുംപ്രകാരം ചൊല്ലുന്നു.

പടിയോടുത്തരത്തോടിടതാൻ ചെരിപ്പോടുത്തരത്തോടിടകൊണ്ടു താൻ, ആറു തുടങ്ങി പതിനൊന്നോളമുള്ള സംഖ്യകളേക്കൊണ്ട് പകു ത്താൽ, നടേ കല്പിച്ച കാലിവരത്തിൽ ഈ അംശത്തിൽ ഒന്നുകൂട്ടുകി ലുമാം കളകിലുമാം. അധിഷ്ഠാനത്തിന്നു തന്റെ ഇവരത്തെ ആറു തുടങ്ങി ഒമ്പതോളമുള്ള സംഖ്യകളെക്കൊണ്ടു പകുത്താൻ ഒരംശം കുറച്ചുകൊ ള്ളാം. ഏറ്റിക്കൊള്ളരുതു താനും. എന്നിയേ വാനാദി അടക്കം കാൽനീ ളം അധിഷ്ഠാനം ഇവ യോനിപ്പെടുത്തു കല്പിക്കിലുമാം.

ഭക്തേ പ്രത്യുത്തരാന്തർഗതചരണസമു-
ന്മാനകേ/ഷ്ടാങ്കദിഗ്ഭി-
സ്തേഷ്വേകാംശോത്തമൂലവ്രതതിതദുരഗാം-
ശാദിഹീനാഗ്രതാനാത്
ദാരുസ്തംഭാംസ്തദർഹേ വിഹിതതതിദലാ-
ഗ്ന്യബ്ധിഭാഗോനതാനാത്
കുഡ്യസ്തംഭാംശ്ച കുഡ്യേ രചയതു ചരണാ-
ഗ്രപ്രതാനോ/ത്ര ദണ്ഡഃ. 11

www.shripuram.org
Shripuram Publications
www.shripuram.org

പ്രത്യുത്തരാന്തർഗതചരണസമുന്മാനകേ അഷ്ടാങ്കദിഗ്ഭിഃ ഭക്തേ = പടിയുടേയും ഉത്തരത്തിന്റേയും ഇടയിലുള്ള കാലുനീളത്തെ എട്ട് ഒമ്പത് പത്ത് ഈ മൂന്നാലൊരു സംഖ്യകൊണ്ടു പകുത്ത്, തേഷു ഏകാംശാത്ത മൂലവ്രതതിതദുരഗാംശാദിഹീനാഗ്രതാനാത് = അവറ്റിൽ ഒരംശംകൊണ്ട് ുണകൾക്കു ചുവട്ടിൽ വിസ്താരവും, ചുവട്ടിലേ വിസ്താരത്തിലെട്ടാലൊരംശം കുറഞ്ഞു തലയ്ക്കൽ വിസ്താരവുമായി, തദർഹേ ദാരുസ്തംഭാൻ = മരംകൊണ്ട് ുണ വേണ്ടേടത്തു ുണിനെ ഈവണ്ണം ഉണ്ടാക്കു. വിഹിതതതിദലാഗ്ന്യബ്ധിഭാഗോനതാനാത് കുഡ്യസ്തംഭാൻ ച കുഡ്യേ രചയതു = ഭിത്തി കെട്ടുന്നേടത്ത് ഈ പറഞ്ഞ ുണകളുടെ വിസ്താരത്തിൽ പാതിയായിട്ടും മൂന്നൊന്നു കുറഞ്ഞിട്ടും മുക്കോലായിട്ടും ചുവരിന്മേൽ ുണകളെ ഉണ്ടാക്കു. അത്ര ചരണാഗ്രപ്രതാനഃ ദണ്ഡഃ = ഇവിടെ ുണിന്റെ തലയ്ക്കലേ വീതിക്കു ദണ്ഡമെന്നു പേരു ചൊല്ലുന്നു. ഇത് അളവിന് ഒരു സാധനമായിട്ടു പറഞ്ഞത്.

ഇനി ഒരു ശ്ലോകംകൊണ്ട് സ്തംഭവവിസ്താരത്തെ ചൊല്ലുന്നു.

അധിഷ്ഠാനപ്പടീന്മേൽ വായീന്ന് ഉത്തരകീൾവായോളമുള്ള കാൽനീളത്തെ കാൽനീളമെന്നു ചൊല്ലുന്നു. ആ കാൽ നീളത്തെ എട്ടുതാൻ ഒമ്പതുതാൻ പത്തുതാനംശിച്ചാൽ അവറ്റാലൊരംശത്തോളം ഉത്തരത്തുുണിന്റെ ചുവട്ടുവണ്ണം; ഉത്തരവിസ്താരവും അതുതന്നെ കല്പിക്ക. പിന്നെ ുണിന്റെ ചുവട്ടുവണ്ണംകൊണ്ട് എട്ടൊമ്പതു പത്തു പകുത്താൽ അതിൽ ഒരംശം കുറച്ചു ുണിന്റെ അഗ്രവിസ്താരവും കല്പിക്ക. ഈവണ്ണം ദാരുസ്തംഭാദികളെ വേണ്ടുന്നേടത്ത്. (ഏറിയേ? എന്നിയേ) ഭിത്തി സ്തംഭം ഭിത്തിയുള്ളേടത്ത്. അത് ദാരുസ്തംഭം ചൊല്ലിയതിൽ പാതിതാൻ, മുക്കാൽതാൻ, മൂന്നൊന്നു കുറഞ്ഞുതാൻ വീതിയായി ഇരിക്കുന്ന ഭിത്തിപാദത്തെ ഭിത്തിമേൽ പണിചെയ്ക. ഇക്കാലുകളുടെ അഗ്രവിസ്താരം പാദാലംകാരമാകുന്നത്, ഭിത്ത്യലംകാരങ്ങൾക്കു ദണ്ഡാകുന്നതും അതുതന്നെ.

മാസൂരോച്ചേ വിഭക്തേ ശിഖിവിശിഖകരൈഃ
ക്ഷ്മക്ഷണേന്ദ്വാശതോർദ്ധാം-
ശോർദ്ധ്വം പാദാംശവൃദ്ധ്യാ ദ്വിഗുണിതചരമം
യോജയേദ്വോപപീഠം
ദിഗ്ഭക്തേംശൈഃ ശശാങ്കാദിഭിരിഷു ചരമൈ-
രേകസാർദ്ധദ്വിലോകൈർ-
ദണ്ഡൈർവാ നിർഗതം ചാരചയതു വിലസത്-
സ്വാംഗഭംഗ്യാഭിരാമം. 12

Shripuram Publications
www.shripuram.org

മാസൂരോച്ചേ ശിഖിവിശിഖകരൈഃ വിഭക്തേ ക്ഷ്മേക്ഷണേന്ദ്വംശതഃ = തറയുടെ പൊക്കത്തെ മൂന്ന പകുത്താൽ ഒരംശംകൊണ്ടും, അഞ്ചുപകുത്താൽ രണ്ടംശംകൊണ്ടും, തറയുടെ പാതികൊണ്ടും, അർദ്ധാംശോർദ്ധ്വം പാദാംശവൃദ്ധ്യാ ദ്വിഗുണിതചരമം = പാതിക്കുമേൽ തറയുടെ മുക്കാലും തറയോളവും തറയുടെ ഇരട്ടിയോളവും കാൽ കാൽകൂട്ടീട്ടും, ഉപപീഠം യോജയേദ്വാ = ഈവണ്ണം പൊക്കമായിട്ടു തറയുടെ ചുവട്ടിൽ ഉപപീഠം ഉണ്ടാക്കിലുമാം കൂടാതെയുമാം. ദിഗ്ഭക്തേ ശശാങ്കാദിഭിഃ ഇഷ്ടചരമൈഃ = തറയുടെ പൊക്കത്തെ പത്തായി പകുത്താൻ അതിലൊന്നതാൻ രണ്ടുതാൻ മൂന്നുതാൻ നാലുതാൻ അഞ്ചുതാൻ അംശങ്ങളേക്കൊണ്ടും, ഏകസാർദ്ധദ്വിലോകൈഃ ദണ്ഡൈഃ വാ = ഒന്നുതാൻ ഒന്നരതാൻ രണ്ടുതാൻ മൂന്നുതാൻ പാദാഗ്രവിസ്താരമായ ദണ്ഡുകൊണ്ടും, വിലസൽസ്വാംഗഭംഗ്യാ അഭിരാമം നിർഗതം ച ആരചയതു = പാദുകജഗതികുമുദാദികളേക്കൊണ്ട് മനോഹരമായിരിക്കുന്ന പുറത്തോട്ടു ഗമനവുമുണ്ടായിരിക്കു.

ഇനി ഒരു ശ്ലോകംകൊണ്ട് ഉപപീഠത്തെ ചൊല്ലുന്നു.

അധിഷ്ഠാനത്തിന്റെ ഇവരത്തെക്കൊണ്ട് മൂന്ന താൻ അഞ്ചുതാൻ രണ്ടുതാൻ പകുത്താൽ, ക്രമത്താലേ ഒന്നും രണ്ടും ഒന്നും അംശം എടുത്തുതാൻ, പിന്നെ അധിഷ്ഠാനത്തിന്റെ ഇവരത്തിൽ പാതിയെങ്കിൽ അധിഷ്ഠാനമിവരത്തിൽ പാതിയങ്കൽനിന്ന് അധിഷ്ഠാന ഇവരത്തിൽ നാലൊന്ന് ഏറിയേറി അധിഷ്ഠാനത്തിലിരട്ടിയോളം താൻ, ഇങ്ങനെ ഒമ്പതുപ്രകാരം ഉപപീഠത്തിന് ഇവരം കല്പിക്കാം. പിന്നെ അധിഷ്ഠാനത്തിന്റെ ഇവരത്തെ പത്തംശിച്ചാൽ അതിലൊന്നുതുടങ്ങി അഞ്ചോളമുള്ള അംശങ്ങളേക്കൊണ്ട് ഉപപീഠത്തിന്റെ പുറപ്പാടു കല്പിക്ക. വാ-ശബ്ദംകൊണ്ട് (ഒന്ന് ഒന്നര) ഒന്ന് രണ്ട് മൂന്ന് എന്നിങ്ങനെ പാദാഗ്രവിസ്താരമാകുന്ന ദണ്ഡുകൊണ്ടു പുറപ്പാടു കല്പിക്കിലുമാം; എന്നിയേ, ശുഭയോനിയായ കണക്കു കല്പിക്കിലുമാം; ഭംഗിക്കുതക്കവണ്ണം കണ്ടാൽ മനോഹരമായ ലക്ഷണത്തോടു ചേർന്നിരിക്കണം എന്നേ ഉള്ളൂ.

ഇഷ്ടാധിഷ്ഠാനോച്ഛ്രയം സംവിഭജ്യ
സംഖ്യാഭിഃ ശ്രുത്യാദിനന്ദാന്തിമാഭിഃ
കുര്യാദേകാംശേന തുപാനഡന്തേ
പദ്മം ധാമോത്സേധതോ/ദോ/ധികം സ്യാത്. 13

ഇഷ്ടാധിഷ്ഠാനോച്ഛ്രയം ശ്രുത്യാദിനന്ദാന്തിമാഭിഃ സംഖ്യാഭിഃ സംവിഭജ്യ = ഇഷ്ടമായിരിക്കുന്ന തറയുടെ പൊക്കത്തെ നാലുതുടങ്ങി ഒമ്പതോളമുള്ള സംഖ്യകളേക്കൊണ്ടു പകുത്ത്, ഉപാനഡന്തേ ഏകാംശേന

Shripuram Publications
www.shripuram.org

പദ്മം കുര്യാത് = പാദുകത്തിന്റെ ചുവട്ടിൽ ഒരു അംശം പൊക്കംകണ്ട് പത്മത്തെ ഉണ്ടാക്കുകിലുമാം. ഈ പത്മത്തിനു തന്റെ പൊക്കത്തിന്റെ അംശംകൊണ്ടു ഗമനവും വേണം. അദഃ ധാമോത്സേധതഃ അധികം സ്യാത് = ഈ പത്മത്തിന്റെ ഉപപീഠത്തിന്റെ പൊക്കം പ്രാസാദത്തിന്റെ പാദുകാദി സ്തൂപ്യഗ്രാന്തം വിധിച്ചിരിക്കുന്നതിൽ കൂട്ടുകയുമില്ല.

ഇനി ഒരു ശ്ലോകംകൊണ്ട് പത്മത്തെ ചൊല്ലുന്നു.

അവിടെ കല്പിച്ച അധിഷ്ഠാനത്തിന്റെ ഇവരംകൊണ്ട് നാലുതുടങ്ങി ഒമ്പതോളമുള്ള സംഖ്യകളേക്കൊണ്ട് പകുത്താൽ അതിലൊരംശം ഇവരമായി പത്മതുംഗത്തെ പണിചെയ്തുകൊൾക. ഉപപീഠവും പത്മവും അധിഷ്ഠാനപാദുകത്തിന്നു താഴെയാകുന്നു. നടേ പ്രാസാദ ഇവരം ചൊല്ലിയതു കൂടാതെ ഏറെയുള്ള ഇവരം എന്നു താല്പര്യം ഇവ രണ്ടിന്നും.

അനന്തരം തറയുടെ അവയവങ്ങളെ ഉണ്ടാക്കുവാൻ പറയുന്നു.

മാസൂരേ മിഹിരദ്വയാംശിനി തതോ/ംശൈഃ
പാദുകം പാവകൈ-
രാഷ്ടാഭിർജഗതീം സ്വരൈഃ കുമുദകം ശേഷേ
ദശാംശേ/ംശകൈഃ
ത്രിദ്വ്യഗ്ന്യശ്വിമിതൈർഗളം വിരചയേത്
കമ്പാം ഗളം പട്ടികാം
പ്രത്യുദ്യന്മകരാസ്യകാദിരുചിരാം
സിംഹാദിഭിശ്ചോജ്ജ്വലാം. 14

തതഃ മാസൂരേ മിഹിരദ്വയാംശിനി = പിന്നെ തറയുടെ പൊക്കത്തെ ഇരുപത്തിനാലംശമാക്കിയാൽ, പാവകൈഃ അംശൈഃ പാദുകം = മൂന്നു അംശങ്ങളേക്കൊണ്ടു പാദുകപ്പൊക്കവും, അഷ്ടാഭിഃ ജഗതീം = എട്ടംശംകൊണ്ടു ജഗതിപ്പൊക്കവും, സ്വരൈഃ കുമുദകം = ഏഴുകൊണ്ടു കുമുദപ്പൊക്കവും, വരുത്തു. ശേഷേ ദശാംശേ = പിന്നെ ശേഷമുള്ള അംശം ആറും കൂട്ടി പത്തായി അംശിച്ചാൽ, ത്രിദ്വ്യഗ്ന്യശ്വിമിതൈഃ അംശൈഃ ഗളം കമ്പാം ഗളം പട്ടികാം വിരചയേത് = മൂന്നംശംകൊണ്ടു ഗളത്തേയും അതിനുമുകളിൽ രണ്ടംശംകൊണ്ടു കമ്പിനേയും അതിനുമുകളിൽ മൂന്നുകൊണ്ടു ഗളത്തേയും അതിനു മുകളിൽ രണ്ടുകൊണ്ടു പടിയേയും ഉണ്ടാക്കു. പ്രത്യുദ്യന്മകരാസ്യകാദിരുചിരാം സിംഹാദിഭിഃ ഉജ്ജ്വലാം ച = പടികൾ രണ്ടിന്റേയും സ്ഥാനത്തു മകരമത്സ്യം സിംഹം ആന ഇത്യാദികളുടെ തലകളേക്കൊണ്ട് ശോഭിക്കുമാറ് ഉണ്ടാക്കിലുമാം.

ഇനി ഒരു ശ്ലോകംകൊണ്ട് പ്രതിക്രമമാകുന്ന അധിഷ്ഠാനത്തിന്റെ അലങ്കാരത്തെ ചൊല്ലുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

അധിഷ്ഠാനത്തിന്റെ ഇവരത്തെക്കൊണ്ട് ഇരുപത്തിനാലുകുറിട്ടാൽ മൂന്നുകൊണ്ട് പാദുകം, എട്ടുകൊണ്ട് ജഗതി, ഏഴുകൊണ്ട് കുമുദകം, പിന്നത്തെ ആറംശംകൊണ്ട് പത്തംശിച്ചാൽ മൂന്നുകൊണ്ട് ഗളം, രണ്ടുകൊണ്ട് കമ്പം, മൂന്നുകൊണ്ട് ഗളം, രണ്ടുകൊണ്ട് പടി; ഇപ്പടി തലക്കൽ മകരത്തല തുടങ്ങിയുള്ള അവറ്റേക്കൊണ്ട് ശോഭിച്ചിരിക്കുകയും വേണം. ഇടയിൽ നീളെ സിംഹം തുടങ്ങിയുള്ള മൃഗങ്ങളെക്കൊണ്ടു ശോഭിച്ചിരിക്കയും വേണം. മൃഗങ്ങൾ ഗളത്തിൽ പുറപ്പെടുകിലുമാം, കപോതത്തിന്മേൽ നടക്കിലുമാം. ഇപ്പറഞ്ഞതു കപോതസംബന്ധത്തിലേ മൃഗങ്ങൾ.

വാസ്ത്വാധാരസമുച്ഛ്രയേ പ്രകൃതിഭക്തേ
വാ ത്രിഭിഃ പാദുകം
ഛന്ദോഭിർജഗതീം രസൈഃ കുമുദകം
ചൈകേന തത്പട്ടികാം
ഭാഗാഭ്യാം ഗളപാദുകാൻ വിരചയേ-
ദർദ്ധാംശതഃ പട്ടികാം
ക്ഷുദ്രാം സാർദ്ധധരാംശകേന മഹതീം
സ്വാംശോല്ലസദ്വാജനാം. 15

വാസ്ത്വാധാരസമുച്ഛ്രയേ പ്രകൃതിഭക്തേ വാ = പിന്നെ തറയുടെ പൊക്കത്തേ ഇരുപത്തിയൊന്നിൽ പകുത്തിട്ടുമാം, ആ അംശങ്ങളിൽ, ത്രിഭിഃ പാദുകം = മൂന്നുകൊണ്ടു പാദുകത്തേയും, ഛന്ദോഭിഃ ജഗതീം = ഏഴുകൊണ്ടു ജഗതിയേയും, രസൈഃ കുമുദകം = ആറുകൊണ്ടു കുമുദകത്തേയും, ഏകേന തത്പട്ടികാം = ഒരംശംകൊണ്ട് കുമുദപട്ടികയേയും, ഭാഗാഭ്യാം ഗളപാദുകാൻ = രണ്ടംശംകൊണ്ടു കാലോടുകൂടിയ ഗളത്തേയും, അർദ്ധംശതഃ ക്ഷുദ്രാം പട്ടികാം = അര അംശംകൊണ്ടു ഗളത്തിന്റെ മുകളിൽ പട്ടികയേയും സാർദ്ധരാംശകേന മഹതീം പട്ടികാം = ഒന്നര അംശംകൊണ്ടു വലുതായ പട്ടികയേ, സ്വാംശോല്ലസദ്വാജനാം = തന്റെ അംശംകൊണ്ട് വാജനത്തോടുകൂടിയും ഉണ്ടാക്കണം. ഇങ്ങനെ പ്രതിക്രമവും പാദബന്ധക്രമവും രണ്ട് അധിഷ്ഠാനങ്ങൾ.

ഇനി ഒരു ശ്ലോകംകൊണ്ട് ഒരു പാദബന്ധത്തെ ചൊല്ലുന്നു.

അധിഷ്ഠാനത്തിന്റെ ഇവരത്തെ ഇരുപത്തൊന്നു കുറിട്ടാൽ മൂന്നുകൊണ്ടു പാദുകത്തേയും ഏഴുകൊണ്ട് ജഗതിയേയും ആറുകൊണ്ട് കുമുദത്തേയും ഒന്നുകൊണ്ട് കുമുദപട്ടികയേയും രണ്ടുകൊണ്ട് ഗളത്തേയും അരകൊണ്ട് പട്ടികയുടെ ക്ഷുദ്രവാജനത്തേയും, ഒന്നര അംശംകൊണ്ട് മഹാപട്ടികയെന്നപടി അതിനേയും ചമപ്പൂ. സ്വാംശോല്ലസദ്വാജനാമെന്നതുകൊണ്ട്, ഗളം ക്ഷുദ്രവാജനം ഇവയെല്ലാം പടിയിൽത്തന്നെ കൂട്ട

www.shripuram.org
Shripuram Publications
www.shripuram.org

എന്നു താല്പര്യം. പ്രതിബന്ധത്തിന്നു കുമുദം ഉരുണ്ടാകുന്നു. പാദബന്ധത്തിന്നു കുമുദം അഷ്ടാശ്രമാകുന്നതു വിശേഷം. മഞ്ചകത്തിന്നു കുമുദമില്ലെന്നു താല്പര്യം.

മാസൂരോച്ച ദിനേശാംശിനി സതി ജഗതീ-
കൈരവേ ശ്രുത്യുപായൈ-
സ്തച്ഛിഷ്ടൈഃ പട്ടികാമന്തരിമപി രചയേ-
ദ്വാജനം ച പ്രതിം ച
പ്രത്യുൽപന്നക്രമാഖ്യേ ക്രമ ഇഹ കഥിതഃ
പട്ടികാന്തം തഥാതഃ
ഖണ്ഡാൻ സാർദ്ധൈകതോ വാജനമപി സദലൈ-
കാംശതഃ പാദബന്ധേ. 16

മാസൂരോച്ചേ ദിനേശാംശിനി = പിന്നെ തറയുടെ പൊക്കത്തെ പന്ത്രണ്ടായിട്ട് അംശിച്ചാൽ, ശ്രുത്യുപായൈഃ ജഗതീ കൈരവേ = നാലംശംകൊണ്ട് ജഗതിയും നാലംശംകൊണ്ട് കുമുദകവും = തച്ഛിഷ്ടൈഃ = ശേഷമുള്ള അംശങ്ങൾ നാലിൽ ഓരോന്നുകൊണ്ട്, പട്ടികാം അന്തരിം വാജനം പ്രതിം ച രചയേത് = കുമുദപട്ടികയേയും ഗളത്തേയും ഗളപട്ടികയേയും പട്ടികയേയും ഉണ്ടാക്കൂ. ഇഹ കഥിതഃ പ്രത്യുൽപന്നക്രമാഖ്യേ ക്രമഃ = ഇവിടെ പറയപ്പെട്ട ക്രമം പ്രതിക്രമത്തുങ്കലേത് ആകുന്നു. പാദബന്ധേ തഥാ പട്ടികാന്തം = പാദബന്ധത്തുങ്കലും പട്ടിക കഴിവോളം അപ്രകാരം തന്നെ ഉണ്ടാക്കിയാൽ, സാർദ്ധൈകതഃ ഖണ്ഡാൻ സദലൈകാം ശതഃ വാജനം അപി = ഒന്നര അംശംകൊണ്ട് ഗളഖണ്ഡങ്ങളേയും ഒന്നര അംശംകൊണ്ട് വാജനരൂപമായിരിക്കുന്ന പടിയേയും ഉണ്ടാക്കിപ്പൂ.

ഇനി ഒരു ശ്ലോകംകൊണ്ട് ഒരു പ്രതിക്രമത്തേയും ഒരു പാദബന്ധത്തേയും ചൊല്ലുന്നു.

അധിഷ്ഠാനത്തിന്റെ പൊക്കത്തെ പന്ത്രണ്ടു പകുത്താൽ നന്നാലംശങ്ങളെക്കൊണ്ട് ജഗതികുമുദകത്തെപ്പണി ചെയ്ക. പിന്നെ ശേഷിച്ച നാലംശത്തെക്കൊണ്ട് കുമുദപട്ടികയുഗളത്തേയും വാജനത്തേയും, പട്ടികയേയും, പ്രതിക്രമമെങ്കിൽ അവയവക്രമമിങ്ങനെ ഓരോന്ന്, പാദബന്ധമാകിൽ കുമുദത്തോളമിങ്ങനെത്തന്നെ. അവിടെനിന്ന് ഒന്നരകൊണ്ട് ഗളത്തേയും, ഒന്നരകൊണ്ട് പടിയേയുമുണ്ടാക്കൂ. പടിയ്ക്ക് അര അംശം വാജനമെന്നു താല്പര്യം. പടിക്കു കോണിൽ മകരത്തലയും ഇടയിൽ സിംഹമുഗാദിക(ളുമ)ലംകാരം, പാദബന്ധമാകിൽ കോണിൽ മകരത്തലകളും ഗളത്തിൽ കാലും പൂവും അലങ്കാരം. പ്രതിബന്ധത്തിന്നു കുമുദ

www.shripuram.org
Shripuram Publications
www.shripuram.org

മുരുണ്ടിട്ട്. പടിക്ക് സിംഹമൃഗാദി അലങ്കാരം. പാദബന്ധത്തിന്ന കുമുദം പട്ടം, പടിക്കു ഗളത്തിൽ കാലും പൂവുമലങ്കാരം ഇതു ഭേദമാകുന്നത്.

യാവത്സ്വായോച്ചമാനം ഗമതു ജഗതീം
ബാഹ്യതോ മാനസൂത്രാത്
തത്തുല്യം കൈരവം ചോച്ഛ്രയസമചരണോ-
നാർദ്ധപാദാംശകം ച
ശിഷ്ടം തത് പട്ടികാബ്ജാദികമപി ഗമയേ-
ന്മാനസൂത്രാത് സമന്താത്
തത്തച്ഛോഭാനുരൂപം ഗമയതു ജഗതീ-
സൂത്രതഃ പാദുകം ച. 17

മാനസൂത്രാത് സ്വായോച്ചമാനം യാവത് ബാഹ്യതഃ താവത് ജഗതീം ഗമയതു = ഉത്തരത്തിന്റെ തുക്കുങ്കൽനിന്ന തന്റെ പൊക്കത്തോളമായിട്ടു താൻ, തന്റെ യോനിയായി ചുറ്റു വരുന്നടത്തോളം താൻ, പുറത്തേയ്ക്കു ജഗതിയെ തുക്കുവരുമാറു ഗമിപ്പിക്കണം. തത്തുല്യം കൈരവം ച = ജഗതിയുടെ മാനത്തോടു തുല്യമായിട്ടു കുമുദത്തേയും ഗമിപ്പിക്കണം, എട്ടുവിരൽ ഗമിപ്പിച്ചാൽ യോനി ഒത്തുവരും. ശിഷ്ടം തത് പട്ടികാബ്ജാദികം അപി ഉച്ഛ്രയസമചരണോനാർദ്ധപാദാംശുകം ച മാനസൂത്രാത് സമന്താത് ഗമയേത് = കുമുദപട്ടികയും ചുവട്ടിലേ പത്മവും മുകളിലേ പടിയും വളര് കപോതം ഇത്യാദികളും, തന്റെ പൊക്കത്തോളമായിട്ടും തന്റെ മുക്കാലായിട്ടും പാതിയായിട്ടും തന്നിൽ കാലംശമായിട്ടും ഉത്തരസൂത്രത്തുങ്കൽനിന്ന പുറത്തേയ്ക്കു ചുറ്റും ഗമിപ്പിക്കണം. ഗളത്തിനമാത്രം ഗമനമില്ല. ജഗതീസൂത്രതഃ തത്തച്ഛോഭാനുരൂപം പാദുകം ച ഗമയതു = ജഗതിയുടെ തുക്കുങ്കൽനിന്ന് അര മുക്കാൽ ഇത്യാദി ഭംഗിപോലെ പാദുകത്തേയും പുറത്തേയ്ക്കു ഗമിപ്പിപ്പൂ.

ഇനി ഒരു ശ്ലോകംകൊണ്ട് അധിഷ്ഠാനത്തിന്റെ പത്രമാനത്തിന്ന പുറപ്പാടു ചൊല്ലുന്നു.

മാനസൂത്രമെന്ന് അളവറുന്ന സൂത്രം. പ്രാസാദം സ്ഥൂലദേഹം, സ്ഥൂലദേഹത്തിന്റെ മുഖം ഉത്തരം. അളവറുന്ന സൂത്രം അതു മൂന്നു പ്രകാരം, ഉത്തരപ്പുറവും അകവും മദ്ധ്യവും പ്രമാണസൂത്രം. അത്ര ദേശവശാലും ജാതിവശാലും ഭേദമുണ്ടാം. എന്നാൽ ആ ഉത്തരത്തിന്റെ ചുറ്റ് എവിടെ കല്പിച്ചു എന്നാലവിടെനിന്ന യുക്തിക്കുതക്കവണ്ണം അധിഷ്ഠാനങ്ങളുടെ പത്രമാനങ്ങളെ കല്പിക്കണം എന്നു ചൊല്ലിയത്. പ്രമാണസൂത്രത്തുങ്കൽനിന്നു എൺവിരൽ പതിനാറുവിരൽ പുറപ്പെടീയ്ക്കു യോനിപ്പെട്ട കണക്ക് ഉണ്ടാകും. എന്നിയേ, തന്റെ തന്റെ അംശങ്ങളെക്കൊണ്ടു പുറപ്പെടീക്കാം. ജഗ

www.shripuram.org
Shripuram Publications
www.shripuram.org

തി ഇവരത്തോടു തുല്യമായി പുറപ്പെടീയ്ക്ക എന്നാകിലുമാം. ജഗതയോടു സമമായിട്ടും കുമുദത്തേയും പണിചെയ്ക. മറ്റു പദങ്ങൾ അബ്ജം മഹാവാജനം ഇവ ഒക്കയും തന്റെ തന്റെ ഇവരത്തോടു സമമായിട്ടും പാതിയും മുക്കാലും കാലും ഇവയെല്ലാറ്റെക്കൊണ്ടും പുറപ്പെടീക്കാം. അംഗഭംഗിക്കു തക്കവണ്ണം പണിചെയ്തുകൊള്ളണം. ഈവണ്ണംതന്നെ ജഗതിപ്പുറത്തുനിന്നു പാദുകത്തേയും പുറപ്പെടീക്ക. പാദുകത്തുങ്കൽനിന്നു ചെരിപ്പിനേയും പുറപ്പെടീക്ക.

ചിത്വേത്യധിഷ്ഠാനമിഹാനുരൂപം
സമം തലീകൃത്യ ശിലാപ്രതാനൈഃ
വിഭജ്യ ഗർഭാന്തരബാഹ്യഭിത്തി-
തന്മധ്യനാഡീ രചയേദ്യഥാർഹം. 18

ഇഹ ഇതി അനുരൂപം അധിഷ്ഠാനം ചിത്വാ = ഇവിടെ ഇപ്രകാരം പറഞ്ഞിരിക്കുന്നതു താൻ, വേർവിട്ടു കപോതബന്ധനാദി താൻ, തനിക്ക് ഇഷ്ടമാകുന്ന അധിഷ്ഠാനത്തെ ചേർത്താൽ, ശിലാപ്രതാനൈഃ സമം തലീകൃത്യ = ശിലകളെക്കൊണ്ട് എല്ലായിടവും തളം ചേർത്ത് ഇട്ട്, ഗർഭാന്തർബാഹ്യഭിത്തിതന്മധ്യനാഡീഃ യഥാർഹം വിഭജ്യ രചയേത് = ഗർഭഗൃഹത്തേയും തദ്ഭിത്തിയേയും ഇടനാഴികയേയും പുറത്തേ ഭിത്തിയേയും തന്റെ ഇച്ഛപോലെ വിഭജിച്ച് അളന്ന് ഉണ്ടാക്കു.

ഇനി ഒരു ശ്ലോകംകൊണ്ട് അധിഷ്ഠാനം പണിചെയ്താൽ ഗർഭഭിത്ത്യാദികളെ ഉണ്ടാക്കണമെന്നു ചൊല്ലുന്നു.

ഇവിടെ വേണ്ടുന്ന അധിഷ്ഠാനത്തെ ഈവണ്ണം പടുത്തിട്ട്, നല്ല കല്ലു വിരിച്ചു തളംചെയ്ത്, ഗർഭഗൃഹം അകത്തേ ഭിത്തി പുറത്തേ ഭിത്തി ഇടനാഴിക എന്നിവറ്റേ അവിടെയവിടെയൊക്കെ യോഗ്യമാംവണ്ണം പകുത്തു പണിചെയ്ക.

വഹ്ന്യാദിതിഥ്യവധികൗജവിഭാഗഭക്തേ
വ്യാസേ ഗൃഹസ്യ നയനാദ്യുരഗാന്തിമാഭിഃ
പഞ്ചാംശകൈശ്ച വസുഭാഗയുതേഽർദ്ധതശ്ച
ഗർഭാലയസ്യ വിതതിർനവധോദിതേതി. 19

ഗൃഹസ്യ വ്യാസേ വഹ്ന്യാദിതിഥ്യവധികൗജവിഭാഗഭക്തേ = പ്രാസാദത്തിന്റെ വിസ്താരത്തെ മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത്, പതിനൊന്ന്, പതിമൂന്ന്, പതിനഞ്ച് ഈ ഒറ്റ സംഖ്യകളേക്കൊണ്ടു പകുത്താൽ, നയനാദ്യുരഗാന്തിമാഭിഃ = രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട് ഈ അംശങ്ങളെക്കൊണ്ടും വസുഭാഗയുതേ പഞ്ചാംശകൈഃ = എട്ടായി പക

Shripuram Publications
www.shripuram.org

ത്തതിന്റെ അഞ്ചംശംകൊണ്ടും, അർദ്ധതഃ ച = പ്രാസാദത്തിന്റെ പാതികൊണ്ടും, ഗർഭാലയസ്യ വിതതിഃ നവധാ ഇതി ഉദിതാ = ഗർഭഗൃഹത്തിന്റെ വിസ്താരം ഇങ്ങനെ ഒമ്പതു പ്രകാരം പറയപ്പെട്ടു.

ഇനി ഒരു ശ്ലോകംകൊണ്ട് ഗർഭഗൃഹത്തെ ഉണ്ടാക്കുവാൻ ചൊല്ലുന്നു.

പ്രാസാദത്തിന്റെ വിസ്താരത്തെ മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത്, പതിനൊന്ന്, പതിമൂന്ന്, പതിനഞ്ച് എന്നിവറ്റെക്കൊണ്ട് പകുത്താൽ ക്രമത്താലേ രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട് ഈ അംശങ്ങളെക്കൊണ്ട് ഗർഭഗൃഹത്തിന്റെ വിസ്താരം ചൊല്ലപ്പെട്ടു. എട്ടിട്ടാലഞ്ചുകൊണ്ടുമാം. പ്രാസാദവീതിയിൽ പാതികൊണ്ടുമാം. ഇങ്ങനെ ഒമ്പതുപ്രകാരം ഗർഭഗൃഹത്തിന്റെ വിസ്താരം വിധിച്ചു.

ബാഹ്യസ്തംഭസമുച്ഛ്രയേ വിദലിതേ
ഭൂതാദിവസ്വന്തിമൈ-
രേകാംശാഭ്യധികോച്ഛ്രയാൻ വിരചയേത്
സ്തംഭാംസ്തതോ ഗർഭഗാൻ
ഗർഭസ്തംഭസമുച്ഛ്രയേ വിദലിതേ
ഭൂതാദിവസ്വന്തിമൈ-
ർഗ്ഗർഭാഗാരമസൂരകം വിരചയേ-
ദേകാംശതഃ സമ്മിതം. 20

ബാഹ്യസ്തംഭസമുച്ഛ്രയേ ഭൂതാദിവസ്വന്തിമൈഃ വിദലിതേ = പുറത്തേ കാലുനീളത്തെ അഞ്ചു തുടങ്ങി എട്ടോളം പകുത്താൽ, ഏകാംശോഭ്യധികോച്ഛ്രയാൻ ഗർഭാൻ സ്തംഭാൻ വിരചയേത് = അതിലൊരംശം അധികമായിട്ട് ഗർഭഗൃഹത്തിന്റെ കാലുനീളത്തെ ഉണ്ടാക്കണം. ഗർഭസ്തംഭസമുച്ഛ്രയേ ഭൂതാദിവസ്വന്തിമൈഃ വിദലിതേ = ഈ ഗർഭഗൃഹത്തിന്റെ കാലുനീളത്തെ അഞ്ചു തുടങ്ങി എട്ടോളം വിഭജിച്ചാൽ ഏകാംശതഃ സമ്മിതം ഗർഭാഗാരമസൂരകം വിരചയേത് = അതിലൊരംശംകൊണ്ട് ഗർഭഗൃഹത്തിന്റെ തറയുടെ പൊക്കത്തേയുമുണ്ടാക്കണം.

ബാഹ്യാ ഗൃഹവ്യാസഗജാംശതഃ സ്യാദ്
ഭിത്തിഃ പരാ ഗർഭഗജാംശതശ്ച
നാഡീ സമന്താദുഭയാന്തരാളേ
സമ്മേള്യ വാ ഭിത്തിയുഗം ഗൃഹേ ല്പേ. 21

ഗൃഹവ്യാസഗജാംശതഃ ബാഹ്യാ ഭിത്തിഃ = പ്രാസാദവിസ്താരത്തിൽ എട്ടൊന്നുകൊണ്ടു പുറത്തേ ഭിത്തിവണ്ണവും പരാഭിത്തിഃ ഗർഭഗജാംശ

www.shripuram.org
Shripuram Publications www.shripuram.org

തഃ ച സ്യാത് = ഗർഭഗൃഹവിസ്താരത്തിന്റെ എട്ടൊന്നുകൊണ്ട് ഗർഭഗൃഹ ത്തിന്റെ ഭിത്തിയുമുണ്ടാക്കണം. ഉഭയാന്തരാളേ സമന്താത് നാഡീ = ര ണ്ടു ഭിത്തികളുടേയും അന്തരാളത്തിൽ ഇടനാഴികയും വേണം. അല്പേ ഗൃഹേ ഭിത്തിയുഗം സമ്മേള്യ വാ സ്യാത് = ചെറുതായിട്ട് ഇരിക്കുന്ന പ്രാസാദങ്ങൾക്കു രണ്ടു ഭിത്തയും ഒന്നായിട്ട് ഉണ്ടാക്കിയാലും കൊള്ളാം. അവിടെ അന്തരാളം ഉണ്ടാക്കേണ്ടാ.

ഇനി ഒരു ശ്ലോകംകൊണ്ട് ഭിത്തിവണ്ണത്തേയും ഇടനാഴികയേയും ചൊല്ലുന്നു.

പ്രാസാദവിസ്താരത്തിൽ എട്ടൊന്നുകൊണ്ടു പുറത്തേ ഭിത്തിവണ്ണം, ഗർഭഗൃവിസ്താരത്തിൽ എട്ടൊന്നു ഗർഭഭിത്തിയെന്നാകിലുമാം. പുറത്തുമ കത്തുമുള്ള ഭിത്തിയുടെ മദ്ധ്യേ ഉള്ള പഴുത് ഇടനാഴിക ആയിട്ടും ഭവിക്കു ന്നു. പ്രാസാദം ചെറുതാകിൽ ഭിത്തി രണ്ടും തങ്ങളിൽ ചേർത്തു ഇടനാ ഴിക കൂടാതെ ഘനഭിത്തിയായിട്ടുമാം.

അല്പപ്രാസാദത്തിങ്കലേയുള്ള പ്രകാരത്തെത്തന്നെ പറയുന്നു.

വിസ്താരേഽല്പഗൃഹേ ക്വചിദ്വിശിഖഭ-
ക്തേഽന്തഃപദേ പീഠികാം
പങ്ക്ത്യാ ഗർഭഗൃഹം കരോതു പരിതഃ
പങ്ക്ത്യാ ച ഭിത്തിം ഘനാം
തസ്മിൻ നന്ദവിഭാജിതേ സതി വിധാ-
യൈവം തതോ വീഥികാം
ഭിത്തിം ചോ ഭയപങ്ക്തിതോ വിരചയേദ്
ദ്വാരം ച കോഷ്ഠേഽഗ്രതഃ. 22

ക്വചിത് അല്പഗൃഹേ വിസ്താരേ വിശിഖഭക്തേ = ചില അല്പപ്രാസാ ദത്തുങ്കൽ വിസ്താരത്തെ അഞ്ചായിട്ടു പകുത്ത് ഇരുപത്തിയഞ്ചു പദമാ ക്കിയാൽ, അതിൽ, അന്തഃപദേ പീഠികാം = നടുവിലത്തേപ്പദത്തുങ്കൽ പീഠത്തേയും, പങ്ക്ത്യ ഗർഭഗൃഹം = അതിന്റെ ചുറ്റുമുള്ള ഒരു വരിയിലെ എട്ടു പദങ്ങൾക്കൊണ്ട് ഗർഭഗൃഹത്തേയും, പങ്ക്ത്യാ ഘനാം ഭിത്തിം ച = പുറത്തേ വരിയിലെ പതിനാറു പദംകൊണ്ട് കനമായിരിക്കുന്ന ഭി ത്തിയേയും കരോതു = ഉണ്ടാക്കു. തസ്മിൻ നന്ദവിഭാജിതേ സതി = ഗൃ ഹവിസ്താരത്തെ ഒമ്പതായിട്ടു പകുത്ത് എൺപത്തൊന്നു പദങ്ങളാക്കി ഏവം വിധായ = ഈവണ്ണം പീഠത്തേയും ഗർഭഗൃഹത്തേയും ഭിത്തിയേ യും ഉണ്ടാക്കിയാൽ, തതഃ വീഥികാം ഭിത്തിം ച വിരചയേത് = പിന്നെ ഇടനാഴികയേയും പുറത്തേ ഭിത്തിയേയും രണ്ടു വരികൊണ്ട് ഉണ്ടാക്കു. അഗ്രതഃ കോഷ്ഠേ ദ്വാരം ച = അവിടെ നേരെ വരുന്ന പദത്തുങ്കൽ വാ

www.shripuram.org
Shripuram Publications
www.shripuram.org

തിലിനേയും വയ്ക്കൂ.

ഇനി ഒരുപ്രകാരം ഗർഭഗൃഹത്തെ ചൊല്ലുന്നു.

ചെറുതായി ഇരിക്കുന്ന പ്രാസാദങ്ങളിൽ ചിലേടത്തു പ്രാസാദത്തിന്റെ വിസ്താരംകൊണ്ടും ദീർഘംകൊണ്ടും അയ്യഞ്ചു പകുത്ത്, ഇരുപത്തഞ്ചു പദമാക്കിയാൽ നേരേ നടുവിലേ പദത്തിൽ പീഠത്തേയും, അതിന്റെ പുറത്തേ പന്തികൊണ്ടു ഗർഭഗൃഹത്തേയും, അതിന്നു പുറത്തേ പന്തികൊണ്ടു ചുറ്റുഭിത്തിയേ(യും) ഉണ്ടാക്കുക. എന്നിയേ പ്രാസാദദീർഘവിസ്താരത്തെ ഒമ്പതുകൂറു ചെയ്തു പകുത്തു എൺപത്തൊന്നു പദമാക്കിയാൽ, ഇങ്ങനെതന്നെ പീഠവും ഗർഭഗൃഹവും ഭിത്തിയും ചമച്ചാൽ, പിന്നെ രണ്ടു പങ്ക്തിയല്ലേ ശേഷിക്കുന്നു. അതിലൊന്നുകൊണ്ട് ഇടനാഴികയും മറ്റേതുകൊണ്ട് ഭിത്തിയുമുണ്ടാക്കൂ. നേരേ മുമ്പിലേ പദത്തിൽ ദ്വാരത്തേയുമുണ്ടാക്കൂ.

പുറത്തേ കാൽ നീളംകൊണ്ട് അഞ്ചു തുടങ്ങി എട്ടോളം പകുത്ത് അതിലോരോ അംശമേറീട്ടു ഗർഭഗൃഹത്തിന്റെ കാൽനീളമെന്നാകിലാം. പ്രാസാദോചിതമായി ചെയ്തിലുമാം ഗർഭഗൃഹം കാൽനീളംകൊണ്ട് നാലു തുടങ്ങി എട്ടോളം പകുത്താൽ, ഒരംശംകൊണ്ടു ഗർഭഗൃഹത്തിന്റെ അധിഷ്ഠാനമെന്നാകിലുമാം. ഇതിന്നു വർഗ്ഗങ്ങൾ പ്രതിക്രമം താൻ മഞ്ചകം താൻ അലങ്കരിക്ക.[2]

കൃത്വാ ഗർഭഗൃഹം കുലാദ്രികൃതികോ-
ഷ്ഠാഢ്യം സമന്താത് പദേ
ബ്രാഹ്മേ പഞ്ചദശാംശകാൻ വിരചയൻ
സൗമ്യാഗ്രസൂത്രൈഃ സമം
തത്പൃഷ്ഠസ്ഥിതദേവമാനുഷപിശാ-
ചാവാരകേഷു ക്രമാദ്
വിശ്വോമേശനവാംശകാനപി തതഃ
സ്വം സ്വം പദം കല്പയേത്. 23

ഇനി ഒരു ശ്ലോകംകൊണ്ട് പ്രതിഷ്ഠാസ്ഥാനത്തെ ചൊല്ലുന്നു.

ഗർഭഗൃഹത്തിന്റെ ഉള്ളിനേ ഏഴേഴു നാല്പത്തൊമ്പതു പദമാക്കിയാൽ, പിന്നെ എല്ലായിടവും നടുവിലേ ബ്രഹ്മപദം, അതുകൊണ്ടു തെക്കുവടക്കു സൂത്രം വരുമാറ് പതിനഞ്ച് അംശിപ്പൂ. പിന്നെ അതിന്റെ നേരേ പൃഷ്ഠത്തിലേ പദം ദേവപദം, അതുകൊണ്ടും അതിന്റെ പൃഷ്ഠത്തിലെ

2. അടുത്ത ഏതാനും പദ്യങ്ങൾക്ക് ആദ്യത്തേ വ്യാഖ്യാനം കാണ്മാനില്ല. അച്ചടിച്ച സമുച്ചയത്തിൽ ഈ പദ്യങ്ങളും ഇല്ല.

Shripuram Publications
www.shripuram.org

പദം മനുഷ്യപദം, അതിന്റെ പൃഷ്ഠത്തിലേതു പൈശാചം, അവറ്റേക്കൊണ്ടും ക്രമത്താലേ പതിമൂന്നും പതിനൊന്നും ഒമ്പതും പകുത്തു നടേ നടേത്തേപ്പോലെ തെക്കു വടക്കു സൂത്രമിട്ടു. എന്നാൽ പ്രതിഷ്ഠയ്ക്കു തന്റെ തന്റെ പദത്തെ കല്പിച്ചുകൊള്ളൂ.

ബ്രാഹ്മേഽംശേഽന്തരനന്തരേ മഹതി ചാ-
ല്പേ ചേശലിംഗേ ഹരൗ
താർത്തീയേ ദ്രുഹിണാംശമദ്ധ്യപദത-
സ്തുര്യേ ഗുഹേശാച്യുതേ
ഷഷ്ഠേ സുംഭജിതി പ്രതിഷ്ഠിതപദം
ശാർങ്ഗീശ്വരേ വാഽഷ്ടമേ
പ്രോക്തം ശാസ്തരി ഷോഡശേ ഗണപതൗ
വിംശേ തഥൈകോത്തരേ. 23

ഇനി പ്രതിഷ്ഠാപദത്തെ ചൊല്ലുന്നു.

പ്രതിഷ്ഠയ്ക്കു മഹത്തായിരിക്കുന്ന ശിവലിംഗം വിഷയമാകുമ്പോൾ, ബ്രഹ്മപദത്തുങ്കൽ എല്ലായിടവും നടുവിലേ അംശത്തിൽ പ്രതിഷ്ഠാസ്ഥാനം ചൊല്ലപ്പെട്ടു. അല്പലിംഗമെങ്കിൽ അതിന്റെ പിന്നിലേതിൽ. വിഷ്ണുവെങ്കിൽ ബ്രഹ്മപദത്തിന്റെ നടുവിലേ പദംതൊട്ടു പിന്നിലോട്ടു എണ്ണിയാൽ മൂന്നാമതിൽ. സുബ്രഹ്മണ്യൻതാൻ ശങ്കരനാരായണൻതാൻ ആകിൽ നാലാമതിൽ, ദുർഗ്ഗയെങ്കിൽ ആറാമതിൽ, ശങ്കരനാരായണനെങ്കിൽ എട്ടാമതിലുമാം. ശാസ്താവെങ്കിൽ പതിനാറാമതിൽ. ഗണപതിയെങ്കിൽ ഇരുപതാമതിൽ താൻ ഇരുപത്തൊന്നാമതിൽ താൻ.

കൃത്വോദങ്മുഖമത്ര സൂത്രമഥ മ-
ദ്ധ്യാദ് ദ്വാരവിസ്താരത-
സ്തൽകൃത്യാദ്ധ്യശതാംശകാൻ പ്രതിഗമ-
ര്യോദീചി ചൈന്ദ്രാഗ്രകം
സർവേഷ്വീശഹരീശയോഃ പുനരിദം
വാഽർച്ചാംശതോ വാഽഖിലേ
ദിശ്യൈശ്യാം ഗമയേദ്യ്വം യവയുഗം
വാഽർച്ചോദ്ഭവം സന്ധിതഃ. 24

ഈച്ചൊല്ലിയ പൃഷ്ഠമനം നിശ്ചയിച്ച് അവിടെ തെക്ക് വടക്ക് ഒരു സൂത്രവുമിട്ടു. പിന്നെ നേരേ കിഴക്കും പടിഞ്ഞാറും ഇട്ട സൂത്രത്തിങ്കേന്നു ഗർഭദ്വാരവിസ്താരത്തിന്റെ നൂറ്റിരുപത്താറാലൊന്നു മദ്ധ്യസൂത്രത്തിന്നു

Shripuram Publications
www.shripuram.org

വടക്കോട്ടു നീക്കി അവിടെ കിഴക്കും പടിഞ്ഞാറും സൂത്രമിട്ടു. ശങ്കരനാരായണനും ശിവനും തന്റെ ബിംബത്തിന്റെ ഇവരത്തിൽ നൂറ്റിരുപത്താറാലൊന്നു വടക്കോട്ടു കൊള്ളുകയുമാം. പിന്നെ കിഴക്കും പടിഞ്ഞാറും തെക്കും വടക്കും പിന്നിലും വടക്കോട്ടും വച്ച സൂത്രമിട്ടാൽ, ഈ സൂത്രം സന്ധിയിങ്കൽനിന്ന് ഒരു യവം താൻ രണ്ടു യവം താൻ ഈശാന്തകോണിലേയ്ക്ക് അടയാളമിട്ട് അവിടെ ബിംബത്തിന്റെ നടുവിൽ വരുമാറ് എല്ലാ ബിംബങ്ങളേയും പ്രതിഷ്ഠിച്ചുകൊള്ളുക. ഇവിടെ യവം സാമാന്യമല്ല. ബിംബാഗുലയവമത്രെ ആകുന്നത്.

ബ്രാഹ്മേ കൗതുകമാകരേ ന്യസതു മൂ-
ലാർച്ചാംസ്ഥിതാമാസിതാ-
മീഷന്മാനുഷസംയുതേ സമനുദേ-
വാംശേ ശയാനാമപി
ഗർഭേ ഷോഡശവർഗ്ഗഭേദിനി പദൈർ-
ബ്രാഹ്മം ചതുർവ്വർഗ്ഗകൈ-
സ്ത്രിദ്വ്യേച്യകോന്മിതപംക്തിഭിഃ
സുരനുപൈശാചാൻ പ്രകുർവ്വീത വാ. 25

ബഹുവേരത്തിങ്കലാകിൽ ബ്രഹ്മപദത്തിൽ അർച്ചനാമൂർത്തിയെ പ്രതിഷ്ഠിക്ക. മൂലബിംബം നില്ക്കുന്നതെങ്കിൽ, ദേവപദത്തിങ്കൽ. ഇരിക്കുന്നതെങ്കിൽ ദൈവകത്തിന്റെ ഒടുക്കത്തേ മാനുഷത്തിൽക്കൂടെ കുറഞ്ഞൊന്നു തട്ടി ഇടുകയും വേണം. കിടക്കുന്നതെങ്കിൽ പാതി ദൈവകത്തിലും, പാതി മാനുഷകത്തിലുമായി ഇരിക്കണം. ഇപ്പദകല്പന മറ്റൊരു പ്രകാരവുമാം. അതിന്നു ഗർഭഗൃഹത്തിന്റെ വീതി - നീളംകൊണ്ടു പതിനാറുച്ചീതു പകുത്ത് ഇരുനൂറ്റമ്പത്താറു പദമാക്കിയാൽ പതിനാറു പദങ്ങളേക്കൊണ്ടു നടുവിൽ ബ്രഹ്മപദത്തെ ഉണ്ടാക്കൂ. ആയതിനു പുറമേ മൂന്നു പങ്ക്തികൊണ്ടു ദൈവികത്തേയും, അതിനുപുറമേ രണ്ടു പങ്ക്തികൊണ്ടു മാനുഷത്തേയും അതിന്നു പുറമേ ഒരു പങ്ക്തികൊണ്ടു പൈശാചത്തേയും കല്പിക്കിലുമാം.

ബ്രാഹ്മേ ഷോഡശമംശകം സ്വപുരതോ-
മദ്ധ്യാദ്ദലാദ്ധ്യൈകകം
വാമേ ചാഭ്യപഹായ വഹ്നിഭുവി ബിം-
ബം സ്ഥാപയേത് സ്ഥാസ്നുകം
ഏവം മാനുഷമദ്ധ്യതോ/ഥ ഗമയി-
ത്വാ പൃഷ്ഠതോ വാമത-

www.shripuram.org
Shripuram Publications
www.shripuram.org

ശ്വാംശേ സ്ഥാപയേത്തു സ്വമൂലമന്ത-
ബിംബം ബാഹ്യവേരേ വിധൗ. 26

സുബ്രഹ്മണ്യനെങ്കിൽ ബഹ്വവേരമാകിൽ ഭേദമുണ്ട്. അവിടെ ബ്രഹ്മപദത്തിന്റെ നടുവിൽനിന്ന് അപ്പദത്തിൽ പതിനാറിലൊന്ന മുന്നോക്കിലും, അതിലൊന്നര അംശം എടത്തോട്ടും നീക്കീട്ട് അർച്ചനാമൂർത്തിയെ പ്രതിഷ്ഠിക്ക. ഈവണ്ണംതന്നെ മാനുഷപദത്തിന്റെ മദ്ധ്യത്തിൽനിന്ന് പിന്നോട്ടും ഇടത്തോട്ടും നീക്കി മൂലബിംബത്തേയും പ്രതിഷ്ഠിക്ക.

പ്രത്യന്തേ വാ ഗളാന്തേ രചയേത്തു തദുദങ്-
മദ്ധ്യസൂത്രേ/ംബുമാർഗ്ഗം
സോമേശാനാന്തരോദ്യദ്വസുനവദശഭാ
ഗാദികം വാ വ്യതീത്യ
മാസൂരോത്സേധമാത്രം ചരണവിരഹിതം
വാ/ർദ്ധവൃദ്ധം പ്രണാളം
നിര്യാതം ബാഹ്യതോ/ന്തർവിനിഹിതമധികം-
ഡ്യം തദർദ്ധാംശമാത്രം. 27

പ്രത്യന്തേ വാ ഗളാന്തേ വാ തദുദങ്മദ്ധ്യസൂത്രേ അംബുമാർഗ്ഗം രചയേത്തു = പടിയുടെ മുകളിൽ താൻ, ഗളത്തിന്റെ മുകളിൽ താൻ, പ്രാസാദത്തിന്റെ വടക്ക മദ്ധ്യസൂത്രത്തിൽ ഓകിനെ ഉണ്ടാക്ക. സോമേശാനാന്തരോദ്യദ്വസുനവദശഭാഗാദികം വ്യതീത്യ = വടക്ക നടുവിൽനിന്ന് ഈശകോണോളമുള്ള വിസ്താരത്തിൽ, എട്ടൊന്നുതാൻ ഒമ്പതാലൊന്നുതാൻ പത്താലൊന്നുതാൻ കിഴക്കോട്ടു നീക്കീട്ടും ഓകിനെ ഉണ്ടാക്കാം. മാസൂരോത്സേധമാത്രം ചരണവിരഹിതം വാ അർദ്ധവൃദ്ധം ബാഹ്യതഃ നിര്യാതം = തറയുടെ പൊക്കത്തോളം താൻ, തറയുടെ മുക്കാലോളം താൻ, തറയുടെ അർദ്ധാധികം താൻ നീളം പുറത്തു ഗമിച്ചിരിക്കുന്നമാറും, തദർദ്ധാംശമാത്രം അധികുഡ്യം വിനിഹിതം = പുറത്തു കാണുന്നിടത്തോളം നീളം ഭിത്തിയിങ്കലകത്തും ഉണ്ടായിരിക്കുമാറും, പ്രണാളം രചയേത്തു = ഓകിനെ ഉണ്ടാക്കണം.

ഇനി ഒരു ശ്ലോകംകൊണ്ട് ഓകിന്റെ ലക്ഷണത്തെ ചൊല്ലുന്നു.

പ്രാസാദങ്ങൾ ഒക്കയും പടിമേൽവായ്ക്ക് ഒത്തുതാൻ, ഗളത്തിന്റെ മേൽവായിൽ താൻ വൻപാദുകമേൽവായിൽ താൻ ഒക്കുള്ളടാതെയുമുണ്ടാം. എന്നിയേ സ്വയംഭ്രവാദികളിൽ കുമുദകമേൽവായിൽ താൻ, ജഗതി മേൽവായിൽതാൻ, പാദുകമേൽവായിൽത്താൻ, അതിന്നു താഴെത്താൻ ബിംബസ്ഥാനത്തിനു തക്കവണ്ണമെന്നു താല്പര്യം. ഇതിന്ന് ഒ

Shripuram Publications
www.shripuram.org

ത്തവണ്ണം വച്ചുകൊണ്ടാൽ ഇവറ്റിൽലൊരേടത്തു പ്രാസാദത്തിന്റെ നേരേ വടക്കു മയ്യത്തിൽ തന്നെ ഓകിനെ ഉണ്ടാക്കുക. പിന്നെ നേരെ വടക്കുനിന്ന് ഈശാന്തകോണോളമുള്ള നീളത്തെ എട്ടു താൻ ഒമ്പതുതാൻ പത്തുതാൻ പകുത്താൽ അതിലൊരംശം കിഴക്കു നീക്കിട്ടുമാകിലുമാം ജലമാർഗ്ഗം, പിന്നെ അധിഷ്ഠാനത്തിന്റെ ഇവരത്തോളം താൻ മുക്കാൽ താൻ അരതാൻ ഒന്നരതാൻ ഭിത്തിക്കു പുറത്തുനിന്നു ഓകിന്റെ പുറപ്പാടു. ഇതല്ലാതെയുമുണ്ടു എന്നു വാ ശബ്ദംകൊണ്ടു സൂചിപ്പിച്ചത്. പുറത്തു പുറപ്പെട്ടതിൽ പാതി അകത്തു പൂകയും വേണം.

സ്വായാമാഗന്ത്യംശകാദിപ്രവിതതനിജമൂ-
ലാനലാംശാദിവിസ്തീ-
ർണ്ണാഗ്രം വിസ്താരതുല്യത്രിപദദലഘനം
ത്ര്യംശക്ലൃപ്താംബുമാർഗ്ഗം
വ്യാത്തവ്യാളാസ്യമദ്ധ്യപ്രസൃമരനിജമൂ-
ലോജ്ജ്വലം ഗോമുഖം ത-
ന്മുക്താദാമാദിവല്ലീവലയപരിഗതം
ശ്ലക്ഷ്ണഭിർമണ്ഡിതം ച. 28

സ്വായാമാഗന്ത്യംശകാദിപ്രവിതതനിജമൂലാനലാംശാദിവിസ്തീർണ്ണാഗ്രം = തന്റെ നീളത്തിനു മൂന്നൊന്നു താൻ നാലൊന്നുതാൻ വിസ്താരമായിരിക്കുന്ന ചുവടോടും, ചുവട്ടിന്റെ വിസ്താരത്തിൽ മൂന്നൊന്നുതാൻ നാലൊന്നുതാൻ വിസ്താരമായ അഗ്രത്തോടുംകൂടി ഇരിക്കുമാറും, വിസ്താരതുല്യത്രിപദദലഘനം = വിസ്താരത്തോടു തുല്യമായും മുക്കാലായും പാതിയായും ഉള്ള കനത്തോടും കൂടിയിരിക്കണം. ത്ര്യംശക്ലൃപ്താംബുമാർഗ്ഗം = വിസ്താരത്തിൽ മൂന്നൊന്നു ജലമാർഗ്ഗത്തോടുകൂടിയും, വ്യാത്തവ്യാളാസ്യമദ്ധ്യപ്രസൃമരനിജമൂലോജ്ജ്വലം = വിസ്തൃതമായിരിക്കുന്ന വ്യാളത്തിന്റെ മുഖത്തുങ്കൽനിന്നു പുറപ്പെട്ടിരിക്കുമാറും, മുക്താദാമാദിവല്ലീവലയപരിഗതം = മുത്തുമാലകൾ ലതകൾ ഇവറ്റേക്കൊണ്ടു ചുറ്റിക്കെട്ടി ഇരിക്കുമാറും = ശ്ലക്ഷ്ണഭിഃ മണ്ഡിതം ച ഗോമുഖം = അലങ്കാരങ്ങളേക്കൊണ്ട് അലങ്കരിച്ച് ഇരിക്കുമാറും ഗോമുഖം എന്നു പേരാകുന്ന ഓകിനെ ഉണ്ടാക്കൂ.

ഇനി ഓകിന്റെ വണ്ണത്തേയും അലങ്കാരങ്ങളേയും ചൊല്ലുന്നു.

തന്റെ നീളത്തിൽ മൂന്നൊന്നുതാൻ നാലൊന്നുതാൻ വിസ്താരമായി ഇരിക്കുന്ന ചുവടുവണ്ണം കല്പിച്ച്, ചുവട്ടുവണ്ണത്തിൽ മൂന്നൊന്നുതാൻ അഞ്ചിട്ടു രണ്ടുതാൻ അഗ്രവിസ്താരമായി വിസ്താരത്തിൽ വിസ്താരസമം താൻ മുക്കാൽതാൻ അരതാൻ കനമായി, വീതിയിൽ മൂന്നൊന്നു വെള്ളം പോവാനുള്ള വഴിവീതിയായി കനത്തിൽ മൂന്നൊന്നു താഴ്ചയായി, വാ പൊ

www.shripuram.org
Shripuram Publications
www.shripuram.org

ളിച്ചിരിക്കുന്ന വ്യാളത്തിന്റെ മുഖമദ്ധ്യത്തുങ്കൽനിന്നു പുറപ്പെട്ടിരിക്കുന്ന തന്റെ മൂലപ്രദേശംകൊണ്ടു ശോഭിച്ച ഇവറ്റിൽ മുത്തുമാല, ലത, വലയങ്ങൾ, എട്ടുപട്ടംതാൻ പതിനാറുപട്ടംതാൻ മുപ്പത്തിരണ്ടുപട്ടംതാനായി ഇപ്പട്ടങ്ങളിൽ ശുണ്ഡുകൾ ഇവറ്റേക്കൊണ്ടു ചുഴലവും അലങ്കരിച്ച് അഗ്രം ആനച്ചുണ്ടുപോലെ താൻ മാതളദാമം പുഷ്പമുകുളംപോലെ താൻ ഓകിനെ ഉണ്ടാക്കുക.

അനന്തരം കാലുകളുടെ സംഖ്യയെ പറയുന്നു.

സ്തംഭാഃ കോണചതുഷ്കമദ്ധ്യവിനിവേ-
ശ്യാഃ സ്യുഃ പ്രതേരൂർദ്ധ്വതഃ
സാമാന്യേന സമാന്തരാഃ സുരവിമാ-
നേഷൂദിതാ ദ്വാദശ
ഏതേ വിംശതിരീശദോഃപ്രഭൃതികേ-
ഷ്വേതേഷു തേ നൈകധാ
ചോക്താഃ സ്വാകൃതിഭൂഷണക്രമവശാ-
ദേഷ്വർപ്പയേച്ചോത്തരം. 29

പ്രതേഃ ഊർദ്ധ്വതഃ = പടിയുടെ മുകളിൽ, സ്തംഭാഃ കോണചതുഷ്കമദ്ധ്യവിനിവേശ്യാഃ = തൂണുകൾ കോണുകൾ നാലിലും ആയിട്ടും, നടുവിൽ ഈരണ്ടു കൂടെ ഉണ്ടായിട്ടും, സമാന്തരാഃ സുരവിമാനേഷു ദ്വാദശ ഉദിതാഃ = അകലം മിക്കവാറും ഒരുപോലെയായിട്ട് അല്പപ്രാസാദങ്ങളിൽ പന്ത്രണ്ടുകാലുകൾ ഉണ്ടായിട്ടുവരും. ഈശദോഃപ്രഭൃതികേഷു ഏതേഷു ഏതേ വിംശതിഃ = പതിനൊന്നു കോലുതുടങ്ങി വലുതായ പ്രാസാദങ്ങളിൽ കാലുകൾ ഇരുപത് ആയിട്ടു വരും. ആകൃതിഭൂഷണക്രമവശാദ് ഏതേ നൈകധാ ച ഉക്താഃ = പ്രാസാദങ്ങളുടെ വൃത്തദീർഘചതുരശ്രാദികളിൽ, അവറ്റിന്റെ അലങ്കാരത്തിനു തക്കവണ്ണം, ഇരുപത്തിനാല് ഇരുപത്തിയെട്ട് ഇങ്ങനെ നന്നാല് ഏറി പല പ്രകാരവും വരും. ഏഷു ഉത്തരം അർപ്പയേത് = ഈ കാലുകളുടെ മുകളിൽ ഉത്തരങ്ങളെ കൂട്ടിവയ്ക്കുകയും വേണം.

ഇനി ഒരു ശ്ലോകംകൊണ്ട് കാലുകളുടെ നിയമത്തെ ചൊല്ലുന്നു.

പ്രാസാദങ്ങളിൽ നാലുകോണിലും നടുവിലീരണ്ടും ഇങ്ങനെ പന്ത്രണ്ടു സ്തംഭങ്ങൾ ചൊല്ലപ്പെട്ടു. ഇത്തൂണുകൾ പടിമേൽവായിൽനിന്ന് ഉത്തരാന്തം നീളമായി തങ്ങളിലുള്ള പഴുത് ഒത്തൊന്നു താല്പര്യം. സാമാന്യേന ഇതിൽ വച്ചു നാലു നടുവിലേപ്പന്തി വിസ്താരമേറീട്ടും ചില ദിക്കിലുണ്ട് എന്നു സൂചിച്ചത്. പതിനോരു കോൽ ഇരുപതു തുടങ്ങീട്ടു മേല്പോട്ട് ഇരുപതു കോൽ എന്നാകിലുമാം. ആ കാലുകൾ ആകാരഭേദംകൊണ്ടും അലങ്കാരഭേദംകൊണ്ടും അനേകപ്രകാരമുണ്ട് ചൊല്ലീട്ട്. അവിടെ ഉചി

Shripuram Publications
www.shripuram.org

തമാകുന്നതിനെ പണിചെയ്തു നിർത്തി അതിന്റെ മീതേ നല്ലനേരത്ത് ഉത്തരത്തെ വിധിക്കു തക്കവണ്ണം വച്ചുകൊള്ളുക.

കാര്യാസ്സ്യുശ്ചരണാ യുഗാഷ്ടനൃപകോ
ണാഃ സർവതോ വർത്തുളാ
വിസ്താരത്രിഗുണോപരി ത്രിഗുണവി-
സ്താരോന്മിതാഷ്ടാശ്രകാഃ
മൂലോദ്ഭാവിതകർണ്ണസൂത്രചതുര-
ശ്രോർദ്ധ്വാംശവൃത്താഃ പുനഃ
ശുണ്ഡോദ്ഭേദവിചിത്രവൃത്തരുചിരാ-
വാരണ്ഡഗേഹോചിതാഃ. 30

ചരണാഃ യുഗാഷ്ടനൃപകോണാഃ സർവതഃ വർത്തുളാഃ കാര്യാഃ = സ്തംഭങ്ങൾ നാലുവശവും ചതുരമായിട്ടും, എട്ടുപട്ടമായിട്ടും പതിനാറുപട്ടമായിട്ടും, എല്ലാടവും വൃത്തമായിട്ടും ഉണ്ടാക്കാം, വിസ്താരത്രിഗുണോപരി ത്രിഗുണവിസ്താരോന്മിതാഷ്ടാശ്രകാഃ = വിസ്താരത്തിന്റെ മൂന്നിരട്ടി മുകളിൽ ത്രിഗുണവിസ്താരത്തോളം എട്ടു(പട്ട)മായിട്ടുമാം. മൂലോദ്ഭാവിതകർണ്ണസൂത്രചതുരശ്രോർദ്ധ്വാംശവൃത്താഃ = ചുവട്ടിലെ കോണസൂത്രമാകുന്ന കർണ്ണസൂത്രത്തോളം ചതുരശ്രമായിട്ടും, അതിനുമുകളിൽ വൃത്തമായിട്ടും ആം. ശുണ്ഡോദ്ഭേദവിചിത്രവൃത്തരുചിരാഃ = അലങ്കാരങ്ങളേക്കൊണ്ടും വലയങ്ങളേക്കൊണ്ടും പണിതുടങ്ങിയിരിക്കുന്ന പ്രാസാദത്തിന്നു സദൃശമായി ഇരിക്കുംവണ്ണം തൂണുകളെ ഉണ്ടാക്കു.

ഇനി ഒരു ശ്ലോകംകൊണ്ട് കാലുകളുടെ ആകാരങ്ങളെ ചൊല്ലുന്നു.

ആമൂലാഗ്രം സമചതുരശ്രമായിയും അഷ്ടാശ്രമായിയും പതിനാറു കോണായിയും ഉരുണ്ടുതന്നെയും, പിന്നെ തന്റെ വണ്ണംകൊണ്ടു ചുവട്ടിൽനിന്നു മേല്പോട്ടു മൂന്നു ചതുരശ്രമായി, പിന്നെ അവിടന്നു മൂന്നൊന്ന് അഷ്ടാശ്രമായിയും, പിന്നെ ശേഷം വീരകാണ്ഡചതുരശ്രമായിട്ടും പണിചെയ്ക. പിന്നെ തന്റെ വണ്ണത്തിന്റെ കർണ്ണത്തോളം ചുവട്ടിൽ ചതുരശ്രമായി അതിന്നു മേലേടം ഉരുണ്ടും ഇങ്ങനെ എല്ലാ കാലുകളേ(യും) പണിചെയ്യണം. പിന്നെ പ്രാസാദത്തിന്നു തക്കവണ്ണം ചതുരശ്രങ്ങളായുള്ള വലയങ്ങൾ. മദ്ധ്യഖണ്ഡം പോതിക. മുഷ്ടിബന്ധാശ്രിതം അല്പപാദം വേത്രവലയം നാസികാതോരണം പുഷ്പലതാദി അഷ്ടകോണങ്ങളിൽ സിംഹപാദം വീരകാണ്ഡത്തിൽ മുഖനാസികാ ഇവ അലങ്കരിച്ച് അലങ്കാരപാദങ്ങളുണ്ടാക്കുകിലുമാം.

ഓമാം കുർവീത ദണ്ഡദ്വയതതചരണോ-

Shripuram Publications
www.shripuram.org

ച്ചാം ഘടം ദണ്ഡയുഗ്മ-
വ്യാസം സാംഘ്ര്യാദിദണ്ഡോച്ഛ്രയമുദധിതതാം
ദണ്ഡതോംഘ്ര്യൂനതീവ്രാം
മണ്ഡിം ദണ്ഡപ്രഥാംഘ്ര്യംശകരഹിതഘനം
വീരകാണ്ഡം ത്രിസാർദ്ധേ
ഷ്വദന്വർദ്ദണ്ഡദീർഘാം ചരണതതതദ-
ർദ്ധോച്ഛ്രയാം പോതികാം ച. 31

ദണ്ഡദ്വയതതചരണോച്ചാം ഓമാം = രണ്ടു ദണ്ഡുവിസ്താരവും വിസ്താരത്തിൽ നാലൊന്നു ഘനവുമായിട്ടു തൂണുകളുടെ ചുവട്ടിൽ ചതുരശ്രം താൻ വൃത്തംതാൻ ഓമയെ ഉണ്ടാക്കണം. ദണ്ഡയുഗ്മവ്യാസം സാംഘ്ര്യാദിദണ്ഡോച്ഛ്രയം ഘടം = തൂണിന്റെ പാതിക്കു മുകളിൽ രണ്ടു ദണ്ഡുവിസ്താരവും ഒന്നേക്കാൽ, ഒന്നര, ഒന്നേമുക്കാൽ, ദണ്ഡു പൊക്കവുമായിട്ടു കുടത്തെ ഉണ്ടാക്കു. അതിനുമുകളിൽ, ഉദധിതതാം ദണ്ഡതഃ അംഘ്ര്യൂനതീവ്രാം മണ്ഡിം = നാലു ദണ്ഡു വിസ്താരദീർഘവും, മുക്കാൽ ദണ്ഡു കനവും ആയി മണ്ഡികപ്പലകയെ ഉണ്ടാക്കു. ദണ്ഡപ്രഥാംഘ്ര്യംശകരഹിതഘനം വീരകാണ്ഡം = അതിനു മുകളിൽ ഒരു ദണ്ഡു വിസ്താരദീർഘവും, മുക്കാൽ ദണ്ഡു പൊക്കവുമായി വീരകാണ്ഡത്തേയുമുണ്ടാക്കു. ത്രിസാർദ്ധേഷ്വദന്വർദ്ദണ്ഡദീർഘാം ചരണതതതദർദ്ധോച്ഛ്രയാം പോതികാം ച കുർവീത = മൂന്നും നാലും അഞ്ചും അഞ്ചരയും ദണ്ഡുനീളവും, ഒരു ദണ്ഡുവീതിയും, അതിൽ പാതി കനവും ആയിട്ടു തൂണിന്റെ മുകളിൽ ഉത്തരത്തേൽ തട്ടുമാറു പോതികയേയുമുണ്ടാക്കണം. ഈ പോതികയും താഴത്തെ ഓമയും എല്ലാത്തൂണുകൾക്കും വേണം. ശേഷം മൂന്നും അവസ്ഥപോലെ ആകാം.

ഇനി ഒരു ശ്ലോകംകൊണ്ടു ഓമാദികളുടെ ലക്ഷണത്തെ ചൊല്ലുന്നു.

രണ്ടു ദണ്ഡു വിസ്താരവും അതിൽ നാലൊന്ന് ഇവരവുമായിട്ടു കാലിന്റെ ചുവട്ടിൽ ഓമ പണിചെയ്ക. അരുവിന്നു പത്മങ്ങളും പണിചെയ്ത്, പത്മകർണ്ണികയിങ്കൽ കാൽ എന്നുതോന്നുമാറു പണിചെയ്ക. നാലു ദണ്ഡു വീതിയും, മുക്കാൽ ദണ്ഡു കനവുമായി മണിപ്പലകയും പണിചെയ്ക. ഒരു ദണ്ഡു വീതിയും, മുക്കാൽ ദണ്ഡ് ഇവരവുമായിട്ടു വീരകാണ്ഡത്തേയും പണിചെയ്ക. മൂന്നു ദണ്ഡുതാൻ നാലുദണ്ഡുതാൻ നീളവുമായി, കാലിന്റെ മദ്ധ്യവിസ്താരത്തോളം വീതിയുമായിട്ടും വീതിയിൽ പാതി കനവുമായിട്ടും പോതികയും പണിചെയ്ക.

അനന്തരം വാതിലുവയ്പാൻ പറയുന്നു.

ഭിത്തിവ്യാസമിതൈർവിഭജ്യ ബഹിര-
ന്തഃ പഞ്ച സപ്താംശകാൻ

www.shripuram.org
Shripuram Publications
www.shripuram.org

കൃത്വാ കല്പിതസൂത്രസംസ്ഥനിജമ-
ദ്ധ്യദ്വാരയോഗാന്യഥ
മദ്ധ്യാന്മദ്ധ്യമതീത്യ ദിക്ഷു രചയേദ്
ദ്വാരാണി ളൂർദ്ധ്വം പ്രതേ-
രഗ്ര്യദ്വാരമൃതേ ഘനാനി കൃതശോ-
ഭാന്യൂർധ്വതസ്തോരണൈഃ. 32

ഭിത്തിവ്യാസം ഇനൈർവിഭജ്യ = ഭിത്തിവണ്ണത്തെ പന്ത്രണ്ടിൽ പകുത്താൽ, ബഹിഃ പഞ്ച അന്തഃ സപ്ത അംശകാൻ കൃത്വാ = പുറത്ത് അഞ്ചും അകത്ത് ഏഴും അംശകങ്ങളെ അളന്നു കണ്ടാൽ, കല്പിതസൂത്രസംസ്ഥനിജമധ്യദ്വാരയോഗാനി ദ്വാരാണി = അവിടെ ഒരു സൂത്രം വിലങ്ങി വരച്ച് ആ സൂത്രത്തിന്മേൽ കട്ടിളക്കാലുകൾ വരുമാറും, പ്രതേഃ ഊർദ്ധ്വം ദിക്ഷു മദ്ധ്യാന്മദ്ധ്യം അതീത്യ = പടിയുടെ മുകളിൽ നാലു ദിക്കുകളിലും പ്രാസാദമധ്യത്തുങ്കൽനിന്നു ദ്വാരമദ്ധ്യം പ്രദക്ഷിണംനോക്കി നീക്കി ഇരിക്കുമാറും, ദ്വാരാണി രചയേത് = വാതിലുകളെ ഉണ്ടാക്കു. അഗ്ര്യദ്വാരം ഋതേ = നടയിലേ വാതിലിനെ ഒഴിച്ച് ശേഷം മൂന്നു നടകളിലും, ഊർദ്ധ്വതഃ തോരണൈഃ കൃതശോഭാനി ഘനാനി വാ രചയേത് = മുകളിൽ തോരണങ്ങളോടും യോഗസൂത്രപട്ടികാദികളോടും കൂടി ഭിത്തിമേൽതന്നെ ഘനങ്ങളായിട്ടു ദ്വാരങ്ങളെ ഉണ്ടാക്കിയാലും മതി.

ഇനി ഒരു ശ്ലോകംകൊണ്ടു ദ്വാരങ്ങളെ ചൊല്ലുന്നു.

ദ്വാരം വയ്പാനുള്ള ഭിത്തിവണ്ണത്തെ പന്ത്രണ്ടു പകുത്താൽ പുറത്ത് അഞ്ചും അകത്ത് ഏഴും കഴിച്ച് സൂത്രത്തിൽ കട്ടിളാമയ്യും വരുമാറു നാട്ടിയ കട്ടിളകളോടുകൂടി അന്യോന്യം മദ്ധ്യവേധം വരാതെ വലത്തുടെ ഗമനത്തോടു കൂടി പടിമേൽവായിൽ ഉണ്ടാക്കുക. നാലു ദിക്കിലുമുള്ള ദ്വാരങ്ങളെ ഇവിടെ മുമ്പിലേ ദ്വാരമൊഴിച്ചുള്ളവറ്റിന്റെ ഘനദ്വാരങ്ങളായിട്ടുമാം. അവ പിന്നെ ഊർദ്ധ്വഭാഗത്തുങ്കൽ തോരണങ്ങളെക്കൊണ്ടു ശോഭിച്ചിരിക്കയും വേണം.

ഗർഭാഗാരപ്രതാനേ ശിവവസുദിനകൃ-
ച്ഛൈലതിഥ്യംശിതേ/ംശൈർ-
ബിംബദ്വാരോച്ഛ്രയഃ സ്യാദ് ഗിരിശരതുരഗാ-
മ്നായമാതംഗസംഖ്യൈഃ
ഉത്സേധേ/ത്രൈകവിംശത്യതിധൃതിതിഥിവി-
ശ്വാങ്കഭക്തേ പ്രക്ലപ്തേ
വ്യാസോ ദിങ്നന്ദശൈലോർമ്മ്യുഡുധിപതിമിതാം-
ശൈഃ ക്രമാത് കല്പനീയഃ. 33

www.shripuram.org
Shripuram Publications
www.shripuram.org

ഗർഭാഗാരപ്രതാനേ ശിവവസുദിനകൃച്ഛൈലതിഥ്യംശിതേ = ഗർഭഗൃഹത്തിന്റെ വിസ്താരത്തെ പതിനൊന്നിൽ താൻ എട്ടിൽതാൻ പന്ത്രണ്ടിൽതാൻ ഏഴിൽതാൻ പതിനഞ്ചിൽതാൻ പകുത്ത്, ഗിരിശരതുരഗാമ്നായമാതംഗസംഖ്യൈഃ ബിംബദ്വാരോച്ഛ്രയഃ സ്യാത് = അതിൽ ഏഴുകൊണ്ടുതാൻ അഞ്ചുകൊണ്ടുതാൻ ഏഴുകൊണ്ടുതാൻ നാലുകൊണ്ടുതാൻ എട്ടുകൊണ്ടുതാൻ അംശകങ്ങളെക്കൊണ്ടു വിഷ്ണ്വാദി ദേവന്മാരുടെ പ്രാസാദത്തിന്റെ നടയിലേ വാതിലേ പൊക്കമുണ്ടാക്കൂ. അത്ര ഉത്സേധേ ഏകവിംശത്യതിധൃതിതിഥിവിശ്വാങ്കാഭക്തേപ്രഷ്ണപ്ലേ = ഈ ഉണ്ടാക്കിയ ദ്വാരനീളത്തെ ഇരുപത്തിഒന്നുതാൻ പത്തൊമ്പതുതാൻ പതിനഞ്ചുതാൻ പതിമൂന്നുതാൻ ഒമ്പതുതാൻ പകുത്ത് ദിങ്നന്ദശൈലോർമ്മ്യുദധിപരിമിതാംശൈഃ വ്യാസഃ കല്പനീയഃ = അതിൽ പത്തും ഒമ്പതും ഏഴും ആറും നാലും അംശങ്ങളെക്കൊണ്ടു വാതിലിന്റെ വിസ്താരത്തെ ഉണ്ടാക്കൂ.

ഇനി വൈഷ്ണവദ്വാരത്തെ ചൊല്ലുന്നു.

ഗർഭഗൃഹവിസ്താരത്തെക്കൊണ്ടു പതിനൊന്നുതാൻ പന്ത്രണ്ടുതാൻ ഏഴുതാൻ പതിനഞ്ചുതാൻ അംശിച്ചാൽ ക്രമത്താലേ ഏഴ്, അഞ്ച്, നാല്, എട്ട് എന്നീ അംശങ്ങളെക്കൊണ്ട് വൈഷ്ണവദ്വാരനീളം കല്പിക്ക. പിന്നെ ഈ ഇവരത്തെ നടയത്തേ ക്രമത്തിനു തക്കവണ്ണം ഇരുപത്തൊന്ന് പത്തൊമ്പത് പതിനഞ്ച് പതിമൂന്ന് ഒമ്പത് എന്നിവറ്റേക്കൊണ്ടു കുറിട്ടാൽ, ക്രമേണ പത്ത് ഒമ്പത്, ഏഴ്, ആറ്, നാല് എന്നീ അംശങ്ങളെക്കൊണ്ട് ദ്വാരവിസ്താരങ്ങളേയും കല്പിച്ചാൽ യോഗ്യം.

വ്യാസേ ഗർഭനികേതനസ്യ ദഹനേ-
ഷുദ്വാരനേത്രാംശിതേ
ലിംഗദ്വാരസമുച്ഛ്രയം വിതനുയാദ്
ദ്വിത്രീഷുചന്ദ്രാംശകൈഃ
തസ്മിൻ ദ്വാരസമുച്ഛ്രയേ/ഥ നയനാ-
ത്യഷ്ടീശശൈലാംശിതേ
തദ്വിസ്താരമിളാമഹോരഗശരാ-
ഗ്ന്യംശൈഃ ക്രമാത് കല്പയേത്. 34

ഗർഭനികേതനസ്യ വ്യാസേ ദഹനേഷുദ്വാരനേത്രാംശിതേ = ഗർഭഗൃഹത്തിന്റെ വിസ്താരത്തെ മൂന്ന് അഞ്ച് ഒമ്പത് രണ്ട് ഈ സംഖ്യകളിൽ ഒന്നിനേക്കൊണ്ടു പകുത്ത്, ദ്വിത്രീഷുചന്ദ്രാംശകൈഃ ലിംഗദ്വാരസമുച്ഛ്രയം വിതനുയാത് = (രണ്ടും മൂന്നും അഞ്ചും ഒന്നും) അംശംകൊണ്ട് ശിവലിംഗത്തുങ്കലേ വാതലിന്റെ പൊക്കമുണ്ടാക്കൂ. തസ്മിൻ ദ്വാരസമുച്ഛ്രയേ/ഥ നയനാത്യഷ്ടീശശൈലാംശിതേ = ആ വാതലിന്റെ പൊക്കത്തെ

Shripuram Publications
www.shripuram.org

രണ്ടുതാൻ, പതിനാലുതാൻ, പതിനൊന്നുതാൻ ഏഴുതാൻ പകുത്ത്, ഇളാമഹോരഗശരാഗ്ന്യംശൈഃക്രമാത് തദ്വിസ്താരം കല്പയേത് = ഒന്നുതാൻ എട്ടുതാൻ അഞ്ചുതാൻ മൂന്നുതാൻ അംശങ്ങളേക്കൊണ്ട് ക്രമേണ വാതലിന്റെ വിസ്താരത്തേയുമുണ്ടാക്കൂ.

ഇനി ശൈവദ്വാരത്തെ ചൊല്ലുന്നു.

ഗർഭഗൃഹവിസ്താരത്തിന്റെ വീതികൊണ്ടു മൂന്നുതാൻ അഞ്ചുതാൻ ഒമ്പതുതാൻ ക്രമത്താലേ രണ്ട് മൂന്ന് അഞ്ച് ഒന്ന് ഈ അംശങ്ങളെക്കൊണ്ട് അംശിച്ചാൽ ക്രമത്തിന്നു തക്കവണ്ണം ഒന്ന് എട്ട് അഞ്ച് മൂന്ന് എന്നീ അംശങ്ങളെക്കൊണ്ടു ദ്വാരങ്ങളുടെ വിസ്താരത്തേയും കല്പിക്ക.

കുര്യാത് സർവ്വസുരേഷു ശൈലവസന-
ന്ദാശാംശിതേം/ഘ്ര്യുച്ഛ്രയേ
ദ്വാരോത്സേധമിഹൈകഭാഗരഹിതം
വിസ്തീർണ്ണമാത്മാർദ്ധതഃ
യോഗൗ സ്തംഭസമാധിപാദദലവി-
സ്തീർണ്ണൗ സ്ഥരദ്വാജനൗ
വിസ്താരാർദ്ധഘനൗ ഭുവംഗമപതം-
ഗാഢ്യൗ ച മൂലാഗ്രയോഃ. 35

സർവസുരേഷു = സർവദേവന്മാരിലും, അംഘ്ര്യുച്ഛ്രയേ ശൈലവസുനന്ദാശാംശിതേ = കാലുകളുടെ പൊക്കത്തെ ഏഴ്, എട്ട്, ഒമ്പത് പത്ത് ഇതിൽ ഒന്നുകൊണ്ടു പകുത്താൽ, ഏകാംശരഹിതം ദ്വാരോത്സേധം ആത്മാർദ്ധതഃ വിസ്തീർണ്ണം കുര്യാത് = അതിലൊരംശം കുറച്ച് ദ്വാരനീളവും, നീളത്തിൽ പാതി വിസ്താരവുമായിക്കൊള്ളൂ. സ്തംഭസമാധിപാദദലവിസ്തീർണ്ണൗ വിസ്താരർദ്ധഘനൗ സ്ഥരദ്വാജനൗ യോഗൗ = കാലുകളുടെ വിസ്താരത്തോളവും അതിൽ കാൽ അരക്കൂടീട്ടും കട്ടിളക്കാലുകൾക്കു വീതിയും, വീതിയിൽ പാതി കനവും പകുത്ത് മൂന്നുവരി കതകുകളും കൂടിയും, മൂലാഗ്രയോഃ ഭുവംഗമപതംഗാഢ്യൗ ച = ചുവട്ടിൽ കുത കൂടാതെ ഉമ്മറപ്പടിയോട്ടും, മുകളിൽ കുതയോട്ടുംകൂടി മോളിലേ പടിയുംകൂടി ഇരിക്കുമാറ് കട്ടിളക്കാലു രണ്ടുമുണ്ടാക്കൂ.

ഇനി സർവസാമാന്യദ്വാരത്തെ ചൊല്ലുന്നു

എല്ലാ ദേവാലയങ്ങളിലും തന്റെ കാലിവരംകൊണ്ട് ഏഴുതാൻ എട്ടുതാൻ ഒമ്പതുതാൻ പകുത്താൻ, അതിലൊരംശം കുറച്ച് ദ്വാരനീളം കല്പിക്ക. ഈ ദ്വാരനീളത്തിൽ പാതിയായിട്ടു വിസ്താരത്തേയും കല്പിക്ക. പിന്നെ, കാൽവണ്ണത്തോടു സമമായിട്ടു താൻ നാലൊന്നു ഏറീട്ടുതാൻ അര ഏറീട്ടുതാൻ, കട്ടിളക്കാൽ വീതിയായി, പുറത്തേ അരികിൽ സ്ഥരിക്കുന്നു

www.shripuram.org
Shripuram Publications
www.shripuram.org

വാജനത്തോടും ദാമങ്ങളോടും ലതകളോടും, വീതിയിൽ പാതി കനങ്ങളോടും ചുവട്ടിൽ ഉമ്മരപ്പടിയോടും അഗ്രത്തുങ്കൽ മേൽപടിയോടുകൂടിയിരിക്കുന്ന രണ്ടു കട്ടിളക്കാൽകളോടുംകൂടി ദ്വാരത്തെക്കല്പിക്ക.

ദ്വാരോത്സേധനിയുക്തശേഷചരണോ-
ത്സേധേ ശരാംശീകൃതേ
ദ്വ്യംശേനാധരപട്ടികാം മിതഘനാം
സാർദ്ധേന വാ/ങ്കാംശിതേ
ഹീനാം വാജനകേന യോഗവിതതാം
ശിഷ്ടാംശതഃ പട്ടികാ-
മൂർദ്ധ്വസ്ഥാമഥ മംഗലാഢ്യഫലകാം
യുക്ത്യോർദ്ധപട്ട്യൂർദ്ധ്വതഃ. 36

ദ്വാരോത്സേധനിയുക്തശേഷചരണോത്സേധേ = വാതലിന്റെ നീളമെടുത്തതിൽ അധികമുള്ള കാലുനീളത്തെ ശരാംശീകൃതേ ദ്വ്യംശേന അമിതഘനാം അധരപട്ടികാം = അഞ്ചാക്കിയതിൽ രണ്ടംശംകൊണ്ട് ഉമ്മരപ്പടിയുടെ ഘനം കല്പിപ്പൂ. അങ്കാം ശിതേ സാർദ്ധേന ദ്വ്യംശേന വാ = ഒമ്പത് അംശിച്ചതിൽ രണ്ടരകൊണ്ടും ഉമ്മരപ്പടിയുടെ കനമുണ്ടാക്കാം. വാജനകേന ഹീനാം = വക്കത്തു കുതയ്ക്കുന്നതു കൂടാതെയും, യോഗവിതതാം ച = കാലുകളുടെ വീതിയോളം വീതിയുമുണ്ടായിരിക്കണം. ശിഷ്ടാംഗശതഃ ഊർദ്ധ്വസ്ഥാം പട്ടികാം = പിന്നെ ശേഷമുള്ളതിൽ കട്ടിളക്കനത്തോളം കനമായിട്ടു മുകളിലേ പടിയും, അഥ ഊർദ്ധ്വപട്ട്യൂർദ്ധ്വതഃ യുക്ത്യാ മംഗലാഢ്യഫലകാം ച = പിന്നെ ആ പടിയുടെ മുകളിൽ യുക്തിക്കു തക്കവണ്ണം മംഗലമായ അലങ്കാരങ്ങളോടുകൂടിയുള്ള പലകയുമുണ്ടാക്കണം.

ഇനി ഉമ്മരപ്പടിയേയും മേൽപടിയേയും ചൊല്ലുന്നു.

കാൽനീളത്തിൽ ദ്വാരനീളം കഴിച്ചു ശേഷംകൊണ്ട് അഞ്ചു പകുത്താൽ രണ്ടംശംകൊണ്ടുണ്ടാക്കിയ കനത്തോടുകൂടീട്ട് ഉമ്മരപ്പടിയേയും ഉണ്ടാക്കുക. മൂന്നംശംകൊണ്ടു മേൽപടിയേയും കുരമ്പത്തേയുമുണ്ടാക്കുക. എന്നിയേ ദ്വാരനീളം കഴിച്ചശേഷംകൊണ്ട് ഒമ്പതംശിച്ചാൽ രണ്ടുകൊണ്ടുണ്ടാക്കിയ കനമായ ഉമ്മരപ്പടിയെന്നാകിലും കൊള്ളാം. പഞ്ചവർഗ്ഗമധിഷ്ഠാനം പോലെയാകിലുമാം. പീഠങ്ങൾക്കു ചൊല്ലിയപോലെ ഉണ്ടാക്കുകിലുമാം. മേലേ മേല്പടി ആറരകൊണ്ടുണ്ടാക്കി, കട്ടിളക്കാലിന്റെ വാജനദാമാദി ചെയ്തു്, ഇതിനുമേൽ മംഗലാഢ്യഫലകയിൽ കുരമ്പത്തിൽ ലക്ഷ്മ്യഭിഷേകമുണ്ടാക്കിക്കൊള്ളൂ.

Shripuram Publications
www.shripuram.org

ദണ്ഡാബ്ധ്യംഗമതംഗജാംശബഹളം
താവദ്യുതദ്വാർദള-
വ്യാസം മൂലശിഖായുതം ദൃഢതരം
കാര്യം കവാടദ്വയം
കാര്യാ വാമകവാടരോപിതപരാഗ്-
ഭാഗാർദ്ധതീവ്രാ തത-
സൂദ്വിഘ്നപ്രതതാ ച സൂത്രഫലകാ-
സൂദ്യത്സ്തനാദ്യുജ്ജ്വലാ. 37

ദണ്ഡാബ്ധ്യംഗമതംഗജാംശബഹളം = ദണ്ഡിന്റെ നാലൊന്നുതാൻ ആറൊന്നുതാൻ എട്ടൊന്നുതാൻ കനമുണ്ടായിട്ടും, താവദ്യുതദ്വാർദ്ദളവ്യാസം = ദ്വാരവിസ്താരത്തിൽ പാതിയും തന്റെ കനവും കൂട്ടിയിടത്തോളം വിസ്താരമായിട്ടും, ദൃഢതരം കവാടദ്വയം കാര്യം = ഏറ്റവും ഉറപ്പുണ്ടായിട്ടു രണ്ടു വാതിലുകളും, മൂലശിഖായുതം = ചുവട്ടിലും മുകളിലും കുടുമകളുംകൂടി ഉണ്ടാക്കണം. വാമകവാടരോപിതപരാഗ്ഭാഗാ തതഃ അർദ്ധതീവ്രാ = ഇടത്തേ വാതലിന്മേൽ പുറത്തുഭാഗം പറ്റി ഇരിക്കുമാറും, വാതലിൽ പാതി കനമുണ്ടായിട്ടും, തദ്വിഘ്നപ്രതതാ സ്തനാദ്യുജ്ജ്വലാ = വാതലിന്റെ കനത്തിലിരട്ടി വീതിയുണ്ടായിരിക്കുമാറ് മൂന്ന് അഞ്ച് ഏഴ് ഇങ്ങനെ മുമ്പിൽ സ്തനാകൃതികളേക്കൊണ്ടു ശോഭിച്ചിരിക്കുമാറും സൂത്രഫലകാ കാര്യാ = സൂത്രപട്ടികയുമുണ്ടാക്കിയിരിക്കണം.

ഇനി വാതിലിനെ ചൊല്ലുന്നു.

ദണ്ഡിന്റെ നാലൊന്നു താൻ ആറൊന്നു താൻ എട്ടൊന്നുതാൻ കനമായി വാതലിനെ ഉണ്ടാക്കുക. ദ്വാരവിസ്താരാർദ്ധവും അതിലൊരു കനവും കൂടിയേടത്തോളവും വാതൽവീതിയായി, മൂലാഗ്രങ്ങളിൽ കുടുമ ഉരുണ്ടാതായി രണ്ടുവാതലിനേയും ഉറപ്പോടുംകൂടി പണിചെയ്ക. രണ്ടു വാതലും എടത്തേ വാതല്ക്ക കനത്തോളമേറീട്ട് വീതിയായി പണിചെയ്ക. വാതൽക്കനത്തിലിരട്ടി വീതിയായി, വീതി കനം സമമമായി, ഒറ്റപ്പെട്ട മുലകളോടും കൂടി പുഷ്പലതാദിലക്ഷ്മ്യാഭിഷേകാദിയും അലങ്കരിച്ച സൂത്രപട്ടിക പണിചെയ്ക. ഇടത്തേ വാതലിന്മേൽ സൂത്രപട്ടിക വേണ്ടു.

ഊർദ്ധ്വാധരഭ്രമരകാർഗളസന്ധിപാല-
പ്രക്ഷേപണീയവലയാന്യപി പത്രകാണി
തിര്യഞ്ച്യുദഞ്ചി പുളകാർത്തവകുട്മളാനി
സശ്രീമുഖേന്ദുശകലാനി കവാടയോഃ സ്യുഃ. 38

Shripuram Publications
www.shripuram.org

ഊർദ്ധ്വാധരഭ്രമരകാർഗളസന്ധിപാലപ്രക്ഷേണപണീയവലയാനി = വാതില്വകളിൽ മുകളിലും ചുവട്ടിലും ഇളക്കത്തോടുകൂടി രണ്ടു താക്കിഴകളും സൂത്രപ്പട്ടികയും[3], വലിച്ച് അടയ്ക്കുന്നതിനു വളയങ്ങളും, തിര്യഞ്ച്യദഞ്ചിപത്രകാണി = നീളത്തിലും വിലങ്ങത്തിലും ചില ഇരിമ്പുകൊണ്ട് തകിടുകെട്ടുകളും, പുളകാർത്തവകുട്മളാനി = താമരമൊട്ടുപോലെയുള്ള ആണി തറയ്ക്കയും സശ്രീമുഖേന്ദുശകലാനി = ശ്രീഭഗവതിയുടെ മുഖവും ചന്ദ്രക്കലയും = ഇങ്ങനെയുള്ള അലങ്കാരങ്ങളും ഉണ്ടാക്കണം.

ഇനി വാതലിന്റെ അലങ്കാരത്തെ ചൊല്ലുന്നു.

കീഴ ചുഴക്കുറ്റിയും മേൽകൊണ്ടു തിരിമതികം ഇത്യാദികളും ഉണ്ടാക്കി, അതിൽ വാതിൽ കുടുമ ഇട്ട് ഉറപ്പിച്ച്, അകത്തു താക്കിഴായും തറച്ച്, സൂത്രപട്ടികയും ഓടുതാഴം കുറ്റിയും വളയും ചന്ദ്രക്കലയും നീളത്തിലും വിലങ്ങത്തിലും ഉള്ള പത്രങ്ങളും പോളകളും പൂക്കളും മൊട്ടുകളും ശ്രീഭഗവതി തുടങ്ങിയുള്ള മന്ത്രമൂർത്തികളേയും ഉണ്ടാക്കിത്തറയ്ക്ക. അരയന്നം ഗൗളി ഇത്യാദി ഒക്കയും രണ്ടു വാതലിന്നും അലങ്കരിച്ച് സൂത്രപട്ടികമദ്ധ്യേ സ്തനത്തിൽ കുറ്റികളേയും തുളച്ചു നല്ലനേരത്തു വാതൽവയ്ക്ക.

അഗ്ര്യദ്വാരഭുവംഗമസ്ഥലസമാ-
രബ്ധാന്യധോ/ധഃ ക്രമാത്
സോപാനാനി സമാനി സാരശിലയാ
ചിന്വീത യാവത്തലം
അദ്ധ്യർദ്ധദ്വിഗുണാത്തദണ്ഡവിപുലാ-
നി ദ്വാരശാഖാദ്വയി-
പാർശ്വോദ്യന്മകരാസ്യനിസ്സൃതലതാ-
രുദ്ധോഭയാന്താനി ച. 39

അഗ്ര്യദ്വാരഭുവംഗമസ്ഥലസമാരബ്ധാനി സമാനി സോപാനാനി = നടയിലേ പ്രധാനദ്വാരത്തിന്റെ ഉമ്മരപ്പടിയിങ്കൽ തുടങ്ങി യുഗ്മസംഖ്യകളായിട്ടു കൈപ്പിടികളെ[4], അധോധഃ ക്രമാത് = ക്രമേണ താണുതാണു വരുമാറ്, യാവത്തലം സാരശിലയാചിന്വീത = താഴത്തേ സമനിലത്തു വരുവോളം കരിങ്കല്ലുകളേക്കൊണ്ട് ഉണ്ടാക്കു. അദ്ധ്യർദ്ധദ്വിഗുണാത്തദണ്ഡവിപുലാനി ദ്വാരശാഖാദ്വയീപാർശ്വോദ്യന്മകരാസ്യ നിസ്സൃതലതാരുദ്ധോഭയാന്താനി ച = [5]അക്കൈപ്പടികൾക്കു രണ്ടു ദണ്ഡുതാൻ ഒന്നര ദണ്ഡുതാൻ വിസ്താരമുണ്ടായിരിക്കണം. രണ്ടു കട്ടിളക്കാലിന്റെ ചുവട്ടിൽ ഉണ്ടാക്കിയിരിക്കുന്ന മകരവായിൽനിന്നു കീഴ്പോട്ടു താണുവന്ന് അഗ്ര

Shripuram Publications
www.shripuram.org

3. സാക്ഷകൾ 4. കല്പട. 5. കൈവരി..

ത്തിങ്കൽ വളഞ്ഞിരിക്കുന്ന ലതകളുടെ അകത്തേ കയ്യുടകളുടെ അഗ്രം രണ്ടും കൊണ്ടിരിക്കുമാറ് ഉണ്ടായിരിക്കണം.

ഇനി സോപാനത്തെ ചൊല്ലുന്നു.

മുമ്പിലെ വാതലിന്റെ ഉമ്മരപ്പടിക്കീഴവായിൽനിന്നു തുടങ്ങി കീഴ്പോട്ടു നിലത്തോളം നല്ല ശിലകളേക്കൊണ്ടു സോപാനങ്ങളെ പടുക്ക. അന്യോന്യം തുല്യങ്ങളായിരിക്കയും വേണം. ഒന്നര രണ്ട് എല്ലാം ദണ്ഡായിരിക്കുന്ന വീതിയോടും കൂടി രണ്ടു കട്ടിളകളുടെയും പാർശ്വത്തിങ്കൽ ഉണ്ടായിരിക്കുന്ന മകരവായിൽനിന്നു പുറപ്പെട്ടു ലതകളായ കയ്യൂരി[6] – രണ്ടു പുറവും കല്പട നീങ്ങിപ്പോകാതെ തടുക്കപ്പെട്ടിരിക്കുന്നതു – കൊണ്ടു ശോഭിച്ചിരിക്കണം. കയ്യൂരിന്മേൽ രണ്ടു പുറവും ശംഖനിധി പത്മനിധി ദ്വാരതോരണം ഇത്യാദി അലങ്കാരവും വേണം.

അഗ്ര്യദ്വാരപ്രതതിമഹിഭിഃ സംവിഭജ്യാശുഗാംശൈഃ
ക്ലൃപ്തവ്യാസം രചയതു ഘനദ്വാരമന്യത്രിദിക്സ്ഥം
ദ്വിഘ്നവ്യാസായതമധിദളദ്വിഘ്നതത്യാതതം വാ
സൂദ്യദ്യോഗപ്രകടിതകവാടാദികസ്വാംഗദീപ്തം. 40

അഗ്ര്യദ്വാരപ്രതതിം അഹിഭിഃ സംവിഭജ്യ = പ്രധാന ദ്വാരത്തിന്റെ വിസ്താരത്തെ എട്ടിൽ പകുത്ത്, ആശുഗാംശൈഃ ക്ലൃപ്തവ്യാസം = അതിൽ അഞ്ചംശങ്ങളെക്കൊണ്ടു വിസ്താരവും ദ്വിഘ്നവ്യാസായതം = ഇരട്ടി നീളവും, അധിദളദ്വിഘ്നതത്യായതംവാ = വിസ്താരത്തിൽ രണ്ടര നീളവുമായിട്ട്, അന്യത്രിദിക്സ്ഥം ഘനദ്വാരം രചയതു വാ = ശേഷം മൂന്നു നടകളിലും ഘനദ്വാരത്തേ ഉണ്ടാക്കിലുമാം. സൂദ്യദ്യോഗപ്രകടിതകവാടാദികസ്വാംഗദീപ്തം = ശോഭിച്ചിരിക്കുന്ന കട്ടിളക്കാലുകളും ഉമ്മരപ്പടികളും സൂത്രപട്ടികകളും ഇവ ഒക്കെയും കൂടി അടച്ചുതന്നെ ഇരിക്കുമാറും ഉണ്ടാക്കണം.

ഇനി അലങ്കാരങ്ങളെ ചൊല്ലുന്നു.

മുമ്പിലെ ദ്വാരവിസ്താരത്തെ ഏട്ടുകൊണ്ടു പകുത്താൽ അഞ്ചംശങ്ങളെക്കൊണ്ട് ഉണ്ടായിരിക്കുന്ന വിസ്താരത്തോടു കൂടി ഘനദ്വാരത്തെ മറ്റു മൂന്നു ദിക്കിലും പണിചെയ്ക. വിസ്താരത്തിലിരട്ടി നീളമായിട്ടുതാൻ, വീതി കൊണ്ടു രണ്ടര നീളമായിട്ടുതാൻ ശോഭിച്ചിരിക്കുന്ന കട്ടിളകളിൽ പ്രകടിതമായി ഇരിക്കുന്ന വാതൽ സൂത്രപട്ടിക എന്നു തുടങ്ങിയുള്ള തന്റെ അംഗങ്ങളെക്കൊണ്ടു ശോഭിച്ച തോരണങ്ങളെക്കൊണ്ടു ശോഭിച്ചിരിക്കണം ഘനദ്വാരങ്ങൾ.

6. കൈവരി.

Shripuram Publications
www.shripuram.org

സ്തംഭേ ദിങ്നന്ദനാഗാംശിനി ഝഷമനലാം-
ശേന ശേഷേണ പാദൌ
വ്യാസം സ്തംഭാർദ്ധതോ/ബ്ധ്യാശുഗരസമിതദ-
ണ്ഡേന വാ തത്ര കുര്യാത്
പത്രാദീദ്ധാർദ്ധചന്ദ്രാത്മകമഥ മകരാ-
സ്യാദിമത് പഞ്ചഭംഗം
കർത്തവ്യം തോരണം തദ്വിവിധഖഗലസ-
ന്നക്രുതുണ്ഡോജ്ജ്വലം ച. 41

സ്തംഭേ ദിങ്നന്ദനാഗാംശിനി അനലാംശേന ഝഷം = പിന്നെ ഉത്തരത്തിനു ചുവട്ടിലുള്ള കാലുനീളത്തെ പത്തുതാൻ ഒമ്പതുതാൻ എട്ടു താൻ പകുത്താൽ അതിൽ മൂന്നംശംകൊണ്ടു മീതേ അറ്റത്തു ഝഷത്തെ ഉണ്ടാക്കു. ശേഷേണ പാദൌ = ശേഷമുള്ള അംശത്തോളം നീളമായി കാലുകൾ രണ്ടുമുണ്ടാക്കു. സ്തംഭാർദ്ധതഃ വാ അബ്ധ്യാശുഗരസമിതദണ്ഡേന വാ തത്ര വ്യാസം കുര്യാത് = കാലുനീളത്തിൽ പാതികൊണ്ടുതാൻ നാല് അഞ്ച് ആറ് ദണ്ഡുകളേക്കൊണ്ടുതാൻ അവിടെ വിസ്താരത്തേയും ഉണ്ടാക്കു. പത്രാദീദ്ധാർദ്ധചന്ദ്രാത്മകം = ഇക്കാലുകളുടെ മുകളിൽ ഉത്തരവും വളരുംവച്ച് പത്രാദികളേക്കൊണ്ടു ശോഭിച്ച് അർദ്ധചന്ദ്രാകൃതിയായിട്ട് ഉണ്ടാക്കിയാൽ പത്രതോരണമാകുന്നത്. അഥ മകരാസ്യാദിമത് പഞ്ചഭംഗം = മകരവായിൽനിന്നു പുറപ്പെട്ട് അഞ്ചു വളവോടുംകൂടി ഉണ്ടാക്കുകിൽ മകരതോരണമെന്നു ചൊല്ലും. തത് വിവിധഖഗലസന്നക്രുതുണ്ഡോജ്ജ്വലം ച കർത്തവ്യം = അതു പല പക്ഷികളോടും മകരത്തലകളോടുംകൂടി ഉണ്ടാക്കിയാൽ വിചിത്രതോരണമെന്നും പറയും. ഇങ്ങനെ മൂന്നു പ്രകാരം നടകളിൽ തോരണങ്ങളെ ഉണ്ടാക്കു.

ഇനി തോരണത്തെ ചൊല്ലുന്നു.

കല്ലുത്തരമുള്ളേടത്തു കല്ലുത്തരക്കീഴ്വായോളമുള്ള കാലിവരംകൊണ്ട് - കല്ലുത്തരമില്ലാത്തേടത്ത് ആകെയുള്ള കാൽനീളംകൊണ്ടു - താൻ പകുത്താൽ, ഒമ്പതുതാൻ എട്ടുതാൻ പകുത്താൽ മീതെ അറ്റത്തു മൂന്നംശം കൊണ്ടു ഝഷത്തേയും പിന്നെ ശേഷിച്ചതുകൊണ്ടു കാലുകളേയും കാലുനീളത്തിൽ പാതികൊണ്ടുതാൻ നാല് അഞ്ച് ആറ് എന്നീ ദണ്ഡുകൊണ്ടുതാൻ വിസ്താരത്തേയും ഉണ്ടാക്കുക. ആ തോരണം പിന്നെ, ഝഷത്തിന്റെ താഴത്തെ അരികിലൊരു ഉത്തരവും വളരുമെല്ലാം ഉണ്ടാക്കിയ ശേഷം, അർദ്ധചന്ദ്രാകാരമായി ലതാദികളെക്കൊണ്ടു പത്രതോരണമെന്നു പേരായി ഉണ്ടാക്കപ്പെട്ടിരിക്കിലുമാം. എടത്തും വലത്തും അനന്തരം മകരത്തല തുടങ്ങിയുള്ള അവറ്റോടു കൂടി അഞ്ചു വളവുണ്ടായി മകരതോ

www.shripuram.org
Shripuram Publications
www.shripuram.org

രണമെന്നു പേരായി പിന്നിലുമുണ്ടാക്കുക. പിന്നെ നാനാപക്ഷികൾ തു ടങ്ങിയുള്ള രൂപങ്ങളോടുംകൂടി മകരത്തലകൊണ്ടു ശോഭിച്ച ചിത്രതോര ണമെന്നു പേരായിട്ട് ഉണ്ടാക്കപ്പെട്ടിരിക്കിലുമാം.

പ്രത്യുത്തരാന്തർവ്വിരചയ്യ ഭിത്തിം
തതഃ സമന്താത് സുദൃഢൈഃ ശിലാദ്യൈഃ
താം ഭൂഷയേദ്വേദികയാ/ംഘ്രിമൂലേ
തദൂർദ്ധ്വതശ്ചോജ്ജ്വലപഞ്ജരാദ്യൈഃ. 42

തതഃ സമന്താത് പ്രത്യുത്തരാന്തഃ ഭിത്തിം സുദൃഢൈഃ ശിലാദ്യൈഃ വിരചയ്യ = പിന്നെ ചുറ്റും പടിക്കുമുകളിൽ ഉത്തരത്തിനു ചുവട്ടിൽ ഉറപ്പു ള്ള കല്ലുകൊണ്ടുതാൻ മരംകൊണ്ടുതാൻ ഭിത്തിയെ കെട്ടിപ്പൂ. അംഘ്രിമൂ ലേ വേദികയാ തദൂർദ്ധ്വതഃ ഉജ്ജ്വലപഞ്ജരാദ്യൈഃ താം ഭൂഷയേത് = ഭിത്തിയുടെ ചുവട്ടിൽ വേദികകൊണ്ടും, വേദികയുടെ മുകളിൽ ശോഭ യോടുകൂടിയിരിക്കുന്ന പഞ്ജരം കൂടം ശാല നാസിക ഇത്യാദികൊണ്ടും ഭിത്തിയെ അലങ്കരിക്കണം.

ഇനി ഭിത്തി പടുപ്പാൻ ചൊല്ലുന്നു.

പിന്നെ പടിക്കുത്തരത്തോടിടയിൽ ചുറ്റും ഉറപ്പോടുകൂടിയ കല്ല്, ഇ ഷ്ടകാ, മണ്ണ്, ദാരുഫലകാ, ജാലകം എന്നീ അഞ്ചു ദ്രവ്യങ്ങളാൽ ഒന്നു കൊണ്ടു ഭിത്തിയെ പണിചെയ്തിട്ട്, ആ ഭിത്തിയെ പിന്നെ താഴേഅറ്റ ത്തു വേദികകൊണ്ടും, വേദികമേൽവായിൽ ശോഭിച്ചിരിക്കുന്ന പഞ്ജരാ ദികളെക്കൊണ്ടും അലങ്കരിക്ക.

പ്രത്യുത്സേധേന പാദായതിവസുമുനിഷഡ്-
ഭാഗതോ/ദ്ധ്യർദ്ധകേന
ദ്വിത്രിഘ്നേനാംഘ്രിതാരേണ ച ഭവതി സമോ-
/ഭ്യുച്ഛ്രയോ വേദികായാഃ
ഉത്സേധേ ദ്വ്യാശിതോ/ധോ/വധി ഗുണരശനാ-
ന്തര്യഥാഷ്ടാദ്രിഷഡ്ഭാ-
ഗോ/ംശൈഃ കമ്പാബ്ജകമ്പാഃ ശശികരശശിഭിഃ
ശേഷതോ/ധോ ഗളം ച. 43

പ്രത്യുത്സേധേന = പടിയുടെ പൊക്കത്തോളം താൻ, പാദായതി വസുമുനിഷഡ്ഭാഗതഃ = കാലുനീളത്തിന്റെ എട്ടൊന്നുതാൻ ഏഴൊന്നു താൻ ആറൊന്നുതാൻ, ദ്വിത്രിഘ്നേ അദ്ധ്യർദ്ധകേന അംഘ്രിതാരേണ ച = കാലിന്റെ വിസ്താരത്തിൽ രണ്ടുതാൻ, മൂന്നുതാൻ, രണ്ടരതാൻ, സമഃ വേദികായാഃ അഭ്യുച്ഛ്രയഃ ഭവതി = തുല്യമായിട്ടു വേദികയ്ക്കു പൊക്കം ഉ

www.shripuram.org
Shripuram Publications
www.shripuram.org

ണ്ടാക്കാം. ഉത്സേധേ ദ്വ്യാശിതേ = ആ പൊക്കത്തെ രണ്ടായി പകുത്ത്, അധോ/വധി ഗുണരശനാ = മേലേ പാതികൊണ്ടു മൂന്നു മേഖലകളും, അന്തരീ അപി = ചുവട്ടിൽ ഗളവുമുണ്ടാക്കു. അഷ്ടാദ്രിഷഡ ഭാഗേ ശശികരശശിഭിഃ കമ്പാബ്ജകമ്പാഃ = എന്നിയേ വേദികപ്പൊക്കത്തെ എട്ടുതാൻ, ഏഴുതാൻ, ആറുതാൻ പകുത്ത് ഒരംശംകൊണ്ടു മുകളിൽ കമ്പിനേയും രണ്ടംശംകൊണ്ടു പത്മത്തേയും അതിനുതാഴെ ഒരംശംകൊണ്ടു കമ്പിനേയും = അധഃ ശേഷതഃ ഗളം ച = ശേഷിച്ച അംശങ്ങളെക്കൊണ്ടു ചുവട്ടിൽ ഗളത്തേയുമുണ്ടാക്കു. ഇങ്ങനെ രണ്ടുപ്രകാരം വേദികയുടെ പണി ചെയ്‌വൂ.

ഇനി വേദികയെ ചൊല്ലുന്നു.

പടിയുടെ ഇവരത്തോടു താൻ, കാൽനീളത്തിന്റെ എട്ടൊന്ന്, ഏഴൊന്ന്, ആറൊന്ന് എന്നിവറ്റോടുതാൻ രണ്ടര രണ്ട് മൂന്ന് അരകളും താഴത്തേതുകൊണ്ടു ഗളവും എന്നിയേ വേദിക ഇവരത്തെ എട്ടുതാൻ ഏഴുതാൻ ആറുതാൻ പകുത്താൽ, മേല അറ്റത്തുനിന്നു കീഴ്പ്പോട്ടു ഒന്ന് രണ്ട് ഒന്ന് എന്നീ അംശങ്ങളെക്കൊണ്ടു കമ്പം അബ്ജകമ്പം എന്നിവയും, താഴെ ശേഷിച്ച അംശംകൊണ്ടു ഗളവും വാജനവും ഭവിക്കുന്നു.

പ്രാസാദഃ സകലോ/ംഘ്രിതോരണചതുർ-
ദ്വാരാന്വിതോ മണ്ഡിത-
സ്തംഭാദ്യന്തരജാലപഞ്ജരയുതോ
വാ പഞ്ചഹസ്താദികഃ
യുക്തോ മൂലതലേ വിദിക്സ്ഥിതചതുഷ്-
കൂടൈഃ പരസ്തത്പരഃ
ശാലാകൂടകനാസികാദിവിലസ-
ജ്ജാലോജ്ജ്വലത് പഞ്ജരഃ. 44

സകലഃ പ്രാസാദഃ = എല്ലാ പ്രസാദവും, അംഘ്രിതോരണചതുർദ്വാരാന്വിതഃ = കാലുകളും തോരണങ്ങളും നാലു ദിക്കിലും വാതിലുകളും കൂടിയിരിക്കണം. പഞ്ചഹസ്താദികഃ മണ്ഡിത സ്തംഭാദ്യന്തരജാലപഞ്ജരയുതഃ വാ = അഞ്ചു കോലുതുടങ്ങി വലുതായിട്ടുള്ളവറ്റിന് അലങ്കാരസ്തംഭങ്ങളും സ്തംഭങ്ങളുടെ ഇടകളിൽ ജാലപഞ്ജരങ്ങളുംകൂടെ ഉണ്ടാക്കിലുമാം. പരഃ മൂലതലേ വിദിക്സ്ഥിതചതുഷ്കൂടൈഃ യുക്തഃ = ഏഴുകോലു തുടങ്ങിയുള്ള പ്രാസാദങ്ങൾക്കു താഴത്തെ നിലയിൽ കോണുകളിൽ കൂടങ്ങളെക്കൂടി ഉണ്ടാക്കുകിലുമാം. തത്പരഃ ശാലാകൂടകനാസികാദി വിലസജ്ജാലോജ്ജ്വലത്പഞ്ജരഃ = ഒമ്പതു കോൽ പതിനൊന്നുകോൽ തുടങ്ങിയുള്ള വലിയ പ്രാസാദങ്ങൾക്കു ശാലകളും കൂടങ്ങളും നാസികകളും മഹാനാ

Shripuram Publications
www.shripuram.org

സികകളും ഇവറ്റേക്കൊണ്ടു ശോഭിച്ചിരിക്കുന്ന ജാലപഞ്ജരങ്ങളുംകൂടി ഉണ്ടാക്കുകയുമാം.

ഇനി പ്രാസാദത്തിന്നു തക്കവണ്ണം ഭിത്തിക്ക് അലങ്കാരം വേണമെന്നു ചൊല്ലുന്നു.

ഒട്ടൊഴിയാതെയുള്ള പ്രാസാദങ്ങൾ ഒക്കയും കാലുകൾ തോരണങ്ങൾ നാലു ദ്വാരങ്ങൾ എന്നിവറ്റോട്ടുകൂടിയിരിക്കണം അയ്ക്കോൽ പരിഷ തുടങ്ങി മേല്പോട്ടുള്ളവ അലങ്കാരപത്മങ്ങൾ കാൽപഴുതുകളിൽ ജാലപഞ്ജരങ്ങൾ എന്നിവറ്റോട്ടു കൂടീട്ടാകിലുമാം. അതിന്റെ മേലേതു താഴത്തേ നിലയിൽ കോണുകളിൽ നാലു കൂടങ്ങളോട്ടുകൂടിയുമാം. അതിന്നമേലേതു ശാലാകൂടം മഹാനാസിക എന്നു തുടങ്ങിയുള്ളവറ്റേക്കൊണ്ടു ശോഭിച്ചിരിക്കുന്ന ജാലപഞ്ജരങ്ങളോട്ടുംകൂടി ഇരിക്കണം.

അനന്തരം ഭിത്തിയിങ്കലേ അലങ്കാരങ്ങളെ പറയുന്നു.

കുഡ്യേ പങ്ക്ത്യാദിഭക്തേ വിദിശി വിരചയേത്
കൂടമേകാംശവിസ്താ-
രായാമം ദ്വ്യംശദീർഘാം ദിശി ദിശി വിതതാ-
മേകഭാഗേന ശാലാം
ശാലാകൂടാന്തരാളേ ചരണവിരഹിതാം-
ശോന്മിതാം നാസികാം തത്-
പാർശ്വദ്വന്ദ്വേ സജാലം ചരണവിരഹിതാം-
ശാദിതഃ പഞ്ജരം ച. 45

കുഡ്യേ പങ്ക്ത്യാദിഭക്തേ = ഒരു പുറത്തു ഭിത്തിയുടെ നീളത്തെ പത്ത് ഒമ്പത് എട്ട് ഈ സംഖ്യകളേക്കൊണ്ടു പകുത്താൽ വിദിശി ഏകാംശവിസ്താരായാമം കൂടം = കോണുകളിൽ അതിൽ ഒരംശത്തോളം വിസ്താരത്തോട്ടും ദീർഘത്തോട്ടുംകൂടിയിരിക്കുന്ന കൂടത്തേയും, ദിശി ദിശി ദ്വ്യംശദീർഘാം ഏകാഭാഗേന വിതതാം ശാലാം = നാലു ദിക്കുകളിലും രണ്ടംശം നീളമായും ഒരംശം വിസ്താരമായും ശാലയേയും ഉണ്ടാക്കൂ. ശാലാകൂടാന്തരാളേ ചരണവിരഹിതാംശോന്മിതാം നാസികാം = ഈ ശാലാകൂടങ്ങളുടെ ഇടയിൽ മുക്കാൽ അംശംകൊണ്ടു ദീർഘവിസ്താരമായി മഹാനാസികയേയും, തത്പാർശ്വദ്വന്ദ്വേ ചരണവിരഹിതാംശാദിതഃ സജാലം പഞ്ജരം ച വിരചയേത് = ഈ നാസികകളുടെ രണ്ടു പുറത്തും മുക്കാൽ ഒന്ന് ഇത്യാദി ശേഷമുള്ള അംശങ്ങളെക്കൊണ്ടു ജാലത്തോട്ടുകൂടിയ പഞ്ജരത്തേയും ഉണ്ടാക്കണം.

ഇനി ശാലാകൂടങ്ങളെ ചൊല്ലുന്നു.

പ്രാസാദഭിത്തിപ്പുറവിസ്താരത്തെ പത്തു തുടങ്ങിയുള്ള സംഖ്യകളെ

www.shripuram.org
Shripuram Publications
www.shripuram.org

ക്കൊണ്ടു പകുത്താൽ അതിലൊരംശവിസ്താരദീർഘങ്ങളായിട്ടുള്ള നാലു കോണിലും കൂടത്തെ ഉണ്ടാക്കുക. രണ്ടംശം നീളമായി ഒരംശം വീതിയുമായി ഇരിക്കുന്ന ശാലകൾ നാലുദിക്കിലും പണിചെയ്ക. ശാലാകൂടമദ്ധ്യത്തിൽ മുക്കാലംശംകൊണ്ടു മഹാനാസികയും പണിചെയ്ക. അതിന്റെ ഇരുപുറവും മുക്കാൽ തുടങ്ങിയുള്ള അംശങ്ങളെക്കൊണ്ട് ജാലത്തോടുകൂടിയിരിക്കുന്ന പഞ്ജരത്തേയുമുണ്ടാക്കുക.

ധാമ്നോ/ഷ്ടാംശമിതോ/ഥവാ പ്രതിമുഖൈഃ
സ്തൂപ്യന്തിമൈഃ സംയുതഃ
പ്രാസാദാകൃതികശ്ച കൂട ഉദിതോ
മദ്ധ്യസ്ഫുരന്നാസികഃ
ശാലാ തത്സമസൂത്രഗാ മുഖപടീ-
ശക്തിധ്വജാദ്യുജ്ജ്വലാ
സ്തൂപീത്രയ്യുപശോഭിതാ പരിലസ-
ന്നാസാ ച സങ്കീർത്തിതാ. 46

അഥ ധാമ്നഃ അഷ്ടാംശമിതഃ വാ = കൂടമെന്നിയേ പ്രാസാദവിസ്താരത്തിന്റെ എട്ടിൽ ഒരംശംകൊണ്ട് കൂടത്തെ ഉണ്ടാക്കാം. പ്രതിമുഖൈഃ സ്തൂപ്യന്തിമൈഃ സംയുതഃ പ്രാസാദാകൃതികഃ ച (കൂട ഉദിതഃ) = പടി തുടങ്ങി താഴികക്കുടംവരെയുള്ള അവയവങ്ങൾ ഒക്കയും ഉണ്ടായി പ്രാസാദത്തിന്റെ ആകൃതിപോലെ ഇരിക്കും കൂടം. മദ്ധ്യസ്ഫുരന്നാസികഃ = കൂടമദ്ധ്യത്തുങ്കൽ ലഘുനാസികകൊണ്ടു ശോഭിച്ചിരിക്കുകയും വേണം. ശാലാ തത്സമസൂത്രഗാ = ശാലയും കൂടത്തിന്റെ പുറപ്പാടോടു തുല്യമായി തള്ളിയിരിക്കുമാറും, മുഖപടീശക്തിധ്വജാദ്യുജ്ജ്വലാ = മുഖപ്പലകകൊണ്ടും ശക്തിധ്വജാദികളേക്കൊണ്ടും ശോഭിച്ചിരിക്കുമാറും, സ്തൂപീത്രയ്യുപശോഭിതാ പരിലസന്നാസാ ച സങ്കീർത്തിതാ = മൂന്നു താഴികക്കുടംകൊണ്ടു ശോഭിച്ചിരിക്കുമാറും, ശോഭിച്ചിരിക്കുന്ന ലഘുനാസികയോടുകൂടിയിരിക്കുമാറും, ദിക്കുകളിൽ ശാലയെ ഉണ്ടാക്കിപ്പൂ.

ഇനി ശാലാകൂടങ്ങളുടെ ലക്ഷണത്തെ ചൊല്ലുന്നു.

പ്രാസാദവിസ്താരത്തിന്റെ എട്ടൊന്നു വിസ്താരമായിട്ടും കൂട്ടംകൂടം ചൊല്ലപ്പെട്ടു. പടി തുടങ്ങി താഴികക്കുടത്തോളമുള്ള അവയവങ്ങളോടുകൂടി പ്രാസാദാകൃതിയായി മദ്ധ്യത്തിങ്കൽ സ്ഫുരിച്ചിരിക്കുന്ന നാസിക ഉണ്ട ബാലനാസികയോടുംകൂടി ഇരിക്കണം. ശാല പിന്നെ കൂടത്തോളം പുറപ്പാടായി, മുഖഫലക, ശക്തി, ധ്വജം എന്നു തുടങ്ങിയവറ്റേക്കൊണ്ടു ശോഭിച്ചു, മൂന്നു താഴികക്കുടത്തോടുകൂടി, മദ്ധ്യത്തിങ്കൽ ബാലനാസികയെക്കൊണ്ടു ശോഭിച്ചിരിക്കയും വേണം.

www.shripuram.org
Shripuram Publications
www.shripuram.org

ദണ്ഡൈർദ്വിത്രിചതുർമിതൈർമിതവിതാ-
നാതാനകം പഞ്ജരം
നാസാദ്യുജ്ജ്വലിതം ച ജാലകമഥോ
വേദ്യൂർദ്ധ്വതഃ സംസ്ഥിതം
ദണ്ഡൈർദ്ധ്യാദിയുഗാന്തിമൈസ്തതമതോ-
ദണ്ഡർദ്ധിതശ്ചായതം
കർത്തവ്യം ദ്വിഗുണാന്തിമം സുഷിരിതം
ഗോമൂത്രകാദിക്രമാത്. 47

ദ്വിത്രിചതുർമ്മിതൈഃ ദണ്ഡൈഃ മിതവിതാനാതാനകം പഞ്ജരം = രണ്ടു മൂന്നു നാലു ദണ്ഡുകളേക്കൊണ്ട് അളവായ വിസ്താരദീർഘങ്ങളോടുകൂടി പഞ്ജരത്തേ ഉണ്ടാക്കു. നാസാദ്യുജ്ജ്വലിതം ച = അത് നാസികാദികളേക്കൊണ്ടു ശോഭിച്ചുമിരിക്കണം. അഥോ വേദ്യൂർദ്ധ്വതഃ സംസ്ഥിതം ജാലകം = പിന്നെ വേദികയുടെ മുകളിൽ പഞ്ജരത്തിനു താഴെ ജാലകത്തേ ഉണ്ടാക്കു. അതിന്നു, ദ്ധ്യാദിയുഗാന്തിമൈഃ തതം = രണ്ടു ദണ്ഡു തുടങ്ങി നാലു ദണ്ഡോളം വിസ്താരവും, ദണ്ഡർദ്ധിതഃ ദ്വിഗുണാന്തിമം ആയതം = വിസ്താരത്തിൽ ഓരോ ദണ്ഡുകൂടി വിസ്താരത്തിലിരട്ടിയോളം നീളവുമുണ്ടാക്കാം. ഗോമൂത്രകാദിക്രമാത് സുഷിരിതം ച കർത്തവ്യം = ഗോമൂത്രകാദി ക്രമേണ സുഷിരങ്ങളോടും കൂടിയിരിക്കണം.

ഇനി പഞ്ജരത്തേ ചൊല്ലുന്നു

രണ്ട് മൂന്ന് നാല് എന്നിട്ട ദണ്ഡുകളേക്കൊണ്ട് അളക്കപ്പെട്ടിരിക്കുന്ന വിസ്താരദീർഘങ്ങളോടുകൂടി, മദ്ധ്യനാസിക തുടങ്ങിയുള്ളവറ്റേക്കൊണ്ടു ശോഭിച്ചിരിക്കുന്ന പഞ്ജരം ഉണ്ടാക്കപ്പെടണം. പഞ്ജരത്തിന്നു താഴേ വേദികയ്ക്കു മേൽവായിൽ ഇരിപ്പാറു ജാലകവുമുണ്ടാക്കപ്പെടണം. അതുപിന്നെ, രണ്ടു തുടങ്ങി നാലോളമുള്ള ദണ്ഡുകളെക്കൊണ്ടു വിസ്താരവും, വിസ്താരത്തേക്കാൾ ഓരോ ദണ്ഡ് ഏറീട്ട് ഇരട്ടിയോളം നീളവുമായി ഇരിക്കണം. ഗോമൂത്രകാദിക്രമേണ തുളയ്ക്കപ്പെട്ടിരിക്കയും വേണം.

സ്തംഭാന്തരേ മഹതി ധാമനി പാദവിസ്താ-
രോച്ചാധിപാദതലപദ്മഗകുംഭസംസ്ഥാം
പാദായതാം ഘടമുഖോദ്ഗതപത്രചിത്ര-
മൂലാം പ്രകല്പയതു കുംഭലതാം സമന്താത്. 48

മഹതി ധാമനി സ്തംഭാന്തരേ സമന്താത് = വലുതായിരിക്കുന്ന പ്രാസാദത്തുങ്കൽ കാലുകളുടെ ഇടയിൽ ചുറ്റും, പാദവിസ്താരോച്ചാധിപാദതലപദ്മഗകുംഭസംസ്ഥാം = കാലോളം വിസ്താരവും പൊക്കവും, വിസ്താ

Shripuram Publications
www.shripuram.org

രത്തിൽ കാൽവാശി നീളവും ആയിരിക്കുന്ന താമരപ്പൂവിന്റെ കർണ്ണിക യിൽ ഉണ്ടായിരിക്കുന്ന കുടത്തിൽനിന്നു പുറപ്പെടുന്നതും പാദായതാം ഘടമുഖോദ്ഗതപത്ര ചിത്രമൂലാം കുംഭലതാം പ്രകല്പയതു = കാലോളം നീളമായി പത്രങ്ങളോടും പുഷ്പങ്ങളോടും കൂടീട്ടുള്ളതും ആയ ലതയേ ഉ ണ്ടാക്കു.

ഇനി കുംഭലതയെച്ചൊല്ലുന്നു.

വലിയ പ്രാസാദങ്ങളിൽ ചുറ്റും കാൽപഴുതുകളിൽ കുംഭലതയേ പണിചെയ്ക. കാൽവണ്ണത്തോളമിവരവും, അതുകൊണ്ടൊന്നേകാൽ വിസ്താരവും ആയുള്ള പത്മകർണ്ണികയിങ്കൽ പണിചെയ്തിരിക്കുന്ന കുട ത്തിൽ നില്ക്കുമാറു പണിചെയ്കയും വേണം. കാൽവണ്ണത്തോളമിവരമായി കുടത്തിന്റെ വായിൽനിന്നു മേല്പോട്ടു പുറപ്പെട്ടിരിക്കുന്ന ലതകൊണ്ടു പ ത്രമായിരിക്കുന്ന മൂലപ്രദേശത്തോടുകൂടിയിരിക്കയും വേണം.

അനന്തരം ഭിത്തികെട്ടുന്നേടത്തു പ്രകാരാന്തരത്തെ പറയുന്നു.

ഭങ്ക്ത്വാ പ്രത്യുത്തരാന്തർഗതചരണമിതിം
ഭോഗിഭിർഭാഗതോഽധോ-
വേദിം വേദൈശ്ച പാദാൻ ദളരചിതവള-
ഭ്യുത്തരം ഭാഗതോഽഥ
യാവത്സ്വോത്സേധനീപ്രപ്രസരവളഭീത-
സ്സ്വാർഹനീപ്രം കപോതം
ഗേഹേഽല്പേ സപ്തമേനോജ്ജ്വലപദഗൃഹപി-
ണ്ഡിം കരോത്വഷ്ടമേന. 49

അല്പേ ഗേഹേ = അല്പപ്രാസാദത്തുങ്കൽ, പ്രത്യുത്തരാന്തർഗ്ഗത ചരണമിതിം (അഷ്ടധാ) ഭോഗിഭിഃ ഭങ്ക്ത്വാ = പടിയുടെ മുകളിൽനിന്ന് ഉത്തരത്തോളമുള്ള കാലുനീളത്തേ എട്ടുകൊണ്ടു പകുത്താൽ, അധഃ ഭാ ഗതഃ വേദിം = അതിലൊരംശംകൊണ്ടു വേദികയേയും, വേദൈഃ പാ ദാൻ = നാലംശംകൊണ്ടു കാലുകളേയും, അഥ ഭാഗതഃ = പിന്നെ ഒരംശ ത്തിന്റെ ദളരചിതവളഭ്യുത്തരം = അരയംശംകൊണ്ട് ഉത്തരവും വളരും, യാവത്സ്വോത്സേധനീപ്രപ്രസരവളഭിതഃ സ്വാർഹനീപ്രം കപോതം = തന്റെ പൊക്കത്തോളം പുറപ്പാടുണ്ടായിരിക്കുന്ന വളരിങ്കൽ തന്റെ പൊ ക്കത്തോളം പുറപ്പെട്ടിരിക്കുന്ന കപോതത്തേ സപ്തമേന = ഏഴാമത്തേ അംശംകൊണ്ടും, അഷ്ടമേന ഉജ്ജ്വലപദഗൃഹപിണ്ഡിം ച കരോതു = എ ട്ടാമത്തേ അംശംകൊണ്ടു കാലുകളുടെ അഗ്രത്തോടുകൂടിയിരിക്കുന്ന ഗൃഹ പിണ്ഡിയേയും ഉണ്ടാക്കണം.

ഇനി കല്ലുത്തരാദികളേ ചൊല്ലുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

പടിയോടുത്തരത്തോടിട ഉള്ള കാൽനീളത്തേക്കൊണ്ടു എട്ടു പകുത്താൽ താഴത്തേ അംശംകൊണ്ടു വേദികയേ, പിന്നെ നാലംശംകൊണ്ടു കാൽനീളത്തെ, അരേരശ്ശ അംശംകൊണ്ടു ഉണ്ടാക്കിയ ഉത്തരവും വളരുമായി ഉള്ളതിനേ, ഒരംശംകൊണ്ടു തന്റെ ഇവരത്തോളം പുറപ്പെട്ടിരിക്കുന്ന വളരുങ്കേന്ന് തനിക്ക് ഉചിതമാകുന്ന പുറപ്പാടോടുകൂടിയിരിക്കുന്ന കപോതത്തെ, ഏഴാമംശംകൊണ്ടു ശോഭിച്ചിരിക്കുന്ന കാലുകളോടു കൂടിയിരിക്കുന്ന ഗൃഹപിണ്ഡികയേ പണിചെയ്ക. പഞ്ജരാദിഭിത്ത്യലംകാരത്തിന്നവകാശമില്ലാത്തേടത്തു ഇതാകുന്നു എന്നു "ഗേഹേ/ല്പേ' എന്നിശ്ശബ്ദത്തിന്നു താല്പര്യം

ഖണ്ഡോത്തരം ചരണവിസ്തൃതിതുല്യവിസ്താ-
രോത്സേധമുത്തമമതശ്ചരണോനതീവ്രം
പത്രോത്തരാ ദലവിഹീനഘനം കനിഷ്ഠം
രൂപോത്തരം ഘനതതീ വിപരീതതോ വാ. 50

ചരണവിസ്തൃതിതുല്യവിസ്താരോത്സേധം ഉത്തമം ഖണ്ഡോത്തരം = കാലുകളുടെ വിസ്താരത്തോടു തുല്യമായിരിക്കുന്ന വീതിയോടും കനത്തോടും കൂടിയിരിക്കുന്ന ഉത്തരം ഉത്തമമായ ഖണ്ഡോത്തരമാകുന്നു. അതഃ ചരണോനതീവ്രം പത്രോത്തരം = ഈ വിസ്താരത്തിൽ മുക്കാൽ കനമായിരിക്കുന്ന ഉത്തരം മദ്ധ്യമായ പത്രോത്തരമാകുന്നത്. ദലവിഹീനഘനം കനിഷ്ഠം രൂപോത്തരം = വീതിയിൽ പാതി കനമായിരിക്കുന്ന ഉത്തരം അധമമായ രൂപോത്തരമാകുന്നത്. ഘനതതീ വിപരീതതഃ വാ = ഈ ഉത്തരങ്ങൾക്കു കനവും വീതിയും മറിച്ചുണ്ടാക്കുകയുമാം.

ഇനി ഉത്തരലക്ഷണത്തെ ചൊല്ലുന്നു.

കാൽനീളത്തോടു സമമായിട്ടു വിസ്താരവും ഇവരവുമുള്ളത് ഉത്തമമായി ഇരിക്കുന്ന ഖണ്ഡോത്തരം; വിസ്താരത്തേക്കാൾ നാലൊന്നു കുറഞ്ഞുവണ്ണമായുള്ളത് മദ്ധ്യമമായുള്ള പത്രോതത്തരം, വീതിയിൽ പാതിപോയശേഷം കനമായുള്ളത് അധമമമായിരിക്കുന്ന രൂപോത്തരം. അതിന്നു വീതിയും കനവും പകർന്നുകൊള്ളാം ചുഴികയായിട്ട് എന്നു പൊരുൾ.

ഉത്സേധേ വിശിഖാംശിതേ ദ്വിതയതോ
രൂപോത്തരേ വാജനം
ഷഡ്ഭക്തേ/ല്പമിളാംശതോ ദ്വിതയതോ
വാ സ്യാന്മഹാവാജനം
ഏതന്നിർഗമനം നിജാംശവിഹിതം
ന്യസ്യേദുപര്യുത്തര-

Shripuram Publications
www.shripuram.org

സൈ്യതത്തീവ്രസമുച്ഛ്രയോച്ഛ്രയദലാം-
ശവ്യാതതാം പട്ടികാം. 51

രൂപോത്തരേ ഉത്സേധേ വിശിഖാംശിതേ = ഈ രൂപോത്തരത്തുങ്കൽ തന്റെ പൊക്കത്തെ അഞ്ചായിട്ട് പകുത്ത്, ദ്വിതയതഃ വാജനം = അതിൽ രണ്ടംശംകൊണ്ടു മേൽക്കുതയേ ഉണ്ടാക്കൂ. ഷഡ്ഭക്തേ ഇളാംശതഃ അല്പം വാജനം ദ്വിതയതഃ മഹാവാജനം വാ സ്യാത് = പൊക്കത്തെ ആറംശിച്ചാൽ ഒരംശംകൊണ്ട് അല്പവാജനത്തേയും രണ്ടംശംകൊണ്ടു മഹാവാജനത്തേയും ഉണ്ടാക്കുകിലുമാം. ഏതന്നിർഗമനം നിജാംശവിഹിതം = ഈ വാജനങ്ങളുടെ പുറപ്പാടു തന്റെ പൊക്കത്തിൽ പാതിതാൻ കാലുതാൻ ഉണ്ടാക്കൂ. ഉത്തരസ്യ ഉപരി ഏതത്തീവ്രസമുച്ഛ്രയോച്ഛ്രയദലാംശവ്യാതതാം പട്ടികാം ന്യസ്യേത് = ഈ ഉത്തരത്തിന്റെ മുകളിൽ, ഉത്തരവീതിയോളം പൊക്കവും പൊക്കത്തിൽ പാതി കനവും കൂടിയുള്ള ചുറ്റുത്തരത്തേയും വച്ച് ആണികളേയും വച്ച് ഉറപ്പിപ്പൂ.

ഇനി ഉത്തരത്തിന്റെ വാജനത്തെച്ചൊല്ലുന്നു.

ഉത്തരത്തിന്റെ ഇവരത്തേ അഞ്ചംശിച്ചാൽ രണ്ടുകൊണ്ടു വാജനം ഭവിക്കുന്നു. അല്പവാജനം കൂടാതെയുള്ള രൂപോത്തരത്തുങ്കൽതന്നേ ഉള്ളൂതാനും. പിന്നെ ആറംശിച്ചാൽ ഒരംശംകൊണ്ടു അല്പവാജനവും, രണ്ടുകൊണ്ടു മഹാവാജനവും എന്നാകിലുമാം. ഇവറ്റിന്റെ പുറപ്പാട്, തന്റെ തന്റെ ഇവരംകൊണ്ടു നാലൊന്ന്, പാതി എന്നീ അംശങ്ങളേക്കൊണ്ടു നാലൊന്ന്, പാതി എന്നീ അംശങ്ങളേക്കൊണ്ടു വിധിക്കപ്പെട്ടു. പിന്നെ ഉത്തരത്തിന്റെ മീതേ ചുറ്റുത്തരത്തേ പതിക്ക. ഉത്തരക്കനത്തോളമിവരവുമായി, ആയിവരത്തിൽ പാതി കനവുമായി ഇരിക്കണം ചുറ്റുത്തരം.

ഏകാംഘ്ര്യൂനാദിദണ്ഡോച്ഛ്രയമുപരി നിധാ-
യോത്തരേ വാജനം പ്രാക്-
തിര്യഗ ദണ്ഡോച്ഛ്രിതാംഘ്ര്യൂനിതവിതതിതുലാ-
സ്താസു വംശാനവൃത്ത്യാ
സ്വാർദ്ധാക്രാന്താ ജയന്തീസ്തദുപരി സുസമീ-
കൃത്യ കൃത്വാനുമാർഗം
നിശ്ഛിദ്രം ഛാദയേത് സ്വോചിതഘനഫലകാ-
പ്രസ്തരേണോർദ്ധ്വഭാഗം. 52

ഉത്തരേ ഉപരി = ഉത്തരത്തിങ്കൽ മുകളിൽ, ഏകാംഘ്ര്യൂനാദിദണ്ഡോച്ഛ്രയം വാജനം നിധായ = ഒരു ദണ്ഡ്, മുക്കാൽ ദണ്ഡ് വിസ്താരമുണ്ടായിരിക്കുന്ന വാജനങ്ങളെ വക്കത്തു വളരുപോലെ വച്ച് അതതുങ്കൽ,

Shripuram Publications
www.shripuram.org

പ്രാക് തിര്യക് ച ദണ്ഡോച്ഛ്രിതാംഘ്ര്യുനിതവിതതിതുലാഃ = നീളത്തിലും വിലങ്ങത്തിലും ഒരു ദണ്ഡു പൊക്കവും മുക്കാൽ ദണ്ഡുവീതിയും ഉണ്ടായിരിക്കുന്ന തുലാങ്ങളേ വെട്ടിത്താത്തുവയ്പൂ. താസുവംശാനുവൃത്ത്യാ സ്വാർദ്ധാക്രാന്താഃ ജയന്തിഃ അത്തുലാങ്ങളിൽ ഉത്തരക്കനത്തേ അനുസരിച്ച് പാതി തുലാങ്ങളിൽ താണ് ഇരിക്കുമാറുമുണ്ട്. തുലാങ്ങളേയും വെട്ടിത്താത്തു, തദുപരി സുസമീകൃത്യ = അത്തുലാങ്ങളുടേയും കണ്ടിത്തുലാങ്ങളുടേയും മുകള് ഒക്കയും ചെത്തിസ്സമമാക്കി, അനുമാർഗം കൃത്വാ = ഖണ്ഡങ്ങളാക്കിച്ചെയ്യ്, സ്വോചിതഘനഫലകാപ്രസ്തരേണ ഊർദ്ധ്വഭാഗം നിശ്ഛിദ്രം ഛാദയേത = അവിടെ യോഗ്യമായിരിക്കുന്ന പലകകളേക്കൊണ്ടു മുകളിലേ ഭാഗം ഇടവരാതെ മറപ്പൂ.

ഇനി തട്ടിടുവാൻ ചൊല്ലുന്നു.

ഒരു ദണ്ഡു താൻ മുക്കാൽ ദണ്ഡു താൻ ഇവരമായുള്ള വാജനത്തേ നടേതന്നെ ഉത്തരമേൽവായിൽ വളരുപോലെ ഇരുത്തൂ. ആ തുലാങ്ങളിൽ കണ്ടിത്തുലാങ്ങളേ നെടിയേ ഉത്തരംപോലെ നീളമായി തന്നിൽ പാതി അറുത്തു കടത്തിയിരുത്തൂ. പിന്നെ ഇടയിടയ്ക്കുമിട്ടു മേലേഭാഗം ചെത്തി സമമാക്കി കനത്തിൽ ഉള്ള പലകകൾ വിരിച്ചു മീതേ ഭാഗത്തെ പഴുതുകൂടാതെ അടയ്ക്ക.

ദ്വാരാർദ്ധതഃ കദളികാകരണേന ഗർഭ-
കുഡ്യാക്രമാന്മുകുളയേത്സുദൃഢൈഃ ശിലാദ്യൈഃ
ദ്വാരോർദ്ധ്വതോഽഷ്ടപുടചാരുലസത്തരംഗ-
ഗർഭാർദ്ധതുംഗമപിധാനശിലാഭിരാമം. 53

ദ്വാരാർദ്ധതഃ കദളികാകരണേന = ദ്വാരോച്ചത്തിന്റെ പാതിക്ക് ഇട മേല്പോട്ടു കോണുകളിൽ അകത്തു വലിഞ്ഞുവരുമാറ്, ഗർഭകുഡ്യം ക്രമാത് സുദൃഢൈഃ ശിലാദ്യൈഃ മുകുളയേത് = ഗർഭഗൃഹത്തിന്റെ ഭിത്തിയേ ഉറപ്പായിരിക്കുന്ന കല്ലുകളേക്കൊണ്ടു കെട്ടിക്കൂട്ടൂ. ദ്വാരോർദ്ധ്വതഃ അഷ്ടപുടചാരുലസത്തരംഗഗർഭാർദ്ധതുംഗം അപിധാനശിലാഭിരാമം = ദ്വാരത്തിന്റെ മുകളിൽ എട്ടു പട്ടമായും അകത്ത് അടുത്തുവരുമാറും, ഗർഭഗൃഹവിസ്താരത്തിൽ പാതി പൊക്കമുണ്ടായിരിക്കുമാറും, മുകളിൽ കമഴ്ത്തുകല്ലുകൊണ്ടു ശോഭിച്ചിരിക്കുമാറും കൂട്ടിക്കെട്ടിക്കൊള്ളുണം.

ഇനി തുരവു പടുപ്പാൻ ചൊല്ലുന്നു.

ഗർഭദ്വാരത്തിന്റെ ഇവരത്തിന്റെ അർദ്ധത്തുങ്കേന്നു തുടങ്ങി കദലികാകരണമെന്ന തുരവു പടുത്ത് അതുകൊണ്ട് ക്രമത്താലേ ഗർഭഭിത്തിയേ മുകുളമായി ചമയ്ക്ക. ശാല തുടങ്ങിയുള്ളവറ്റേക്കൊണ്ട് ദ്വാരമേൽവായിൽനിന്നു മേല്പോട്ടു അഷ്ടാശ്രമായി സുന്ദരമായി ശോഭിച്ചിരിക്കുന്ന തി

www.shripuram.org
Shripuram Publications
www.shripuram.org

രമാലയോടുകൂടി ദ്വാരമേൽവായിൽനിന്ന ഗർഭവിസ്താരത്തിൽ പാതി ഇ വരത്തോടുകൂടി പൂർണ്ണേഷ്ടകൊണ്ടു മനോഹരമായിരിക്കുകയും വേണം.

അനന്തരം കഴുപ്പലക ഇടാൻ പറയുന്നു.

കുര്യാദുത്തരപട്ടികോപരി ലുപാഃ
കൂടപ്രവിഷ്ടാഗ്രകാഃ
സ്വസ്വാംശാഹിതകർണസൂത്രകമിതാ
മദ്ധ്യാദികർണാവധി
സ്തംഭോച്ചേ ശരശൈലനന്ദനയനൈ-
ർഭക്തേ ചതുർദ്ധോത്തരാത്
താസാം സ്യാദവലംബനം നയനവ-
ഹ്ന്യബ്ധ്യൂർവരാംശൈഃ ക്രമാത്. 54

ഉത്തരപട്ടികോപരി = ചുറ്റുത്തരത്തിന്റെ മുകളിൽ, കൂടപ്രവിഷ്ടാഗ്രകാഃ = കൂടത്തുങ്കൽ തലകൾ എല്ലാറ്റിന്റേയും തൊട്ടിരിക്കുമാറും സ്വസ്വാംശാഹിതകർണ്ണസൂത്രകമിതാഃ = തന്റെ തന്റെ സ്ഥാനത്തു തുടങ്ങി കൂട ത്തോളമുള്ള കർണ്ണസൂത്രത്തോളം നീളത്തോടുകൂടിയിരിക്കുമാറും, മദ്ധ്യാദികർണ്ണാവധി ലുപാഃ കുര്യാത് = നടുവിൽ രണ്ടുപുറത്തുംതുടങ്ങി കോടി വരേയും ഒരുപോലെ അകലം വരുമാറു കഴുക്കോലുകളേ ഉണ്ടാക്കു. സ്തംഭോച്ചേ ശരശൈലനന്ദ നയനൈഃ ഭക്തേ = കാലുനീളത്തെ അഞ്ചുതാൻ ഏഴുതാൻ ഒമ്പതുതാൻ രണ്ടുതാൻ പകുത്താൽ, നയനവഹ്ന്യബ്ധ്യൂർവരാംശൈഃ ക്രമാത (ഉത്തരാത) താസാം അവലംബനം ചതുർദ്ധാ സ്യാത് = രണ്ടുതാൻ മൂന്നുതാൻ നാലുതാൻ ഒന്നുതാൻ അംശങ്ങളെക്കൊണ്ടു പകുത്തു ക്രമേണ കഴുപ്പലകകളുടെ ഉത്തരത്തിനു താഴെ താഴ്ചയേയും നാലുപ്രകാരം വരുത്താം.

ഇനി കഴുപ്പലകകളേ ഇടുവാൻ ചൊല്ലുന്നു.

ചുറ്റുത്തരമേൽവായിൽ അഞ്ചു തുടങ്ങി കോടിയോളമുള്ള കഴുപ്പലക കളേ നടുവീണു തുടങ്ങി കോണ് ഒടുക്കമാംവണ്ണം ഇരുത്തു. കൂടത്തിൽ അകംപുക്കിരിക്കുന്ന അഗ്രങ്ങളോടുകൂടി ഇരിക്കുകയും വേണം. ചുറ്റുത്ത രമേൽവായിലും കൂടത്തിലും തന്റെ തന്റെ സ്ഥാനത്തുങ്കൽ പ്രാപിച്ചിരിക്കുന്ന കർണ്ണസൂത്രത്തോളം നീളങ്ങളായിരിക്കയും വേണം. പിന്നെ കാലിവരംകൊണ്ട് അഞ്ച് ഏഴ്, ഒമ്പത്, രണ്ട് എന്നിവറ്റേക്കൊണ്ടു പകുത്താൽ ക്രമത്താലേ രണ്ട് മൂന്ന്, നാല് ഒന്ന് എന്നീ അംശങ്ങളേക്കൊണ്ട് ഉത്തരകീഴ് വായിൽനിന്നു കീഴ്പോട്ട് ഇക്കഴുപ്പലകകളുടെ താഴ്ച നാലു പ്രകാരം ഭവിക്കുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

അഷ്ടാംശകാദികൃശവിസ്തൃതിപാവകാംശ-
തീവ്രാ ച നീപ്രഫലകോത്തരതോലുപാനാം
ദ്വിത്ര്യാംഗുലാദിവിതതം ചതുരശ്രരൂപം
കർത്തവ്യമാസു വലയം ച നിജാനരൂപം. 55

ഉത്തരതഃ അഷ്ടാംശകാദികൃശവിസ്തൃതിപാവകാംശതീവ്രാ = ഉത്തരവീതിയിൽ എട്ടൊന്നുതാൻ ഏഴിലൊന്നുതാൻ ആറിലൊന്നുതാൻ കുറഞ്ഞ വീതിയോടും, വിസ്താരത്തിൽ മൂന്നൊന്നു കനത്തോടും കൂടിയിരിക്കുമാറ്, ലുപാനാം നീപ്രഫലകാ = കഴുക്കോലുകളുടെ അറ്റത്തു വാവടയേയും വച്ചു തറപ്പൂ. ആസു ദ്വിത്ര്യാംഗുലാദിവിതതം ചതുരശ്രരൂപം നിജാനരൂപം വലയം ച കാര്യം = രണ്ടംഗുലം ചതുരശ്രമായും മൂന്നംഗുലം ചതുരമായും കഴുക്കോലുകളുടെ വീതിയനുസരിച്ചു തുളച്ചു വളകളുമടിച്ചുകൊള്ളണം.

ഇനി വാവട വള എന്നിവറ്റേ ചൊല്ലുന്നു.

ഉത്തരവണ്ണത്തേക്കാൾ എട്ടൊന്ന് ഒമ്പതാലൊന്ന് പത്താലൊന്ന് എല്ലാം കുറഞ്ഞ വിസ്താരവും, അതിൽ മൂന്നൊന്നു കനവുമായിട്ടു വാവടയേ ഉണ്ടാക്കൂ. ഇരുവിരൽ മൂവിരൽ തുടങ്ങി വിസ്താരമായി സമചതുരശ്രമായിട്ട് ഈ കഴപ്പലകകളിൽ തുളച്ചു തട്ടുന്ന വളകൾ ഉണ്ടാക്കപ്പെട്ടുവാൻ യോഗ്യം.

ശാകാദ്യുത്തമദാരുക്ലൃപ്തഫലകൈ-
രേതാഃ സമന്താല്ലുപാഃ
സംഛാദ്യോപരി തത്പിധാനഫലകാം
കൃത്വോല്ലസത്കീലകാം
വാസ്ത്വാധാരസമോന്നതാം പ്രഥിതതത്
പാഥോജകുംഭാദികാം
വിന്യസ്യേന്നവപുണ്ഡരീകമുകുളാ-
ഗ്രാമൂർദ്ധ്വതസ്തൂപികാം. 56

ശാകാദ്യുത്തമദാരുക്ലൃപ്തഫലകൈഃ ഏതാഃ ലുപാഃ സമന്താത് സഞ്ഛാദ്യ = ഇക്കഴുക്കോലുകളേ തേക്കു തുടങ്ങിയ ഉറപ്പുള്ള മരങ്ങളുടെ പലക കൊണ്ട് എല്ലാടവും തറപ്പിച്ചു, ഉല്ലസത്കീലകാം തത്പിധാനഫലകാം കൃത്വാ = ശോഭിച്ചിരിക്കുന്ന നാരായത്തോടുകൂടിയ അവസാനപ്പലകയും വച്ച്, ഊർദ്ധ്വതഃ = മുകളിൽ, വാസ്ത്വാ ധാരസമോന്നതാം = തറയുടെ പൊക്കത്തോളം നീളമായും പ്രഥിത തത്പാഥോജകുംഭാദികാം = പ്രസിദ്ധമായിരിക്കുന്ന താമരക്കുടങ്ങളോടുകൂടിയ ചുവടോടും, നവപുണ്ഡരീകമുകുളാഗ്രാം = താമരമൊട്ടുപോലെ ഇരിക്കുന്ന അഗ്രത്തോടും കൂടിയിരി

Shripuram Publications
www.shripuram.org

ക്കുന്ന, സ്തൂപികാം വിന്യസ്യേത് = താഴികക്കുടത്തേ നല്ല മുഹൂർത്തത്തു ങ്കൽ വയ്പിക്കണം.

അതിന്റെ മേലേ പണിപ്രകാരത്തേ ചൊല്ലുന്നു.

കഴുപ്പലകകളുടെ ചുറ്റും മീതേ തേക്കു തുടങ്ങിയുള്ള ഉത്തമവൃക്ഷ ങ്ങളെക്കൊണ്ട് ഉണ്ടാക്കിയ ഫലകങ്ങളേക്കൊണ്ട് മറച്ചിട്ടു മുകളിൽ താഴികക്കുടത്തിന് ഉറപ്പായിട്ടുള്ള നാരായത്തോടുകൂടിയിരിക്കുന്ന അവ സാനപ്പലകയേയും തറച്ചിട്ട് അതിന്റെ മീതേ താഴികക്കുടത്തേ വയ്പ്പൂ. അധിഷ്ഠാനത്തോളമിവരമായി പ്രസിദ്ധമായിരിക്കുന്ന പത്മകുംഭം തുട ങ്ങിയുള്ള അവറ്റോടുംകൂടി താമരയുടെ മൊട്ടുപോലെ കൂമ്പിയിരിക്കുന്ന അഗ്രത്തോടുകൂടി ഇരിക്കണം താഴികക്കുടം.

വർഷാതപാദിവാരണ-
കല്പൈ്യഃ ശുല്ബാദികല്പിതൈഃ ഫലകൈഃ
സാരേഷ്ടകാദിഭിർവ്വാ
വിമാനശിഖരം തതഃ സുപിദധ്യാത്. 57

വർഷാതപാദിവാരണകല്പൈ്യഃ = മഴ വെയില് ഇത്യാദികളേ തടു ക്കുന്നതിനു സമർത്ഥങ്ങളായിരിക്കുന്ന, ശുല്ബാദികല്പിതൈഃ ഫലകൈഃ = ചെമ്പ് തുടങ്ങിയുള്ള പലകകളേക്കൊണ്ടുതാൻ സാരേഷ്ടകാദിഭിഃ വാ = ഉറപ്പുള്ള ഇഷ്ടക ഓട് ഇത്യാദികൊണ്ടുതാൻ, തതഃ വിമാനശിഖരം സു പിദധ്യാത് = പിന്നെ പ്രാസാദത്തിന്റെ മുകളിൽ മേച്ചിലും ചെയ്യിപ്പൂ.

ഇനി മേച്ചിൽപ്രകാരം ചൊല്ലുന്നു.

മഴ, വെയില്, മഞ്ഞ്, കാറ്റ് എന്നു തുടങ്ങിയുള്ളവറ്റേ തടുപ്പാൻ ശ ക്തിയുണ്ടായി ചെമ്പ് വെള്ളി പൊന്ന് എന്നിവറ്റേക്കൊണ്ട് ഉണ്ടാക്കിയ ഫലകകളേക്കൊണ്ടുതാൻ, സാരങ്ങളായിരിക്കുന്ന ഇഷ്ടക ഓട് എന്നി വറ്റേക്കൊണ്ടുതാൻ, പ്രാസാദത്തിന്റെ ശിഖരത്തേ നന്നായി മേഞ്ഞു മ റയ്ക്ക.

അനന്തരം അല്പപ്രാസാദത്തുങ്കലേയ്ക്കു പ്രാകാരാന്തരത്തേപ്പറയുന്നു.

അല്പേ ധാമനി വിസ്തൃതിദ്വിഗുണിത-
പ്രായോച്ഛ്രയേ/ഷ്ടാംശിതേ
മൂലാംശേന മസൂരകോച്ഛ്രയമഥ
സ്തംഭോച്ഛ്രയം ദ്ര്യാംശതഃ
ഭൂയഃ പ്രസ്തരമംശതോ ഗളമിളാം-
ശേനപ്രക്ലപ്തോച്ഛ്രയം
ഭാഗാഭ്യാം ശിഖരോച്ഛ്രയം വിരചയേ-
ദേകാംശതഃ സ്തൂപികാം. 58

Shripuram Publications
www.shripuram.org

അല്പേ ധാമനി = അല്പപ്രാസാദത്തുങ്കൽ, വിസ്തൃതിദ്വിഗുണിതപ്രായോച്ഛ്രയേ അഷ്ടാംശിതേ = വിസ്താരത്തിൽ മിക്കവാറും ഇരട്ടിയായുള്ള പൊക്കത്തേ എട്ടായിട്ടു പകുത്താൽ മൂലാംശേന മസൂരകോച്ഛ്രയം = താഴേ ഒരംശംകൊണ്ടു തറയുടെ പൊക്കത്തേയും, അഥദ്വ്യംശതഃ സ്തംഭോച്ഛ്രയം = പിന്നെ രണ്ടംശംകൊണ്ടു കാലുനീളത്തേയും, ഭൂയഃ അംശതഃ പ്രസ്തരം = പിന്നെ ഒരംശംകൊണ്ടു പ്രസ്തരത്തേയും, ഇളാംശേന ഗളം = പിന്നെ ഒരംശംകൊണ്ടു ഗളത്തേയും, ഭാഗാഭ്യാം പ്രക്ഌപ്താച്ഛ്രയം ശിഖരോച്ഛ്രയം = പിന്നെ രണ്ടംശംകൊണ്ട് കല്പിച്ചിരിക്കുന്ന കഴപ്പലകകളുടെ പൊക്കത്തേയും, ഏകാംശതഃ സ്തൂപികാം ച വിരചയേത് = പിന്നെ ഒരംശംകൊണ്ട് താഴികക്കുടത്തിന്റെ പൊക്കത്തേയുമുണ്ടാക്കു.

ഇനി പ്രാസാദാവയവങ്ങളെ മറ്റൊരു പ്രകാരം ചൊല്ലുന്നു.

പ്രാസാദം ചെറുതാകുമ്പോൾ ആകെയുള്ള ഇവരം മിക്കവാറും വീതിയിലിരട്ടി വേണ്ടിവരുന്നു. ആ ഇവരത്തേ പിന്നെ എട്ടംശിച്ചാൽ ചുവട്ടിലെ അംശംകൊണ്ടു അധിഷ്ഠാനോച്ഛ്രയത്തേ ഉണ്ടാക്കുക. അവിടെ നിന്ന് രണ്ടംശംകൊണ്ടു കാലിവരത്തേയും പിന്നെ ഒരംശംകൊണ്ട് പ്രസ്തരത്തേയും അതിന്നു മേലൊരംശംകൊണ്ട് ഉണ്ടാക്കിയ ഇവരത്തോടു കൂടിയിരിക്കുന്ന ഗളത്തേയും രണ്ടംശംകൊണ്ടു ശിഖരോച്ചത്തേയും പിന്നെ ഒരംശമുള്ളതുകൊണ്ടു താഴികക്കുടത്തേയും ഉണ്ടാക്കുക.

സ്തംഭാർദ്ധാദിസമുച്ഛ്രയേ പ്രകൃതിഭ-
ക്തേ പ്രസ്തരേ വാതിധൃ-
ത്യംശേ ചോത്തരവാജനേ ത്രിശശിഭിർ-
ഭൂതാളിമംശൈസ്ത്രിഭിഃ
ക്ഷ്മാദ്രീന്ദുക്ഷിതിഭിസ്സവാജനകപോ-
താലിംഗപട്ട്യന്തരീ-
സ്ത്ര്യേകാംശൈഃ പ്രതിവാജനേ പ്രതികപോ-
തേ ക്ഷ്മാംശഹാന്യാവരേ. 59

സ്തംഭാർദ്ധാദിസമുച്ഛ്രയേ പ്രസ്തരേ = കാലുനീളത്തിൽ പാതിയോളമുള്ള പ്രസ്തരത്തിന്റെ പൊക്കത്തേ, പ്രകൃതിഭക്തേ വാ അതിധൃത്യംശേ വാ = ഇരുപത്തിയൊന്നായിട്ടുതാൻ പത്തൊമ്പതായിട്ടുതാൻ പകുത്താലതിൽ, ത്രിശശിഭിഃ ഉത്തരവാജനേ = മൂന്നംശംകൊണ്ടു കല്ലുത്തരത്തേയും ഒരംശംകൊണ്ടു കുതയേയും, ത്രിഭിഃ അംശൈഃ ഭൂതാളിം = മൂന്നംശംകൊണ്ടു ഭൂതങ്ങളോടുകൂടിയ വളഭിയേയും, ക്ഷ്മാദ്രീന്ദുക്ഷിതിഭിഃ സവാജനകപോതാലിംഗപട്ട്യന്തരീഃ = ഒരംശംകൊണ്ടു വാജനത്തേയും ഏഴംശംകൊണ്ടു കപോതത്തേയും, ഒരംശംകൊണ്ട് ആലിംഗപട്ടത്തേയും

www.shripuram.org
Shripuram Publications
www.shripuram.org

ഒരംശംകൊണ്ട് ഗളത്തേയും, ത്ര്യേകാംശൈഃ പ്രതിവാജനേ = മൂന്നംശം കൊണ്ടു പടിയേയും ഒരംശംകൊണ്ടു പടിയുടെ മുകളിൽ വാജനത്തേയു മുണ്ടാക്കു. അവരേ പ്രതികപോതേ ക്ഷ്മാംശഹാന്യാ = പത്തൊമ്പതംശ മാക്കിയേടത്തു പടിക്കും കപോതത്തിനും ഓരോ അംശം കുറഞ്ഞ് ഇരി ക്കുമാറും ഉണ്ടാക്കിക്കൊള്ളൂ.

ഇനി പ്രസ്തരങ്ങളുടെ അവയവങ്ങളെ ചൊല്ലുന്നു.

കാൽനീളത്തിൽ പാതി തുടങ്ങിയുള്ള ഇവരത്തോടുകൂടിയിരിക്കുന്ന പ്രസ്തരത്തേക്കൊണ്ട് ഇ(നി?ര)പത്തൊന്നുതാൻ പത്തൊമ്പതുതാൻ മൂ ന്നുകൊണ്ടുമൊന്നുകൊണ്ടും ഉത്തരത്തേയും വാജനത്തേയുമുണ്ടാക്കു. മൂ ന്നംശംകൊണ്ടു വളഭിയേയും, ഒന്ന്, ഏഴ്, ഒന്ന്, ഒന്ന് എന്നിവറ്റേക്കൊ ണ്ടു പട്ടം കപോതം ആലിംഗപട്ടം, ഗളം എന്നിവറ്റേയും മൂന്ന്, ഒന്ന് എ ന്നിവറ്റേക്കൊണ്ടു വളഭിയേയും വാജനത്തേയുമുണ്ടാക്കു. പത്തൊമ്പത് അംശിച്ചു എങ്കിൽ പടിയേയും കപോതത്തേയും ഓരോ അംശം കുറച്ചു പണിചെയ്ക.

ഇത്യേകഭൂമൌ ചതുരശ്രരൂപേ
സുരാലയേഽല്പേ വിധിരഭ്യധായി
അഥാഭിധാസ്യേ ദ്വിതലാദിജാതി-
ച്ഛന്ദാദിവൃത്താദിഗതം വിശേഷം. 60

മയാ ചതുരശ്രരൂപേ ഏകഭൂമൌ അല്പേ സുരാലയേ വിധിഃ ഇതി അഭ്യധായി = എന്നാൽ ചതുരശ്രമായി ഒരു നിലയായിരിക്കുന്ന അല്പ പ്രാസാദത്തുങ്കലേ പണിയുടെ പ്രകാരം ഈവണ്ണം വചിക്കപ്പെട്ടു. അഥ ദ്വിതലാദിജാതിച്ഛന്ദാദിവൃത്താദിഗതം വിശേഷം അഭിധാസ്യേ = അന ന്തരം രണ്ടുനില തുടങ്ങിയുള്ള പ്രാസാദങ്ങളുടേയും ജാതിപ്രാസാദത്തി ന്റെയും ഛന്ദപ്രാസാദത്തിന്റേയും വൃത്തപ്രാസാദത്തിന്റേയും വിശേഷവി ധികളേ പറയുന്നേൻ.

ഇനി ദ്വിതലാദിഭേദങ്ങളെ ചൊല്ലുന്നു.

ചതുരശ്രമായി ഒരു നിലയായി അല്പമായി ഇരിക്കുന്ന പ്രാസാദ ത്തുംകലേ വിധി ഇപ്രകാരം ചൊല്ലപ്പെട്ടു. അനന്തരം ദ്വിതലം ത്രിതലം ജാതിച്ഛന്ദം വികല്പം ആഭാസം വൃത്തം വൃത്തായതം ചതുരായതം ഹസ്തി പൃഷ്ഠം ഷഡശ്രം അഷ്ടാശ്രം എന്നുള്ള പ്രാസാദങ്ങളുടെ വിശേഷത്തേ ചൊല്ലുന്നു.

ത്ര്യാദ്യാശാകരപഞ്ചിമം ശശിതലം
ബാണാദിമാർത്താണ്ഡദോഃ-
പര്യന്തം ദ്വിതലം ഹയാദി നൃപഹ-

www.shripuram.org
Shripuram Publications
www.shripuram.org

സ്ഥാന്തം ത്രിഭ്രമ്യന്വിതം
കുര്യാദ്ധാമ നിജോചിതോച്ഛ്രയയുതം
പ്രോക്തോച്ഛ്രയേഷ്വേഷ്വതോ
യുക്ത്യാ പാദദലത്രിപാദകരസം-
യോഗക്ഷയൌ ക്വചിത്. 61

ത്ര്യാദ്യാശാകരപശ്ചിമം ശശിതലം = മൂന്നുകോൽ തുടങ്ങി പത്തു കോലുവരെയ്ക്കും ഉണ്ടാക്കുന്ന പ്രാസാദങ്ങൾ ഒരു നിലയായിട്ടും, ബാണാദിമാർത്താണ്ഡദോഃപര്യന്തം ദ്വിതലം = അഞ്ചുകോലു തുടങ്ങി പന്ത്രണ്ടു കോലുവരെയും രണ്ടു നിലയായിട്ടും, ഹയാദി നൃപഹസ്താന്തം ത്രിഭ്രമ്യന്വിതം = എട്ടുകോലുതുടങ്ങി പതിനാറുകോലുവരേയും മൂന്നു നിലയായിട്ടും, നിജോചിതോച്ഛ്രയയുതം ധാമ കുര്യാത് = തനിക്കു വിധിച്ചിരിക്കുന്ന പൊക്കത്തോടുകൂടി പറഞ്ഞപോലെ പ്രാസാദങ്ങളെ ഉണ്ടാക്കു. ഏഷു പ്രോക്തോച്ഛ്രയേഷു യുക്ത്യാ പാദദലത്രിപാദകരസംയോഗക്ഷയൌ ച = മുമ്പിൽ നാലുപ്രകാരം വിധിച്ചിരിക്കുന്ന പൊക്കത്തിൽ യുക്തിക്കുതക്ക വണ്ണം കാൽ അര മുക്കാൽ ഇത്രയും കോലു കൂട്ടീട്ടും കുറച്ചിട്ടും ആവശ്യത്തിങ്കൽ വേണ്ടിവരും.

ഇനി ഏകദ്വിത്രിതലങ്ങളുടെ നിയമത്തേ ചൊല്ലുന്നു.

മുക്കോൽ തുടങ്ങി പതിങ്കോലോളമുള്ള പ്രാസാദത്തെ ഒരു നിലയായി പണിചെയ്ക. നാല്ക്കോൽ അയ്ങ്കോൽ തുടങ്ങി പന്തിരുകോലോളമുള്ള പ്രാസാദത്തേ ദ്വിതലമായിട്ടും പണി ചെയ്ക. ആറുകോൽ ഏഴുകോൽ തുടങ്ങി പതിനാറുകോലോളമുള്ള പ്രാസാദത്തെ മൂന്നുനിലയായിട്ടും കൂടീട്ടും പണിചെയ്ക. അതാതിന്നു മതിയാംവണ്ണം നടേ ചൊല്ലിയ ഇവരത്താലൊന്നിനോടുകൂടി ഇരിക്കയും വേണം; ചേർച്ചയ്ക്കു തക്കവണ്ണം. ചിലേടത്തു ഇന്നാലുപ്രകാരം ചൊല്ലിയ ഇവരങ്ങളിൽ കഴിവില്ലായ്കിൽ കാൽക്കോൽ അരക്കോൽ മുക്കാൽ കോൽ തന്റെ തന്റെ യോനിതുംഗം താൻ കൂട്ടുകയുമാം കളകയുമാം.

ആരൂഢഭിത്തിമുപചിത്യ ലുപാഗ്രധാനീം
യുക്ത്യാ തലാന്തരവിധൌ പ്രവിധായ തസ്യാം
ബാഹ്യോത്തരാഹിതലുപാ വിനിവേശ്യ കൃത്വാ
തത്പട്ടികാം സുതലിതേ/ഥ ഗളം വിദധ്യാത്. 62

തലാന്തരവിധൌ ആരൂഢഭിത്തിം ഉപചിത്യ = മാളികയായിട്ടുള്ള പ്രാസാദത്തുങ്കൽ ആരൂഢത്തിനു നേരേ ഭിത്തിയേ കെട്ടിയാൽ, യുക്ത്യാ ലുപാഗ്രധാനീം കൃത്വാ = ആ ഭിത്തിയുടെ മുകളിൽ കഴുക്കോ

Shripuram Publications
www.shripuram.org

ലുകളേ പിടിപ്പിക്കുന്നതിനു മോന്തായംപോലെ ഒരു ഉത്തരത്തേ വച്ച്, ബാഹ്യോത്തരാഹിതലുപാഃ തസ്യാം വിനിവേശ്യ = പുറത്തേ ഉത്തരത്തുങ്കൽനിന്നു തുടങ്ങി അതുങ്കൽ അഗ്രം വരുമാറു കഴിക്കോലുകളേ ഇരുത്തി, പട്ടികാം കൃത്വാ സുതലിതേ = സംഭാരപ്പടിയേയും വച്ചു തുലാങ്ങളും പലകകളും ഇട്ടു സമത്തട്ടാക്കിയാൽ, അഥ ഗളം വിദദ്ധ്യാത് = പിന്നെ അവിടെ നിരപ്പലക ചെത്തിവച്ച് ഗളത്തേയുമുണ്ടാക്കു.

ഇനി ദ്വിതലത്തിന്റെ പണിപ്രകാരത്തേ ചൊല്ലുന്നു.

രണ്ടു നില വേണമെങ്കിൽ അർദ്ധഭിത്തിയേ പട്ടുത്തു മേടപൊക്കി യുക്തിക്കുതക്കവണ്ണം നാവുതാങ്ങിയുമിരുത്തി ബാഹ്യോത്തരത്തിന്മേലിരുത്തിയ കഴപ്പലകകളേ നാവുതാങ്ങി മേൽപാട്ടിൽ ചെലുത്തി മീതേ സംഭാരപ്പടിയും വച്ചിട്ടു പിന്നെ മേൽചെത്തി സമമാക്കി ഗളത്തേ ഉണ്ടാക്കു.

സ്തംഭേ പ്രാഥമികേ/നലാദിശിവനി-
ഷ്വൈരംശിതേ/ംശൈഃ ക്രമാ-
ന്നേത്രാഗ്നിത്രിഗുണേഷുശൈലശരനാ-
ഗാങ്കോന്മിതൈഃ സമ്മിതാ
ഗ്രീവോക്താ നവധാ തതോ/പി തലക്ലു-
പ്തൗ പൂർവ്വപൂർവ്വാംഘ്രിതഃ
പ്രോന്നേയാ ച തദുന്നതിഃ പ്രതിതലം
സ്യാത് പ്രസ്തരപ്രക്രിയാ. 63

പ്രാഥമികേ സ്തംഭേ = താഴത്തേ നിലയുടെ കാൽപൊക്കത്തേ അനലാദിശിവനിഷ്വൈഃ അംശിതേ = മൂന്നുതുടങ്ങി പതിനൊന്നുവരെയുള്ള സംഖ്യകളേക്കൊണ്ടു പകുത്ത്, ക്രമാത് നേത്രാഗ്നിത്രിഗുണേഷുശൈലശരനാഗാങ്കോന്മിതൈഃ സമ്മിതാ നവധാ ഗ്രീവാ ഉക്താ = ക്രമേണ രണ്ടും മൂന്നും മൂന്നും മൂന്നും അഞ്ചും ഏഴും അഞ്ചും എട്ടും ഒമ്പതും ഈ സംഖ്യകളോടു തുല്യമായിട്ട് ഒമ്പതുപ്രകാരം മേലേ നിലയുടെ കാലിവരത്തേ ഉണ്ടാക്കു. ഇക്കാലുനീളത്തേ ഗളമെന്നും പറയാം. തതഃ അപി തലക്ലുപ്തൗ പൂർവപൂർവ്വാംഘ്രിതഃ തദുന്നതിഃ പ്രോന്നേയാ = പിന്നെയും മേല്പോട്ടു നിലകളേ ഉണ്ടാക്കുന്നേടത്ത് അതിനു താഴത്തേനിലയുടെ കാലുനീളത്തേ ഇപ്രകാരം അംശിച്ച് ആ അംശംകൊണ്ട് കാലിവരത്തേ ഉണ്ടാക്കു. പ്രതിതലം പ്രസ്തരപ്രക്രിയാ സ്യാത് = മാളികകളുടെ ഇടയിലേ ഭിത്തിയിങ്കൽ നിലകൾക്കു പ്രസ്തരത്തേയും ഉണ്ടാക്കണം.

ഇനി രണ്ടാം നിലയുടെ കാലിവരത്തേ ചൊല്ലുന്നു.

താഴത്തേ നിലയുടെ കാൽനീളംകൊണ്ടു മൂന്നുതുടങ്ങി പതിനൊ

Shripuram Publications
www.shripuram.org

ന്നോളമുള്ള അവറ്റേക്കൊണ്ടു പകുത്താൽ, ക്രമത്താലേ രണ്ടു മൂന്ന് മൂന്ന് (മൂന്ന്) അഞ്ചു ഏഴ് അഞ്ച് എട്ട് ഒമ്പത് എന്നീ അംശങ്ങളേക്കൊണ്ടു മേലേ നിലയുടെ കാൽനീളം ഒമ്പതുപ്രകാരം ചൊല്ലപ്പെട്ടു. അതിന്നു മേലേയുമുണ്ട് കണക്കുമെങ്കിൽ അതതിന്റെ കീഴേനിലയുടെ കാൽനീളത്തുങ്കൽനിന്ന് ഊഹിക്കപ്പെട്ടുവാൻ യോഗ്യം അവിടത്തേക്കാൽ നീളം. നിലതോറും പ്രസ്തരപ്രക്രിയയും ഭവിക്കുന്നു.

ഗ്രീവായാമുപരി ത്രിദണ്ഡപരിശി-
ഷ്ടാംശേ ചതുർഭാജിതേ
മൂലാംശം ച തൃതീയകം ച ദശധാ
തുര്യം ച കൃത്വാംശകം
ആലിംഗാഹ്വയപട്ടികാം ത്രിഭിരുഭാ-
ഭ്യാമന്തരീം പഞ്ചഭി-
സ്സ്വദ്വ്യംശാഹിതവാജനാം പ്രതിമധഃ-
പങ്ക്ത്യംശകേ കല്പയേത്. 64

ഗ്രീവായാം ഉപരി = മാളികയുടെ കാലുനീളത്തിന്റെ മുകളിൽ, ത്രിദണ്ഡപരിശിഷ്ടാംശേ മൂന്നു ദണ്ഡുമാത്രം നീക്കി ശേഷം താഴെയുള്ള പൊക്കത്തേ, ചതുർഭാജിതേ = നാലായിട്ടു പകുത്താൽ അതിൽ, മൂലാംശം തൃതീയകം തുര്യമംശകം ച ദശധാ കൃത്വാ = താഴത്തേ അംശകത്തേയും മൂന്നാമത്തേ അംശകത്തേയും നാലാമത്തേ അംശകത്തേയും പത്തായിട്ടു പകുപ്പൂ. അധഃ പങ്ക്ത്യംശകേ = താഴത്തേ പത്ത് അംശത്തിൽ, ത്രിഭിഃ ആലിംഗാഹ്വയപട്ടികാം = മൂന്നംശംകൊണ്ടു ശിവലിംഗംപോലെ കുതയോട്ടും വാജനത്തോട്ടുംകൂടിയ പടിയേ ഉണ്ടാക്കൂ. ഉഭാഭ്യാം അന്തരീം = രണ്ടംശംകൊണ്ടു ഗളത്തേ ഉണ്ടാക്കൂ, പഞ്ചഭിഃ സ്വദ്വ്യംശാഹിതവാജനാം പ്രതിം ച കല്പയേത് = പിന്നെ അഞ്ചംശമുള്ളതുകൊണ്ടു പടിയേയും തന്റെ രണ്ടംശംകൊണ്ട് വാജനത്തോട്ടും കൂടിയുണ്ടാക്കൂ.

ഇനി മൂന്നു ശ്ലോകംകൊണ്ടു മീതേ മീതേ നിലയുടെ ഭിത്ത്യലങ്കാരത്തേ ചൊല്ലുന്നു.

ഗ്രീവ എന്നു മേലേനിലയുടെ കാൽനീളം; അതിന്റെ മേലേ അറ്റത്തു മൂന്നു ദണ്ഡ് ഇട്ടേച്ചു ശേഷംകൊണ്ടു നാലുപകുത്താൽ നടേത്തേതിനേയും മൂന്നാമതിനേയും നാലാമതിനേയും പത്തു പകുത്താൽ നടേത്തേ പത്തംശത്താൽ മൂന്നുകൊണ്ട് ആലിംഗപട്ടത്തേയും രണ്ടുകൊണ്ടു ഗളത്തേയും അഞ്ചംശംകൊണ്ടു പടിയേയുമുണ്ടാക്കുക. അപ്പടി തന്നിൽ രണ്ടംശമുള്ള വാജനത്തോടുകൂടി ഇരിക്കയും വേണം.

Shripuram Publications
www.shripuram.org

ശാല കൂടഗവാക്ഷകാദിരുചിരാം
ഭിത്തിം ദ്വിതീയേ തൃതീ-
യേ/ംശേ പഞ്ചഭിരുത്തരം ച വളഭിം
ഭൂതദ്വിപാദ്യുജ്ജ്വാലാം
തുര്യേ/ംശേ ദശഭിർദ്വിക്ലൃപ്തമുഖപ-
ട്ട്യാഢ്യം കപോതം തതഃ
സസ്വാംഘ്രിംഗൃഹപിണ്ഡിമൂർധ്വനിഹിതൈർ-
ദണ്ഡൈസ്ത്രിഭിഃ കല്പയേത്. 65

ദ്വിതീയേ ശാലാകൂടഗവാക്ഷകാദിരുചിരാം ഭിത്തിം = രണ്ടാമത്തേ അംശകത്തുങ്കൽ ശാലകളോടും കൂടങ്ങളോടും ജാലകങ്ങളോടും കാലുകളോടുംകൂടിയ ഭിത്തിയേ ഉണ്ടാക്ക. തൃതീയേ പഞ്ചഭിഃ ഉത്തരം പഞ്ചഭിഃ ഭൂതദ്വിപാദ്യുജ്ജ്വലാം വളഭിം ച = മൂന്നാമത്തെ പത്തംശത്തിൽ അഞ്ചുകൊണ്ട് കല്ലുത്തരത്തേയും, ഭൂതങ്ങളോടും ഗജസിംഹാദികളോടും കൂടിയിരിക്കുന്നവളരിനേയുമുണ്ടാക്ക. തുര്യേംശേ ദശഭിഃ = നാലാമത്തേ പത്തംശത്തിൽ, ദ്വിക്ലൃപ്തമുഖപട്ട്യാഢ്യം കപോതം = രണ്ടംശംകൊണ്ട് മുഖപട്ടികയോടും കൂടിയിരിക്കുന്ന കപോതകത്തേ ഉണ്ടാക്ക. തതഃ ഊർദ്ധ്വനിഹിതൈഃ ത്രിഭിഃ ദണ്ഡൈഃ സ്വസ്വാംഘ്രിം ഗൃഹപിണ്ഡിം കല്പയേത് = മുമ്പിൽ മുകളിൽ മൂന്നു ദണ്ഡിനേ നീക്കിയിരിക്കുന്നതുകൊണ്ട് കാലുകളോടുകൂടിയിരിക്കുന്ന ഗൃഹപിണ്ഡിയാകുന്ന ഭിത്തിയേയുമുണ്ടാക്ക.

ശാലാകൂടം ജാലകം എന്നു തുടങ്ങിയുള്ളവറ്റേക്കൊണ്ടു ശോഭിച്ചിരിക്കുന്ന ഭിത്തിയേ രണ്ടാമംശംകൊണ്ടു ഉണ്ടാക്ക. മൂന്നാമതിലേ പത്തംശത്തിൽ അഞ്ചുകൊണ്ടു ഉത്തരത്തേയും അഞ്ചംശംകൊണ്ട് ഭൂതമൃഗാദികളേക്കൊണ്ടു ശോഭിച്ചിരിക്കുന്ന വളഭിയേയും നാലാമതിലേ പത്തംശംകൊണ്ട് രണ്ടംശംകൊണ്ട് ഉണ്ടാക്കിയിരിക്കുന്ന മുഖപ്പടിയോടുകൂടിയിരിക്കുന്ന കപോതത്തേയും പിന്നെ മേൽ ഇട്ടേച്ച മൂന്നു ദണ്ഡുകളേക്കൊണ്ടു പ്രാസാദത്തിന്നു വിധിച്ച കാലുകളോടുംകൂടിയിരിക്കുന്ന ഗൃഹപിണ്ഡിയേയും ഉണ്ടാക്കുക.

തലേ ദ്വിതീയേ വിദിശാസു കൂടാൻ
ദിശാസു ശാലാഞ്ച തദന്തരേഷു
നാസീർദ്വിശോ വാ രചയേദ്ദിശാസു
മൂർത്തീരജാദ്യാഃ ശിഖരേ ച നാസീഃ 66

ദ്വിതീയേ തലേ = രണ്ടു നിലയുള്ളേടത്ത്, വിദിശാസു കൂടാൻ = കോണുകളിൽ കൂടങ്ങളേയും, ദിശാസു ശാലാഃ ച = ദിക്കുകളിൽ ശാല

Shripuram Publications
www.shripuram.org

കളേയും, തദന്തരേഷു ദ്വിശഃ നാസീഃ വാ = ശാലാകൂടങ്ങളുടെ ഇടയിൽ ഒന്നുതാൻ രണ്ടുതാൻ നാസികകളേയും ശിഖരേ അജാദ്യാഃ മൂർത്തീഃ ച രചയേത് = ശിഖരത്തുങ്കൽ, ബ്രഹ്മാവ്, കിഴക്ക്, ദക്ഷിണാമൂർത്തി തെക്ക്, നരസിംഹം പടിഞ്ഞാറ്, കൃഷ്ണൻ വടക്ക് ഇങ്ങനെ നാലുമൂർത്തികളേയും മരംകൊണ്ടുതാൻ കല്ലുകൊണ്ടുതാൻ ഉണ്ടാക്കിപ്പൂ.

രണ്ടാംനിലയിൽ കോണുകളിൽ കൂടങ്ങളേയും, ദിക്കുകളിൽ ശാലകളേയും, ശാലാകൂടാന്തരങ്ങളിൽ നാസികകളേ(യും) ഈരണ്ടായിട്ടുതാൻ പണിചെയ്ക. പിന്നെ പടിക്കുകളിൽ[7] കീഴുതുടങ്ങി ബ്രഹ്മൻ ദക്ഷിണാമൂർത്തി നരസിംഹം ശ്രീകൃഷ്ണൻ എന്നീ മൂർത്തികളേയും ശിഖരങ്ങളിൽ ഗജത്തിൻതാൻ (?) നാസികകളേയും ഉണ്ടാക്കുക.

ബാഹ്യോത്തരേണ രഹിതേ വിഗതോർദ്ധ്വകൂടേ
ഗ്രീവാന്തരേ നിജഗജാംശകൃശാഗ്രകുഡ്യേ
ന്യസ്യോത്തരം ന്യസതു തത്ര ലുപാസ്തുലാസ്ഥ-
പാദേഷു ലഗ്നശിരസശ്ചരണാർദ്ധലംബാഃ. 67

ഗ്രീവാന്തരേ = മാളികയുള്ളേടത്തു മേലേ നിലയുടെ കാൽനീളത്തുങ്കൽ, ബാഹ്യോത്തരേണ രഹിതേ വിഗതോർദ്ധ്വകൂടേ = പുറത്തേ ഭിത്തിയും ഉത്തരവും കൂടാതേയും മുകളിൽ കൂടംകൂടാതേയും, നിജഗജാംശകൃശാഗ്രകുഡ്യേ = മേല്പോട്ട് എട്ടൊന്നു കുറഞ്ഞിരിക്കുന്ന ഭിത്തിയുടെ പുറത്ത്, ഉത്തരം ന്യസ്യ = ഉത്തരത്തേ വച്ച്, തത്ര തുലാസ്ഥപാദേഷു ലഗ്നശിരസഃ ലുപാഃ ന്യസതു = അവിടെ തുലാങ്ങളുടെ പുച്ഛത്തു വളഞ്ഞുള്ള കാലുകളേ നിർത്തി അത്തൂണുകളുടെ മുകളിൽ പടിപ്പുറത്തു കഴക്കോലുകളുടെ ചുവടു വരുമാറു കഴക്കോലുകളേ, ചരണാർദ്ധലംബാഃ = കാലിൽ പാതിയോളം താണിരിക്കുമാറ് ഉറപ്പിപ്പൂ.

ഇനി മറ്റൊരു പ്രകാരം ഗ്രീവത്തേ ചൊല്ലുന്നു.

ബാഹ്യോത്തരം കൂടാത്തേടത്തു മേൽ കൂടവുമില്ലാതെ ഇരിപ്പൂ. അവിടെ ഒരു ഗ്രീവ വേണമെങ്കിൽ ചുവട്ടുവണ്ണത്തിൽ എട്ടൊന്നു കുറഞ്ഞുവല്ലോ സാമാന്യം ഭിത്തിക്ക് അഗ്രവണ്ണം. ആ ഭിത്തിമേലുത്തരംവച്ച് കഴപ്പലകയുമിട്ട് കഴപ്പലകക്കു നേരേ തുലാമിരുത്തി ആ തുലാങ്ങളിൽ ഓരോ തൂണുനാട്ടി ആ തൂണുകളിലുറപ്പിക്കണം. കഴപ്പലകയുടെ അഗ്രങ്ങൾക്കു കാലിവരത്തിൽ പാതി ഇറത്താഴിച്ചയും വേണം.

പ്രാസാദംസ്ത്രിതലാദിഭാന്തതലനി-
ഷ്ഠാ ജാതയഃ സ്ഥാണുസൂ-

Shripuram Publications
www.shripuram.org

7. പടിയ്ക്ക് = ഭാഗം.

www.shripuram.org

ര്യാദ്യൈരോജസമൈഃ കരൈഃ പരിമിതാ-
ശ്ചാസപ്തതേർവ്വർദ്ധിതൈഃ
ഷോഢാ വഹ്നിതലാദയോ ദ്വ്യധമമ-
ദ്ധ്യശ്രേഷ്ഠക്ലുപ്ത്യാ പൃഥഗ്-
വ്യാസാദ്ര്യംശഗുണാംശകാധികസമു-
ത്സേധാശ്ച തേ പ്രായശഃ. 68

ജാതയഃ പ്രാസാദഃ = ജാതികളാകുന്ന പ്രാസാദങ്ങൾ ത്രിതലാദി ഭാനുതലനിഷ്ഠാഃ = മൂന്നു നില തുടങ്ങി പന്ത്രണ്ടു നിലവരയ്ക്കും ഉണ്ടായി രിക്കുന്നു. സ്ഥാണുസൂര്യാദ്യൈഃ ഓജസമൈഃ ആസപ്തതേഃ വർദ്ധിതൈഃ കരൈഃ പരിമിതാഃ ച = പതിനൊന്നു കോൽ പന്ത്രണ്ടുകോൽ പതിമൂന്നു കോൽ പതിന്നാലുകോൽ ഇങ്ങനെ ഒറ്റയായും ഇരട്ടയായുമുള്ള സംഖ്യ കളേക്കൊണ്ടു വർദ്ധിച്ച് വർദ്ധിച്ച് അറുപത്തിയൊമ്പതുകോൽ എഴുപ തുകോൽവരേയുമുള്ള മുഴക്കോലുകളേക്കൊണ്ട് ഉത്തരനീളം അളവായി ട്ടുമിരിക്കും. വഹ്നിതലാദയഃ ദ്വ്യധമമദ്ധ്യശ്രേഷ്ഠക്ലുപ്ത്യാ പൃഥക് ഷോഢാ = ഈ ത്രിതലാദികൾ പതിനൊന്നുകോലും പന്ത്രണ്ടുകോലും അധമം ത്രിതലം, പതിമൂന്നുകോലും പതിന്നാലുകോലും മദ്ധ്യമം ത്രിതലം, പതി നഞ്ചും പതിനാറും കോൽ ഉത്തമം ത്രിതലം, ഇങ്ങനെ പതിനേഴുകോൽ തുടങ്ങി ഇരുപത്തിരണ്ടുകോൽവരേയും അധമമദ്ധ്യമോത്തമഭേദേന നാലു നിലയായുള്ള ഇരുപത്തിമൂന്നു തുടങ്ങി എഴുപതുകോൽവരേയും ഓരോരോ നിലകൾക്കു ആറാറു പ്രകാരം വരും. തേ പ്രായശഃ വ്യാസാ ദ്ര്യംശഗുണാംശകാധികസമുത്സേധാഃ ച = ഈ പ്രാസാദങ്ങൾക്ക് മിക്ക വാറും തന്റെ വിസ്താരത്തേ ഏഴായിട്ടു പകുത്തതിൽ മൂന്നംശംകൂടിയുള്ള വിസ്താരത്തോളം പൊക്കവുമുണ്ടാകും. അപ്പോൾ പന്ത്രണ്ടു നിലയ്ക്ക് എഴു പതുകോൽ വിസ്താരവും ആറുകോൽ പൊക്കവും വരും.

ഇനി ജാതിച്ഛന്ദവികല്പാഭാസങ്ങളെന്നു നാലു മഹാപ്രാസാദങ്ങളു ള്ളതിൽ നടേ ജാതിമഹാപ്രാസാദലക്ഷണത്തേ ചൊല്ലുന്നു.

മൂന്നു നില ആദിയായി പന്ത്രണ്ടു നില ഒടുക്കമായി ജാതിപ്രാസാദ ങ്ങൾ ഭവിക്കുന്നു. പതിനൊന്നുതുടങ്ങി അറുപത്തൊമ്പതോളം ഒറ്റപ്പെട്ടും, പന്ത്രണ്ടു തുടങ്ങി എഴുപതോളം ഇരട്ടപ്പെട്ടും ഉള്ള കോലുകളേക്കൊണ്ടു അളക്കപ്പെട്ടിരിക്കയും വേണം. ഈ ഓജയുഗ്മങ്ങളിൽ വെവ്വേറെ അധ മമദ്ധ്യമോത്തമക്ലുപ്തിക്കു തക്കവാറു മൂന്നു നിലതുടങ്ങിയുള്ളവ ഓരോ നി ലതോറുമാറാറു പ്രകാരം ഓരോകോൽ തോറും വരികയും ചെയ്യും. ഈ മഹാ പ്രാസാദങ്ങൾ മിക്കവാറും വീതിയിൽ ഏഴെട്ടു മൂന്നുകൂടെ കൂടിയത് ഇവരമായി ഇരിക്കുകയും ചെയ്യും. ഇവിടെ പതിനൊരു കോൽപ്പർഷ ഓ ജാധമം ത്രിഭ്രമി, പതിമ്മുക്കോൽ ഓജമദ്ധ്യമം ത്രിഭ്രമി, പതിനയ്ക്കോൽ

Shripuram Publications
www.shripuram.org

ഓജോത്തമം ത്രിഭ്രമി, പന്തിരുകോൽ യുഗ്മാധമം ത്രിഭ്രമി, പതിന്നാൽ കോൽ യുഗ്മമദ്ധ്യമം ത്രിഭ്രമി, പതിനാറു കോൽ യുഗ്മോത്തമം ത്രിഭ്രമി, പതിനേഴുകോൽ ഓജാധമം ചതുർഭ്രമി. ഇങ്ങനെ മേല്പോട്ട് ഒക്കെ കണ്ടു കൊൾക.

വിശ്വേന്ദ്രാദ്യേഷു ഷട്ഷഷ്ട്യസമസമകരൈ-
രബ്ധിഭൗമാദയഃ സ്യു-
ശ്ഛന്ദാ ഹസ്തൈർനവാശാദിഭിരിഷുരസപ-
ഞ്ചാശദന്തൈർവ്വികല്പാഃ
പഞ്ചക്ഷ്മാദ്യാശ്ച സർവ്വേ പ്രതിതലമുഭി-
ന്നാ വിവസ്വത്തലാന്താ
രുദ്രാദ്യേകോനതാനാവധിഭിരുദധിഭ്ര-
മ്യാദ്യഥാഭാസസംജ്ഞാഃ. 69

വിശ്വേന്ദ്രാദ്യേഷു ഷട്ഷഷ്ട്യസമസമകരൈഃ അബ്ധിഭൗമാദയഃ ഛന്ദാഃ സ്യുഃ = പതിമൂന്നുകോൽ പതിന്നാലുകോൽ തുടങ്ങി അറുപത്തിയഞ്ചുകോൽ അറുപത്തിയാറുകോൽ വരേയും ഉള്ള അളവായിട്ടു നാലുനില തുടങ്ങി പന്ത്രണ്ടുനിലവരെ ഉണ്ടാകുന്ന പ്രാസാദങ്ങൾക്ക് "ഛന്ദ'മെന്നു പേരാകുന്നത്. നവാശാദിഭിഃ ഇഷുരസപഞ്ചാശദന്തൈഃ ഹസ്തൈഃ പഞ്ചക്ഷ്മാദ്യാഃ വികല്പാഃ = ഒമ്പതു കോലും പത്തുകോലും തുടങ്ങി അമ്പത്തിയഞ്ചുകോലും അമ്പത്തിയാറുകോലും വരെയുള്ള കോലുകളെക്കൊണ്ട് അളവായി അഞ്ചുനിലതുടങ്ങി പന്ത്രണ്ടു നിലവരേയും "വികല്പം' എന്നു പേരായ പ്രാസാദങ്ങളുണ്ടാക്കാം. സർവേ പ്രതിതലം ഷഡുഭിന്നാഃ വിവസ്വത്തലാന്താഃ = ഈ പ്രാസാദങ്ങൾ രണ്ടുവകയും നിലകൾ തോറും ഓജയുഗ്മവശാത് അധമമദ്ധ്യമോത്തമഭേദേന ആറാറു പ്രകാരമായി പന്ത്രണ്ടു നിലവരയ്ക്കും വരും. അഥ രുദ്രാദ്യേകോനതാനാവധിഭിഃ ഉദധിഭ്രമ്യാദി ആഭാസസംജ്ഞാഃ = പിന്നെ പതിനൊന്നുകോലും പന്ത്രണ്ടു കോലും തുടങ്ങി നാല്പത്തിയേഴുകോലു(ം) നാല്പത്തിയെട്ടു കോലും വരെ നാലുനില തുടങ്ങി പന്ത്രണ്ടു നിലവരെയും "ആഭാസ'മെന്നു പേരായ പ്രാസാദങ്ങൾ ഉണ്ടാക്കാം.

ഇനി ഛന്ദവികല്പാഭാസങ്ങളെ ചൊല്ലുന്നു.

പതിമ്മുക്കോലും പതിന്നാൽകോലും ആദിയായി അറുപത്തേഴു കോൽ ഒടുക്കമായും ഒറ്റപ്പെട്ടും ഇരട്ടപ്പെട്ടും ഉള്ള കോലുകളേക്കൊണ്ടു നാലുനില ആദിയായിട്ട് ഛന്ദപ്രാസാദങ്ങൾ ഭവിക്കുന്നു. പിന്നെ ഒമ്പതു പത്തു തുടങ്ങി അമ്പത്തഞ്ചു അമ്പത്താറ് ഒടുക്കമായ കോലുകളെക്കൊണ്ട് അഞ്ചുനില തുടങ്ങി വികല്പപ്രാസാദങ്ങൾ ഭവിക്കുന്നു. പിന്നെ ഒമ്പ

www.shripuram.org
Shripuram Publications
www.shripuram.org

തു പത്തുതുടങ്ങി അമ്പത്തഞ്ച് അമ്പത്താറ് ഒടുക്കമായ കോലുകളേക്കൊണ്ട് അഞ്ചുനില തുടങ്ങീട്ടു വികല്പപ്രാസാദങ്ങൾ ഭവിക്കുന്നു. ഇവ ഒക്കയും നടേത്തേപ്പോലെ ഓരോ നിലകൾതോറും ആറാറുപ്രകാരം വരികയും ചെയ്യും. പന്ത്രണ്ടുനിലയോളം ചെല്ലുകയും ചെയ്യും. പിന്നെ പതിനൊരു ക്കോൽ തുടങ്ങി നാല്പത്തെട്ടു കോലോളമുള്ള കോലുകളേക്കൊണ്ട് നാലു നില തുടങ്ങി ആഭാസപ്രാസാദങ്ങളും ഭവിക്കുന്നു.

ആഭാസേ/ത്ര ചതുസ്തലാദിശിവഭ്രു-
മ്യന്തം പൃഥഗ്വേദഭേ-
ദാഢ്യം ദ്വാദശമന്തിമം ദ്ര്യധമമ-
ദ്ധ്യാദിക്രമാത്ഷഡ്ഭിദം
ഷഷ്ടിർജാതിഗൃഹേ ഭിദാഃ കരവശാ-
ച്ഛന്ദേ ഷഡൂനാസ്തതഃ
ഷട്കോനാശ്ച വികല്പധാമനി തഥാ-
//ഭാസേ ദശോനാസ്തതഃ. 70

അത്ര ആഭാസേ = ഈ ആഭാസപ്രാസാദത്തിങ്കൽ, പൃഥക് വേദഭേദാഢ്യം ചതുസ്തലാദി ശിവഭ്രുമ്യന്തം = വെവ്വേറെ നന്നാലുകോൽ നാലു നില തുടങ്ങി പതിനൊന്നു നിലവരയ്ക്കും വരും. അന്തിമം ദ്വാദശം ദ്ര്യധമ മദ്ധ്യാദിക്രമാത് ഷഡ്ഭിദം = ഒടുക്കത്തേ പന്ത്രണ്ടു നിലയ്ക്ക് അധമമദ്ധ്യമോത്തമക്രമേണ നാല്പത്തിമൂന്നു കോലു തടുങ്ങി നാലപത്തിയെട്ടുകോലുവരേയും ആറു പ്രകാരം വരും. ജാതി ഗൃഹേ കരവശാത് ഷഷ്ടിഃ ഭിദാഃ = മുമ്പിൽ പറഞ്ഞ ജാതിപ്രസാദങ്ങൾ കോൽപ്പർഷയിൽ നോക്കുമ്പോളുറുപതു പ്രകാരമുണ്ടാകും. ത്രിതലാദി ദ്വാദശതലാന്തവും കൂടി. ഛന്ദേ ഷഡൂനാഃ = ഛന്ദപ്രാസാദങ്ങൾ കോൽപ്പർഷയിൽ അമ്പത്തുനാലുപ്രകാരം വരും. ചതുസ്തലാദിദ്വാദശതലാന്തം വികല്പധാമനി തതഃ ഷട്കോനാഃ = വികല്പപ്രാസാദങ്ങൾ നാല്പത്തിയെട്ടുപ്രകാരം വരും പഞ്ചതലാദിദ്വാദശതലാന്തം. അഥ ആഭാസേ ദശോനാഃ = അനന്തരം ആഭാസപ്രാസാദങ്ങൾ മുപ്പത്തിയെട്ടുപ്രകാരം വരും ചതുസ്തലാദി ദ്വാദശതലാന്തം.

ഇനിയും ആഭാസപ്രാസാദത്തേത്തന്നെ ചൊല്ലുന്നു.

ഇവിടെ ആഭാസപ്രാസാദത്തിങ്കൽ ഭേദമുണ്ട്. നാലു നില തുടങ്ങി പതിനൊന്നു നിലയോളം ഓരോ നിലതോറും നന്നാലു ഭേദമേയുള്ളു. പതിനൊരുകോൽ ഓജാധമചതുസ്ഥൂലം, പതിമ്മൂന്നുക്കോൽ ഓജോത്തമചതുസ്ഥൂലം, പതിങ്കോൽ യുഗ്മാധമചതുസ്ഥൂലം, പതിന്നാങ്കോൽ യുഗ്മോത്തമചതുസ്ഥൂലം, പതിനങ്കോൽ ഓജാധമപഞ്ചതലം ഇങ്ങനെ പതിനൊന്നു നിലയോളം നന്നാലുഭേദമേയുള്ളൂ, ഒടുക്കത്തേ പന്ത്രണ്ടുനി

Shripuram Publications
www.shripuram.org

ല നടേത്തേപ്പോലെ. രണ്ടിലും, അധമമദ്ധ്യമോത്തമക്രമാൽ ആറു പ്രകാരംതന്നെ ഉണ്ടുതാനും. ഈവണ്ണമാകുമ്പോൾ കോൽവശാൽ ജാതിപ്രാസാദങ്ങൾ അറുപതുപ്രകാരമുണ്ടാം, ഛന്ദങ്ങൾ അമ്പത്തിനാലു പ്രകാരം, വികല്പം അമ്പത്തെട്ടു പ്രകാരം, ആഭാസം മുപ്പത്തെട്ടു പ്രകാരമുണ്ടാം.

അനന്തരം വൃത്തപ്രാസാദത്തെ പറയുന്നു.

[8]സ്വാഭീഷ്ടനാഹേ ദശയുക്തസപ്ത-
ശതാംശിതേ വിശ്വലസച്ഛതാംശഃ
യസ്തേന മാനേന പരിഭ്രമയ്യ
വൃത്താത്മകം വേശ്മ സമാതനോതു. 71

സ്വാഭീഷ്ടനാഹേ ദശയുക്തസപ്തശതാംശിതേ = തനിക്കു ഇഷ്ടമായിരിക്കുന്ന പ്രാസാദത്തിന്റെ ചുറ്റിനേ എഴുനൂറ്റിൽ പത്ത് അംശമാക്കിയാൽ അതിൽ, വിശ്വലസച്ഛതാംശഃ യഃ = നൂറ്റിപ്പതിമൂന്ന് അംശം കൂടിയാൽ എത്രയെന്ന് അറിഞ്ഞ്, തേന മാനേന പരിഭ്രമയ്യ വൃത്താത്മകം വേശ്മ സമാതനോതു = ആ നൂറ്റിപ്പതിമൂന്ന് അംശം വ്യാസാർദ്ധം വരുമാറു വൃത്തം വരപ്പൂ. അപ്പോൾ വൃത്തപ്രാസാദത്തുങ്കലേ ഇഷ്ടമായ ചുറ്റുവരും. പിന്നെ അളന്നു സൂക്ഷ്മമാക്കിക്കൊള്ളൂ.

വൃത്തത്തേച്ചൊല്ലുന്നു.

തനിക്ക് ഇഷ്ടമായി കല്പിച്ച പ്രാസാദത്തിന്റെ ചുറ്റിനേ എഴുനൂറ്റൊരുപതു പകുത്താൽ അതിൽ നൂറ്റൊരുപത്തിമൂന്നംശംകൊണ്ടു വൃത്തം വീശി വൃത്തപ്രാസാദത്തേ പണിചെയ്തുകൊള്ളുക.

ദീർഘചതുരശ്രപ്രാസാദത്തേപ്പറയുന്നു.

നാഹാർദ്ധമാനപ്രചയേ ഹരിദ്ഭിർ-
ഭക്തേഽർണവാംശൈർവ്വിതതിം തനോതു
ആയാമമംശൈരൃതുസമ്മിതൈശ്ച
ത്ര്യശ്രദീർഘസ്യ സുരാലയസ്യ. 72

നാഹാർദ്ധമാനപ്രചയേ = ഇഷ്ടമായ ചുറ്റിനേ പാതിയാക്കിയാൽ ഹരിദ്ഭിഃ ഭക്തേ = ആ പാതിയേ പത്തായിട്ടു പകുത്തതിൽ, അർണ്ണവാംശൈഃ വിതതിം, ഋതുസമ്മിതൈഃ അംശൈഃ ആയാമം = നാല് അംശങ്ങളേക്കൊണ്ട് വിസ്താരത്തേയും ആറ് അംശങ്ങളേക്കൊണ്ട് നീള ത്തേയും, തനോതു = ഉണ്ടാക്കൂ. ത്ര്യശ്രദീർഘസ്യ സുരാലയസ്യ = ദീർഘചതുരശ്രമായിരിക്കുന്ന പ്രാസാദത്തിന്റെ വിധി ഇങ്ങനെ.

8. 'മാനേ' എന്ന് അച്ചടിച്ചതിൽ പാഠം.

Shripuram Publications
www.shripuram.org

ഇനി ചതുരായതപ്രാസാദത്തേ ചൊല്ലുന്നു.

ചതുരായതപ്രാസാദത്തിന്നു കല്പിച്ച ചുറ്റിന്റ അർദ്ധത്തേ പകുത്തു കൊണ്ട്, അതിന്റെ നാലംശങ്ങളേക്കൊണ്ട് (വിസ്താരത്തേയും) ആറംശത്തേക്കൊണ്ടു നീളത്തേയുമുണ്ടാക്കിക്കൊള്ളൂ.

ഗജപൃഷ്ഠപ്രാസാദത്തെപ്പറയുന്നു.

സ്വാഭീഷ്ടേ പരിണാഹമാനനിചയേ
ധാമ്നശ്ചതുഷ്ഷഷ്ടിഭാ-
ഗോനേ/ഷ്ടാദശധാ കൃതേ/ർണവമിതൈ-
രംശൈഃ പൃഥക്കല്പയേത്
പാർശ്വദ്വന്ദ്വസമായതീ മുഖതത്വം
ച ദ്വ്യംശസൂത്രഭ്രമാത്
പ്രായഃ സാംഘ്രിരസാംശനാഹമപി പൃ-
ഷ്ഠം ഹസ്തിപൃഷ്ഠാത്മനഃ. 73

ഹസ്തിപൃഷ്ഠാത്മനഃ ധാമ്നഃ = ആനയുടെ പുറവുപോലെ പൃഷ്ഠഭാഗം വൃത്തമായും, ശേഷം മൂന്നുപുറവും ചതുരവുമായിരിക്കുന്ന പ്രാസാദത്തിന്റെ പണിയിങ്കൽ, സ്വാഭീഷ്ടേ പരിണാഹമാനനിചയേ = തനിക്ക് ഇഷ്ടമായിരിക്കുന്ന ചുറ്റിൽ, ചതുഷ്ഷഷ്ടിഭാഗോനേ = അറുപത്തിനാലായി പകുത്താലതിലൊരംശം കളഞ്ഞ്, ശേഷം അറുപത്തിമൂന്ന് അംശമുള്ളതിനേ, അഷ്ടാദശധാ കൃതേ = പതിനെട്ടായിട്ടു പകുപ്പൂ. അർണ്ണവമിതൈഃ അംശൈഃ പൃഥക് പാർശ്വദ്വന്ദ്വസമായതീ മുഖതതിം ച = അതിൽ നാലംശങ്ങൾ കൂടിയുള്ളിടത്തോളം രണ്ടുപുറത്തു നീളവും, മുമ്പിൽ വിസ്താവുമുണ്ടാക്കൂ. ദ്വ്യംശസൂത്രഭ്രമാത് സാംഘ്രിരസാംശനാഹം പൃഷ്ഠം അപി = പിന്നെ രണ്ടംശത്തോളം നീളമുള്ള സൂത്രംകൊണ്ട് പിറകിൽ വൃത്തം വീശുമ്പോൾ, മിക്കവാറും ആറേകാൽ അംശംകൂടിയിടത്തോളം പൃഷ്ഠഭാഗവും വൃത്തമായിട്ട് ഉണ്ടാക്കൂ. ഇങ്ങനെ ഗജപൃഷ്ഠത്തിങ്കലേ വിധി.

ഇനി ഹസ്തിപൃഷ്ഠപ്രാസാദത്തേ ചൊല്ലുന്നു.

ഹസ്തിപൃഷ്ഠപ്രാസാദത്തിന്നു കല്പിച്ച ചുറ്റിന്റെ അറുപത്തിനാലാലൊന്നുകളഞ്ഞ് ശേഷത്തേ പതിനെട്ടംശിച്ചാൽ നാലംശംകൊണ്ടു രണ്ടുപുറത്തേ നീളത്തേയും, മുമ്പിലേ വിസ്താരത്തേയും വെവ്വേറെ കല്പിക്ക. പിന്നെ പൃഷ്ഠത്തേ രണ്ടംശംകൊണ്ടു വീശിക്കൊള്ളുക. ആ പൃഷ്ഠം മിക്കവാറും ആറേകാലംശം ചുറ്റായി ഇരിക്കും താനും.

Shripuram Publications
www.shripuram.org

ദീർഘവൃത്തപ്രാസാദത്തെ പറയുന്നു.

www.shripuram.org

ഭാഗദ്വയേ ദ്വിരദപൃഷ്ഠസമുക്ത[9]രീത്യാ
വൃത്തീകൃതേ തദുഭയാന്തരഭാഗദൈർഘ്യം
സ്വേധ്യാംശതോ വിരഹിതേന ഗുണാംശകേന
വൃത്തായതേ വിതനയാത് സുരവര്യധിഷ്ണ്യേ. 74

വൃത്തായതേ സുരവര്യധിഷ്ണ്യേ = വൃത്തദീർഘമായിരിക്കുന്ന പ്രാസാദത്തുങ്കൽ, ഭാഗദ്വയേ ദ്വിരദപൃഷ്ഠസമുക്തരീത്യാ വൃത്തീകൃതേ = മുമ്പിലും പിറകിലും ഗജപൃഷ്ഠത്തുങ്കൽ പറഞ്ഞപോലെ പതിനെട്ടാക്കിയതിന്റെ രണ്ടംശം കൊണ്ടു വൃത്തമുണ്ടാക്കി. തദുഭയാന്തരഭാഗദൈർഘ്യം = ആ വൃത്താർദ്ധങ്ങൾ രണ്ടിന്റെ ഇടയിൽ രണ്ടു പാർശ്വത്തുങ്കൽ നീളത്തേ, സ്വേധ്യാംശതഃ വിരഹിതേന ഗുണാംശകേന വിതനയാത് = അഷ്ടാദശം മുന്നിൽ ഇരട്ടിച്ചതിൽ തന്റെ ഇരുപത്തിയൊന്നിൽ ഒരംശം കുറച്ച് ശേഷംകൊണ്ടു നീളത്തേയും വരുത്തു. ഇങ്ങനെ ദീർഘവൃത്തവിധി.

ഇനി വൃത്തായതപ്രാസാദത്തേ ചൊല്ലുന്നു.

വൃത്തായതപ്രാസാദത്തുങ്കൽ, ഹസ്തിപൃഷ്ഠത്തുങ്കൽ ചൊല്ലിയപോലെ, രണ്ടുതലയും വൃത്തമാക്കി ചമച്ചാൽ അതു രണ്ടിന്റേയും ഇടയിലുള്ള നീളത്തേ, തന്റെ ഇരുപത്തിഒന്നാലൊന്നിനോടുകൂടാതെ ഇരിക്കുന്ന മൂന്നംശങ്ങളേക്കൊണ്ട് ഉണ്ടാക്കിക്കൊള്ളൂ.

ഷട്കോണായ പ്രാസാദത്തേ പറയുന്നു.

ഷോഢാ വിഭജ്യ നിജവാഞ്ഛിതമാനരാശി-
മംശായതാനി പരികല്പ്യഷഡശ്രകാണി
കുര്യാദ് ഗൃഹം രസപുടം ദ്വിഗുണാംശമാനോ-
വ്യാസോ/ംശിതേ/ത്ര തിഥിഭിർനയനാംശഹീനഃ 75

നിജവാഞ്ഛിതമാനരാശിം ഷോഢാ വിഭജ്യ = തനിക്ക് ഇഷ്ടമായിരിക്കുന്ന ചുറ്റിനേ ആറായിട്ടു പകുത്ത്, അംശായതാനി ഷഡശ്രകാണി പരികല്പ്യ = അതിലോരോ അംശത്തോളം നീളമായിട്ട് ആറ് ഉത്തരങ്ങളേ തമ്മിൽകൂട്ടി ആറു കോണാക്കു. രസപുടം ഗൃഹം കുര്യാത് = ഇങ്ങനെ ഷഡ്കോണായ പ്രാസാദത്തേ ഉണ്ടാക്കു. അത്ര ദ്വിഗുണാംശമാനഃ തിഥിഭിഃ അംശിതേ നയനാംശഹീനഃ വ്യാസഃ = ഇവിടെ രണ്ടംശങ്ങൾ തമ്മിൽ കൂടിയ വ്യാസത്തേ പതിനഞ്ചായി പകുത്താൽ, അതിൽ രണ്ടംശം എത്രയെന്നാൽ അത്രയും ഉത്തരനീളം ഇരട്ടിച്ച വിസ്താരത്തിൽ തന്നെ കളവൂ. ശേഷം പ്രാസാദത്തിന്റെ പൂർവാപരവിസ്താരമായിവരും. ഈ വിസ്താരം ദണ്ഡായിട്ടും വരും.

9. 'നീത്യാ' മുദ്രിതപാഠം.

www.shripuram.org
Shripuram Publications
www.shripuram.org

ഇനി ഷഡശ്രപ്രാസാദത്തേ ചൊല്ലുന്നു.

തന്നാൽ ശ്രദ്ധിക്കപ്പെട്ടിരിക്കുന്ന ചുറ്റിനേ ആറു പകുത്താൽ ഓരോ അംശം നീളമായിട്ടു ആറംശങ്ങളേയും കല്പിച്ചാൽ ഇവിടെ വിസ്താരം രണ്ടംശമായി ഭവിക്കുന്നു. തന്നേക്കൊണ്ടു പതിനഞ്ചിട്ടാൽ രണ്ടംശം കുറഞ്ഞിരിക്കയും വേണം. ഇങ്ങനെ ഷടകോണായിട്ടുള്ള പ്രാസാദത്തേ ഉണ്ടാക്കിക്കൊള്ളുക.

അഷ്ടാശ്രപ്രാസാദതത്തെ പറയുന്നു.

സ്വാഭീഷ്ടനാഹേ ദശധാ വിഭക്തേ
വ്യാസസ്ത്രിഭാഗൈർദ്വിഷഡംശിതേ/സ്മിൻ
വ്യാസേ ശരാംശൈർവ്വിഹിതായതാംസ്ത-
ദശ്രീംഞ്ച കുര്യാദ് വസുകോണധാമ്നഃ 76

വസുകോണധാമ്നഃ സ്വാഭീഷ്ടനാഹേ ദശധാ വിഭക്തേ = അഷ്ടകോണായ പ്രാസാദത്തിന്ന് തനിക്ക് ഇഷ്ടമായിരിക്കുന്ന ചുറ്റിനേ പത്തായിട്ടു പകുത്താൽ, ത്രിഭാഗൈഃ വ്യാസഃ = അതിൽ മൂന്നംശംകൂടിയതു പ്രാസാദത്തിന്റെ വിസ്താരം. അസ്മിൻ ദ്വിഷഡംശിതേ = ആ വിസ്താരത്തേ പന്ത്രാണ്ടായിട്ടു പകുത്തതിൽ, ശരാംശൈഃ വിഹിതായതാൻ തദശ്രീൻ ച കുര്യാത് = അഞ്ചംശങ്ങളെക്കൊണ്ട് ഉത്തരനീളമുണ്ടാക്കി എട്ടുത്തരങ്ങളും തമ്മിൽക്കൂട്ടി അഷ്ടാശ്രമായ പ്രാസാദത്തേ ഉണ്ടാക്കൂ.

ഇനി അഷ്ടാശ്രപ്രാസാദത്തേ ചൊല്ലുന്നു.

അഷ്ടാശ്രപ്രാസാദത്തിന്റെ ഓരോ അംശങ്ങളുടെ നീളത്തേയും കല്പിച്ച് ചുറ്റിനേ പത്തു പകുത്താൽ മൂന്നംശങ്ങളേക്കൊണ്ട് വിസ്താരത്തേയും വിസ്താരത്തേ പന്ത്രണ്ടംശിച്ചാൽ അഞ്ചംശങ്ങളേക്കൊണ്ട് അതിന്റെ ഓരോ അഗ്രങ്ങളുടെ നീളത്തേയും ഉണ്ടാക്കുക.

മൂലാദ്യാശിഖരം യുഗാശ്രരചിതം
ഗേഹം സ്മൃതം നാഗരം
ഗ്രീവാദ്യാശിഖരക്രിയം ഷഡുരഗാ-
ശ്രോദ്ഭേദിതം ദ്രാവിഡം
മൂലാദ്വാ ഗളതോ/ഥവാ പരിലസദ്-
വൃത്താത്മകം വേസരം
തേഷ്വേകം പൃഥഗാത്തലക്ഷ്മസു വിദ-
ദ്ധ്യാദാത്മനഃ സമ്മതം. 77

Shripuram Publications
മൂലാദി ആശിഖരം യുഗാശ്രരചിതം ഗേഹം നാഗരം സ്മൃതം = അധിഷ്ഠാനം തുടങ്ങി താഴികക്കുടത്തോളം ചതുരശ്രമായിരിക്കുന്ന പ്രാസാദം
www.shripuram.org

നാഗരമെന്നു പറയും. ഗ്രീവാദ്യാശിഖരക്രിയാ ഷഡ്വരഗാശ്രോദ്ഭേതിതം ദ്രാവിഡം = ഒരു നിലയ്ക്കുമേൽ ഷട്കോണായിട്ടും അഷ്ടകോണായിട്ടുമുള്ള പ്രാസാദം ദ്രാവിഡമെന്നു പറയും. അധിഷ്ഠാനം ചതുരശ്രമായിട്ടുമാം. മൂലാദ് വാ ഗളതഃ വാ പരിലസദ്വൃത്താത്മകം വേസരം = ചുവട്ടിൽ തുടങ്ങിത്താൻ മേൽനിലയുടെ ഗളത്തിങ്കൽ തുടങ്ങിത്താൻ വൃത്തമായിരിക്കുന്ന പ്രാസാദം വേസരമെന്നു പറയും. തേഷ്വ ആത്മനഃ സമ്മതം ആത്തലക്ഷ്മ(സു) ഏകം വിദദ്ധ്യാത് = ഇങ്ങനെയുള്ള പ്രാസാദങ്ങളിൽ തനിക്ക് ഇഷ്ടമായിരിക്കുന്നതിനേ തനിക്കു വിധിച്ചിരിക്കുന്ന ലക്ഷണത്തോടുകൂടീട്ട് പ്രാസാദത്തേ ഉണ്ടാക്കിപ്പൂ.

ഇനി നാഗരാദിപ്രാസാദങ്ങളേ ചൊല്ലുന്നു.

അധിഷ്ഠാനം തുടങ്ങി ശിഖരം കഴിവോളംതന്നെ ചതുരശ്രാകാരമായി പണിചെയ്ത പ്രാസാദം നാഗരമെന്ന് സ്മൃതമായി. അധിഷ്ഠാനം തുടങ്ങി മഞ്ചംകഴിവോളം ചതുരശ്രമായി, പിന്നെ ഗളംതുടങ്ങി ശിഖരം കഴിവോളം ഷഡശ്രമായിത്താൻ അഷ്ടാശ്രമായിത്താൻ ഉള്ളത് ദ്രാവിഡമെന്ന് സ്മൃതമായി. അധിഷ്ഠാനം തുടങ്ങി ശിഖരം കഴിവോളം വൃത്തമായിത്താനുള്ളതു വേസരമെന്നും സ്മൃതമായി. ഇവ മൂന്നാലൊന്നിനേ വെവ്വേറേ ലക്ഷണയുക്തമാംവണ്ണമുണ്ടാക്കുക.

അനന്തരം മുഖമണ്ഡപാദികളേ പറയുന്നു.

നേത്രേഷുസപ്തദശഭാനുഭിരാദിധാമ്ന-
സ്താരം വിഭജ്യ വിധുലോകയുഗാംഗഭ്രുതൈഃ
വിസ്താരമത്ര രചയേന്മുഖമണ്ഡപസ്യ
പാദോനമർദ്ധമഥവാ സമമസ്യ ദൈർഘ്യം. 78

ആദിധാമ്നഃ താരം = മൂലപ്രാസാദത്തിന്റെ വിസ്താരത്തേ, നേത്രേഷുസപ്തദശഭാനുഭിഃ വിഭജ്യ വിധുലോകയുഗാംഗഭ്രുതൈഃ മുഖമണ്ഡപസ്യ വിസ്താരം രചയേത് = രണ്ട് അഞ്ച് ഏഴ് പത്ത് പന്ത്രണ്ട് ഈ സംഖ്യകളേക്കൊണ്ടു വിഭജിച്ചാൽ, അതിൽ ഒന്ന് മൂന്ന് നാല് ആറ് അഞ്ച് ഈ സംഖ്യകളെക്കൊണ്ട് മുഖമണ്ഡപത്തിന്റെ വിസ്താരത്തേ അഞ്ചുപ്രകാരമുണ്ടാക്കാം. അസ്യ പാദോനം അർദ്ധം അഥവാ സമം ദൈർഘ്യം = ഈ മുഖമണ്ഡപത്തിന്നു, വിസ്താരത്തിൽ മുക്കാലായിട്ടും പാതിയായിട്ടും, എന്നിയേവിസ്താരതുല്യമായിട്ടും നീളത്തേയുമുണ്ടാക്കാം.

ഇനി മുഖമണ്ഡപത്തേ ചൊല്ലുന്നു.

മൂലപ്രാസാദത്തിന്റെ വിസ്താരത്തേ രണ്ട് അഞ്ച് ഏഴ് പത്ത് പന്ത്രണ്ട് എന്നിവറ്റാലൊന്നുകൊണ്ടു പകുത്താൽ, ക്രമത്താലേ ഒന്ന് മൂന്ന് നാല് ആറ് അഞ്ച് എന്നീ അംശങ്ങളേക്കൊണ്ട് ഇവിടെ മുഖമണ്ഡപ

Shripuram Publications
www.shripuram.org

ത്തിന്റെ വിസ്താരത്തേ കണ്ടുകൊള്ളുക. പിന്നെ ആ പ്രാസാദവിസ്താര ത്തിന്റെ മുക്കാലൂതാൻ അരതാൻ സമം തന്നെതാൻ ആയിട്ടു ദീർഘത്തേ യുമുണ്ടാക്കുക. വാ ശബ്ദംകൊണ്ടു ഇനി പലപ്രകാരമുള്ള മുഖമണ്ഡപമെ ന്നു സൂചിക്കച്ചെയ്തത്.

ദണ്ഡേ/ർദ്ധേ/ന്തർഗതം മണ്ഡലമവനിമിതേ-
/ർദ്ധാന്വിതേ വാ/ന്തഹാരാ
ദോസ്സംഖ്യേ മദ്ധ്യഹാരാ ജലധിപരിമിതേ
ബാഹ്യഹാരാ/ദ്രിസംഖ്യേ
മര്യാദാ മൂലധാമ്നഃ പ്രഥമചരമവ-
ർജ്ജം മുഖായാമയുക്താഃ
പ്രാകാരഃ പഞ്ച കാര്യാഃ സ്യുരിഹ ചരമസീ-
മൈകവിംശേ/പി വാ സ്യാത്. 79

മൂലധാമ്നഃ അർദ്ധേ ദണ്ഡേ അന്തർഗതം മണ്ഡലം = മൂലപ്രാസാദ ത്തുങ്കൽനിന്നുചുറ്റം അരദണ്ഡുസ്ഥലത്തിനു അന്തർമണ്ഡലമെന്നു പേര്. അവനിമിതേ അർദ്ധാന്വിതേ വാ അന്തഹാരാ = ഒരു ദണ്ഡുതാൻ ഒന്ന ര ദണ്ഡുതാൻ ചെന്നേടത്ത് അന്തഹാരയാകുന്ന അമ്പലസ്ഥാനം. ദോഃ സംഖ്യേ മദ്ധ്യഹാരാ = രണ്ടു ദണ്ഡു ചെന്നേടത്തു മദ്ധ്യാഹാരയാകുന്ന വിളക്കുമാടസ്ഥാനം. ജലധിപരിമിതേ ബാഹ്യഹാരാ = നാലു ദണ്ഡു ചെ ന്നേടത്തോളം ബാഹ്യഹാരയാകുന്ന ശീവേലിപ്പുരയുടെ സ്ഥാനം. അദ്രി സംഖ്യേ മര്യാദാ = ഏഴു ദണ്ഡു ചുറ്റം ചേന്നേടം മതിലിന്റെ സ്ഥാനം. ഇങ്ങനെ പഞ്ചപ്രാകാരങ്ങളേ ഉണ്ടാക്കൂ. പ്രഥമചരമവർജ്ജം മുഖായാമ യുക്താഃ പഞ്ച പ്രാകാരാഃ കുര്യാ സ്യുഃ = ഇവിടെ അന്തർമണ്ഡലത്തിന്നും, പുറത്തേ മതിലിനും ചതുരമായിത്തന്നെ, മറ്റേവ അന്തഹാരാദി മൂന്നിനും മുമ്പിലേ വശത്തു നീളമേറിയിരിക്കുമാറ് പഞ്ചപ്രാകാരങ്ങൾ. ഇഹ ചര മസീമാ ഏകവിംശേ വാ സ്യാത് = ഒടുക്കത്തേ മതിൽസ്ഥാനം ഇരുപ ത്തിയൊന്നെങ്കിലുമാം.

മൂലപ്രാസാദത്തുങ്കൽനിന്ന് അരദണ്ഡ് ചെന്നേടത്ത് അന്തർമണ്ഡ ലം, ഒരു ദണ്ഡുതാൻ ഒന്നര ദണ്ഡുതാൻ ചെന്നേടത്ത് അന്തഹാരാ, രണ്ടു ദണ്ഡു ചെന്നേടത്തു മദ്ധ്യാഹാര, നാലു ദണ്ഡുചെന്നേടത്തു ബാഹ്യഹാ രാ, ഏഴു ദണ്ഡുചെന്നേടത്തു മര്യാദാ, ഇങ്ങനെ പഞ്ചപ്രാകാരങ്ങൾ ഉണ്ടാ ക്കപ്പെടണം. പ്രഥമ ചരമവർജ്യമാംവണ്ണം മുഖായാമയുക്തങ്ങളായിരിക്ക യും വേണം. അന്തർമണ്ഡലത്തിന്നും മര്യാദയ്ക്കും മുഖായാമം വേണ്ട. മറ്റേ വ മൂന്നിനുംവേണമെന്നു താല്പര്യം. മര്യാദേടെ സ്ഥാനം ഇരുപത്തിഒന്നു ദണ്ഡുചേന്നേടത്തു കല്പിക്കിലുമാം.

www.shripuram.org
Shripuram Publications
www.shripuram.org

പ്രാസാദസ്യോത്തരസമവധേർജാഗതാന്തസ്യ വാ സ്യാ-
ദ്വ്യാസോ ദണ്ഡസ്ത്രിവിധ ഉദിതഃ പാദുകാന്തസ്യ വാ/ത്ര
നേയശ്ചായം നിജനിജപദാദേകദണ്ഡഃ സപാദഃ
സാർദ്ധഃ സാംഘ്രിത്രയ ഇതി മുഖായാമമാനം സമുക്തം. 80

പ്രാസാദസ്യ ഉത്തരസമവധേഃ = പ്രാസാദത്തിന്റെ ഉത്തരപ്പുറം തുടങ്ങി മറ്റേപ്പുറത്തേ ഉത്തരപ്പുറമോളം താൻ ദണ്ഡു ആകുന്നു. ജാഗതാന്തസ്യ വാ പാദുകാന്തസ്യ വാ വ്യാസഃ ത്രിവിധഃ ദണ്ഡഃ ഉദിതഃ = ജഗതിയുടെ നീളം താൻ, പാദുകത്തിന്റെ നീളംതാൻ മൂന്നുപ്രകാരം ദണ്ഡിന്റെ നീളം വരും. അയംനിജനിജപദാൽ നേയഃ = ഈ ദണ്ഡുകൊണ്ടുള്ള അളവ് ഉത്തരദണ്ഡാകിൽ ഉത്തരപ്പുറത്തു തുടങ്ങിയും, ജഗതിദണ്ഡാകിൽ ജഗതിപ്പുറത്തു തുടങ്ങിയും, പാദുകദണ്ഡു പാദുകപ്പുറത്തുനിന്നും തുടങ്ങിയും അളക്കണം. ഏകദണ്ഡഃ സപാദഃ സാർദ്ധഃ സാംഘ്രിത്രയഃ ഇതി മുഖായാമമാനം സമുക്തം = ഒരു ദണ്ഡായിട്ടും ഒന്നേകാൽ ഒന്നര ഒന്നേമുക്കാൽ ദണ്ഡായിട്ടും അന്തഹാരാദികളിലേ മുഖായാമം പറയപ്പെട്ടു.

ഇനി ദണ്ഡിനെ ചൊല്ലുന്നു.

പ്രാസാദത്തിന്റെ ഉത്തരപ്പുറംതാൻ ജഗതിപ്പുറംതാൻ പാദുകപ്പുറം താൻ ആയിരിക്കുന്ന വിസ്താരം ഇവിടെ ത്രിവിധമായിരിക്കുന്ന ദണ്ഡു ചൊല്ലപ്പെട്ടു. പാദകപ്പുറം ദണ്ഡെങ്കിൽ പാദുകപ്പുറത്തുനിന്നു ദണ്ഡു കൊണ്ടുപോകേണ്ടു. ജഗതിപ്പുറം ദണ്ഡെങ്കിൽ ജഗതിപ്പുറത്തുനിന്നു പോകണം. ഉത്തരപ്പുറം ദണ്ഡെങ്കിൽ ഉത്തരപ്പുറത്തുനിന്നു പോകണം. പിന്നെ ഒരു ദണ്ഡുതാനൊന്നേകാൽ ദണ്ഡുതാൻ ഒന്നര ദണ്ഡുതാനൊന്നേമുക്കാൽ ദണ്ഡുതാൻ ഇങ്ങനെ മുഖായാമത്തിന്റെ അളവു ചൊല്ലപ്പെട്ടു.

ഭക്തായാമമഗ്രഭ്രമാവിഷുഭിരിഹ ബഹിർ-
ദ്വ്യംശകം ത്ര്യംശമന്തഃ
കൃത്വാ/ന്തർമണ്ഡലേ ദിക്പരിവൃഢബലിപീ-
ഠേഷു തദ്ദണ്ഡസീമാ
പ്രാച്യാവാച്യാഃ സ്വസൂത്രേഷ്വിതരദിഗധിപാ-
ശ്ചാലിതാഃ കിഞ്ചനാതഃ
പ്രാദക്ഷിണ്യാന്മിഥസ്തേ ദ്വിതയ ഇഹ മഹാ-
ദിങ്മുഖാഃ സമ്മുഖാശ്ച. 81

ദിക്പരിവൃഢബലിപീഠേഷു = ഇന്ദ്രാദിദിക്പാലന്മാരുടെ ബലിക്കല്ലുകളിൽ, അഗ്രഭ്രമൗ ഇഷുഭിഃഭക്തായാം = മുകളിലേ വൃത്തഭാഗത്തേ അഞ്ചായിട്ടു പകുത്താൽ, ബഹിഃ ദ്വ്യംശകം അന്തഃത്ര്യംശകം ച കൃത്വാ

Shripuram Publications
www.shripuram.org

= പുറത്തു രണ്ടംശകവും, അകത്തു മൂന്നംശകവും വരുമാറ്, അന്തർമണ്ഡലേ തദ്ദണ്ഡസീമാ = അന്തർമ്മണ്ഡലത്തുങ്കലേ അരദണ്ഡിന്റെ അറുതി വരുത്തു. പ്രാച്യാവാച്യാഃ സ്വസൂത്രേഷു = ഈശാൻ തുടങ്ങി നിരൃതിവരേയും കിഴക്കും തെക്കുമുള്ള ബലിക്കല്ലുകൾ, തന്റെ സൂത്രത്തുങ്കൽ തന്നെ വരും. ഇതരദിഗധിപാഃ പ്രാദക്ഷിണ്യാത് കിഞ്ചന ചാലിതാഃ = വരുണാദിസോമാന്തം മൂന്ന പ്രദക്ഷിണമായി അല്പം മാറി ഇരിക്കണം. തേ ദ്വിതയേ മിഥഃ മഹാദിങ്മുഖാഃ സമ്മുഖാഃ ച = രണ്ടു ബലിക്കല്ലുകൾ തമ്മിൽ ദിക്കുനോക്കി അഭിമുഖമായും വരണം. ഇന്ദ്രൻ വരുണനേ നോക്കും. യമൻ സോമനേ നോക്കും. അഗ്നി നിരൃതിയേ നോക്കും. വായു ഈശാനനേ നോക്കും. കോണുനോക്കി ഒന്നുമിരിക്കയുമില്ല. വലത്തു കണ്ണിനു നേരേ വരുമാറും ഗമനവുമുണ്ടായിരിക്കണം.

ഇനി അന്തർമണ്ഡലത്തുങ്കലേ ബലിപീഠങ്ങളേ ചൊല്ലുന്നു.

അന്തർമണ്ഡലത്തുങ്കൽ ദിക്പാലന്മാരുടെ ബലിക്കല്ലുകളിൽ മുക്കാൽപരപ്പിലേ വീതികൊണ്ട് അഞ്ചംശിച്ചാൽ പുറത്തുരണ്ടും അകത്തു മൂന്നും കഴിച്ചുള്ള സൂത്രത്തിങ്കലിവിടെ ആ ദണ്ഡ് അറുതിയാകുന്നു. കിഴക്കേവയും തെക്കേവയും തന്റെതന്റെ സൂത്രങ്ങളിൽതന്നെ. മറ്റേവ തന്റെ തന്റെ സൂത്രത്തുങ്കൽനിന്നു വലത്തുടേ കുറഞ്ഞൊന്നു നീങ്ങുകയും വേണം. ഒക്കയും തങ്ങളിൽ അന്യോന്യം നോക്കിയിരിക്കയും വേണം. കോണുനോക്കി ഇരിക്കരുതുതാനും. ഈശാന്തകോണും അഗ്നിയും പടിഞ്ഞാറുനോക്കി, നിരൃതിയും വായുവും കിഴക്കുനോക്കിയുമാക്കണം എന്നു താല്പര്യം.

അനന്തരം മണ്ഡപത്തെ പറയുന്നു.

അന്തർമണ്ഡലതോ വ്യതീത്യ കരമാ-
ത്രം പ്രാർച്ചനാമണ്ഡപം
ത്വര്യശ്രം സമസൂരകം നിജമുഖാ-
യാമസ്യ വാ മദ്ധ്യതഃ
വേദസ്തംഭട്ടൈകഭാരമഥവാ
കുര്യാച്ചതുർദ്വാദശ-
സ്തംഭദ്വ്യുത്തരസംയുതം സ്വമകുടാ-
ദ്യാലംക്രിയാലംകൃതം. 82

അന്തർമണ്ഡലതഃ കരമാത്രം വ്യതീത്യ = ഈ അന്തർമണ്ഡലത്തുങ്കൽ നിന്നു പുറത്തോട്ട് ഒരുക്കോൽ നീക്കിയേടത്ത് ഉത്തരം വരുമാറ്, ത്വര്യശ്രം സമസൂരകം പ്രാർച്ചനാമണ്ഡപം കുര്യാത് = ചതുരശ്രമായിട്ടു പാദബന്ധാദിതറയോടുംകൂടി പൂജാമണ്ഡപത്തേ ഉണ്ടാക്കു. നിജമുഖായാ

www.shripuram.org
Shripuram Publications
www.shripuram.org

മസ്യ മദ്ധ്യതഃ വാ = അന്തഹാരയുടെ മുഖയാമം കൊണ്ടിരിക്കുന്നതിന്റെ നടുവിലായിട്ടും ആം. വേദസ്തംഭട്ടതൈകഭാരം = നാലുളുണും ഒരു വാര ഉത്തരവും കൂടീട്ടുതാൻ, അഥവാ ചതുർദ്വാദശസ്തംഭദ്വ്യുത്തരസംയുതം = എന്നിയേ നാലു ളുണകളിൽ ആരൂഢോത്തരവും പന്ത്രണ്ടു ളുണകളിൽ വാര ഉത്തരവും കൂടീട്ടും ഉണ്ടാക്കാം. സ്വമകുടാദ്യാലംക്രിയാലംകൃതം ച കുര്യാത് = താഴികക്കുടം, വളരു്, കപോതം, തുലാങ്ങൾ, കഴികൾ ഇത്യാദി അലങ്കാരങ്ങൾ ഒക്കയുമുണ്ടാക്കിയിരിക്കയും വേണം.

ഇനി മണ്ഡപത്തേ ചൊല്ലുന്നു.

അന്തർമണ്ഡലത്തുങ്കൽനിന്ന് ഒരുക്കോൽ മുമ്പിൽ ഒട്ടുനീങ്ങീട്ടു പൂജാമണ്ഡപത്തേ ചമയ്ക്ക. സോപാനത്തോട്ടു അമ്പലത്തോട് ഇടയുള്ള പഴുതിനേ ഇവിടെ മുഖായാമമെന്നു ചൊല്ലിയത്. അതിന്റെ മദ്ധ്യത്തുങ്കൽ ചമയ്ക്കിലുമാം. ചതുരശ്രാകാരമായി അധിഷ്ഠാനത്തോടുകൂടി നാലുകാലുകളോട്ടും ഒരു ഉത്തരത്തോട്ടും കൂടി ഇരിക്കണം. എന്നിയേ ആരൂഢത്തുങ്കൽ ചമയ്ക്കിലുമാം. ചതുരശ്രാകാരമായി ആറൂഢബാഹ്യോത്തരങ്ങളുണ്ടായി, നാലും പന്ത്രണ്ടും ഇങ്ങിനെ പതിനാറു കാലുകളോടുകൂടി ഇരിക്കിലുമാം. തന്റെ തന്റെ ഉചിതത്തിനു തക്കവണ്ണമുള്ള താഴികക്കുടം ഉള്ള അലങ്കാരങ്ങളേക്കൊണ്ടു ശോഭിച്ചിരിക്കയും വേണം. ആദിശബ്ദംകൊണ്ടു യോനിയേ ചൊല്ലി.

ദണ്ഡം സ്വം സമതീത്യ ഭിത്തിരുദിതാ
ബാഹ്യാന്തഹാരാശ്രിതാ
ദണ്ഡാന്തോ ദ്വിവിധസ്തദുത്തരവിഭി-
ന്നോഽഗ്രേ സഭാഭേദതഃ
ജ്വാലാസീമനി ദീപധാമനി തഥാ-
ഽന്തസ്ഥോത്തരേഽന്തർഗതേ
പ്രാകാരേഽഥ ബഹിഷ്ഠിതോത്തരബഹിഃ
സാലേ മഹീയസ്യപി. 83

അന്തഹാരാശ്രിതാ ബാഹ്യാ ഭിത്തിഃ = പൃഷ്ഠപാർശ്വഭാഗങ്ങളിൽ അന്തഹാരാവസനാത്തുങ്കൽ പുറത്തേ ഭിത്തി, സ്വം ദണ്ഡം സമതീത്യ ഉദിതാ = തനിക്ക് വിധിച്ചിരിക്കുന്ന ദണ്ഡുറുതിക്കു പുറത്തായിട്ടു വരുത്തു. അഗ്രേ സഭാഭേദതഃ ദണ്ഡാന്തഃ തദുത്തരവിഭിന്നഃ ദ്വിവിധഃ = മുമ്പിലേ വലത്തു വല്യമ്പലത്തിന്റെ പ്രകാരഭേദംകൊണ്ടു മുഖായാമത്തോട്ടു കൂടിയിരിക്കുന്ന അന്തഹാരയുടെ ദണ്ഡുറുതി അകത്തേ ഉത്തരത്തുങ്കലായിട്ടും, ചിലേട്ത്തു പുറത്തേ ഉത്തരത്തുങ്കലായിട്ടും രണ്ടു പ്രകാരം വരും. ധാമനി ജ്വാലാസമനി ദണ്ഡാന്തഃ = പിന്നെ മ്ദ്ധ്യഹാരയുടെ ദണ്ഡുറുതി വി

www.shripuram.org
Shripuram Publications
www.shripuram.org

ളക്കുമാടത്തിന്റെ ദീപജ്വാലയിൽ ആയി വരണം. അന്തർഗതേ പ്രാകാരേ തഥാ അന്തസ്ഥോത്തരേ ദണ്ഡാന്തഃ = അകത്തുള്ള മതിലുകൾക്ക് അകത്തേ ഉത്തരത്തിന്റെ അകത്തു ദണ്ഡുറുതി എന്നു പറഞ്ഞുതകൊണ്ട് മാതൃശാല ശീവേലിപ്പുരയാകുന്ന ബാഹ്യഹാര ഇവറ്റിന് അകത്തേ ഉത്തരത്തിന് അകത്തു ദണ്ഡുറുതി വരണം. മഹീയസി സാലേ ബഹിഷ്ഠിതോത്തരബഹിഃ = ഉള്ളതിലും പുറത്തേ മതിലുങ്കൽ പിറത്തേ ഉത്തരപ്പുറത്തു ദണ്ഡുറുതി എന്നതുകൊണ്ടു ഗോപുരത്തിന്നു പുറത്ത് ഉത്തരപ്പുറത്ത് ദണ്ഡുറുതി വരുത്തണം.

ഇനി മറ്റുള്ള പ്രാകാരങ്ങളുടെ ദണ്ഡുറുതിയേ ചൊല്ലുന്നു.

തനിക്കു ചൊല്ലിയ ദണ്ഡു കഴിഞ്ഞിട്ട് അന്തഹാരത്തുങ്കലേ പുറത്തേ ഭിത്തി ചൊല്ലപ്പെട്ടു. ഭിത്തിയുടെ അകത്തേ അരികിന്നു ദണ്ഡുറുതിയെന്നു താല്പര്യം. മുമ്പിൽ പിന്നെ അമ്പലങ്ങളുടെ ഭേദങ്ങൾക്കു തക്കവണ്ണം ദണ്ഡുറുതി രണ്ടു പ്രകാരം കല്പിക്കാം. അമ്പലത്തിന്റെ അകത്തേ ഉത്തരത്തുങ്കലെന്നും പുറത്തേ ഉത്തരത്തുങ്കലെന്നും ഭേദമായത്. മദ്ധ്യഹാരത്തുങ്കൽ വിളക്കുമാടത്തിന്റെ ദീപജ്വാലയിങ്കൽ ബാഹ്യഹാരയിങ്കൽ അകത്തേ ഉത്തരത്തിന്റെ അകത്തേ അരികിൽ മര്യാദയിങ്കൽ, പുറത്തേ ഉത്തരത്തിന്റെ പുറത്തേ അരികിൽ.

പൃഷ്ഠേ സപാർശ്വദ്വിതയേ സ്വമൂല-
യോന്യന്വിതം മണ്ഡപമാകലയ്യ
തുര്യശ്രമാതത്യ തതോഽന്തരാളേ
തന്വീത സംയോജ്യ മിഥോഽന്തഹാരാം. 84

പൃഷ്ഠേ സപാർശ്വദ്വിതയേ സ്വമൂലയോന്യന്വിതം ചതുരശ്രം മണ്ഡപം ആകലയ്യ = പ്രാസാദത്തിന്റെ പുറകിലും എടത്തും വലത്തും അതതു ദിക്കിലേയ്ക്കു വിധിച്ചിരിക്കുന്ന യോനി വരുമാറു ചതുരശ്രമായി ഒരു മണ്ഡപത്തെ ഉണ്ടാക്കി, ആതത്യ = ആ ഉത്തരത്തേ നീട്ടി കോണവരെയും കൂട്ടി, മിഥഃ അന്തരാളേ അന്തഹാരാം തന്വീത = അന്യോന്യം അന്തഹാരയാകുന്ന ചുറ്റമ്പലത്തെ ഉണ്ടാക്കു.

പുറമണ്ഡപത്തെ ചൊല്ലുന്നു.

പ്രാസാദത്തിന്റെ പിന്നിലുമിടത്തും വലത്തും ദണ്ഡുറുതി ചെന്നേടത്തു മൂലപ്രാസാദയോനിയായി ചതുരശ്രമായി ഓരോ മണ്ഡപത്തെ കല്പിച്ച അവറ്റേ തന്റെ തന്റെ അന്തരാളങ്ങളിലേയ്ക്കു നീട്ടി അന്യോന്യം കൂട്ടി അന്തഹാരയേ ഉണ്ടാക്കിക്കൊള്ളുക.

അനന്തരം വല്യമ്പലത്തെ പറയുന്നു.

Shripuram Publications
www.shripuram.org

കൃത്വാ വംശം മുഖായതൃപചിതനിജദ-

ണ്ഡസ്ഥിതം പാർശ്വഹാരാ-
ഭാരാസക്താഗ്രമൂലം പ്രഥിതഗുണവിഭാ-
ഗാദിക്ലൃപ്ത്യാവിഭജ്യ
കൃത്വാ തദ്ഭാഗതസ്തദ്വിതതിമുചിതയോ-
ന്യാഢ്യമന്യോത്തരാണി
ന്യസ്യാരൂഢോത്തരാദീനപി രചയതു ത-
ദ്യുക്തിതോഽഗ്രേ സഭായാം. 85

അഗ്രേ സഭായാം = അഗ്രഭാഗത്തുങ്കൽ സഭ എന്ന വാതിൽമാട ത്തേ ഉണ്ടാക്കുവാൻ, മുഖായതൃപചിതനിജഭണ്ഡസ്ഥ തം പാർശ്വഹാ രാഭാരാസക്താഗ്രമൂലം വംശം കൃത്വാ = മുഖായാമത്തോടുകൂടിയിരിക്കുന്ന അന്തഹാരയുടെ ദണ്ഡുറുതിയിങ്കൽ വരുമാറും, രണ്ടു പുറത്തേയും ചുറ്റമ്പ ലത്തിന്റെ ഉത്തരങ്ങളിൽ ചുവടും അഗ്രവും വെട്ടിക്കവരിച്ചു വരുമാറും വലൃമ്പലത്തിന്റെ ഉത്തരത്തേ വച്ചാൽ, പ്രഥിതഗുണവിഭാഗാദിക്ലൃപ്ത്യാ വിഭജ്യ തദ്വിതതിം കൃത്വാ = പ്രസിദ്ധമായിരിക്കുന്ന ഗുണാംശവിസ്താരം കൊണ്ടുതാൻ പദവിസ്താരംകൊണ്ടുതാൻ ചുറ്റിനേ അംശിച്ച് വലൃമ്പല ത്തിന്റെ വിസ്താരത്തേയുമുണ്ടാക്കു. ഉചിതയോന്യാഢ്യം = അദ്ദിക്കിലേ യ്ക്കുള്ള യോനിയൊത്ത ചുറ്റിനോടും കൂടി ഇരിക്കണം. അന്യോത്തരാണി ന്യസ്യ തദ്യുക്തിതഃ ആരൂഢോത്തരാദീനി അപി രചയതു = പിന്നെ മറ്റുള്ള ഉത്തരങ്ങളേയും വച്ചാൽ ഉറപ്പിനു പോരായെന്നുവരുകിൽ അവി ടത്തേ യുക്തിക്കു തക്കവണ്ണം ആരൂഢോത്തരം മുമ്പായി വയ്പൂ. അവിടെ ഗുണാംശവിസ്താരാദികൾ ആരൂഢോത്തരത്തുങ്കൽതന്നെ കാണണം. പു റത്തേ ഉത്തരത്തിനു തള്ളുകൊണ്ട് ചുറ്റ് ഒത്തുവന്നാൽ മതി.

ഇനി വലൃമ്പലത്തേ ചൊല്ലുന്നു.

മുമ്പിൽ വലിയമ്പലമല്ലോ. അവിടെ തനിക്കു ചൊല്ലിയ ദണ്ഡും മു ഖായാമവും കഴിഞ്ഞേടത്ത് ഉത്തരം വയ്പൂ. ആ ഉത്തരത്തിന്റെ അഗ്രമൂ ലങ്ങൾ ചുറ്റുമണ്ഡപത്തിന്റെ പുറത്തേ ഉത്തരത്തോട് എത്തണം. കുറിയ ഉത്തരം ചുറ്റുമണ്ഡപത്തിന്റെ പുറത്തേ ഉത്തരംതന്നെ ആക്കണമെന്നു താല്പര്യം. പിന്നെ അമ്പലത്തിന്ന് അവിടെ ഉചിതമാകുന്ന യോനിയോടു കൂടിയിരിപ്പോരു ചുറ്റിനേ കല്പിച്ച് അതിന്നു മനുഷ്യാലയത്തിങ്കൽ പ്രസി ദ്ധമായിരിക്കുന്ന ഗുണക്കുറ്റിനു തക്കവണ്ണം അതിന്നു ചൊല്ലിയ അംശം കൊണ്ട് അമ്പലവീതിയെ ഉണ്ടാക്കിയാൽ മറ്റേ ഉത്തരങ്ങളേയും വച്ച് ആരൂഢോത്തരം വേണമെങ്കിലതിനേയും എല്ലാം യുക്തിക്കു തക്കവ ണ്ണം വച്ച് പണിചെയ്തുകൊള്ളുക.

ഗുണവിസ്താരം വരുത്തുവാൻ പറയുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

ഷഡ്ഢസ്താദികവംശമാനനിചയേ-
/ഷ്ടഘ്നേ സദിക്സംഖ്യകേ
ത്ര്യംശീകൃത്യ തദേകകേന ഗൃഹനാ-
ഹേ കല്പിതേ/ർദ്ധീകൃതേ
വേദഘ്നേ രവിവിശ്വവാസവവികാ-
രാത്യഷ്ടിസാഷ്ടാദശാ-
ശാദ്വന്ദ്വേധ്യഹൃതേ ഫലേന വിതതി-
സ്തന്ന്യൂനനാഹാ//തതിഃ.[10] 86

ഷഡ്ഢസ്താദികവംശമാനനിചയേ/ഷ്ടഘ്നേ = ആറുകോൽ തുടങ്ങി ഇഷ്ടമായിരിക്കുന്ന ഉത്തരനീളത്തേ എട്ടിൽ പെരുക്കി, സദിക്സംഖ്യകേ = കിഴക്കാദിയായ ദിക്കിന്നു തക്കവണ്ണം ഒന്നുതാനഞ്ചുതാൻ ഉള്ള സംഖ്യയേ അതിൽകൂട്ടി, ത്ര്യംശീകൃത്യ = മൂന്നായി പകുത്താൽ, തദേകകേന ഗൃഹനാഹേ കല്പിതേ = അതിലൊരംശം ഉത്തരത്തിന്റെ ചുറ്റായിട്ടു കല്പിച്ച്, അർദ്ധീകൃതേ = പിന്നെ ആ ചുറ്റിനേ അർദ്ധിച്ച്, വേദഘ്നേ = നാലിൽ പെരുക്കിയാൽ, രവിവിശ്വവാസവവികാരാത്യഷ്ടിസാഷ്ടാദശാശാദ്വന്ദ്വേധ്യഹൃതേ = പന്ത്രണ്ട്, പതിമൂന്ന്, പതിനാല്, പതിനഞ്ച്, പതിനാറ്, പതിനേഴ്പതിനെട്ട്, ഇരുപത്, ഇരുപത്തിഒന്ന്, ഈ സംഖ്യകളിൽ ഒന്നുകൊണ്ടു ഹരിപ്പൂ. ഫലേന വിതതിഃ = ഹരിച്ച ഫലം ഗൃഹവിസ്താരവും, തന്ന്യൂനനാഹാ ആതതിഃ = ഈ വിസ്താരത്തേ ചുറ്റിന്റെ പാതിയിൽ കളഞ്ഞശേഷം നീളവുമുണ്ടാക്കൂ.

പദവിസ്താരത്തേ പറയുന്നു.

സ്വാഭീഷ്ടേ സമമർദ്ധിതേ ഗൃഹപരീ-
ണാഹേ സ്വവംശപ്രഥാ-
ദ്വന്ദ്വോനേ ചതുരാദിയുഗ്മപരിസം-
ഖ്യാഭിർവിഭക്തേ സമം
ഏകാംശേന തതിം തനോതു പരിശി-
ഷ്ടൈരാതതിം ചാംശകൈ-
സ്തനാംശം പരിതഃ പ്രപൂരയതു ചൈ
വം പാദസൂത്രേ ക്രമഃ. 87

സ്വാഭീഷ്ടേ ഗൃഹപരീണാഹേ = തനിക്ക് ഇഷ്ടമായിരിക്കുന്ന ചുറ്റിനേ, സമം അർദ്ധിതേ = നേരേ പാതിയാക്കിൽ, സ്വവംശപ്രഥാദ്വന്ദ്വോ

Shripuram Publications

10. ഈ പദ്യം മുദ്രിത പുസ്തകത്തിലും 2-ാം മാതൃകയിലും കാണ്മാനില്ല.

www.shripuram.org

നേ = അതിൽ ഉത്തരവീതി ഇരട്ടിച്ചുകളഞ്ഞശേഷത്തേ, ചതുരാദിയുഗ്മ പരിസംഖ്യാഭിഃ സമം വിഭക്തേ = നാല്, ആറ്, എട്ട് ഇത്യാദി യുഗ്മസംഖ്യകളേക്കൊണ്ടു പകുത്താൽ, ഏകാംശേന തതിം, പരിശിഷ്ടൈഃ അംശകൈഃ ആതതിം ച തനോതു = അതിലൊരംശംകൊണ്ടു വിസ്താരവും ശേഷമുള്ള അംശങ്ങളേക്കൊണ്ടു നീളവും കല്പിച്ചുകൊള്ളൂ. ഊനാംശം പരിതഃ പ്രപൂരയതു ച = മുമ്പിൽ ഉത്തരവിസ്താരം ഇരട്ടിച്ച് കളഞ്ഞതിനേ നാലായി പകുത്തു നാലുദിക്കിലും കൂട്ടിക്കൊള്ളൂ. അപ്പോൾ വിസ്താരചതുർഗ്ഗുണം യോനിപ്പെട്ടും വരുത്തണം. ഇതി പാദസൂത്രേ ക്രമഃ = ഇങ്ങനെ പാദസൂത്രമാകുന്ന അമ്പലത്തുങ്കലേ ക്രമം.

ഇനി പാദസൂത്രമാകുന്ന അമ്പലത്തേ ചൊല്ലുന്നു.

തനിക്കിഷ്ടമായി ഇരിക്കുന്ന അമ്പലത്തിന്റെ ചുറ്റിനേ നേരുപാതിയാക്കിയാൽ അതിൽ തന്റെ തന്റെ ഉത്തരവണ്ണത്തേ ഇരട്ടിച്ചുവാങ്ങിയാൽ നാല്, ആറ്, എട്ട് എന്നു തുടങ്ങിയുള്ള ഇരട്ടപ്പെട്ട സംഖ്യകളേക്കൊണ്ട് തുല്യമാംവണ്ണം കുറിട്ടാൽ അതിലൊരംശംകൊണ്ട് വിസ്താരത്തേയും മറ്റേ അംശങ്ങളേക്കൊണ്ട് ആയാമത്തേയും ഉണ്ടാക്കു. പിന്നെ നടേ വാങ്ങിക്കളഞ്ഞ രണ്ട് ഉത്തരവണ്ണത്തേ നാലായി പകുത്ത് നാലുപുറത്തും കൂട്ടിക്കൊള്ളുകയും വേണം.

അനന്തരം വല്യബലിക്കല്ലിനേ ഉണ്ടാക്കുവാൻ പറയുന്നു.

പ്രാസാദമദ്ധ്യാദ് ബഹിരഗ്രതോ ഗതേ
തദുത്തരോത്ഥേ സദലദ്വിസംഖ്യകേ
ദണ്ഡേ ത്രിസാർദ്ധത്രിശരാംഗസപ്തകേ
സ്വധാമ്നി കുര്യാദ് ബലിപീഠികാം തഥാ. 88

പ്രാസാദമദ്ധ്യാദ് അഗ്രതഃ ബഹിഃ = പ്രാസാദത്തിന്റെ നടുവിൽ നിന്ന് മുമ്പിലേ ഭാഗത്തു പുറത്തോട്ട്, തദുത്തരോത്ഥേ ദണ്ഡേ = പ്രാസാദത്തിന്റെ ഉത്തരനീളമാകുന്ന ദണ്ഡിനേ, സദലദ്വിസംഖ്യകേ ത്രിശരാംഗസപ്തകേ ഗതേ = രണ്ടരതാൻ മൂന്നുതാൻ, മൂന്നരതാൻ, അഞ്ച്, ആറ്, ഏഴുതാൻ നീക്കം ചെയ്യുന്നേടത്ത്, സ്വധാമ്നി തഥാ ബലിപീഠികാം കുര്യാത് = ബലിക്കപ്പുരയുടെ നടുവിൽ ബിംബത്തുങ്കലേപ്പോലെ ഗമനങ്ങളും വരുത്തി ഗർഭന്യാസാദിചെയ്തു് വല്യബലിക്കല്ലിനേ ഉണ്ടാക്കൂ.

ഇനി വലിയ ബലിക്കല്ലിന്റെ ദണ്ഡുറുതിയേ ചൊല്ലുന്നു.

പ്രാസാദത്തിന്റെ മദ്ധ്യപ്രദേശത്തുങ്കൽ അഗ്രഭാഗത്തുങ്കൽനിന്നു പുറത്തോട്ട് പ്രാസാദോത്തരനീളമാകുന്ന ദണ്ഡുകൊണ്ട് രണ്ടുതാൻ മൂന്നുതാനഞ്ചുതാനാറുതാൻ ഏഴുതാൻചെന്നേടത്ത് വലിയ ബലിക്കല്ലിനേ ഉണ്ടാക്കിക്കൊള്ളുക. സ്വധാമ്നി എന്നതിനേക്കൊണ്ട് ബലിക്കൽപ്പുര

Shripuram Publications
www.shripuram.org

വേണമെങ്കിൽ അവിടെ ഉചിതമായ യോനിക്കു തക്കവണ്ണം അതുകൂടെ ഉണ്ടാക്കാമെന്നു താല്പര്യം.

പൂജാപീഠസമം ഷഡംശരഹിതം
ഗർഭപ്രതിപ്രോന്മിതം
പ്രാസാദപ്രതിസമ്മിതം ച ബലിപീ-
ഠേ/ബ്ജാന്തിമാഭ്യുച്ഛ്രയം
ഉത്സേധേ ദശധാംശിതേ സതി നിജേ-
ഷ്ടേ പീഠികാവിസ്തൃതിം
സപ്താംശൈർവിദധീത മൂലനിലയൗ
ചിത്യാത്തദംഗക്രിയാം. 89

പൂജാപീഠസമം = പീഠത്തോളം പൊക്കമായിട്ടും, ഷഡംശരഹിതം = അതിലാറൊന്നു കുറച്ചിട്ടും, ഗർഭപ്രതിപ്രോന്മിതം = ഗർഭഗൃഹത്തിന്റെ തറയോളം പൊക്കമായിട്ടും, പ്രാസാദപ്രതിസമ്മിതം = പ്രാസാദത്തിന്റെ തറയോളം പൊക്കമായിട്ടും, ബലിപീഠേ അബ്ജാന്തിമാഭ്യുച്ഛ്രയം = വല്യബലിക്കല്ലിന്റെ മൂക്കല്ലുവരെ പൊക്കം നാലുപ്രകാരവും കൊള്ളാം. നിജേഷ്ടേ ഉത്സേധേ ദശധാ അംശിതേ സതി = തനിക്ക് ഇഷ്ടമായി കല്പിച്ച പൊക്കത്തേ പത്തായിട്ട് പകുത്തതിൽ, സപ്താംശൈഃ പീഠികാവിസ്തൃതിം = ഏഴംശങ്ങളേക്കൊണ്ട് വല്യബലിക്കല്ലിന്റെ വിധിയേ കല്പിച്ച്, മൂലനിചയൗചിത്യാത് തദംഗക്രിയാം വിദധീത = മൂലപ്രാസാദത്തുങ്കലേപ്പോലെ പാദുകാദികളായ അവയവങ്ങളേയും ഉണ്ടാക്കണം.

ഇനി ബലിക്കല്ലിന്റെ ഇവരത്തേയും വിസ്താരത്തേയും ചൊല്ലുന്നു.

പ്രാസാദത്തിന്റെ പാദുകക്കീഴ്വായീന്ന് തുടങ്ങി ശ്രീപീഠമേൽവായോളം താൻ അതിലാറൊന്നു കുറഞ്ഞുതാൻ ഗർഭഗൃഹത്തിന്റെ പടിമേൽവായോളംതാൻ പ്രാസാദത്തിന്റെ പടിമേൽവായോളംതാൻ ഇങ്ങനെ നാലുപ്രകാരം ബലിപീഠത്തിന്നു പാദുക. കീഴ്വായീന്ന് അബ്ജമേൽവായോളമുള്ള ഇവരം ഭവിക്കുന്നു. പിന്നെ തനിക്ക് ഇഷ്ടമായികല്പിച്ച ഇവരത്തേ പത്തുപകുത്താൽ ഏഴംശംകൊണ്ടു വിസ്താരത്തേയും കല്പിക്ക. മൂലപ്രാസാദത്തിന്ന് ഉചിതമാംവണ്ണം ആ ബലിക്കല്ലിന്റെ അവയവക്രിയയും ഭവിക്കുന്നു.

പൃഥ്വ്യാ പാദുകമംശതോ ജഗതികാം
വേദൈർഗ്ഗുണൈഃ കൈരവം
തത് പട്ടീഗളകാംബുനിദ്രവമപി
ക്ഷ്മാപങ്ക്തിഭ്രമീന്ദുഭിഃ

Shripuram Publications
www.shripuram.org

കുർവീത ജ്വലനൈഃ കപോതമിളയാ-
ƒഗ്രേ പട്ടികാം പങ്കജം
നേത്രാഭ്യാമപി സപ്തവിംശതിവിഭ
ക്തേ പീഠികാഭ്യുച്ഛ്രയേ. 90

പീഠികാഭ്യുച്ഛ്രയേ സപ്തവിംശതിവിഭക്തേ = വല്യബലിക്കല്ലിന്റെ പൊക്കത്തേ ഇരുപത്തേഴായിട്ടു പകുത്താൽ, പൃഥ്വ്യാ പാദുകം = ഒരംശം കൊണ്ടു പാദുകത്തേയും, വേദൈഃ അംശതഃ ജഗതികാം = നാലംശം കൊണ്ടു ജഗതിപ്പൊക്കത്തേയും, ഗുണൈഃ കൈരവം = മൂന്നുകൊണ്ടു കുമദത്തേയും, ക്ഷ്മാപങ്ക്തിഭ്രമീന്ദുഭിഃ തത്പട്ടീഗളകം ബുനിദ്രവം അപി = ഒരംശംകൊണ്ടു കുമുദപട്ടികയേയും പത്തംശംകൊണ്ടു കോണക്കാലോടും ഘനദ്വാരങ്ങളോടും കൂടിയ ഗളത്തേയും ഒരംശംകൊണ്ടു ഗളപട്ടികയേയും ഒരംശംകൊണ്ടു വളരിനേയും, ജ്വലനൈഃ കപോതം = മൂന്നംശം കൊണ്ടു കപോതകത്തേയും, ഇളയാ അഗ്രേ പട്ടികാം = ഒരംശംകൊണ്ടു മുകളിലേ പട്ടികയേയും, നേത്രാഭ്യാം പങ്കജം ച കുർവീത = രണ്ടംശം കൊണ്ടു പദ്മകർണ്ണികയേയുമുണ്ടാക്കു.

ഇനി അതിന്റെ അവയവങ്ങളേ ചൊല്ലുന്നു.

ബലിക്കല്ലിന്റെ ഇവരത്തേ ഇരുപ്പത്തേഴ് പകുത്താൽ ഒരംശംകൊണ്ട് പാദുകത്തേ ഉണ്ടാക്കുക. നാലുകൊണ്ടു ജഗതിയേയും, മൂന്നുകൊണ്ടു കുമുദത്തേയും, ഒന്നുകൊണ്ടു കുമുദപട്ടത്തേയും, പത്തുകൊണ്ടു ഗളത്തേയും, ഒന്നുകൊണ്ടു ഉത്തരത്തേയും, ഒന്നുകൊണ്ടു വളഭിയേയും, മൂന്നുകൊണ്ടു കപോതത്തേയും ഒന്നുകൊണ്ടു പട്ടത്തേയും രണ്ടുകൊണ്ടു പദ്മത്തേയും.

ഇനിയും പ്രാകാരന്തരത്തേ പറയുന്നു.

പീഠോച്ചേ രദഭേദിതേ സദലഭ്രു-
സാർദ്ധേഷുബാണേന്ദുഭ്രു-
ദസ്രാഃ പാദുകജാഗതേ കുമുദതത്
പട്ട്യന്തരീഷു പ്രതൌ
അംശാ വേദയുഗാനി വേദിഗളയോഃ
സാർദ്ധൌ വളഭ്യുത്തരേ
ദസ്രൌ ചേതി കപോതകേ ശശികരാഃ
സ്യുഃ പട്ടികാപദ്മയോഃ. 91

പീഠോച്ചേ രദഭേദിതേ = ഇഷ്ടമായിരിക്കുന്ന ബലിക്കല്ലിന്റെ പൊക്കത്തേ മുപ്പത്തിരണ്ടായിട്ടു പകുത്താൽ, പാദുകജാഗതേ കുമുദതത്പ

Shripuram Publications
www.shripuram.org

ട്ട്യന്തരീഷു പ്രതൌ സദലഭ്രസാർദ്ധേഷുബാണേന്ദുഭ്രദസ്രാഃ അംശാഃ = പാദുകത്തുങ്കൽ ഒന്നര അംശവും, ജഗതിയിങ്കൽ അഞ്ചര അംശവും, കുമുദത്തുങ്കൽ അഞ്ചംശവും, കുമുദപട്ടത്തുങ്കൽ ഒരംശവും, ഗളത്തുങ്കൽ ഒരംശവും പടിയിങ്കൽ രണ്ടംശവും, വേദയുഗാനി വേദിഗളയോഃ = വേദികയിങ്കൽ നാലംശവും കാലും ഘനദ്വാരവും കൂടിയ ഗളത്തുങ്കൽ നാലംശവും, വളഭ്യുത്തരേ സാർദ്ധൌ = ഉത്തരത്തുങ്കലും വളരിങ്കലും ഒന്നരശ്ശ അംശങ്ങളും, കപോതകേ ദസ്രൌ = കപോതകത്തുങ്കൽ രണ്ടംശവും, പട്ടികാപദ്മയോ ശശികരാഃ = പട്ടകയിങ്കൽ ഒരംശവും പദ്മകർണ്ണികയിങ്കൽ രണ്ടംശവും, അംശാഃസ്യുഃ = ഇങ്ങനെ മുപ്പത്തിരണ്ടു പകുത്താൽ അംശങ്ങൾ ഭവിക്കും.

ഇനി മറ്റൊരുപ്രകാരം അവയവങ്ങളേത്തന്നെ ചൊല്ലുന്നു.

ബലിക്കല്ലിന്റെ ഇവരത്തേ മുപ്പത്തിരണ്ടു പകുത്താൽ പാദുകത്തുങ്കൽ ഒന്നര അംശം ഭവിക്കുന്നു. ജഗതിയിങ്കൽ അഞ്ചര, കുമുദത്തുങ്കൽ അഞ്ച്, കുമുദപട്ടികയിങ്കൽ ഒന്ന്, ഗളത്തുങ്കൽ ഒന്ന്, പടിയിങ്കൽ രണ്ട്, വേദികയിങ്കലും (ഗളത്തിലും) നന്നാല്, ഒന്നരശ്ശയായിട്ട് ഉത്തരവും വരും. കപോതത്തുങ്കൽ രണ്ട്, പട്ടികയിങ്കൽ ഒന്ന്, പദ്മത്തുങ്കൽ രണ്ടും ഭവിക്കുന്നു.

ഇനി കൊടിമരത്തെ ചൊല്ലുന്നു.

[11]ദ്വാരോച്ചാണ്ഘിരസാശ്ശുഗാംശവിതതം
തസ്മാത്കൃശാഗ്രാന്വിതം
ദ്വാരം ദ്വാദശകം വിമുച്യ പുരതഃ
പ്രാസാദതഃ സ്ഥാപയേത്
ദ്വാരാണാം ദശഭിശ്ച സപ്തദശഭിഃ
പഞ്ചാന്വിതൈരുച്ഛ്രയം
വിംശദ്ഭിർനിജവാഹദണ്ഡസഹിതം
വേദ്യാ സമേതം ധ്വജം. 92

ഗർഭദ്വാരത്തിന്റെ ഇവരത്തിൽ നാലൊന്നുതാൻ ആറൊന്നുതാൻ അഞ്ചൊന്നുതാൻ വണ്ണവും, അതിലഷ്ടാംശാദികുറഞ്ഞു അഗ്രവണ്ണവുമായി കൊടിമരത്തേച്ചമച്ച് പ്രാസാദമദ്ധ്യത്തുങ്കൽനിന്നു പന്ത്രണ്ടു ദ്വാരനീളം കഴിച്ച് അവിടെ നാട്ടുക. ഗർഭദ്വാരോത്സേധംകൊണ്ട് പത്ത്, പതിനേഴ്, പതിനഞ്ച്, ഇരുപത് എന്നിവറ്റേക്കൊണ്ടുള്ള ഇവരത്തോടുകൂടി ഇരിക്കണം. അഗ്രത്തുങ്കൽ തന്റെ തന്റെ വാഹനം പണിചെയ്തുവയ്ക്ക

11. ഇതു മുതൽ ഏതാനും പദ്യങ്ങൾ ഒരു പകർപ്പിലേ ഉള്ളു. വ്യാഖ്യാനവും ഒന്നുമാത്രം. അച്ചടിച്ചിട്ടുള്ള പുസ്തകത്തിൽ ഇവ കാണുന്നുമില്ല.

www.shripuram.org
Shripuram Publications
www.shripuram.org

യും വേണം. അഗ്രത്തുങ്കൽനിന്ന് ഒരു ദ്വാരനീളമുള്ള ദണ്ഡിക ത്തുളച്ച് തട്ടിക്കൊള്ളണം. ചുവട്ടിൽ ഒരു ദ്വാരനീളത്തോളം ഇവരമായിട്ടു തറ പണിചെയ്തു കൊള്ളണം. പട്ടം എന്നിവറ്റോടുക്കൂടിയിരക്കുകയും വേണം.

ഇനി ബിംബാദികൾക്കു ശില അന്വേഷിപ്പാൻ ചൊല്ലുന്നു.

രക്ഷാമംഗലദീപകം ശുഭനിമിത്തർ-
ക്ഷേ ശിലാർത്ഥം വ്രജേ-
ന്മന്ത്രീ ശസ്ത്രിഭിരന്വിതഃ സ്ഥപതിഭിഃ
കുത്രാപി ചൈത്ര്യാദിഷു
ആസാദ്യാഥ ശിലാകരം സുമഹിതം
ചാതത്യ യോഗ്യം മനും
ജപ്ത്വാ/ന്വിഷ്യ ശിലാം നിജേഷ്ടമനുബിം-
ബാദിക്ഷമാം കല്പയേത്. 93

ബിംബാദികൾക്കു ശില അന്വേഷിപ്പാൻ നടേ ഉരു കല്ലുകീറുവാനുള്ള ശസ്ത്രങ്ങളേ യഥാന്യായം പൂജിച്ച് ബ്രാഹ്മണരേ ഊട്ടി ദക്ഷിണചെയ്തു പിന്നെ താനും യജമാനനും ആശാരിയും ദദ്ധ്യാന്നത്തേ ഭുജിച്ചിട്ടുവേണം പുറപ്പെടുവാൻ എന്ന് അഥ എന്നതുകൊണ്ടു ചൊല്ലിയത്. നല്ലൊരു മുഹൂർത്തത്തുംനേരത്ത് നല്ലൊരു ശകുനത്തോടുക്കൂടി രക്ഷാമംഗലങ്ങളെ മുൻനിർത്തി താനും യജമാനനും കല്ലുകീറുന്ന ശസ്ത്രങ്ങളേ എടുത്തിരിക്കുന്ന ആശാരിയും കൂടെ അവിടെനിന്നു കിഴക്കോ, തെക്കോ, വടക്കോ, പടിഞ്ഞാറോ കല്ലാകുന്നു എന്നാൽ അദ്ദിക്കിലേയ്ക്കു പോവൂ. പിന്നെ കല്ലുള്ളേടത്തു ചെന്നാൽ അവിടെ ഇരുന്ന് ദേഹശുദ്ധ്യാദികളേ ചെയ്ത് ഉചിതമാകുന്ന മന്ത്രം ചൊല്ലി കല്ലുനോക്കിക്കണ്ട് ബിംബത്തിന്നു പുരുഷശിലയും, പീഠത്തിന്നു സ്ത്രീശിലയും, പാദശിലയ്ക്കു നപുംസകശിലയും കല്പിക്ക.

സിദ്ധാദ്യാകരസംഭവാ വസുമതീ
ലഗ്നാ സ്വവർണ്ണാചിതാ
സ്നിഗ്ദ്ധാ ശസ്ത്രസഹാ ഗഭീരനിനദാ
ദിശ്യാഹിതാഗ്രാ ശിലാ
ഗ്രാഹ്യാ ബിംബവിധൌ സ്ഥലിംഗബഹുലം
തസ്യാ ശിരോ/ന്തർമുഖം
യത് കാഷ്ഠാഭിമുഖീ സമുത്ഥിതവതീ
സ്ഥാപ്യാ ച തദ്ദിങ്മുഖീ. 94

ഋഷികളുടെ ആശ്രമാദികളിലുണ്ടായിരിക്കുന്ന ശില ബിംബംപണി

Shripuram Publications
www.shripuram.org

ക്ക ഗ്രാഹ്യയാകുന്നത്. മണ്ണിൽ മൂടിക്കിടക്കുന്നതു വേണംതാനം. തന്റെ തന്റെ ജാതിയായി ഇരിക്കുകയും വേണം. സുഖമുള്ള ഒച്ചയായിരിക്കയും വേണം. മൂലാഗ്രങ്ങൾ ദിക്കുകളായി ഇരിക്കയും. രണ്ടു തലയ്ക്കലും കുത്തി യാൽ തീപ്പൊരി ഏറുന്നേടം അതിന്റെ അഗ്രമെന്നും ഉള്ള് അകമെന്നും കല്പിക്കണം. അഗ്രംപിടിച്ച് എടുത്തു പൊക്കിയാൽ എങ്ങുനോക്കി ഇരി പ്പൂ എന്നാൽ ആ ദിക്കുനോക്കി പ്രതിഷ്ഠിക്കേണ്ടു.

ഇനി ആകാത്ത ശിലയേ ചൊല്ലുന്നു.

ദുഷ്ടോദ്ദേശസമുദ്ഭവാ/ന്യപരിശി-
ഷ്ടാ ദുർഗ്രഹാദ്യാശ്രിതാ
വാതാഗ്ന്യർക്കകരാഹതാ/തിവിപുലാ
ബാലാ ച വൃദ്ധാ സതി
ദുർല്ലേഖാക്ഷരഗർഭമണ്ഡലയുതാ
രൂക്ഷസ്വരാ ജർജ്ജരാ
ദുഷ്പർശാ/വനിസന്നിവേശിതശിരോ-
ദ്ദേശാ വിവർജ്യാ ശിലാ. 95

ദുഷ്ടദേശത്ത് ഉണ്ടായ ശില ഒന്നിനും കൊള്ളരുത്. പിന്നെ മറ്റൊ ന്നു പണിചെയ്ത ശിലാശേഷം ബിംബത്തിനു കൊള്ളരുത്. ദുർദ്ദേവത തു ടങ്ങിയുള്ളവ ആശ്രയിച്ചതും, കാറ്റ്, വെയില്, തീയ് എന്നിവ തട്ടിയതും, പാരം പരന്നു കിടക്കുന്നതും, ബാലാനായിരിക്കുന്നതും, വൃദ്ധനായിരിക്കു ന്നതും, ആകാത്ത രേഖ അക്ഷരം ഗർഭം മണ്ഡലം എന്നിവറ്റോടുകൂടിയ തും, സഹിയാത്ത ഒച്ച ഉള്ളതും, അലർന്നുകിടക്കുന്നതും, ഉളി ഏല്ക്കാത്ത തും, കോന്തിരിഞ്ഞു കിടക്കുന്നതും കൊള്ളരുത്.

പുംസ്ത്രീനപുംസകങ്ങളായ ശിലാലക്ഷണങ്ങളെ ചൊല്ലുന്നു.

ഉർവ്വീ ധീരരവാ സ്ഫുലിംഗബഹുലാ
ന്യഗ്രോധബോധിച്ഛദ-
പ്രഖ്യാ ബിംബവിധൌ വിശാലബഹളാ
ഗ്രാഹ്യാ ശിലാ പൌരുഷീ
രംഭാപത്രനിഭാ നചാതി ബഹുളാ
സ്നിഗ്ദ്ധസ്വരാ ശീതളാ
സ്ത്രൈണീ പീഠവിധൌ ദ്വിലക്ഷ്മഭിദുരാ
ക്ലൈബീ പദാബ്ജാർപണേ. 96

കനംപെരുകി ഗംഭീരമായുള്ള ഒച്ചയോടുംകൂടി തീപ്പൊരിപെരുത്ത്

Shripuram Publications
www.shripuram.org

കണ്ടാൽ പേരാലിന്റെതാൻ അരയാലിന്റെതാൻ ഇലപോലെ ഇരിക്കു ന്നത് പുരുഷശില. അതു ബിംബത്തിനു വേണ്ടത്. പിന്നെ കണ്ടാൽ കദളിവാഴ ഇലപോലെ ഇരിപ്പൂ. വിസ്താരംകുറഞ്ഞ് ഇരിപ്പൂ. ഒച്ച നേർ ത്തിരിപ്പൂ മധുരമായി. തൊട്ടാൽ തണുപ്പായിരിപ്പൂ. അതു സ്ത്രീശില. അതു പീഠത്തിന്നു വേണ്ടത്. ഈ രണ്ടു ലക്ഷണങ്ങളുമുള്ളതു നപുംസകശില. അതുപാദശിലയ്ക്കു വേണ്ടുന്നത്.

ഇനി കല്ലുകീറുക്കൊണ്ടുപോവുംപ്രകാരം ചൊല്ലുന്നു.

ദുസ്സ്വപ്നേ നിജശാന്തിഹോമകൃദഥ
പ്രാതഃ സമഭ്യർച്ച്യ താം
മന്ത്രീ സ്വസ്വമനും ജപൻ വദനവാ-
ദാദ്യംഗകേഷ്വംകയേത്
തക്ഷ്ണാ താം സഹപീഠപാദദൃഷദം
പ്രോദ്ധാര്യ കൃത്വാ രഥേ
നീത്വാ/ത്രോത്തരക്ലൃപ്തശില്പിനിലയം
ബിംബാദികം കാരയേത്. 97

പിന്നെ ആ ശിലാതലത്തുങ്കൽ രാത്രിയിൽ ബലിതൂകി പ്രാർത്ഥിച്ച് അവിടെ വാണിരിക്കും ദേവതകളേ നീക്കി, പിന്നെ അവിടെ ഉചിതമാ യ മന്ത്രങ്ങളും ജപിച്ച് എല്ലാവരും കൂടെ കിടന്ന് ഉറങ്ങൂ. ഗുരു പിറ്റേന്നാൾ രാവിലേ കുളിച്ച് അടയാളമിട്ടാൽ ആശാരികളേക്കൊണ്ട് ഇക്കല്ലുകൾ മൂന്നും കീറിച്ചു തേർമേൽ കേറ്റി ദേവാലയത്തിന്റെ വടക്കേപ്പുറത്തുണ്ടാ ക്കിയിരിക്കുന്ന പണിപ്പുരയിൽകൊണ്ടുപോയി വച്ച് ബിംബാദികളേ ഉ ണ്ടാക്കിച്ചുകൊള്ളുക.

അനന്തരം ബിംബങ്ങളുടെ നീളത്തേ പറയുന്നു.

ദ്വാരോത്സേധസമം തദംഘ്രിരഹിതം
ദ്വാരേ/ഖിലേ ചോനിതേ
നന്ദാംശേന ഗജാംശകേന ച സമം
ഭക്തേ ത്രിധാ ദ്വ്യംശകൈഃ
ക്ലൃപ്താനീത്യദിതാനി പഞ്ചമനുബിം-
ബാന്യത്ര ഗർഭാലയേ
ഭക്തേ ലോകശരേക്ഷണൈർദ്വിഗുണഭൂ-
മ്യംശഗ്രഹാത് ത്രീണി ച. 98

ദ്വാരോത്സേധസമം = ഗർഭഗൃഹദ്വാരത്തിന്റെ നീളത്തോളമായിട്ടും,

www.shripuram.org
Shripuram Publications
www.shripuram.org

തദംഘ്രിരഹിതം = ദ്വാരനീളത്തിൽ നാലൊന്നു കുറഞ്ഞിടത്തോളമായിട്ടും, അഖിലേ ദ്വാരേ നന്ദാംശേന ഗജാംശകേന ഊനിതേ ച = ദ്വാരനീളത്തിൽ ഒമ്പതാലൊന്നു കുറച്ചിടത്തോളമായിട്ടും, എട്ടാലൊന്നു കുറച്ചിടത്തോളമായിട്ടും; ത്രിധാ ഭക്തേ ദ്വ്യംശകൈഃ = ദ്വാരനീളത്തേ മൂന്നായിട്ടു പകുത്തതിൽ രണ്ടംശത്തോളം നീളമുണ്ടായിട്ടും, ക്ലപ്താനി പഞ്ചമനുബിംബാനി ഉദിതാനി = ഇങ്ങനെ ഗർഭദ്വാരനീളംകൊണ്ട് അഞ്ചു പ്രകാരം ബിംബനീളം പറയപ്പെട്ടു. അത്ര ഗർഭാലയേ ലോകശരേക്ഷണൈഃ ഭക്തേ ദ്വിഗുണഭ്രമ്യംശഗ്രഹാത് ത്രീണി ച = ഇവിടെ ഗർഭഗൃഹവിസ്താരത്തേ മൂന്നിൽ പകുത്തു രണ്ടംശത്തോളവും അഞ്ചിൽ പകുത്താൽ മൂന്നംശത്തോളവും രണ്ടായി പകുത്തതിൽ ഒരു അംശത്തോളവും ഇങ്ങനെ ഗർഭഗൃഹവിസ്താരത്തിൽ മൂന്നുപ്രകാരം ബിംബനീളത്തേ ഉണ്ടാക്കൂ.

ഇനി നടേ ഗർഭദ്വാരത്തുങ്കൽ പ്രതിഷ്ഠിപ്പാനുള്ള ബിംബത്തിന്റെ ഇവരത്തേ ചൊല്ലുന്നു.

എല്ലാടവുമതു ഗർഭദ്വാരത്തിന്റെ ഇവരത്തോടു സമമായിട്ടും, അതിൽ നാലൊന്നു കുറഞ്ഞിട്ടും, ദ്വാരോത്സേധം കൊണ്ട് ഒമ്പതാലൊന്നു കുറഞ്ഞിട്ടും, എട്ടാലൊന്നു കുറഞ്ഞിട്ടുതാൻ, മൂന്നാലൊന്നു കുറഞ്ഞിട്ടുതാൻ - ഇങ്ങനെ അഞ്ചുപ്രകാരം ചൊല്ലപ്പെട്ടു. പിന്നെ ഗർഭഗൃഹവിസ്താരത്തേക്കൊണ്ടു മൂന്നിട്ടു രണ്ടുതാൻ അഞ്ചിട്ടു മൂന്നുതാൻ നേരെ പാതിതാൻ - ഇങ്ങനെ മൂന്നുപ്രകാരം, ഇങ്ങനെ എട്ടുപ്രകാരം ബിംബത്തിന്റെ ഇവരം ഇവിടെ ചൊല്ലപ്പെട്ടു എന്നു താല്പര്യം.

ഇനി ബഹുവേരത്തിങ്കലേ ബിംബോത്സേധത്തേ ചൊല്ലുന്നു.

[12]ബഹുവേരവിധാനമൂലബിംബം
സുസമദ്വാരസമുച്ഛ്രയേണ കാര്യം
ചരണാംശവിവൃദ്ധമർദ്ധവൃദ്ധം
ചരണോനദ്വിഗുണം ദ്വിസംഗുണം ച. 99

ഗർഭദ്വാരത്തിന്റെ ഇവരത്തോടു സമമായിട്ടുതാൻ, അതിൽ നാലൊന്നു ഏറീട്ടുതാൻ, ദ്വാരോത്സേധംകൊണ്ടു കാൽ കുറെ രണ്ടുതാൻ ഇങ്ങനെ അഞ്ചുപ്രകാരം (?) ബഹുവേരവിധിയിങ്കലേ മൂലബിംബോച്ഛ്രയത്തേ ഉണ്ടാക്കണം.

സ്വാഭീഷ്ടം ദശധോത്തമേ വിഭജതാം
മാനം സമം മദ്ധ്യമേ
കർത്തവ്യേ നവധാ/ഷ്ടധാ ച ചരമേ

Shripuram Publications

12. ഈ പദ്യം ഒരു മാതൃകയിലേ ഉള്ളൂ. മുദ്രിതപുസ്തകത്തിലും കാണ്മാനില്ല.

www.shripuram.org

ബിംബേ തദേകാംശകം
താലം തന്മിഹിരാംശമംഗുലമദോ-
ദ്വന്ദ്വം കലാം ഗോളകം
ചാഹുർമദ്ധ്യമമന്ത്രബിംബരചനാ-
ऽത്രോദീര്യതേ സംഗ്രഹാത്. 100

ഉത്തമേ ബിംബേ സ്വാഭീഷ്ടം മാനം ദശധാ (വിഭജതാം) = ഉത്തമ ബിംബത്തുങ്കൽ തനിക്ക് ഇഷ്ടമായ നീളത്തേ പത്തായി വിഭജിക്കണം. മദ്ധ്യമേ സമം നവധാ = മദ്ധ്യമബിംബത്തുങ്കൽ ഇഷ്ടനീളത്തേ ഒമ്പതായി വിഭജിക്കണം. ചരമേ ബിംബേ കർത്തവ്യേ അഷ്ടധാ = അധമബിംബത്തുങ്കൽ ബിംബനീളത്തെ എട്ടായിട്ടു വിഭജിക്കണം. തദേകാംശകം താലം = ഇങ്ങനെ മൂന്നുപ്രകാരത്തിലും പകുത്ത അംശങ്ങളിൽ ഒരംശത്തിനു താലമെന്നു പറയും. തന്മിഹിരാംശം അംഗുലം = മൂന്നിടത്തും താലത്തേ പന്ത്രണ്ടാക്കിയാൽ അതിലൊന്നിന്നു പ്രതിമാംഗുലമെന്നു പറയുന്നു. അദോദ്വന്ദ്വം കലാം ഗോളകം ച ആഹുഃ = ഈ അംഗുലം രണ്ടുകൂടിയതിനു കല എന്നും ഗോളകമെന്നും പറയുന്നു. അത്ര മദ്ധ്യമമന്ത്രബിംബരചനാ സംഗ്രഹാത് ഉദീര്യതേ = ഇവിടെ നടുവിൽ പറഞ്ഞ നവതാലബിംബത്തിന്റെ പണിപ്രകാരവും ചുരുക്കിപ്പറയപ്പെടുന്നു.

ഇനി ബിംബത്തിന്റെ ഇവരംകൊണ്ടു താലം തുടങ്ങിയുള്ള മാനസാധനങ്ങളെ ചൊല്ലുന്നു.

ഇച്ചൊല്ലിയതിൽ തനിക്കിഷ്ടമായി കല്പിച്ച ഇവരത്തേ ഉത്തമമായിരിക്കുന്ന ബിംബം ചമയ്ക്കേണ്ടുമ്പോൾ തുല്യമായി പത്തായി പകുപ്പൂ. മദ്ധ്യബിംബമെങ്കിൽ ഒമ്പതായിട്ട്, അധമബിംബമെങ്കിൽ എട്ടായിട്ടു പകുപ്പൂ. എന്നാലതിലൊരംശത്തേ താലമെന്നു ചൊല്ലപ്പെട്ടു. (?) താലത്തിന്റെ പന്ത്രണ്ടാലൊന്നിനേ അംഗുലമെന്നും അംഗുലം രണ്ടുകൂടിയതിനേ കലയെന്നും ഗോളകമെന്നും ചൊല്ലുന്നു. ഇവിടെ ഇപ്പോൾ മദ്ധ്യമമാകുന്ന മന്ത്രബിംബത്തിന്റെ ചമയത്തേ ചൊല്ലുന്നു.

പ്രായഃ സ്വവാഞ്ഛിതമിതിദ്വിഗുണായതേഷ്ട-
പാദോനവിസ്തൃതതദർദ്ധഘനാം ശിലാംതാം
തുര്യശ്രിതാം സമതലേ നിപുണം നിധായ
പ്രസ്താരമത്ര തനയാദഥ മന്ത്രമൂർത്തേഃ. 101

പ്രായഃ സ്വവാഞ്ഛിതമിതിദ്വിഗുണായതേഷ്ടപാദോനവിസ്തൃതതദർദ്ധഘനാം = തനിക്ക് ഇഷ്ടമായിരിക്കുന്ന ബിംബനീളത്തിൽ ഇരട്ടിയായുള്ള നീളത്തോടും മുക്കാലോളം വിസ്താരവും വിസ്താരത്തിൽ പാതി ക

Shripuram Publications
www.shripuram.org

നത്തോടും കൂടിയ ശിലയേ നാലുവശവും സമമാക്കി, ചതുരശ്രിതാം താം ശിലാം സമതലേ നിപുണം നിധായ = ഈവണ്ണമുള്ള ശിലയേ സമഭൂമിയിങ്കൽ ഉറപ്പിച്ചുവച്ച്, അഥ മൂർത്തേ പ്രസ്താരം തനയാത = അനന്തരം ബിംബത്തിന്റെ പ്രസ്താരത്തേ ആരംഭിപ്പൂ.

ഇനി ബിംബത്തിന്നു സാധനങ്ങളായ ശിലാദികളുടെ പ്രമാണത്തേ പ്രായേണ ചൊല്ലുന്നു.

തനിക്കിഷ്ടമായി കല്പിച്ച ബിംബത്തിന്റെ നീളത്തിൽ മിക്കാവറും ഇരട്ടി നീളമായി മുക്കാൽ വീതിയായി വീതിയിൽ പാതി കനമായി ചതുരശ്രമാക്കി ചമയ്ക്കപ്പെട്ടിരിക്കുന്ന ആ ശിലയേ സമനിലത്തുചിതമായി കിടത്തി അതിന്മേൽ മന്ത്രമൂർത്തിയുടെ പ്രസ്താരത്തേ ചെയ്ക.

ശീർഷാഗ്രാദ്യളികാന്തിമം ത്രിഭിരതോ-
ഭാസ്വന്മിതൈരംഗുലൈ-
രുന്മേയം ചിബുകാന്തിമം ഗുണമിതൈഃ
കണ്ഠോ ഹൃദന്തം തതഃ
നാഭ്യന്തം ച ശിവാന്തിമം ച ദിനകൃത്-
സംഖ്യൈസ്ത്രിഭിർജാനനീ
ഗുല്ഫാദ്യംഘ്രിയുഗം ച സംകൃതിമിതൈർ-
ജംഘാദ്വയോരുദ്വയേ. 102

ത്രിഭിഃ അംഗുലൈഃ ശീർഷാഗ്രാദി അളികാന്തിമം = മൂന്നു പ്രതിമാംഗുലങ്ങളേക്കൊണ്ടു ശിരസ്സിന്റെ പൊക്കവും, അതഃ ഭാസ്വന്മിതൈഃ ചിബുകാന്തിമം = അതിനു താഴെ പന്ത്രണ്ട് അംഗുലംകൊണ്ടു മുഖനീളവും, ഗുണമിതൈഃ കണ്ഠഃ = മൂന്നംഗുലംകൊണ്ടു കഴുത്തും, തതഃ ദിനകൃത്സംഖ്യൈഃ ഹൃദന്തം നാഭ്യന്തം ശിവാന്തിമം ച = പിന്നെ പന്ത്രണ്ടീതെ അംഗുലംകൊണ്ടു ഹൃദയത്തോളവും പിന്നെ പന്ത്രണ്ടംഗുലംകൊണ്ടു നാഭിയിങ്കലോളവും, പിന്നെയും പന്ത്രണ്ട് അംഗുലംകൊണ്ടു ഉപസ്ഥങ്കലോളവും ത്രിഭിഃ ജാനനീ ഗുൽഫാദ്യംഘ്രിയുഗം ച = മൂന്നു നീളംകൊണ്ടു മുട്ടിന്റെ നീളവും കാൽച്ചുവടിന്റെ പൊക്കവും, സംകൃതിമിതൈഃ ജംഘാദ്വയോരുദ്വയേ = ഇരുപത്തിനാലംഗുലംകൊണ്ടു തുടയുടെ നീളവും ജംഘയുടെ നീളവും, ഇങ്ങനെ നൂറ്റെട്ടു പ്രതിമാംഗുലംകൊണ്ടു നവതാലബിംബത്തുങ്കലേ നീളമുണ്ടാക്കു.

ഇനി അവയവങ്ങളുടെ നീളത്തെ ചൊല്ലുന്നു.

നെറുകന്തലയിൽനിന്ന് നെറ്റിയുടെ മീതേ അറ്റത്തോളമുള്ള നീളം മൂന്നംഗുലങ്ങളേക്കൊണ്ട് അളവറുക്കപ്പെടുവാൻ യോഗ്യം. അവിടെനിന്നു താടിയറ്റത്തോളവും പന്ത്രണ്ടു വിരലുകളേക്കൊണ്ട്, അവിടെനിന്നു കഴ

www.shripuram.org
Shripuram Publications
www.shripuram.org

ത്തുനീളം മൂന്ന വിരലുകളേക്കൊണ്ട്, അവിടെ പിന്നീന്ന് ഹൃദയത്തോള വും ഹൃദയത്തുങ്കൽനിന്ന പൊക്കിളോളവും പൊക്കിളിങ്കൽനിന്ന ലിംഗ മൂലത്തോളവുമുള്ള നീളം പന്ത്രണ്ടിച്ചീതു വിരലുകളേക്കൊണ്ട്, കാലുടെ മു ട്ടും കാൽചുവടിന്റെ പൊക്കവും മുമ്മൂന്നംഗുലങ്ങളേക്കൊണ്ട്, കണക്കാൽ രണ്ടിന്റേയും തുട രണ്ടിന്റേയും നീളം ഇരുപത്തിനാലുച്ചീതു വിരലുകളേ ക്കൊണ്ട്.

സീമാസ്വാസു സപദ്മനാളമുകുടാ-
ന്താസൂരുജംഘാദ്വയീ-
മദ്ധ്യാദ്ധ്യാസു കരോതു ഷോഡശ തിര-
ശ്ചീനാനി സൂത്രാണ്യഥ
മദ്ധ്യേ കർണ്ണകരാസ്ത്രസീമസു തഥാ
സപ്തോർദ്ധ്വഗാന്യപ്യഥോ
വക്ത്രം ദ്വാദശവർഗ്ഗകോഷ്ഠസുവിചി-
ത്രം കല്പയേത്സൂത്രകൈഃ. 103

ആസു സീമാസു = ഈ പറഞ്ഞ സ്ഥാനങ്ങൾ പതിനൊന്നിലും സ പദ്മനാളമുകുടാന്താസു = പത്മപീഠത്തിന്റെ അവധിക്കും നാളത്തിന്റെ ചുവട്ടിലും കിരീടത്തിന്റെ മുകളിലും, ഊരുജംഘാദ്വയീമദ്ധ്യാദ്ധ്യാസു = തുടകളുടേയും ജംഘകളുടേയും നടുവിലും, തിരശ്ചീനാനി ഷോഡശ സൂ ത്രാണി = വിലങ്ങീട്ടു പതിനാറു നൂലുകളേ ചുമപ്പിച്ച് ഇട്ടു രേഖകളേ ഉ ണ്ടാക്കൂ. അഥ മദ്ധ്യേ കർണ്ണകരാസ്ത്രസീമസു തഥാ സപ്ത സൂത്രാണി ഊർ ദ്ധ്വഗാനി ച കരോതു = പിന്നെ ബിംബമദ്ധ്യത്തുങ്കലും ആറാറ് അംഗുലം അതിന്റെ പുറത്തും ചെവിയുടെ സ്ഥാനത്തും അവിടെനിന്നും ആറുവിരൽ മാറ്റി തോളുകളുടെ സ്ഥാനത്തും കൈകളുടെ ആയുധമുഷ്ടികൾ വരുന്നേട ത്തും ഇങ്ങനെ ഏഴു സൂത്രങ്ങളേ മേല്പോട്ടായിട്ടു പിടിച്ചു രേഖകളേ ഉണ്ടാ ക്കൂ. അഥ സൂത്രകൈഃ വക്ത്രം ദ്വാദശവർഗ്ഗകോഷ്ഠസുവിചിത്രം കല്പയേ ത് = പിന്നെ നൂലുകളേ ഇടസ്ഥാനത്തേ നൂറ്റിനാല്പത്തിനാലു പദങ്ങളേ ക്കൊണ്ടു മനോഹരമാക്കി ഉണ്ടാക്കണം.

ഇനി നീളത്തിലും വിലങ്ങത്തിലും ഉണ്ടാക്കേണ്ടുന്ന സൂത്രങ്ങളേ ചൊല്ലുന്നു.

ചൊല്ലിയ സീമകൾ പതിനൊന്നിങ്കലും നാളത്തിന്റെ അറ്റത്തും പ ദ്മത്തിന്റെ അറ്റത്തും കുടത്തിന്റെ അറ്റത്തും കണക്കാലുടെ നടുവേയും തു ടയുടെ നടുവേയും ഇങ്ങനെ പതിനാറു സൂത്രം വിലങ്ങത്തിലിട്ട്, പിന്നെ നേരേ നടുവേയും ചെവിയുടെ അരികേയും കൈയും ദേഹവുംകൂടിയ സ ന്ധിയിങ്കലും ആയുധത്തിന്റെ അറ്റത്തും ഇങ്ങനെ മേൽകീഴായി ഏഴുസൂ

www.shripuram.org
Shripuram Publications
www.shripuram.org

ത്രമിട്ടു. പിന്നെ നെററിമേൽ വായീന്നു താടിയോളമുള്ള മുഖത്തേ അത്രയും വീതികൂട്ടി സമചതുരക്ഷേത്രമാക്കി നീളത്തിലും വിലങ്ങത്തിലും പന്ത്രണ്ടിച്ചീളു പകുത്തു നൂററിനാല്പത്തിനാലു പദമാക്കി ചമപ്പൂ.

അഷ്ടാംഗുലായതമതോ/ർദ്ധതതം ലലാട-
മർദ്ധേന്ദുസുന്ദരമതോ/ബ്ധിപദായതാ സ്യാത്
നാസാ പദദ്വയതതാ/ംഗുലിനിമ്നമൂലാ
വ്യാസോച്ഛ്രിതാ/ഗ്രരുചിരാ തിലപുഷ്പകല്പാ. 104

അഷ്ടാംഗുലായതം അതോ/ർദ്ധതതം = എട്ടുവിരൽ നീളവും അതിൽ പാതി നാലുവിരൽ വീതിയുമായിട്ട്, അർദ്ധേന്ദുസുന്ദരം = അർദ്ധചന്ദ്രനേപ്പോലെ ആകാരമായി, ലലാടം സ്യാത് = നെററി ഭവിക്കും. (അബ്ധിപദായതാ = നാലുവിരൽ നീളവും), പദദ്വയതതാ = രണ്ടു വിസ്താരവും വ്യാസോച്ഛ്രിതാ/ഗ്രരുചിരാ = വിസ്താരത്തോളം പൊക്കവും, അംഗുലിനിമ്നമൂലാ = മൂക്കിന്റെ ചുവട്ടിൽ ഒരംഗുലം വിസ്താരവും പൊക്കവുമായിട്ട്, തിലപുഷ്പകല്പാ നാസാ സ്യാത് = എള്ളിന്റെ പൂവുപോലെ ആകൃതിയായി നാസികയും ഭവിക്കും.

ഇനി നെററിയുടേയും മൂക്കിന്റെയും പ്രമാണത്തേ ചൊല്ലുന്നു.

എട്ടുവിരൽ നീളമായി അതിൽ പാതി വീതിയായി പഞ്ചമിച്ചന്ദ്രനേപ്പോലെ സുന്ദരാകാരമായിരിക്കുന്ന നെററി ഭവിക്കുന്നു. നെററിയിങ്കൽനിന്നു കീഴ്പോട്ടു നാലുവിരൽ നീളമായി ഇരുവിരൽ വീതിയായി വീതിയോളം പൊക്കമായി ഇരിക്കുന്ന അഗ്രഭാഗത്തേക്കൊണ്ടു ശോഭിച്ച് ഒരു വിരൽ താണിരിക്കുന്ന മൂലഭാഗത്തോടുകൂടി എൾപ്പൂവിന്റെ ആകാരമായി ഇരിക്കുന്ന മൂക്കിനേ ഉണ്ടാക്കുക.

തന്മൂലപാർശ്വയുജിപഞ്ചമസൂത്രസംസ്ഥേ
കോഷ്ഠദ്വയാതതിമതീ പദവിസ്തൃതേ ച
മദ്ധ്യത്രിഭാഗകൃതതാരകതത്ത്രിഭാഗ-
ക്ലൃപ്താർച്ചിഷി വിരചയേന്നയനാംബുജേ ദ്വേ. 105

തന്മൂലപാർശ്വയുജി = മൂക്കിന്റെ ചുവട്ടിൽ രണ്ടു പുറത്തും പഞ്ചമസൂത്രസംസ്ഥേ = അഞ്ചാമത്തേ പാദത്തുങ്കൽ, കോഷ്ഠദ്വയാതതിമതീ പദവിസ്തൃതേ ച = രണ്ടു പദത്തോളം നീളമായും ഒരു പദത്തോളം വിസ്താരമായും, മദ്ധ്യത്രിഭാഗകൃതതാരകതത്ത്രിഭാഗ ക്ലൃപ്താർച്ചിഷി ദ്വേ നയനാംബുജേ വിരചയേത് = മൂന്നൊന്നുകൊണ്ടു കൃഷ്ണമണികളോടും അതിന്റെ മൂന്നൊന്നായ സൂക്ഷ്മങ്ങളോടുംകൂടി താമരയുടെ ഇതളുപോലെ രണ്ടു കണ്ണുകളേയുമുണ്ടാക്കണം.

www.shripuram.org
Shripuram Publications
www.shripuram.org

ഇനി കണ്ണിനേ ചൊല്ലുന്നു.

മുഖത്തിന്റെ മീതേ അറ്റത്തുന്നു കീഴ്പോട്ട് അഞ്ചാംപങ്ക്തിതിയിൽ ഇമ്മൂക്കിന്റെ രണ്ടു പുറത്തുംചേർന്ന് ഈ രണ്ടു പദം നീളമായി ഓരോ പദം വീതിയുമായി കണ്ണു രണ്ടും ചമപ്പൂ. അക്കണ്ണിന്റെ നടുവേ നീളത്തിൽ മൂന്നൊന്നു വീതിയായി വൃത്താകാരമായി ചമയ്ക്കപ്പെട്ടിരിക്കുന്ന കൃഷ്ണമണികളോടുകൂടി ഇരിക്കണം. കൃഷ്ണമണിയുടെ നടുവിൽ മൂന്നൊന്നു വീതിയായി വർത്തുളമായ സൂക്ഷ്മമണികളോടുകൂടിയിരിക്കണം. താമര ഇതൾപോലെ സുന്ദരമായി ഇരിക്കയും വേണം.

ഫാലേക്ഷണാന്തരകൃതേ ദ്വികലായതേ ച
ചില്ല്യൌ കലാവ്യവഹിതേ ദ്വിയവപ്രതാനേ
നേത്രൈകവീഥിവിസരത്തുടുകാന്തരന്ധ്രൌ
കർണ്ണൌ കരാർണ്ണവപദപ്രതതാതതൌ ച. 106

ഫാലേക്ഷണാന്തകൃതേ = നെറ്റിയുടെയുടേയും കണ്ണുകളുടേയും ഇടയിൽ, ദ്വികലായതേ കലാവ്യവഹിതേ ദ്വിയവപ്രതാനേ ചില്ല്യൌ = നാലുവിരൽ നീളവും, തമ്മിൽ രണ്ടു വിരൽ ഇടയും, രണ്ടു നെല്ലിട വീതിയും ആയിട്ട് പുരികക്കൊടികളേ ഉണ്ടാക്കണം. നേത്രൈകവീഥിവിസരത്തുടുകാന്തരന്ധ്രൌ കരാർണ്ണവപദപ്രതതാതതൌ കർണ്ണൌ ച = കണ്ണുകളുടെ നേരേ ശോഭിച്ചിരിക്കുന്ന ചെവിക്കുറ്റികളോടും തുളയോടുംകൂടി രണ്ടുപുറത്തും രണ്ടുവിരൽ വീതിയും നാലുവിരൽ നീളവും ആയി ചെവികളേ ഉണ്ടാക്കൂ.

ഇനി പുരികത്തേയും ചെവിയേയും ചൊല്ലുന്നു.

നെറ്റിയും കണ്ണും കൂടിയ ഇടയിൽ നന്നാലുവിരൽ നീളമായി ഈ രണ്ടു തോര വീതിയായി തങ്ങളിൽ ഇരുവിരലകന്നിരിക്കണം പുരികങ്ങൾ രണ്ടും. പിന്നെ കണ്ണിന്റെ വീഥിയിങ്കൽത്തന്നെ രണ്ടറ്റത്തുമുണ്ടായി ഇരിക്കുന്ന ചെവിക്കുറ്റിയുടെ അറ്റത്ത് ഉള്ള തുളകളോടുംകൂടി ഇരുവിരൽ വീതിയായി നാലുവിരൽ നീളമായി ഇരിക്കണം ചെവിരണ്ടും.

ദ്വ്യേകാംഗുലായതതദർദ്ധതതാധരോത്ത-
രോഷ്ഠാന്തതോം/ഗുലിവിനിസ്സൃതസൃക്വയുഗ്മം
കംബീരകാദിരുചിരം പ്രകരോതു ഗോജിം
ഘോണാഗ്രസാമിപിഹിതാഷ്ടയവാവതീർണ്ണം. 107

ദ്വ്യേകാംഗുലായതതദർദ്ധതതാധരോത്തരോഷ്ഠാന്തതഃ = രണ്ടു വിരൽ നീളവും ഒരു വിരൽ വീതിയും ആയി താഴത്തേ ചുണ്ടും, ഒരു വിരൽ നീളവും അരവിരൽ വീതിയുമായി മുകളിലത്തേ ചുണ്ടും ഉണ്ടാക്കിയാൽ

www.shripuram.org
Shripuram Publications
www.shripuram.org

അവറ്റിന്റെ രണ്ടറ്റത്തും ഒരു വിരൽ വിസ്താരത്തിൽ കടവായുമുണ്ടാക്കണം. ഘോണാഗ്രസാമിപിഹിതാഷ്ടയവാവതീർണ്ണാം ഗോജിം കംബീരകാദിരുചിരം പ്രകരോതു = നാസികയുടെ അഗ്രംകൊണ്ടു പാതി മറഞ്ഞിരിക്കുമാറ് ചുണ്ടിന്റെ മുകളിൽ ഒരു വിരൽ നീളമായി ഗോജിയേയും ഉണ്ടാക്കൂ.

ഇനി ചുണ്ടുകളേ ചൊല്ലുന്നു.

ഇരുവിരലും ഒരു വിരലും നീളമായി നീളത്തിൽ പാതി കനമായി ക്രമത്താലേ കീഴേ ചുണ്ടും മേലേ ചുണ്ടും ചമപ്പൂ. ചുണ്ടിന്റെ അറ്റത്തുനിന്നും ഒരു വിരൽശ്ശ അകന്നിട്ട് രണ്ടു കടവായേയുമുണ്ടാക്കൂ. ഗോജി എന്ന് മൂക്കിന്റെ അറ്റത്തുനിന്നു നേരേ കിഴ്പോട്ടു ചുണ്ടുമേൽവായോളമുള്ള തോട് അതിനേ കംബീരകം തുടങ്ങി ഉള്ളവറ്റേക്കൊണ്ടു ശോഭിക്കുമാറ് ഉണ്ടാക്കൂ. കംബീരകമെന്ന അതിനിരുപുറവും ഇവർന്നിട്ടുള്ളത്. മൂക്കിന്റെ അഗ്രത്താൽ പാതി മറയ്ക്കപ്പെട്ട് എട്ടുയവം നീളമായി ഇരിക്കയും വേണം ഗോജി.

ശബ്ദഗ്രഹാദിചിബുകാവധി മാനനിഷ്ട-
മഷ്ടാംഗുലൈശ്ചിബുകമാനമഥാംഗുലാഭ്യാം
ഗ്രീവാഗജാംഗുലതതാ/ർക്കകലോപപന്നം
കക്ഷാന്തരം സ്തനയുഗാന്തരമേകതാലം. 108

ശബ്ദഗ്രഹാദിചിബുകാവധി അഷ്ടാംഗുലൈഃ മാനം = ചെവിയിങ്കൽ തുടങ്ങി താടിയുടെ അവസാനത്തോളം രണ്ടു പുറത്തും എട്ടെട്ടംഗുലം നീളമുണ്ടായിരിക്കും. അഥ അംഗുലാഭ്യാം ചിബുകമാനം ഇഷ്ടം = പിന്നെ താടിക്ക് രണ്ടുവിരൽ വീതിയും വേണം. ഗജാംഗുലതതാ ഗ്രീവാ = എട്ടംഗുലംകൊണ്ടു കഴുത്തുങ്കൽ വിസ്താരമുണ്ടാക്കണം. അർക്കകലോപപന്നം കക്ഷാന്തരം = ഇരുപത്തിനാലു വിരൽകൊണ്ടു കക്ഷം രണ്ടിന്റെ ഇടയിൽ വിസ്താരമുണ്ടായിരിക്കണം. സ്തനയുഗാന്തരം ഏകതാലം = മുലക്കണ്ണുകൾ രണ്ടിന്റേയുമിടയിൽ പന്ത്രണ്ടുവിരൽ വിസ്താരവും വേണം.

ഇനി താടി, കഴുത്ത്, ചെവി എന്നിവറ്റേച്ചൊല്ലുന്നു.

ചെവിക്കൽനിന്നു താടിയോളമുള്ള അകലം ഇരുപുറവും എട്ടെട്ട് അംഗുലങ്ങളേക്കൊണ്ടുവേണം. പിന്നെ രണ്ടംഗുലങ്ങളേക്കൊണ്ട് താടിയുടെ അളവുമിഷ്ടം. കഴുത്ത് എട്ടുവിരൽ വീതിയായിട്ട്, രണ്ടു കക്ഷത്തിന്നിട ഇരുപത്തിനാല്, രണ്ടു മുലക്കണ്ണിനിട പന്ത്രണ്ടുവിരൽ.

നാഭിസ്ഥലീ പ്രവിതതാ നൃപതിപ്രമാണൈഃ
സ്യാദംഗുലൈഃ കടിതടീ ധൃതിസമ്മിതൈശ്ച
കക്ഷസ്തനാന്തരമുതപ്രമിതാംഗുലാഢ്യം

www.shripuram.org
Shripuram Publications
www.shripuram.org

കക്ഷാംസമദ്ധ്യമപി മാംസളമംസയുഗ്മം. 109

നൃപതിപ്രമാണൈഃ പ്രവിതതാ നാഭിസ്ഥലീസ്യാത് = പതിനാറുവിരൽ വിസ്താരമായിട്ട് നാഭിദേശത്തേയും, ധൃതിസമ്മിതൈഃ കടിതടീ ച = പതിനെട്ടുവിരൽ വിസ്താരമായി കടിപ്രദേശത്തേയും, ഋതുപ്രമിതാങ്ഗുലാഢ്യം കക്ഷസ്തനാന്തരം = കക്ഷത്തിന്റെയും സ്തനത്തിന്റേയുമിടയിൽ ആറംഗുലം വിസ്താരത്തേയുമുണ്ടാക്കു. കക്ഷാം സമദ്ധ്യം അപി = കക്ഷത്തിനുമേൽ തോളിന്റെ മുകളുവരെയുള്ള പൊക്കവും ആറുവിരൽ വരണം. അസംയുഗ്മം മാംസളം ച സ്യാത് = തോളുരണ്ടും മാംസത്തോടുകൂടി ഉയർന്ന് ഇരിക്കണം.

ഇനി നാഭിപ്രദേശാദികളേ ചൊല്ലുന്നു.

പൊക്കിൾനേരെ വയറ്റിന്റെ വീതി പതിനാറംഗുലങ്ങളേക്കൊണ്ടു ഭവിക്കുന്നു. അരപ്രദേശത്തുങ്കൽ വീതി പതിനെട്ടംഗുലങ്ങളേക്കൊണ്ട്. കക്ഷത്തോടു മുലയോടിട ആറംഗുലങ്ങളോടുകൂടീട്ടു ഭവിക്കുന്നു. കക്ഷത്തുങ്കൽനിന്നു തോൾമേൽവായോളമുള്ള ഇവരവും മാംസളമായിരിക്കുന്ന രണ്ടു തോളിന്റെ നീളവും ആറാറുവിരൽ നീളമായിട്ടുതന്നെ ആകുന്നു.

കക്ഷാദിസന്ധ്യവധികായതിരങ്കസംഖ്യൈഃ
സ്യാദ് ഗോളകൈഃ ശിവമിതൈർമണിബന്ധനിഷ്ഠാ
ദിക്സംഖ്യകൈരുപഭുജേ/ഥ തതിശ്ചതുർഭിർ-
മൂലേ പ്രകോർപ്പരയുഗേ ഭുജയോസ്ത്രിഭിശ്ച. 110

അങ്കസംഖ്യൈഃ ഗോളകൈഃ കക്ഷാദിസന്ധ്യവധികായതിഃ = ഒമ്പതു ഗോളകങ്ങൾക്ക് പതിനെട്ടു വിരൽകൊണ്ടു കക്ഷത്തുങ്കൽ തുടങ്ങി മുട്ടോളമുള്ള നീളം ഭവിക്കും. ശിവമിതൈഃ മണിബന്ധനിഷ്ഠാ = ഇരുപത്തിരണ്ടു വിരൽകൊണ്ടു മുട്ടുങ്കൽ തുടങ്ങി കൈയുടെ കുഴയ്ക്കലോളമുള്ള നീളം ഭവിക്കും. ദിക്സംഖ്യകൈഃ ഉപഭുജേ = ഇരുപതുവിരൽകൊണ്ടു മേല്പോട്ടു ഉള്ളംകൈകൾക്കു കുഴയോളം നീളം ഭവിക്കും. അഥ ഭുജയോഃ മൂലേ ചതുർഭിഃ തതിഃ = അനന്തരം കൈകളുടെ ചുവട്ടിൽ എട്ടുവിരൽ വീതിയും, പ്രകോർപ്പരയുഗേ ത്രിഭിഃ ച = മുട്ടിന്റെ സ്ഥാനത്ത് ആറുവിരൽ വിസ്താരവും വേണം.

ഇനി കൈനീളം തുടങ്ങിയുള്ളവറ്റേ ചൊല്ലുന്നു.

കൈകൾക്കു കക്ഷത്തുങ്കൽനിന്ന് മുട്ടുങ്കലോളമുള്ള നീളം ഒമ്പതു ഗോളകങ്ങളേക്കൊണ്ടു ഭവിക്കുന്നു. അവിടെനിന്നു മണിക്കെട്ടിങ്കലോമുള്ള നീളം പതിനൊന്നു ഗോളകങ്ങളേക്കൊണ്ട്. അപ്രധാനമായുള്ള കൈകൾക്ക് മുട്ടോടു മണിക്കെട്ടോടിടയ്ക്കുള്ളത് പത്തു ഗോളകങ്ങളേക്കൊണ്ട്.

Shripuram Publications
www.shripuram.org

അഷ്ടാംഗുലൈഃ കരതലാതതിരശ്വിഹീനൈ-
സ്തദ്വിസ്തൃതിർഭവതി മദ്ധ്യമികായതിശ്ച
മദ്ധ്യാദ്ദശാംശരഹിതേ നിജപാർശ്വജേ തത്
പങ്ക്ത്യാശമാത്രരഹിതേ പ്രഥമാന്ത്യശാഖേ. 111

അഷ്ടാംഗുലൈഃ കരതലാതതിഃ = എട്ടംഗുലങ്ങളേക്കൊണ്ട് കൈകളുടെ തലത്തുങ്കൽ നീളവും, അശ്വിഹീനൈഃ തദ്വിസ്തൃതിഃ മദ്ധ്യമികായതിഃ ച = ആറംഗുലങ്ങളേക്കൊണ്ട് കരതലങ്ങളിൽ വിസ്താരവും നടുവിലേ വിരലുങ്കൽ നീളവും ഉണ്ടാക്കൂ. നിജപാർശ്വജേ മദ്ധ്യാദ് ദശാംശരഹിതേ = നടുവിലത്തേ വിരലിന്റെ രണ്ടുപുറത്തുമുള്ള അനാമികയ്ക്കും തർജ്ജനിക്കും ആറിന്റെ പത്താലൊന്ന കുറച്ച നീളമുണ്ടായിരിക്കണം. പ്രഥമാന്ത്യശാഖേ തത്പങ്ക്ത്യംശമാത്രരഹിതേ = പെരുവിരലിനും ചെറുവിരലിനും മോതിരവിരലിന്റെ പത്താലൊന്ന കുറച്ച നീളമുണ്ടായിരിക്കണം.

ഇനി കൈത്തലത്തേ ചൊല്ലുന്നു.

ഉള്ളംകൈനീളം എട്ടംഗുലങ്ങളേക്കൊണ്ട് ഉണ്ടാക്കണം. ഉള്ളംകൈവിസ്താരവും നടുവിരലുകളുടെ നീളവും ആറാറംഗുലങ്ങളേക്കൊണ്ടു ഭവിക്കുന്നു. നടുവിരലേക്കാൾ പത്തൊന്ന കുറഞ്ഞിട്ടു ചൂണ്ടോന്നിയും മോതിരവിരലിലും, അതിൽ പത്താലൊന്ന കുറഞ്ഞിട്ട് പെരുവിരലും.

അംഗുഷ്ഠകേ വിതതിരർക്കയവൈഃ പരാസു
ത്ര്യംശോനിതൈഃ പ്രതിപരും ലഘിമാ യവേന
മദ്ധ്യോദ്ഭവാപ്രഥമപർവ്വയുഗം സമാന-
ദൈർഘ്യം തദർദ്ധപരിമാണമഥാഗ്രപർവം. 112

അംഗുഷ്ഠകേ അർക്കയവൈഃ വിതതിഃ = പെരുവിരലുങ്കൽ പന്ത്രണ്ടുനെല്ലിട വിസ്താരം. പരാസു ത്രിംശോനിതൈഃ = മദ്ധ്യമാനാമികാ തർജനീകനിഷ്ഠികകൾ നാലിന്നും ക്രമത്താലേ അംഗുഷ്ഠത്തിൽ മൂന്നൊന്ന കുറച്ച വിസ്താരമുണ്ടാക്കൂ. യവേന പ്രതിപരും ലഘിമാ = ചുവട്ടിൽനിന്ന് അഗ്രത്തുങ്കലോളം കൈവിരലുകൾക്ക പർവങ്ങളിൽ ഓരോ യവം കുറച്ച വിസ്താരം വരണം. മദ്ധ്യോദ്ഭവാപ്രഥമപർവയുഗം സമാനദൈർഘ്യം = നടുവിലേ വിരലിന്റെ ചുവട്ടിലേ പർവങ്ങൾ രണ്ടും സമനീളമായിരിക്കും. അഗ്ര്യപർവം തദർദ്ധപരിമാണം = അഗ്രത്തുങ്കലേ പർവത്തിന് മറ്റേതിൽപാതി നീളമായിട്ടും വേണം കല്പിപ്പാൻ.

ഇനി വിരലുടെ വീതിയേ ചൊല്ലുന്നു.

പെരുവിരലുടെ വീതി പന്ത്രണ്ടുയവങ്ങളേക്കൊണ്ടു ഭവിക്കുന്നു. പിന്നെ മറ്റേവ നാലിന്നും ക്രമത്താലേ നടേത്തേതിൽ നടേത്തേതിൽ മൂ

www.shripuram.org
Shripuram Publications
www.shripuram.org

ന്നൊന്നു കുറഞ്ഞുകുറഞ്ഞ് എല്ലാറ്റിനും കണ്ടുകൊൾക. ഇതു ചുവട്ടുവണ്ണമാകുന്നത്. മേല്പോട്ടു ക്രമത്താലേ കൂർത്ത് ഇരിക്കണം. അത് ഓരോ മുട്ടു കഴിയുമ്പോൾ ഓരോരോ തോര കുറഞ്ഞിരിക്കണം. പിന്നെ നടുവിരലുടെ മുട്ടുകൾ, ചുവട്ടിലേതും നടുവിലേതും ഒരുപോലെ നീളം. അഗ്രത്തുങ്കലേത് മറ്റേതിൽപാതി.

ദേശിന്യുപാവരജയോരമുതോ ദ്വിപാംശ-
ഹീനാനി പാദരഹിതാനി കനിഷ്ഠികായാഃ
പർവാണി പർവയുഗളം ക്രമശോഽഥ തർജ്ജാ-
മദ്ധ്യാദ്യപർവസുസമം പ്രഥമോദ്ഭവായാഃ. 113

ദേശിന്യുപാവരജയോഃ അമുതഃ ദ്വിപാംശഹീനാനി = തർജ്ജനിയുടേയും അനാമികയുടേയും മുട്ടുകൾ മൂന്നിലും മദ്ധ്യമയിൽ എട്ടൊന്നു കുറച്ചു നീളമുണ്ടാക്കു. കനിഷ്ഠികായാഃ പാദരഹിതാനി = ചെറുവിരലിന്റെ മുട്ടുകൾ നാലൊന്നു കുറഞ്ഞുമുണ്ടാക്കു. പർവാണി = പർവങ്ങൾ = വിരലുകളുടെ മുട്ടുകൾ, പ്രഥമോദ്ഭവായാഃ പർവയുഗളം തർജാമദ്ധ്യാദ്യപർവസുസമം = പെരുവിരലിന്റെ പർവങ്ങൾ രണ്ടുംകൂടി തർജനിയുടെ ചുവട്ടിലേ പർവത്തുങ്കലോളം നീളമുണ്ടായിരിക്കും.

മറ്റേ വിരലുകളുടെ മുട്ടുകളേ ചൊല്ലുന്നു.

നടുവിരലുകളുടെ മുട്ടുകളേക്കാൾ എട്ടൊന്നു കുറഞ്ഞിട്ട് ചൂണ്ടോന്നിയുടേയും മോതിരവിരലുകളുടേയും മുട്ടുകൾ, നാലൊന്നു കുറഞ്ഞിട്ട് ചെറുവിരലുകളുടെ മുട്ടുകൾ. പെരുവിരലുടെ താഴത്തേ മുട്ട് ചൂണ്ടോന്നിയുടെ താഴത്തേ മുട്ടോളം നീളം. മീതേ മുട്ടു നടുവിരലുടെ താഴത്തേ മുട്ടോളം നീളം.

സ്വസ്വാഗ്രപർവദലതോ രചിതാ നഖാഃ സ്യുർ-
നാഹോഽംഗുലൈഃ ശ്രുതിമിതൈഃ പ്രഥമപ്രസൂതേഃ
മദ്ധ്യാദ്വിപാർശ്വജനിതാവരജാസ്വതോഽതോ-
നാഹോഽഷ്ടമാംശരഹിതോ വിഹിതഃ ക്രമേണ. 114

സ്വസ്വാഗ്രപർവദലതഃ രചിതാഃ നഖാഃ സ്യുഃ = എല്ലാ വിരലുകളിലും ഒടുക്കത്തേ പർവ്വത്തുങ്കൽ പാതികൊണ്ട് നഖങ്ങളേ ഉണ്ടാക്കണം. ശ്രുതിമിതൈഃ അംഗുലൈഃ പ്രഥമപ്രസൂതേഃ നാഹഃ = നാല് അംഗുലങ്ങളേക്കൊണ്ട് പെരുവിരലിന്റെ ചുവട്ടിൽ ചുറ്റു ഭവിക്കും. മദ്ധ്യാദ് ദ്വിപാർശ്വജനിതാവരജാസു അതഃ അതഃ അഷ്ടമാംശരഹിതഃ നാഹഃ ക്രമേണ വിഹിതഃ = നടുവിലേ വിരലിനേക്കാൾ എട്ടാലൊന്നു കുറച്ച് അതിന്റെ രണ്ടു പുറത്തേ വിരലുകൾക്കും, അവറ്റേക്കാൾ എട്ടാലൊന്നു കുറച്ച് ചെറുവിരലിനും ചുറ്റ് ഉണ്ടാക്കണം.

Shripuram Publications
www.shripuram.org

ഇനി നഖത്തേയും ചുറ്റിനേയും ചൊല്ലുന്നു.

എല്ലാ വിരലുകൾക്കും തന്റെതന്റെ തലയ്ക്കലേ മുട്ടുനീളത്തിൽ പാതി നീളമായിട്ടു നഖങ്ങൾ ഭവിക്കുന്നു. പിന്നെ പെരുവിരലുടെ ചുവട്ടിൽ ചുറ്റു നാലംഗുലങ്ങളേക്കൊണ്ട്. അതിലെട്ടൊന്നു കുറഞ്ഞിട്ട് ചൂണ്ടോന്നിയുടേയും മോതിരവിരലുടേയും ചുറ്റ്. അതിലെട്ടൊന്നു കുറഞ്ഞിട്ട് ചെറുവിരലുടെ ചുറ്റ്.

അംഗുഷ്ഠതർജ്ജനികയോർനയനാംഗുലാഢ്യ-
മഭ്യന്തരം പ്രഥമജാമണിബന്ധമദ്ധ്യം
അബ്ധ്യംഗുലൈഃ പരിമിതം മണിബന്ധകേ/പി
തൈർവിസ്തൃതിഃ കരഭദൈർഘ്യമഥാർദ്ധതാലം. 115

അംഗുഷ്ഠതർജനികയോഃ അഭ്യന്തരം നയനാംഗുലാഢ്യം = അംഗുഷ്ഠത്തിന്റേയും തർജനിയുടേയും ചുവട് തമ്മിൽ രണ്ടു വിരലകന്ന് ഇരിക്കും. പ്രഥമജാമണിബന്ധമദ്ധ്യം അബ്ധ്യംഗുലൈഃ പരിമിതം = പെരുവിരലിന്റെ ചുവട്ടിൽനിന്നു കഴയിങ്കലോളം നാലുവിരൽ അകലം വരുത്തണം. തൈഃ മണിബന്ധകേ അപി വിസ്തൃതിഃ = കൈയുടെ കഴയിങ്കൽ നാലുവിരൽ വിസ്താരം വേണം. കരഭദൈർഘ്യം അർദ്ധതാലം = കൈയുടെ പുറത്ത് ആറുവിരൽ വിസ്താരമുണ്ടാക്കണം.

ഇനി പിന്നെ ഇടകളേ ചൊല്ലുന്നു.

പെരുവിരലും ചൂണ്ടോന്നിയുമുള്ള ഇട രണ്ടംഗുലങ്ങളോടു കൂടീട്ടു ഭവിക്കുന്നു. പെരുവിരലുടെ ചുവട്ടീന്ന് മണിബന്ധക്കെട്ടിനിട നാല് അംഗുലങ്ങളേക്കൊണ്ട് അളക്കപ്പെടണം. മണികെട്ടുങ്കലേ വീതിയും അവറ്റേക്കൊണ്ടുതന്നെ. മണിക്കെട്ടുങ്കേന്നു ചെറുവിരലോമുള്ളതു കരഭം. അതു അരത്താലമായിട്ടു ഭവിക്കുന്നു.

ലിംഗം യുഗാംഗുലമിതം വൃഷണദ്വയം സ്യാദ്
ദ്വിദ്വ്യംഗുലം ദ്വിരദകുംഭനിഭേ സ്ഫിജൌ ദ്വേ
വൃത്തേ ഷഡംഗുലതതേദ്വയമദ്ധ്യസംസ്ഥാ
കൌപീനരാജ്യപി കലാ വിതതാ കൃശാഗ്രാ. 116

ലിംഗം യുഗാംഗുലമിതം സ്യാത് = ലിംഗനീളം നാലുവിരലുണ്ടാക്കണം. വൃഷ്ണദ്വയം ദ്വിദ്വ്യംഗുലം സ്യാത് = വൃഷണം രണ്ടും ഈ രണ്ടുവിരൽ നീളമായി ഭവിക്കും. ഷഡംഗുലതതേ വൃത്തേ ദ്വിരദകുംഭനിഭേ = ആറുവിരൽ വിസ്താരമായി വൃത്തമായി ആനയുടെ മസ്തകംപോലെ, ദ്വേ സ്ഫിജൌ = രണ്ട് ആസനങ്ങളുമുണ്ടാക്കു. ദ്വയമദ്ധ്യസംസ്ഥാ കലാവിതതാ കൃശാഗ്ര കൌപീനരാജീ അപി = ആസനങ്ങളുടെ ഇടയിൽ രണ്ടുവിരൽ

www.shripuram.org
Shripuram Publications
www.shripuram.org

വിസ്താരമായി കീഴ്പ്പോട്ടുവീതി കുറഞ്ഞ് കൌപീനത്തിന്റെ വഴിയും ഉണ്ടാക്കണം.

ഇനി ലിംഗാദികളേ ചൊല്ലുന്നു.

ലിംഗം നാലുവിരൽ നീളമായിട്ടു ഭവിക്കുന്നു. വൃഷണങ്ങൾ രണ്ടും ഈരണ്ടു വിരൽശ്ശ വണ്ണമായിട്ടു ഭവിക്കുന്നു. ആസനങ്ങൾ രണ്ടും ആറാറുവിരൽശ്ശ വിസ്താരമായി വട്ടമായി ആനേടെ കുംഭങ്ങൾപോലെ. രണ്ട് ആസനങ്ങളുടെ ഇടകോണകത്തിന്റെ പെരുവഴി ഉണ്ടാക്കീട്ട് ഇരിക്കയും വേണം. അത് മേലേ അറ്റത്ത് ഇരുവിരൽ വീതിയായി കീഴ്പോട്ടു കീഴ്പോട്ടു കൂർത്തിട്ടാകുന്നതാനും.

മൂലാന്തരാഗ്രവിതതിഃ ക്രമശോ/ംഗുലൈഃ സ്യാ-
ദൂരുദ്വയേ സുഷിരഭാനുശരപ്രമാണൈഃ
ജംഘാദ്വയേ/ംഗഗിരിസത്രിയവത്രിസംഖ്യൈഃ
കാര്യാ കകുപ്പരിമിതൈരപി ജാനുയുഗ്മേ. 117

ഊരുദ്വയേ സുഷിരഭാനുശരപ്രമാണൈഃ അംഗുലൈഃ ക്രമശഃ മൂലാന്തരാഗ്രവിതതിഃ സ്യാത് = തുടകൾ രണ്ടിലും ചുവട്ടിൽ ഒമ്പതുവിരലും നടുവിൽ പന്ത്രണ്ടുവിരലും മുകളിൽ അഞ്ചുവിരലും വിസ്താരം ഭവിക്കും. ജംഘാദ്വയേ അംഗഗിരിസത്രിയവത്രിസംഖ്യൈഃ = കണങ്കാലു രണ്ടിലും ചുവട്ടിൽ ആറുവിരലും നടുവിൽ ഏഴുവിരലും മുകളിൽ മൂന്നുവിരലും മൂന്നു യവവും വിസ്താരം ഭവിക്കും. ജാനുയുഗ്മേ കകുപ്പരിമിതൈഃ = മുട്ടുകളിൽ പത്തുവിരലും വിസ്താരം ഭവിക്കും.

ഇനി കാലുകളുടെ വണ്ണത്തേ ചൊല്ലുന്നു.

രണ്ടു തുടകളിലേയും ചുവട്ടിലേയും നടുവിലേയും അഗ്രത്തുങ്കലേയും വീതി ക്രമത്താലേ ഒമ്പത് പന്ത്രണ്ട് അഞ്ച് എന്നീ അംശങ്ങളേക്കൊണ്ടു ഭവിക്കുന്നു. കണങ്കാൽ രണ്ടിങ്കലേയും ആറ്, ഏഴ്, മൂവിരലേ മൂന്നുതൊട്ട് എന്നിവറ്റേക്കൊണ്ട്, രണ്ടുമുട്ടിങ്കലും വീതി പത്തംഗുലങ്ങളേക്കൊണ്ട് ചമയ്ക്കപ്പെടുവാൻ യോഗ്യം.

മൂലാദി വേദശരസാംഘ്രിരസാംഗസംഖ്യൈർ-
വ്യാസോ/ംഗുലൈഃ പദതലേ/ർക്കമിതൈശ്ച ദൈർഘ്യം
അംഗുഷ്ഠസീമ്നി കലയോന്നതിരർദ്ധതോ/ന്യ
പാർശ്വോ/ംഗുലൈഃ പ്രപദദൈർഘ്യമുതപ്രമാണൈഃ. 118

പദതലേ വേദശരസാംഘ്രിരസാംഗസംഖ്യൈഃ മൂലാദിവ്യാസഃ = കാലിന്റെ ചുവട്ടിൽ പുറത്തേവശത്തു നാലുവിരലും ഇടയിൽ അഞ്ചുവിരലും ആറേകാൽ വിരലും ആറു വിരലും വിസ്താരം വേണം. അർക്കമിതൈഃ

www.shripuram.org
Shripuram Publications
www.shripuram.org

ദൈർഘ്യം = പന്ത്രണ്ടു വിരൽ നീളവും വേണം. അംഗുഷ്ഠസീമ്നി കലയാ ഉന്നതിഃ = പെരുവിരലു വരുന്ന വക്കത്ത് രണ്ടുവിരൽ പൊക്കവും, അന്യ പാർശ്വേ അർദ്ധതഃ = മറ്റേവശത്ത് ഒരു വിരലു പൊക്കവും വേണം. ഋതു പ്രമാണൈഃ പ്രപദദൈർഘ്യം = ആറംഗുലംകൊണ്ടു പുറവടിയ്ക്കു നീളമുണ്ടായിരിക്കണം.

ഇനി കാൽചുവടേ ചൊല്ലുന്നു.

ഉള്ളങ്കാലിന്റെ വിസ്താരം പൃഷ്ഠത്തിങ്കൽ നാലുവിരൽ. നെര്യാണിക്കു നേരേ അഞ്ചു വിരൽ. ചുറ്റുവിരലുടെ പൃഷ്ഠത്തിങ്കൽ ആറേകാൽ വിരൽ. അഗ്രത്തുങ്കലും ആറു വിരൽ. ഉള്ളംകാൽ നീളം പന്ത്രണ്ടുവിരൽ. പുറവടി ഇവരം - പെരുവിരലുടെ അറ്റത്ത് ഒരു കലകൊണ്ട്, ചെറുവിരലുടെ അറ്റത്ത് അതിൽപാതികൊണ്ട്, ആറു വിരലുകളേക്കൊണ്ടു പുറവടി നീളം ഭവിക്കുന്നു.

അംഗുഷ്ഠതത്സഹഭുവോർജഗദംഗുലാഢ്യം
ദൈർഘ്യം നഖാന്നഖമിതിഹ്രസിതാസ്തതോഽന്യാഃ
പർവത്രയാഹിതരുചോഽംഗുലയോ ദ്വിപർവാം-
ഗുഷ്ഠോഽർദ്ധപർവശശിഖണ്ഡനിഭാ നഖാഃ സ്യുഃ. 119

അംഗുഷ്ഠതത്സഹഭുവോഃ ദൈർഘ്യം ജഗദംഗുലാഢ്യം = കാലിന്റെ പെരുവിരലിനും അതിനടുത്ത വിരലിനും മൂന്നുവിരൽ നീളം വേണം. അന്യാഃ നഖാത് നഖമിതിഹ്രസിതാഃ = ശേഷമുള്ള വിരലുകൾ നഖാഗ്രത്തുങ്കൽനിന്നു നഖനീളത്തോളം കുറഞ്ഞു ഇരിക്കണം. അംഗുലയഃ പർവത്രയാഹിതരുചഃ = വിരലുകൾ നാലും മൂന്നു പർവങ്ങളേക്കൊണ്ടു ശോഭിച്ചിരിക്കണം. അംഗുഷ്ഠഃ ദ്വിപർവഃ = പെരുവിരലുമാത്രം രണ്ടു പർവത്തോടുകൂടിയിരിക്കണം. അർദ്ധപർവശശിഖണ്ഡനിഭാഃ നഖാഃ സ്യുഃ = ഒടുക്കത്തെ പർവത്തുങ്കൽ പാതികൊണ്ട് അർദ്ധചന്ദ്രാകാരമായിട്ടു നഖങ്ങളേയുമുണ്ടാക്കണം.

ഇനി വിരലുകളേ ചൊല്ലുന്നു.

പെരുവിരൽക്കും ചൂണ്ടോന്നിക്കും നീളം മുമ്മൂന്നു വിരൽശ. മറ്റേവ മൂന്നും തന്റെതന്റെ മീതേ വിരലുടെ നഖപ്രമാണത്തോളവും കുറുതായി കുറുതായിട്ട്. വിരലുകൾ ഒക്കെ നടേത്തേവണ്ണം മുമ്മൂന്നു മുട്ടായി ശോഭിച്ചിരിക്കയും വേണം. പെരുവിരൽ രണ്ടു മുട്ടായിട്ട്. എല്ലാ വിരലുകൾക്കും തന്റെ തന്റെ മീതേ മുട്ടിൽ പാതികൊണ്ട് അർദ്ധചന്ദ്രാകാരമായിട്ട് നഖങ്ങളും ഭവിയ്ക്കുന്നു.

അംഗുഷ്ഠകേ രസമിതൈഃ പരിധിഃ പരസ്യാം
സ്യാദംഗുലൈസ്ത്രിഭിരഥാഷ്ടമഭാംഗഹീനൈഃ

www.shripuram.org
Shripuram Publications
www.shripuram.org

കാര്യഃ ക്രമാത്തദിതരാസ്വഖിലേഷു തത്ത-
ദ്വ്യാസേന ലോകഗുണിതേന കരോതു നാഹം. 120

അംഗുഷ്ഠകേ രസമിതൈഃ പരിധിഃ = കാലിന്റെ പെരുവിരലുങ്കൽ ആറംഗുലങ്ങളേക്കൊണ്ടു ചുറ്റുവരും. പരസ്യാം ത്രിഭിഃ അംഗുലൈഃ = അംഗുഷ്ഠത്തിന്റെ അടുത്ത വിരലുങ്കൽ മൂന്നംഗുലങ്ങൾ ചുറ്റുവരും. തദിതരാസു അഷ്ടമഭാംഗഹീനൈഃ = ശേഷം വിരലുകളിൽ മൂന്നിൽ എട്ടാലൊന്നും അതിലെട്ടൊന്നും കുറച്ചും പിന്നെയും എട്ടൊന്നു കുറച്ചും ചുറ്റുവരുത്തണം. അഖിലേഷു ലോകഗുണിതേന തത്തദ്വ്യാസേന നാഹം കരോതു = ശേഷം വിസ്താരം പറഞ്ഞ കയ്യ് കാല് തുട ഇത്യാദി അവയവങ്ങളിൽ തനിക്കു പറഞ്ഞ വിസ്താരത്തേ മൂന്നിൽപെരുക്കി ചുറ്റ് ഉണ്ടാക്കിക്കൊള്ളണം.

ഇനി വിരലുകളുടെ വണ്ണത്തേ ചൊല്ലുന്നു.

കാലുകളുടെ പെരുവിരലുകളുടെ ചുറ്റ് ആറംഗലുങ്ങളേക്കൊണ്ടു ഭവിക്കുന്നു. ചൂണ്ടോന്നിക്കു മൂന്നംഗുലങ്ങളേക്കൊണ്ട്. പിന്നെ അതിലെട്ടൊന്നു കുറഞ്ഞിട്ടു നടുവിരലുടേത്. അതിലെട്ടൊന്നു കുറഞ്ഞിട്ട് മോതിരവിരലുടേത്. അതിലെട്ടൊന്നു കുറഞ്ഞിട്ട് ചെറുവിരലുടേത്. എല്ലാറ്റിനും തന്റെ തന്റെ വിസ്താരത്തേ മൂന്നിൽ പെരുക്കിയതിനേക്കൊണ്ട് ചുറ്റിനേ ഉണ്ടാക്കിക്കൊള്ളുക.

താലൈസ്ത്രിഭിഃ ശിരസി സാഷ്ടിയവേഷുസംഖ്യൈഃ
കക്ഷാന്തരേ രഹിതവിശ്വയവൈശ്ചതുർഭിഃ
കുക്ഷൌ ത്രിഭിർഭവതി നാഭിതലേഽർദ്ധയുക്തൈർ-
നാഹസ്തഥാ കടിതടേഽർദ്ധയുതാബ്ധിസംഖ്യൈഃ. 121

ശിരസി ത്രിഭിഃ താലൈഃ നാഹഃ = ശിരസ്സുങ്കൽ മുപ്പത്തിയാറ് അംഗുലങ്ങളേക്കൊണ്ട് ചുറ്റു ഭവിക്കുന്നു. കക്ഷാന്തരേ സാഷ്ടിയവേഷുസംഖ്യൈഃ = കക്ഷപ്രദേശത്ത് അറുപത്തിരണ്ട് അംഗുലങ്ങളേക്കൊണ്ട് ചുറ്റുവരണം. കുക്ഷൌ രഹിതവിശ്വയവൈഃ ചതുർഭിഃ = വയറ്റിൽ നാല്പത്തിയാറേകാലേഅരയ്ക്കാൽ അംഗുലംകൊണ്ടു ചുറ്റുവരണം. നാഭൌ അർദ്ധയുക്തൈഃ ത്രിഭിഃ = നാഭിപ്രദേശത്ത് നാല്പത്തിരണ്ടംഗുലംകൊണ്ടു ചുറ്റുവരണം. കടിതടേ അർദ്ധയുതാബ്ധിസംഖ്യൈഃ = കടിപ്രദേശത്ത് അമ്പത്തിനാലു അംഗുലംകൊണ്ടു ചുറ്റുവരണം.

ഇനി തല തുടങ്ങിയുള്ളവറ്റിന്റെ ചുറ്റിനേ ചൊല്ലുന്നു.

തലയിൽ മൂന്നുതാലങ്ങളേക്കൊണ്ടു ചുറ്റുഭവിക്കുന്നു. കക്ഷത്തുങ്കൽ അഞ്ചുതാലവും രണ്ടുവിരലും വയറ്റിൽ ഒന്നേമുക്കാൽ വിരൽ കുറയെ നാലുതാലങ്ങളേക്കൊണ്ടു ചുറ്റുഭവിക്കുന്നു. പൊക്കിൾക്കു മേലേ മൂന്നര

www.shripuram.org
Shripuram Publications
www.shripuram.org

ത്താലംകൊണ്ട്. അരയിൽ നാലരത്താലംകൊണ്ട്.

ജംഘോരുബാഹുയുഗമദ്ധ്യകരാംഗുലീഷു
കാര്യാ കരീന്ദ്രകരവത് പരിവൃത്തതാ/ത്ര
കൂർമ്മാഭതാ പ്രപദയോർജലജാഭതാ ച
കണ്ഠേ കപോലതലയോർമുകുരാഭതാ ച. 122

അത്ര ജംഘോരുബാഹുയുഗമദ്ധ്യകരാംഗുലീഷു കരീന്ദ്രകരവത് പരിവൃത്തതാ കാര്യാ = ഇവിടെ ജംഘകൾ രണ്ടിലും തുടകൾ രണ്ടിലും വിരലുകളിലും ആനയുടെ തുമ്പിക്കൈപോലെ ഉരുണ്ട് വൃത്തമായിട്ടു വരുത്തണം. പ്രപദയോഃ കൂർമ്മാഭതാ = കാൽചുവട്ടുരണ്ടും നട്ടുവുപൊങ്ങി ആമയുടെ ആകൃതിപോലെ വരുത്തണം. കണ്ഠേ ജലജാഭതാ = കഴുത്തുങ്കൽ ശംഖുപോലെ ഉരുണ്ട് ചുവട്ടും മുകളും കനംകുറഞ്ഞുവരണം. കപോലതലയോഃ മുകുരാഭതാ ച = കവിൾത്തടം രണ്ടും കണ്ണാടിപോലെ പരന്നു മിനുപ്പായി ഇരിക്കണം.

ഇനി ആകാരങ്ങളെ ചൊല്ലുന്നു.

കണങ്കാൽ, തുട, മദ്ധ്യപ്രദേശം, വിരലുകൾ എന്നിവറ്റകൾ ആനയുടെ തുമ്പിക്കൈപോലെ ഉരുണ്ടിട്ടു ചമയ്ക്കണം. പുറവടികളിൽ ആമയുടെ ഭാഷ. കഴുത്തിൽ ശംഖിന്റെ ഭാഷ. കവിൾത്തടത്തുങ്കൽ കണ്ണാടിയുടെ ഭാഷ വേണ്ടത്.

അത്രൈകാംഗുലസമ്മിതേന പരിവേ-
ഷ്ട്യോഷ്ണീഷപട്ടേന കേ
കോടീരം മകുടോജ്ജ്വലം വിരചയേ-
ദഷ്ടാംഗുലൈഃ സർവ്വതഃ
ദ്വ്യഷ്ടാഭിർധൃതിസമ്മിതൈർദിനകര-
ദ്വന്ദ്വപ്രമൈർവാ/ംഗുലൈ-
രുഷ്ണീഷോപരിഭാസമാനമകുടോ-
പേതം കിരീടം ഹരൗ. 123

അത്ര കേ ഏകാംഗുലസമ്മിതേന ഉഷ്ണീഷപട്ടേന പരിവേഷ്ട്യ = ഇവിടെ ശിരസ്സുങ്കൽ ഒരംഗുലം കനംവരുമാറ് ഉഷ്ണീഷത്തേ ബന്ധിച്ചാൽ അതിനുമുകളിൽ, സർവതഃ അഷ്ടാംഗുലൈഃ മകുടോജ്ജ്വലം കോടീരം വിരചയേത് = എല്ലാ ബിംബങ്ങൾക്കും എട്ടംഗുലം പൊക്കമായി മകുടത്തോടുകൂടിയിരിക്കുന്ന ജടാബന്ധമായ കിരീടത്തേ ഉണ്ടാക്കു. ഹരൗ ദ്വ്യഷ്ടാഭിഃ ധൃതിസമ്മിതൈഃ ദിനകരദ്വന്ദ്വപ്രമൈഃ വാ അംഗുലൈഃ = വിഷ്ണുവിങ്കൽ പതിനാറംഗുലംകൊണ്ടുതാൻ പതിനെട്ടംഗുലംകൊണ്ടുതാൻ

www.shripuram.org
Shripuram Publications
www.shripuram.org

ഇരുപത്തിനാലംഗുലംകൊണ്ടുതാൻ, ഉഷ്ണീഷോപരി ഭാസമാനമകുടോപേതം കിരീടം വിരചയേത് = ഉഷ്ണീഷത്തിന്റെ മുകളിൽ ശോഭിച്ചിരിക്കുന്ന മകുടത്തോടുകൂടി കിരീടത്തെ ഉണ്ടാക്കു.

ഇനി കിരീടാദികളേ ചൊല്ലുന്നു.

ഇവിടെ എല്ലാടവും തലയിൽ ഒരു വിരൽ വണ്ണമുള്ളൊരു ഉഷ്ണീഷപട്ടത്തേക്കൊണ്ടു വേഷ്ടിച്ച് അവിടന്നു മേല്പോട്ട് എട്ടംഗുലങ്ങളേക്കൊണ്ട് മകുടംകൊണ്ടു ശോഭിച്ചിരിക്കുന്ന ജടാബന്ധത്തേ ഉണ്ടാക്കു. വിഷ്ണുവിനെങ്കിൽ ഉഷ്ണീഷത്തിനു മേൽപതിനാറു വിരൽതാൻ, പതിനെട്ടു വിരൽതാൻ, ഇരുപത്തിനാലു വിരൽതാൻ നീളമായിട്ട് ശോഭിച്ചിരിക്കുന്ന മകുടത്തോടുകൂടിയിരിക്കുന്ന കിരീടത്തേ ചമയ്ക്ക.

കുര്യാത് കിരീടം ശിഖരൈഃ സമേതം
ത്രിപഞ്ചസപ്തപ്രമിതൈർയഥാർഹം
അണ്ഡോപമം വാ കമലോപമം വാ
ഛത്രോപമം വാ കമഠോപമം വാ. 124

യഥാർഹം ത്രിപഞ്ചസപ്തപ്രമിതൈഃ ശിഖരൈഃ സമേതം കിരീടം കുര്യാത് = തനിക്കു തനിക്കു യോഗ്യമാകുംവണ്ണം മൂന്നുതാൻ അഞ്ചുതാൻ ഏഴുതാൻ ശിഖരങ്ങളോടുകൂടി കിരീടത്തേ ഉണ്ടാക്കു. അണ്ഡോപമം വാ കമലോപമം വാ ഛത്രോപമം വാ കമഠോപമം വാ = കിരീടത്തിന്റെ ശിഖരങ്ങൾ മുട്ടപോലെയും താമരപ്പൂവുപോലെയും കുടയുടെ ആകാരംപോലെയും ആമയുടെ ആകൃതിപോലെയും ഉണ്ടാക്കാം.

ഇനി കിരീടത്തിന്റെ ആകാരത്തേ ചൊല്ലുന്നു.

മൂന്ന് അഞ്ച്, ഏഴ് എന്നീ സംഖ്യകളോടുകൂടിയിരിക്കുന്ന ശിഖരങ്ങളോടുകൂടീട്ട് കിരീടത്തേ ഉണ്ടാക്കുക. അവിടെ യോഗ്യമാംവണ്ണം മൊട്ടപോലെതാൻ, താമരപ്പൂപോലെതാൻ, ആമപോലെതാൻ ഈവണ്ണമെല്ലാമിരിക്കുന്ന ആകാരത്തോടുകൂടീട്ട് കിരീടത്തെ ഉണ്ടാക്കുക.

ഇങ്ങനെ നവതാലമായ ബിംബലക്ഷണത്തേ പറഞ്ഞിട്ട് ദശതാലമായ ദുർഗ്ഗാബിംബത്തിങ്കലേ വിശേഷത്തേ പറയുന്നു.

ഗ്രീവാദ്യംഘ്ര്യവസാനസൂത്രിതദശ-
സ്ഥാനാനി സംവർദ്ധിതാ-
ന്യേകൈകാംഗുലതോ യവൈരഥ വസൂ-
ർമ്മ്യാമ്നായസംഖ്യൈഃ ക്രമാത്
ഉഷ്ണീഷാദ്യളികാക്ഷിനോഽഗ്രചരമ
തദ്വന്ദ്വഹീനാ ഹനർ-

Shripuram Publications
www.shripuram.org

ദ്ദുർഗ്ഗായാമിതി പങ്ക്തിതാലപരിഭി-
ന്നായാം സമുക്തോന്മിതിഃ. 125

ഗ്രീവാദ്യംഘ്ര്യവസാനസൂത്രിതദശസ്ഥാനാനി = കഴുത്ത്, ഹൃദയാന്തം, നാഭ്യന്തം, ലിംഗാന്തം, തുടയുടെ പാതികൾ രണ്ടും, മുട്ടും, ജംഘയുടെ പാതിരണ്ടും, കാൽച്ചുവടും ഇങ്ങനെ പത്തു സ്ഥാനങ്ങൾ മുമ്പേ നവതാലത്തുങ്കൽ നൂലിട്ടിരിക്കുന്നവ പത്തും; ഏകൈകാംഗുലതഃ സംവർദ്ധിതാനി = ഓരോരോ പ്രതിമാംഗുലം അധികമായിട്ടു സൂത്രമിടണം. അഥ വസൂർമ്മ്യാമ്ലായസംഖ്യൈഃ യവൈഃ ക്രമാദ് ഉഷ്ണീഷാദ്യളികാക്ഷിനോഽഗ്രചരമം = പിന്നെ നെറ്റി എട്ടു യവം അധികമായും, കണ്ണുകൾ ആറു യവം അധികമായും, മൂക്കു നാലുയവം അധികമായും, ഹനുഃ തദ്ദ്വന്ദ്വഹീനാ = മൂക്കിന്റെ താഴത്തേക്കു രണ്ടുയവം കുറഞ്ഞിട്ടും ഇങ്ങനെ മുഖത്തു രണ്ടു വിരൽ അധികമായും നീളം കല്പിപ്പൂ. ഇതി പങ്ക്തിതാലപരിഭിന്നായാം ദ്ദുർഗ്ഗായാം സമുക്താ ഉന്മിതിഃ = ഇങ്ങനെ ദശതാലമായ നൂററിയിരുപത് അംഗുലങ്ങളേക്കൊണ്ട് സ്ത്രീരൂപമാകുന്ന ദുർഗ്ഗാബിംബത്തുങ്കൽ പൊക്കം ഭവിക്കും.

ഇനി നാലുശ്ലോകംകൊണ്ട് ഉത്തമമായിരിക്കുന്ന ദശതാലബിംബത്തിന്റെ വിശേഷത്തേ സ്ത്രീരൂപത്വേന ചൊല്ലുന്നു.

കഴുത്തുതുടങ്ങി പുറവടിയോളമുള്ള സ്ഥാനങ്ങൾ നടേ കഴുത്ത് ഹൃദയാന്തം നാഭ്യന്തം ലിംഗാന്തം ഊരൂർദ്ധ്വഖണ്ഡമണ്ഡലധരഖണ്ഡം ജാനുജംഘോർദ്ധ്വഖണ്ഡമണ്ഡലധരഖണ്ഡം പുറവടി ഇങ്ങനെ പത്തുകുറ്. അവ ഒക്കെ നടേത്തേതിൽ ഓരോരോ വിരല് ഏറീട്ടു ഭവിക്കുന്നു. പിന്നെ ക്രമത്താലേ ഉഷ്ണീഷത്തുങ്കൽനിന്നു നെറ്റിയറ്റം എട്ടുതോര ഏറീട്ട്. അവിടെനിന്നു കണ്ണമയ്യം ആറുതോര ഏറീട്ട്. അവിടെനിന്നു നാസികാഗ്രം നാലുതോര ഏറീട്ട്. അവിടെനിന്നു താടിയറ്റം രണ്ടുതോര കുറഞ്ഞിട്ട്. ഇങ്ങനെ ദശതാലംകൊണ്ടു പകുക്കപ്പെട്ടിരിക്കുന്ന ദുർഗയുടെ അവയവോന്മാനം ചൊല്ലപ്പെട്ടു.

വിസ്താരഃ ശിവശൈലകൈർമുഖഗളേ
ഽത്യഷ്ട്യാ ദ്വികക്ഷാന്തരേ
വക്ഷോജേ നവഭിഃ പൃഥക് ച തദധോ-
വിശ്വൈശ്ശിവൈർമ്മദ്ധ്യതഃ
കൃത്യാ ശ്രോണിതലേ കടൌ രവിയുഗേ-
നോർവോഃ സജാനുദ്വയേ
ജംഘായുങ്നളകേഽർക്കശൈലരസവേ-
ദൈശ്ചാംഗുലൈഃ സമ്മിതൈഃ. 126

www.shripuram.org
Shripuram Publications
www.shripuram.org

മുഖഗളേ ശിവശൈലകൈഃ വിസ്താരഃ = മുഖത്തുങ്കൽ പതിനൊന്നു വിരലും കഴുത്തുങ്കൽ ഏഴു വിരലും, ദ്വികക്ഷാന്തരേ അത്യഷ്ട്യാ = കക്ഷ പ്രദേശത്ത് പതിനേഴു വിരലും, വക്ഷോജേ പൃഥക് നവഭിഃ = മുലകൾ രണ്ടിനും ഒൻപതു വിരലും, തദധഃ വിശ്വൈഃ = മുലയ്ക്കു താഴെ പതിമ്മൂന്നു വിരലും, മദ്ധ്യതഃ ശിവൈഃ = മദ്ധ്യപ്രദേശത്തു പതിനൊന്നു വിരലും, ശ്രോണിതലേ കൃത്യാ = അരക്കെട്ടിൽ ഇരുപതു വിരലും, കടൌ രവിയുഗേന = ജഘനപ്രദേശത്ത് ഇരുപത്തിനാലു വിരലും, ഊർവോഃ സജാനുദ്വയേ ജംഘായുങ്ങ്നളകേ അർക്കശൈലരസവേദൈഃ സമ്മിതൈഃ അംഗുലൈഃ ച = തുടകളിൽ പന്ത്രണ്ടീതു വിരലും മുട്ടുകളിൽ ഏഴേഴു വിരലും, ജംഘകളിൽ ആറാറു വിരലും കാലിന്റെ ചുവട്ടിൽ നന്നാലു വിരലും വിസ്താരങ്ങൾ വരുത്തി വൃത്തമാക്കി ഉണ്ടാക്കണം.

ഇനി വിസ്താരങ്ങളേ ചൊല്ലുന്നു.

മുഖത്തുങ്കൽ പതിനൊന്നംഗുലങ്ങളേക്കൊണ്ടു വിസ്താരം ഭവിക്കുന്നു. കഴുത്തിൽ ഏഴംഗുലങ്ങളേക്കൊണ്ട്. രണ്ടു കക്ഷത്തിനിടയിൽ പതിനേഴുകൊണ്ട്. മുലയിങ്കൽ വെവ്വേറേ ഒമ്പതൊമ്പതു വിരൽകൊണ്ട്. മുലയ്ക്കു താഴത്ത് പതിമ്മൂന്നു വിരൽകൊണ്ട്. മദ്ധ്യപ്രദേശത്ത് പതിനൊന്നു വിരൽകൊണ്ട്. അരപ്രദേശത്ത് ഇരുപതുവിരൽകൊണ്ട്. ജഘനപ്രദേശത്തുങ്കൽ ഇരുപത്തിനാലു വിരൽകൊണ്ട്. തുട രണ്ടിന്റേയും നടുവിൽ പന്ത്രണ്ടു വിരൽകൊണ്ട്. മുട്ടുങ്കൽ ഏഴു വിരൽകൊണ്ട്. കണങ്കാലുടെ നടുവിൽ ആറു വിരൽകൊണ്ട്. മണിക്കെട്ടുങ്കൽ നാലു വിരൽകൊണ്ട്.

ഉൽകൃത്യാധിഭുജം പ്രകോർപ്പരമനു
ദ്വാഭ്യാം പ്രകോഷ്ഠേ തലേ
ധൃത്യാ സപ്തഭിരാതതിർയുഗശരാം-
ഗേഷ്വർണ്ണവൈരംഗുലൈഃ
അംഗുഷ്ഠാദിഷു തത്തതിർനവനഗാ-
ഹ്ദ്യംഗസംഖ്യൈർയവൈ-
സ്ത്രിഷ്വശ്വൈർമണിബന്ധകോർപ്പരഭുജാ-
മൂലേഽങ്ഗുലൈർവിസ്തൃതിഃ. 127

അധിഭുജം ഉൽകൃത്യ = കൈകൾക്കു തോളിങ്കൽ തുടങ്ങി മുട്ടോളം ഇരുപത്താറു വിരൽ നീളം വേണം. പ്രകോർപ്പരമനു ദ്വാഭ്യാം = മുട്ടുകളിൽ രണ്ടു വിരൽ നീളം, പ്രകോഷ്ഠേ ധൃത്യാ = മുട്ടുങ്കൽ തുടങ്ങി മണിബന്ധത്തോളം പതിനെട്ടു വിരൽനീളം വേണം. തലേ സപ്തഭിഃ ആതതിഃ = ഉള്ളംകൈയിന് ഏഴുവിരൽ നീളം വേണം. അംഗുഷ്ഠാദിഷു യുഗശരാംഗേഷ്വർണ്ണവൈഃ = പെരുവിരലിന്നു നാലും തർജ്ജനിക്ക് അഞ്ചും മദ്ധ്യമയ്ക്ക്

www.shripuram.org
Shripuram Publications
www.shripuram.org

ആറും അനാമികയ്ക്ക് അഞ്ചും കനിഷ്ഠികയ്ക്ക് നാലും അംഗുലങ്ങൾ നീളം വേണം. തത്തതിഃ നവനഗാഹ്യദ്ര്യംഗസംഖ്യൈഃ യവൈഃ = അംഗുഷ്ഠാദിയായ വിരലുകൾ അഞ്ചിന്നും ഒമ്പതുയവവും ഏഴുയവവും എട്ടുയവവും ഏഴു യവവും ആറുയവവും വീതിയുണ്ടായിരിക്കണം. മണിബന്ധകോർപ്പരഭുജാമൂലേ ത്രീഷ്വശൈഃ അംഗുലൈഃ വിസ്തൃതിഃ സ്യാത് = മണിബന്ധത്തുങ്കേന്ന് മൂന്ന് അംഗുലവും മുട്ടുകൽ അഞ്ചംഗുലവും കൈയുടെ ചുവട്ടിൽ ഏഴംഗുലവും വിസ്താരം ഭവിയ്ക്കും.

ഇനി കൈകളേച്ചൊല്ലുന്നു.

ഇരുപത്താറു വിരലുകളേക്കൊണ്ടു തോളോടു മുട്ടോടിടകൾക്കുള്ള നീളം ഭവിക്കുന്നു. മുട്ടോടു മണിക്കെട്ടിന്നിട പതിനെട്ടു വിരൽകൊണ്ട്. ഉള്ളംകൈനീളം ഏഴുവിരൽകൊണ്ട്. പെരുവിരൽ തുടങ്ങി ക്രമത്താലേ വിരലുകളുടെ നീളം നാല്, അഞ്ച്, ആറ്, അഞ്ച്, നാല് എന്നീ വിരലുകളേക്കൊണ്ട്. അവറ്റിന്റെ വീതി പിന്നെ ക്രമത്താലേ ഒമ്പത്, ഏഴ്, എട്ട്, ഏഴ്, ആറ് എന്നീ തോരകളേക്കൊണ്ട്. മണിക്കെട്ട്, മുട്ട്, ഭുജമൂലം എന്നീ പദത്തേ വീതിക്രമത്താലേ മൂന്ന്, അഞ്ച്, ഏഴ് എന്നീയംഗുലങ്ങൾക്കൊണ്ടു ചൊല്ലുന്നു.

തർജ്ജന്യഗ്രിമയോർയുഗൈർയുഗയവ-
ന്യൂനൈഃ പരാംഘ്ര്യംഗുലീ-
ഷ്വായാമോഽംഗുലതോ നൃപാഷ്ടസദലാ-
ദ്ര്യദ്ര്യംഗസംഖ്യൈർയവൈഃ
വ്യാസസ്സാർദ്ധയുഗാംഗുലൈഃ സ്തനസമു-
ത്സേധസ്ത്രിഭിശ്ചൂചുകേ
വ്യാസോഽക്ഷേ ശ്രുതിഭിർയവൈർജ്ജ്വലതുമിതൈർ-
നാഭൌ ദൃശാക്ഷോന്നതിഃ. 128

തർജ്ജന്യഗ്രിമയോഃ യുഗൈഃ ആയാമഃ = കാലിന്റെ പെരുവിരലിന്നും അതിനടുത്ത വിരലിന്നും നാല് അംഗുലങ്ങളേക്കൊണ്ടു നീളം ഭവിക്കും. പരാംഘ്ര്യംഗുലീഷു യുഗയവന്യൂനൈഃ അംഗുലതഃ = ശേഷം വിരലുകൾക്ക് നന്നാലു യവം കുറച്ച് മൂന്നരയും മൂന്നും രണ്ടരയും അംഗുലം നീളം വരും. നൃപാഷ്ടസദലാദ്ര്യദ്ര്യംഗസംഖ്യൈഃ യവൈഃ വ്യാസഃ = കാലിന്റെ അംഗുഷ്ഠാദി വിരലുകൾക്കു പതിനാറും എട്ടും ഏഴരയും ഏഴും ആറും യവംകൊണ്ടു വിസ്താരത്തേ കല്പിപ്പൂ. സാർദ്ധയുഗാംഗുലൈഃ സ്തനസമുത്സേധഃ = നാലര അംഗുലംകൊണ്ട് മുലകൾ രണ്ടിന്നും പൊക്കം വരണം. ചൂചുകേ ത്രിഭിഃ വ്യാസഃ = മൂന്നംഗുലങ്ങളേക്കൊണ്ടു മുലയുടെ കറുപ്പുള്ളേടത്തു വിസ്താരം ഭവിക്കും. അക്ഷേ ശ്രുതിഭിഃ യവൈഃ = മുലക്കണ്ണുകൾക്കു

www.shripuram.org
Shripuram Publications
www.shripuram.org

നാലു യവം വിസ്താരം. നാഭൌ ഋതുമിതൈഃ = നാഭിക്കുഴിയ്ക്കു ആറുയവം വിസ്താരം. ദൃശാ അക്ഷോന്നതിഃ = രണ്ടു യവംകൊണ്ടു മുലക്കണ്ണുകൾക്കു പൊക്കവുമുണ്ടാക്കണം.

ഇങ്ങനെ നവതാലവും ദശതാലവും പറഞ്ഞതുകൊണ്ട് പുരുഷബിംബത്തിന്റേയും സ്ത്രീബിംബത്തിന്റേയും വിസ്താരഭേദങ്ങൾ അന്യോന്യമറിഞ്ഞു. അഷ്ടതാലാദിബിംബത്തേയും ഊഹിച്ചുണ്ടാക്കു.

ഇനി കാലുകളുടെ വിരൽ തുടങ്ങിയവറ്റേ ചൊല്ലുന്നു.

കാലുടെ പെരുവിരൽക്കും ചൂണ്ടോന്നിക്കും നാലംഗുലങ്ങളേക്കൊണ്ട് നീളം ഭവിക്കുന്നു. മറ്റേ വിരലു മൂന്നിനും ക്രമത്താലേ മൂന്നര, മൂന്ന്, രണ്ടര എന്നീ അംഗുലങ്ങളേക്കൊണ്ട്. പെരുവിരൽ തുടങ്ങി ക്രമത്താലേ അഞ്ചിനും വീതി പതിനാറ് എട്ട് ഏഴ് ഏഴര (ആറ്) എന്നീ തോരകളേക്കൊണ്ട്. പിന്നെ മുല ഇവരം നാലരവിരൽകൊണ്ട്. മുലക്കണ്ണ് ഈരണ്ടു തോരകൊണ്ട്.

അനന്തരം പഞ്ചതാലംകൊണ്ട് ഗണപതിയുടെ പ്രമാണത്തേ പറയുന്നു.

വിഘ്നേശം ശരതാലകൈർവ്വിരചയേത
ത്ര്യക്ഷം മഹേഭാനനം
ഗൂഢാഭുഗ്നഗളം സ്ഥിതം സമുപവി-
ഷ്ടം വാ/തിപീനാംഗകം
ഉഷ്ണീഷാന്മുഖമേകകേന സദലാ-
ഭ്യാം താലകാഭ്യാം തതഃ
കട്യന്തം ചരണൌ കരാശ്ച കരണീ-
യാസ്സാർദ്ധതസ്താലതഃ. 129

ശരതാലകൈഃ മഹേഭാനനം ത്ര്യക്ഷം ഗൂഢാഭുഗ്നഗളം = അഞ്ചു താലങ്ങളേക്കൊണ്ട് ആനയുടെ മുഖംപോലെ മുഖവും മൂന്നു കണ്ണുകളും മുഖംകൊണ്ടു മറഞ്ഞു വളഞ്ഞ കഴുത്തോടും, അതിപീനാംഗകം = തടിച്ചിരിക്കുന്ന കരചരണങ്ങളോടുംകൂടി, സ്ഥിതംസമുപവിഷ്ടം വാ വിഘ്നേശം വിരചയേത് = നില്പായിട്ടുതാൻ ഇരിപ്പായിട്ടുതാൻ ഗണപതിബിംബത്തേ ഉണ്ടാക്കു. ഏകകേന ഉഷ്ണീഷാൽ മുഖം = ഒരു താലംകൊണ്ടു (ഉഷ്ണീഷംതുടങ്ങി) മുഖത്തേയും, തതഃ സദലാഭ്യാം താലകാഭ്യാം കട്യന്തം = രണ്ടരത്താലംകൊണ്ട് കണ്ഠാദികട്യന്തത്തേയും, സാർദ്ധതഃ താലതഃ = ഒന്നരത്താലംകൊണ്ടു ചരണൌ കരാഃ ച കരണീയാഃ = കാലുകളുടേയും കൈകളുടേയും നീളത്തേയുമുണ്ടാക്കു.

ഇനി ഗണപതിയുടെ ലക്ഷണത്തേ ചൊല്ലുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

പഞ്ചതാലമാകുന്ന പ്രമാണങ്ങളേക്കൊണ്ട് ഗണപതിയേ ചമയ്ക്ക. മൂന്നു കണ്ണുകളോടുകൂടി ആനമുഖനായി വളഞ്ഞ കഴുത്തിനോടുകൂടി ഏറ്റവും തടിച്ചിരിക്കുന്ന അംഗങ്ങളോടുകൂടി, ഇരുന്നിട്ടുതാൻ നിന്നിട്ടുതാൻ വേണം ഗണപതി. ഉഷ്ണീഷം തുടങ്ങി മുഖനീളത്തേ ഒരു താലംകൊണ്ട് ഉണ്ടാക്കിക്കണം. അവിടെനിന്നു കടിപ്രദേശത്തോളം രണ്ടരത്താലം കൊണ്ട്. കാലുരണ്ടും കൈയുകളും ഒന്നരശ്ശത്താലംകൊണ്ട്.

എല്ലാ ബിംബങ്ങളുടേയും അലങ്കാരങ്ങളേപ്പറയുന്നു.

ശ്രീമദ്രത്നകിരീടകുണ്ഡലയുഗ-
ഗ്രൈവേയഹാരാംഗദ-
ശ്രേണീകങ്കണസോപവീതരശനാ-
വാസോ/ംഘ്രിഭൂഷാദികം
തത്തന്മൂർത്ത്യനുരൂപതോ/ത്ര രചയേത്
സ്വസ്വായുധാദിജ്ജ്വലം
ശ്ലക്ഷ്ണം ദൃഷ്ടിമനോഹരം വിരചനാ-
ദാക്ഷ്യാദ്യഥാലക്ഷണം. 130

ശ്രീമദ്രത്നകിരീടകുണ്ഡലയുഗഗ്രൈവേയഹാരാംഗദശ്രേണീ കങ്കണ സോപവീതരശനാവാസോ/ംഘ്രിഭൂഷാദികം = ശോഭിച്ചിരിക്കുന്ന രത്ന ങ്ങളോടുകൂടിയിരിക്കുന്ന കിരീടത്തേയും രണ്ടു കുണ്ഡലങ്ങളേയും കണ്ഠാ ഭരണത്തേയും മുത്തുമാലകളേയും തോളുവളകളേയും കൈകളിൽപെട്ട മുട്ടുകകളേയും ഉപവീതത്തേയും പൊന്നരഞ്ഞാണിനേയും വസ്ത്രത്തേയും കാലിൽ ചിലമ്പുകളേയും അംഗുലീയാദികളേയും, തത്തന്മൂർത്ത്യനുരൂപ തഃ സ്വസ്വായുധാദ്യുജ്ജ്വലം = അതതു മൂർത്തികൾക്കു സദൃശങ്ങളായിരി ക്കുന്ന തന്റെ തന്റെ ആയുധങ്ങളേക്കൊണ്ടു ശോഭിച്ചിരിക്കുമാറും, ശ്ലക്ഷ്ണം ദൃഷ്ടിമനോഹരം = ഏറ്റവും മിനുസമായി കണ്ടാൽ അതിമനോഹരമാ യും, വിരചനാദാക്ഷ്യാദ് യഥാലക്ഷണം ച രചയേത് = പണിയുടെ സാ മർത്ഥ്യംകൊണ്ടു ലക്ഷണയുക്തമായും ബിംബങ്ങളേ ഉണ്ടാക്കണം.

ഇനി സാമാന്യേന ആഭൂഷണങ്ങളെ ചൊല്ലുന്നു.

ശോഭിച്ചിരിക്കുന്ന രത്നകിരീടകുണ്ഡലങ്ങൾ, കണ്ഠാഭരണം, മാല കൾ, തോൾവളകൾ, കടകങ്ങൾ, യജ്ഞോപവീതം, അരഞ്ഞാളുകൾ, ഉടുപ്പ്, പുടവ, തള, ചിലമ്പ് എന്നിത്തരങ്ങളൊക്കെ അതതു മൂർത്തിക്കു വിധിച്ചവണ്ണം ചമപ്പൂ. തന്റെ ആയുധം വാഹനം എന്നുതുടങ്ങിയുള്ളവറ്റേ ക്കൊണ്ടു ശോഭിച്ചിരിക്കയും വേണം. പണിചെയ്യുന്നേടത്ത് വൈദഗ്ദ്ധ്യം കൊണ്ടു മിനുത്ത് കണ്ണിനും സുഖമുണ്ടായി മനസ്സിന്നു പ്രസാദമുണ്ടായി ഇരിക്കണം. ലക്ഷണം നീങ്ങിപ്പോകാതെ ഇരിക്കയും വേണം.

Shripuram Publications
www.shripuram.org

പദ്മം താലസമുച്ഛ്രയം ദ്വിഗുണവി-
സ്താരം ച ഷോഢാ കൃതേ
മൂലേ പട്ടമിളാംശതോ ദ്വിതയതോ-
/സ്യാധസ്തനാഷ്ടച്ഛദഃ
അംഘ്ര്യൂനപ്രഥമബ്ജമദ്ധ്യമുപരി
ഷ്ടാദഷ്ടപത്രം ത്രിഭി-
ർഭാഗൈഃ പട്ടയുതം കരോതു കമലേ
നാമാത്ര പീഠോച്ഛ്രയഃ. 131

താലസമുച്ഛ്രയം ദ്വിഗുണവിസ്താരം ച പദ്മം = ഒരു താലംകൊണ്ടു പൊക്കവും രണ്ടുതാലംകൊണ്ടു ദീർഘവിസ്താരങ്ങളുമായിട്ടു പദ്മപീഠത്തേ ഉണ്ടാക്കു. ഷോഢാ കൃതേ മൂലേ ഇളാംശതഃ പട്ടം = പിന്നെ പദ്മപീഠത്തിന്റെ പൊക്കത്തേ ആറായിപ്പകുത്തതിൽ ഒരംശംകൊണ്ടു താഴത്തേ പട്ടവും, ദ്വിതയതഃ അധസ്തനാഷ്ടച്ഛദഃ = രണ്ടംശത്തോളമുള്ളേടത്തു ചുവട്ടിലേ പദ്മദളങ്ങളും, അബ്ജമധ്യം അംഘ്ര്യൂനപ്രഥം = പദ്മപീഠത്തിന്റെ നടുവിൽ വിസ്താരത്തിൽ കാൽവാശി കുറഞ്ഞുവരുമാറും, ത്രിഭിഃ ഭാഗൈഃ ഉപരിഷ്ടാത് പട്ടയുതം അഷ്ടപത്രം = മൂന്നംശങ്ങൾ ശേഷമുള്ളതുകൊണ്ടു മേലേ പദ്മദളങ്ങളേയും മേൽപട്ടത്തേയുമുണ്ടാക്കണം. അത്ര പീഠോച്ഛ്രയഃ കമലേന അമാ = ഇവിടെ പീഠത്തിന്റെ പൊക്കമുണ്ടാക്കുന്നതു ഈ പദ്മപീഠത്തിന്റെ പൊക്കത്തോടു കൂടീട്ടുതന്നെ ആകുന്നത്.

ഇനി പദ്മകത്തേ ചൊല്ലുന്നു.

ഒരു താലമിവരമായിട്ടു പദ്മത്തേ ഉണ്ടാക്കുക. ഇവരത്തിലിരട്ടി വീതിയായിട്ടിരിക്കണം. ചകാരംകൊണ്ട് ഇരട്ടിയിലേറെയുമാമെന്നു ചൊല്ലിയത്. പിന്നെ ഇവരത്തേ ആറുകുറിട്ടാൽ ചുവട്ടിലേ പട്ടം ഒരംശംകൊണ്ടെങ്കിൽ പദ്മം രണ്ടുകൊണ്ടു മേൽപദ്മവും കീഴ്പദ്മവും കൂടിയ പഴുതിലേ വീതിയേ പദ്മവീതിയിൽ നാലൊന്നു കുറഞ്ഞിട്ട്. പിന്നെ മൂന്നംശംകൊണ്ടു മേൽപദ്മത്തേയും മേൽപട്ടത്തേയും. ഈ പദ്മത്തിന്റെ നടുക്കൂടെ അത്രേ പീഠത്തിന്റെ ഇവരം ഭവിക്കുന്നു.

വിംശത്യാ പ്രതിമാംഗുലൈഃ പ്രവിതതം
വൃത്തേ തയാ സൈകയാ
നാളം സദ്വികയാപി വാ/ഥ വിതതേ-
രഷ്ടാചലാംഗാംശിതേ
അന്തേഹീനവിതാനമാരചയതു
ബ്രഹ്മോപലാന്തായതം

Shripuram Publications
www.shripuram.org

തുര്യാശ്രും സകലേഷു വൈധസമിദം
വൃത്തം ക്വചിദൈശ്വരം. 132

വൃന്തേ പ്രതിമാംഗുലൈഃ വിംശത്യാ = ചുവട്ടിൽ ഇരുപതു പ്രതിമാംഗുലങ്ങളേക്കൊണ്ടുതാൻ, സൈകയാ തയാ വാ സദ്വികയാ വാ = ഇരുപത്തിഒന്ന് അംഗുലംകൊണ്ടുതാൻ ഇരുപത്തിരണ്ടംഗുലംകൊണ്ടുതാൻ, പ്രവിതതം = വിസ്താരമായിട്ടും, അഥ വിതതേഃ അഷ്ടാചലാംഗാംശിതേ അന്തേ ഹീനവിതാനം ച = പിന്നെ വിസ്താരത്തിന്റെ എട്ടൊന്നുതാൻ ഏഴൊന്നുതാൻ ആറൊന്നുതാൻ കുറച്ച് അഗ്രവിസ്താരമായിട്ടും, ബ്രഹ്മോപലാന്തായതം തുര്യാശ്രും = നപുംസകശിലയിങ്കലോളം നീളമായിട്ടും ചതുരശ്രുമായിട്ട്, നാളം വിരചയേത് = നാളത്തേ ഉണ്ടാക്കു. സകലേഷു ഇദം വൈധസം = എല്ലാ ദേവന്മാരിലും ചതുരശ്രുമായിരിക്കുന്ന ഇദം ബ്രഹ്മദൈവതം, ക്വചിദ് വൃത്തം ഐശ്വരം വാ = ചിലേടത്ത് ഈ നാളം വൃത്തമായി ശിവദൈവതമായിട്ടുമുണ്ടാക്കുന്നു.

ഇനി നാളത്തേ ചൊല്ലുന്നു.

ഈ ബിംബത്തുങ്കൽ ചൊല്ലിയ അംഗുലങ്ങളാൽ ഇരുപതുതാൻ ഇരുപത്തിയൊന്നുതാൻ, ഇരുപത്തിരണ്ടുതാൻ ഞെട്ടറ്റത്തു വീതിയായി, അതിലെട്ടൊന്നുതാൻ ഏഴൊന്നുതാൻ ആറൊന്നുതാൻ കുറഞ്ഞ് അഗ്രവിസ്താരമായി, നപുംസകശിലയോളം നീളവുമായിട്ട് പദ്മത്തിന്റെ തണ്ടെന്നപോലെ നാളത്തേ ചമപ്പൂ.

അനന്തരം ശിവലിംഗത്തിന്റെ കണക്കുകളേ പറയുന്നു.

ലിംഗാനി സായകകരാദിപദോനിതാശ്വി-
ഹസ്താന്തിമാനി ചരണാംശവിയുക്തക്ലൃപ്ത്യാ
സ്യുർവർണ്ണിനാം മുഖഭുജോരുപദോദ്ഭവാനാം
പഞ്ചാഗ്നിപാവകജഗത് പരിസംഖ്യകാനി. 133

സായകകരാദിപദോനിതാശ്വിഹസ്താന്തിമാനി ലിംഗാനി = അഞ്ചുകോൽ നീളം തുടങ്ങി ഒന്നേമുക്കാൽകോൽ നീളംവരെയും ശിവലിംഗങ്ങൾ. ചരണാംശവിയുക്തക്ലൃപ്ത്യാ = ഇവറ്റിൽ കാൽകോൽനീളം കുറഞ്ഞുകുറഞ്ഞു ഒന്നേമുക്കാലോളം പതിന്നാലുപ്രകാരം ശിവലിംഗങ്ങൾ ഉണ്ടാക്കാം. മുഖഭുജോരുപദോദ്ഭവാനാം വർണ്ണിനാം പഞ്ചാഗ്നിപാവകജഗത്പരിസംഖ്യകാനി സ്യുഃ = ബ്രാഹ്മണർക്ക് അഞ്ചുകോൽ തുടങ്ങി നാലുകോൽവരെയും അഞ്ചും, ക്ഷത്രിയർക്ക് മൂന്നേമുക്കാൽ തുടങ്ങി മൂന്നേകാൽവരെയും മൂന്നും, വൈശ്യർക്ക് മൂന്നുതുടങ്ങി രണ്ടരവരെയും മൂന്നും, ശൂദ്രന്നു രണ്ടേകാൽ തുടങ്ങി ഒന്നേമുക്കാൽവരെയും മൂന്നും ഇങ്ങനെ നാലു ജാതിക്കുംകൂടി പതിന്നാലുപ്രകാരം ശിവലിംഗനീളം ഭവിക്കും.

www.shripuram.org
Shripuram Publications
www.shripuram.org

ഇനി പതിമ്മൂന്ന ശ്ലോകംകൊണ്ട് ലിംഗലക്ഷണത്തേ ചൊല്ലുന്നു. അതിൽ നടേത്തേ ശ്ലോകംകൊണ്ടു ലിംഗായാമത്തേ ചൊല്ലുന്നു.

ഇനി അയ്ക്കോൽ പരിഷ തുടങ്ങി കാൽക്കോലിശ്ശ കുറഞ്ഞുകുറഞ്ഞ് കാൽകുറയെ ഇരുക്കാലോളം ലിംഗനീളം ഭവിക്കുന്നു. അതിൽ നടേത്തേത് അഞ്ചും ബ്രാഹ്മണർക്കു വിധിക്കപ്പെട്ടു. പിന്നത്തേതു മൂന്നും ക്ഷത്രിയർക്കു വിധിച്ചു. പിന്നത്തേതു മൂന്നും വൈശ്യർക്കു കൊള്ളുന്നു. ഒടുക്കത്തേതു മൂന്നും ശൂദ്രന്നു വിധിച്ചു.

അംഘ്ര്യംശകക്രമകൃതഹ്രസനേന ഭൂയോ-
ദ്വേ ചൈകമപ്യനുവിലോമകുലോത്ഥയോഃ സ്യുഃ
അന്യൂത്തരോത്തരകുലപ്രഭവേഷു ചാനു-
ലോമ്യാത് പ്രകല്പയതു വൈകകരാദികാനി. 134

ഭൂയഃ അനുവിലോമകുലോത്ഥയോഃ അംഘ്ര്യംശകക്രമകൃതഹ്രസനേന ദ്വേ ഏകം അപി = പിന്നെ അനുലോമജാതികൾക്ക് കാൽകുറച്ച് ഒന്നരക്കോലും ഒന്നേക്കാൽകോലും ഇങ്ങനെ രണ്ടു പ്രതിലോമജാതികൾക്ക് പിന്നെയും കാൽകോൽ കുറച്ച് ഒരു കോലായിട്ടു ഒന്നും, ഇങ്ങനെ പതിനേഴുപ്രകാരം ശിവലിംഗം നീളം ഭവിക്കും. ഉത്തരോത്തരകുലപ്രഭവേഷു ആനുലോമ്യാത് താനി ഏകകരാദികാനി പ്രകല്പയതു വാ = മേല്പോട്ടു മേല്പോട്ട് ഉള്ള ജാതികൾക്ക് ഒരുകോൽ തുടങ്ങി കീഴേജാതിക്ക് പറഞ്ഞതും കൊള്ളിക്കിലുമാം.

പിന്നെയും ചില ലിംഗങ്ങളേ ചൊല്ലുന്നു.

കാൽകുറയെ ഇരുക്കോൽക്കെന്നു തുടങ്ങി പിന്നെയും കാൽകോൽ മീതു കുറഞ്ഞ് ഒരുക്കോലോളം പോരുമ്പോളതു മൂന്നു ലിംഗമുണ്ടാം. അതിൽ നടേത്തേതു രണ്ടും അനുലോമജാതിക്ക്. മറ്റേതു വിലോമജാതിക്ക്. നടേ ചൊല്ലിയവയും ഇവയുമെല്ലാം മേലേ നിരൂപിച്ചാൽ ഒരുകോൽ തുടങ്ങി അയ്ക്കോലോളമുള്ള ബിംബങ്ങളേ മേലേ കുലങ്ങളിൽ അനുലോമക്രമേണ കല്പിച്ചുകൊള്ളുക. തനിയ്ക്കുള്ളതും തന്നിൽ കീഴുള്ളവർക്കുള്ളതും തനിക്കു കൊള്ളാമെന്നു താല്പര്യം.

ഗർഭവ്യാസേ വിഭക്തേ സ്മരശരനവനേ-
ത്രൈസ്ത്രിപഞ്ചൈകഭാഗൈർ-
ല്ലിംഗാനി ത്രീണി തേഷു ത്രിഷു ഗുണദലിതേ-
ഷ്വേകഭാഗൈർദ്വിഭാഗൈഃ
ദ്വേ ദ്വേ താനി സ്യുരേവം നവ ചരണയുതം
തൽസമം പാദഹീനം

www.shripuram.org
Shripuram Publications
www.shripuram.org

ദ്വാരാദ ദ്വ്യേകാംശകാഭ്യാമപി ഗുണദലിതേ
തത്ര പഞ്ചേതരാണി. 135

ഗർഭവ്യാസേ സ്മരശരനവനേത്രൈഃ വിഭക്തേ = പിന്നെ ഗർഭഗൃഹത്തിന്റെ വിസ്താരത്തേ അഞ്ചിലും ഒമ്പതിലും രണ്ടിലും പകുത്താൽ, ത്രിപഞ്ചൈകഭാഗൈഃ ത്രീണി ലിംഗാനി = ആ ഭാഗങ്ങളിൽ ക്രമേണ മൂന്നുഭാഗംകൊണ്ടും അഞ്ചുഭാഗംകൊണ്ടും ഒരു ഭാഗംകൊണ്ടും ഇങ്ങനെ മൂന്നുപ്രകാരം ശിവലിംഗനീളം കല്പിക്കാം. തേഷു ത്രിഷു ഗുണദലിതേഷു = പിന്നെ മൂന്നുവിധമുള്ള ശിവലിംഗ നീളത്തേ മൂന്നായിട്ടു പകുത്താൽ, ഏകഭാഗൈഃ ദ്വിഭാഗൈഃ താനി ദ്വേ ദ്വേ സ്യുഃ = ഒരു ഭാഗംകൊണ്ടും രണ്ടു ഭാഗംകൊണ്ടും ലിംഗനീളത്തേ രണ്ടായികല്പിപ്പൂ. ഏവം നവ = ഇങ്ങനെ ഗർഭഗൃഹവിസ്താരംകൊണ്ട് ഒമ്പതു ശിവലിംഗങ്ങൾ ഭവിക്കും. ദ്വാരാത് ചരണയുതം തത്സമം പാദഹീനം = ദ്വാരനീളത്തിൽ കാൽവാശി കൂടീട്ടും ദ്വാരനീളത്തോടു സമമായിട്ടും ദ്വാരനീളത്തിൽ നാലൊന്നു കുറച്ചിട്ടും, ഗുണദലിതേ ദ്വ്യേകാംശകാഭ്യാം അപി = ദ്വാരനീളത്തേ മൂന്നായി പകുത്തതിൽ ഒരംശംകൊണ്ടും രണ്ടംശംകൊണ്ടും ഇതി ഇതരാണി പഞ്ചലിംഗാനി = ഇങ്ങനെ ദ്വാരനീളംകൊണ്ട് വേറേ അഞ്ചുപ്രകാരം ശിവലിംഗനീളം ഭവിക്കും.

ഇനി മറ്റൊരുപ്രകാരം ലിംഗോത്സേധത്തേ ചൊല്ലുന്നു.

ഗർഭഗൃഹവിസ്താരത്തേക്കൊണ്ട് അഞ്ചുതാനൊമ്പതുതാൻ രണ്ടുതാൻ പകുത്താൽ ക്രമത്താലേ മൂന്ന്, അഞ്ച്, ഒന്ന് ഈ അംശങ്ങളേക്കൊണ്ടു കല്പിച്ച നീളമായിട്ട് മൂന്നുലിംഗങ്ങൾ ചൊല്ലപ്പെടുന്നു. ഈ ഉണ്ടായ ലിംഗോത്സേധത്തേ മൂന്നു പകുത്താൽ ഒരംശംകൊണ്ടും ഇങ്ങനെ പിന്നെയും ലിംഗങ്ങൾ ഈരണ്ടുപ്രകാരം ഭവിക്കുന്നു. ആകെ ലിംഗങ്ങൾ ഒമ്പതുപ്രകാരം ചൊല്ലി. ഇനിയും ഒരു പ്രകാരം പറയുന്നു. ഗർഭദ്വാരത്തിന്റെ ഇവരംകൊണ്ടു ഒന്നേകാൽ ഒന്നേമുക്കാൽ മൂന്നൊന്നും മൂന്നിട്ടു രണ്ടും ഇങ്ങനെ ഗർഭദ്വാരംകൊണ്ടു അഞ്ചുപ്രകാരം ചൊല്ലി ശിവലിംഗത്തുങ്കലേ ആയം ഭവിക്കുന്നു.

ലിംഗം സർവസമം സമോന്മിതിവിഭ-
ക്താംശത്രയം തത്പുനഃ
സ്വായത്യാ സമനാഹകം യദി സമാം-
ശം ചാഥ വൃദ്ധ്യുത്തരം
ഭക്തേ ഭാനയുജോച്ഛ്രയേ/ദ്രിവസുന-
ന്ദാംശൈസ്തു മൂലാദിഷു-
പേതം ദിശലിതേ ത്രിലോകയുഗസം-

www.shripuram.org
Shripuram Publications
www.shripuram.org

ഖ്യാതൈസ്ഥഥേശാധികം. 136

സമോന്മിമിതിവിഭക്താംശത്രയം ലിംഗം സർവസമം = ആകെയുള്ള ശിവലിംഗനീളത്തേ സമമായിട്ടു പകുത്ത് ചതുരശ്രവും അഷ്ടാശ്രവും വൃത്തവും ഉണ്ടാക്കുന്ന ലിംഗത്തിന്ന് സർവസമമെന്നു പറയുന്നു. തത്പുനഃ സ്വായത്യാ സമനാഹകം യദി സമാംശം = അസമഭാഗമായിരിക്കുന്ന ഭാഗങ്ങൾ മൂന്നും തന്റെ നീളത്തോളമുള്ളതുകൊണ്ട് ചുറ്റ് ഒത്തുവരുത്തി ഉണ്ടാക്കുന്നു എങ്കിൽ സമാംശലിംഗമെന്നു പേര്. ഉച്ഛ്രയേ ഭാനുയുജാഭക്തേ = ലിംഗനീളത്തേ ഇരുപത്തിനാലിൽ പകുത്താൽ, മൂലാദിഷു അദ്രിവസുനന്ദാംശൈഃ ഉപേതം വൃദ്ധ്യുത്തരം = അതിൽ ഏഴംശംകൊണ്ടു ചതുരശ്രനീളവും എട്ടംശംകൊണ്ടു അഷ്ടാശ്രനീളവും ഒമ്പതംശംകൊണ്ട് വൃത്തഭാഗനീളവും ഇങ്ങനെയുള്ള ശിവലിംഗത്തിനു വൃദ്ധ്യുത്തരമെന്നു പേര്. ദിശദലിതേ ത്രിലോകയുഗസംഖ്യാതൈഃ ഈശാധികം = ലിംഗനീളത്തേ പത്തിലംശിച്ച് ചുവട്ടിൽ മൂന്ന് അംശവും നടുവിലും മൂന്നംശവും മുകളിൽ നാലംശവും നീളമായിട്ടുള്ള ലിംഗത്തിന് ഈശാധികമെന്നു പേര്.

ഇനി സർവമാദിയായിരിക്കുന്ന ലിംഗങ്ങളുടെ ഭേദത്തെ ചൊല്ലുന്നു.

ആകെയുള്ള നീളംകൊണ്ട് മൂന്നു പകുത്ത് ചതുരശ്രാഷ്ടാശ്രവൃത്തങ്ങളാകുന്ന ഖണ്ഡനീളങ്ങളേ ഓരോ അംശംകൊണ്ടുണ്ടാക്കുന്ന ലിംഗത്തിന്നു സർവ്വമെന്നു പേര്. പിന്നെ ഈ സർവലിംഗംതന്നെ ചതുരശ്രത്തുങ്കലേ നീളത്തോളം അവിടത്തേ ചുറ്റ്, അഷ്ടാശ്രത്തുങ്കലേതുമവ്വണ്ണം, വൃത്തത്തിങ്കലേതുമങ്ങനെതന്നെ, ഈവണ്ണമുള്ള ലിംഗത്തിനു സമാംശമെന്ന് പേര്. പിന്നെ ആകെയുള്ള നീളം ഇരുപത്തിനാല് പകുത്താൽ ചതുരശ്രമേഴ അഷ്ടാശ്രം എട്ട് വൃത്തം ഒമ്പത് ഇങ്ങനെ എങ്കിൽ വൃദ്ധ്യുത്തരമെന്നു പേര്. പിന്നെ നീളത്തേ പത്തംശിച്ചാൽ ചതുരശ്രമഷ്ടാശ്രവും മുമ്മൂന്നു, വൃത്തം നാല്, എന്നു വരികിൽ ഈശാധികം എന്ന് പേര്.

ആയാമേ ദലിതേ ദിവാകരയുജാ-
ഽഭീഷ്ടേഽഷ്ടഭിർവിസ്തൃതിഃ
കാര്യാഽംശൈരപി പഞ്ചപഞ്ചയവയു-
ക്തൈസ്സപ്തഭിഃ പഞ്ചഭിഃ
സ്വായാമാർക്കയുഗാംശതദ്വിരസനാം-
ശഃസ്യാദ് യവഃ കേവലൈഃ
പഞ്ചാംശൈരപി ഗർഭഗേഹനവമാം-
ശേനാപി സാ സൂര്യതേ. 137

www.shripuram.org
Shripuram Publications
www.shripuram.org

അഭീഷ്ടേ ആയാമേ ദിവാകരയുജാ ദലിതേ = ഇഷ്ടമായുള്ള ശിവലിംഗനീളത്തേ ഇരുപത്തിനാലിൽ പകുത്താൽ, അഷ്ടഭിഃ അംശൈഃ വിസ്തൃതിഃ കാര്യാ = അതിലെട്ടംശങ്ങളേക്കൊണ്ടുതാൻ അഞ്ചംശങ്ങളേക്കൊണ്ടുതാൻ ശിവലിംഗത്തിന്റെ ത്രിസ്ഥാനങ്ങളിലും വിസ്താരത്തേ ഉണ്ടാക്കാം. പഞ്ചപഞ്ചയവയുക്തൈഃ സപ്തഭിഃ പഞ്ചഭിഃ വാ വിസ്തൃതിഃ = അയ്യഞ്ചുയവങ്ങളോട്ടുകൂടിയിരിക്കുന്ന ഏഴംശംകൊണ്ടുതാൻ അഞ്ചംശംകൊണ്ടുതാൻ വിസ്താരമുണ്ടാക്കാം. സ്വായാമാർക്കയുഗാംശദ്വിരസനാംശഃ യവഃ സ്യാത് = ലിംഗനീളത്തേ ഇരുപത്തിനാലിൽ പകുത്താൽ അംഗുലം, അംഗുലത്തിന്റെ എട്ടാൽ ഒരംശം ലിംഗത്തുങ്കലേ യവമായി ഭവിക്കും. കേവലൈഃ പഞ്ചാംശൈഃ അപി ഗർഭഗേഹനവമാംശേന അപി സാ വിസ്തൃതിഃ സ്മര്യതേ = കേവലം ഇരുപത്തിനാലിന്റെ പഞ്ചാംശംകൊണ്ടും ഗർഭഗൃഹവിസ്താരത്തിന്റെ നവാംശംകൊണ്ടും ലിംഗത്തിന്റെ വിസ്താരം പറയുന്നുമുണ്ട്.

ഇനി വണ്ണത്തേ ചൊല്ലുന്നു.

ലിംഗനീളത്തേ ഇരുപത്തിനാലു പകുത്താൽ എട്ടംശം വിസ്താരം, ഏഴംശമെങ്കിലും അഞ്ചംശമെങ്കിലും കൊള്ളാം. ഇവിടെ അഞ്ചംശമെങ്കിലുമാം. ഇങ്ങനെ ഇരുപത്തിനാലു പകുത്താൽ അതിൽ പതിനൊന്നുകൂറ് ഇവിടെ യവമാകുന്നത്. പിന്നെ അഞ്ചംശം വിസ്താരമെങ്കിലുമാം. പിന്നെ ഗർഭഗൃഹവിസ്താരത്തിൽ ഒമ്പതിലൊന്നു വിസ്താരമെങ്കിലുമാം.

യഥോചിതാതാനവിതാനയുക്താം
ശിലാം ത്രിധോക്തക്രമതോ വിഭജ്യ
മൂലം യുഗാശ്രം വിദധീത മദ്ധ്യ-
മഷ്ടാശ്രകം വൃത്തമയം പരം ച. 138

യഥോചിതാതാനവിതാനയുക്താം ശിലാം = ലിംഗത്തിനു പറഞ്ഞ പ്രകാരം വീതിയോടും നീളത്തോടുംകൂടിയിരിക്കുന്ന ശിലയേ, ഉക്തക്രമതഃ ത്രിധാ വിഭജ്യ = പറഞ്ഞപോലെ മൂന്നായിട്ടു പകുത്ത്, മൂലം യുഗാശ്രം = ചുവടിനേ ചതുരശ്രമായിട്ടും, മദ്ധ്യം അഷ്ടാശ്രകം = നടുവിനേ അഷ്ടാശ്രമായിട്ടും, പരം വൃത്തമയം ച വിദധീത = മുകളിനേ വൃത്തമായിട്ടുമുണ്ടാക്കിപ്പൂ.

പിന്നെ ആകാരത്തേ ചൊല്ലുന്നു.

ഇതിൽ തനിക്കു തെളിഞ്ഞ നീളവും വണ്ണവുമൊപ്പിച്ച് ചതുരശ്രമായി തീർത്ത നീളംകൊണ്ടു നടേ നാലുപ്രകാരം ചൊല്ലിയവറ്റാലൊന്നുകൊണ്ട് മൂന്നായി പകുത്ത് ചുവട്ടിലേതു ചതുരമായിയും, നടുവിലേത് അഷ്ടാശ്രമായിയും, മീതേതു വൃത്തമായിട്ടും പണിചെയ്തുകൊള്ളുക.

Shripuram Publications
www.shripuram.org

തുര്യാശ്രേ സുസമേ പ്രസാര്യ ഭുജസൂ-
ത്രം കർണസൂത്രാദ്ധ്വനാ
തസ്യാന്താഹിതലക്ഷ്മസു പ്രതിദിശം
ദ്വേ ദ്വേ ഭുജാസൂത്രകേ
കൃത്വാ തദ്വയമദ്ധ്യസംസ്ഥിതചതു-
ഷ്കോണാനി സംശോധ്യ സാ-
ധ്വഷ്ടാശ്രം വിദധീത വൃത്തമപി തദ്
ദ്വ്യഷ്ടാശ്രകാദിക്രമാത്. 139

സുസമേ തുര്യാശ്രേ = പിരിവുതീർത്തു സമചതുരശ്രമായിരിക്കുന്ന ശിലയുടെ ചുവട്ടിലും മുകളിലും വിസ്താരത്തോളം നീളമായിട്ട് ഓരോ ചതുരശ്രത്തേ വരച്ചതിന്റെ, കർണ്ണസൂത്രാദ്ധ്വനാ ഭുജസൂത്രം പ്രസാര്യ = ദീർഘവിസ്താരതുല്യമായിരിക്കുന്ന ഭുജസൂത്രത്തേ നാലുകോണിൽനിന്നും അകത്തുഭാഗത്തു കർണ്ണസൂത്രവഴിയേ കോണനോക്കിവച്ചാൽ, തസ്യ അന്താഹിതലക്ഷ്മസു = ആ ഭുജാസൂത്രാഗ്രത്തുങ്കൽ നാലിലും അടയാളമിടൂ. പ്രതിദിശം ദ്വേ ദ്വേ ഭുജാസൂത്രകേ കൃത്വാ = പിന്നെ രണ്ടു ചതുരശ്രത്തുങ്കലേ ഈരണ്ട് അടയാളങ്ങളേത്തൊട്ട് നാലുവശത്തും ഈരണ്ടു ഭുജാസൂത്രങ്ങളേ ഉണ്ടാക്കിയാൽ, തദ്വയമദ്ധ്യസംസ്ഥിതചതുഷ്കോണാനി സംശോദ്ധ്യ = ആ ഭുജാസൂത്രങ്ങളുടെ ഇടയിൽവരുന്ന കോണുകൾ നാലും അടിച്ചുകളഞ്ഞ്, സാധു അഷ്ടാശ്രം വിദധീത = നല്ലപോലെ അഷ്ടാശ്രത്തേ ഉണ്ടാക്കൂ. തദ്വ്യഷ്ടാശ്രകാദിക്രമാത് വൃത്തം അപി = പിന്നെ അഷ്ടാശ്രഭാഗത്ത് ഈവണ്ണം ചതുരശ്രവും ഭുജാസൂത്രങ്ങളുമുണ്ടാക്കി ഷോഡശാശ്രം വരുത്തി വൃത്തത്തേയും ഉണ്ടാക്കൂ.

ഇനി അഷ്ടാശ്രവൃത്തത്തേ ചൊല്ലുന്നു.

ചതുരശ്രമായി ഇരിക്കുന്ന ലിംഗത്തിന്റെ രണ്ടുതലയ്ക്കലും സമചതുരശ്രമായി വരച്ചു അതിന്നു കർണ്ണസൂത്രങ്ങളും വരപ്പൂ. അവിടെ ലിംഗവിസ്താരത്തോളം പോന്ന തോത് കർണ്ണരേഖയിൽ ഒന്നിന്മേൽ വച്ച് അതിന്റെ അറ്റത്ത് അടയാളമിടൂ. പിന്നെ മറ്റേ രേഖമേൽ വച്ചിട്ടുമിടൂ. അവ്വണ്ണം തന്നെ മറ്റേ തലയ്ക്കലുമിടൂ. പിന്നെ രണ്ടു തലയ്ക്കലേയും അടയാളങ്ങളിൽ തട്ടിച്ചിട്ട് രണ്ടു സൂത്രമിടൂ. അവ്വണ്ണം തന്നെ മറ്റു മൂന്നു പുറത്തും ഈരണ്ടു സൂത്രമിടൂ. പിന്നെ ഈരണ്ടു സൂത്രത്തിനിടയിലുള്ള കോണു കഴിപ്പൂ. അപ്പോളഷ്ടാശ്രം സൂക്ഷ്മമായിട്ടു വരും. അതു - ചുവട്ടിലേ ചതുരശ്രം - ഇട്ടേച്ചു മറ്റേതു രണ്ടും അഴിക്കേവേണ്ടു. പിന്നെ അഗ്രത്തേ ഉരുട്ടുവാൻ ആ അഷ്ടാശ്രങ്ങളിൽ ഈവണ്ണം തന്നെ സൂത്രമിട്ട് ഷോഡശാശ്രമാക്കൂ. പിന്നെ അതുകൊണ്ടു മുപ്പത്തിരണ്ടശ്രമാക്കിയാൽ ആ ക്രമേണ വൃത്തമാക്കിക്കൊ

www.shripuram.org
Shripuram Publications
www.shripuram.org

ളളൂ.

വിസ്താരം ശിവലിംഗമൂർദ്ധ്നി വസുന-
ന്ദാദിത്യരുദ്രാംശകം
കൃത്വാ/ത്ര ക്രമതോ വിശോദ്ധ്യ പരിതോ-
ദ്വ്യേകദ്വിലോകാംശകാൻ
കൃത്വാ/ത്യഷ്ടിതിഥിപ്രകൃത്യതിധൃതി-
ഖ്യാതാംശയുക്തം ക്രമാത്
പൂജാഭാഗമിഹോക്തഭാഗമുപരി-
ഷ്ടാച്ഛോധയേദ്വർണ്ണിഷു. 140

ശിവലിംഗമൂർദ്ധ്നി വിസ്താരം = ശിവലിംഗത്തിന്റെ വൃത്തഭാഗത്തിന്റെ മുകളിലേ വിസ്താരത്തേ, വസുനന്ദാദിത്യരുദ്രാംശകം കൃത്വാ = എട്ടുതാൻ ഒമ്പതുതാൻ പന്ത്രണ്ടുതാൻ പതിനൊന്നുതാൻ പകുത്ത്, പരിതഃ ക്രമതഃ ദ്വ്യേകദ്വിലോകാംശകാൻ വിശോദ്ധ്യ = ചുറ്റും ക്രമേണ രണ്ടംശവും ഒരംശവും രണ്ടംശവും മൂന്നംശവും കളവൂ. പൂജാഭാഗം അത്യഷ്ടിതിഥിപ്രകൃത്യതിധൃതിഖ്യാതാംശയുക്തം കൃത്വാ = പിന്നെ പൂജാഭാഗത്തേ പതിനേഴുതാൻ പതിനഞ്ചുതാൻ ഇരുപത്തിയൊന്നുതാൻ പത്തൊമ്പതുതാൻ പകുത്ത്, ഇഹ ഉപരിഷ്ടാത് ക്രമാത് വർണ്ണിഷു ഉക്തഭാഗം ശോധയേത് = ഈ പൂജാഭാഗത്തിന്റെ മുകളിലും ക്രമേണ ബ്രാഹ്മണാദിവർണ്ണങ്ങളിൽ മുകളിൽ പറഞ്ഞപോലെ രണ്ടും ഒന്നും രണ്ടും മൂന്നും അംശങ്ങളേക്കളവൂ.

ഇനി അഗ്രത്തുങ്കലേ പണി ചൊല്ലുന്നു.

ശിവലിംഗത്തിലേ അഗ്രത്തിന്റെ വണ്ണത്തേ എട്ടുതാൻ ഒമ്പതുതാൻ പന്ത്രണ്ടുതാൻ പതിനൊന്നുതാൻ ക്രമത്താലേ രണ്ട് ഒന്ന് രണ്ട് മൂന്നംശം പുറത്തേ അരികിൽ ചുറ്റും കളയണം. പിന്നെ വൃത്തഭാഗത്തിങ്കലേ നീളംകൊണ്ട് പതിനേഴുതാൻ പതിനഞ്ചുതാൻ ഇരുപത്തിയൊന്നുതാൻ പത്തൊമ്പതുതാൻ പകുത്താൽ, ക്രമത്താലേ നടേ ചൊല്ലിയപോലെ രണ്ടും ഒന്നും മൂന്നും എന്നീ അംശങ്ങൾ മീതേ അറ്റത്ത് അഴിച്ചുകളയണം. ഇവിടെ ബ്രാഹ്മണന് എങ്കിൽ വണ്ണംകൊണ്ട് എട്ടംശിച്ച് രണ്ടു മേൽ നീളംകൊണ്ട് അഴിക്ക. പതിനേഴിട്ടു രണ്ടംശം താഴെയുമഴിക്കണം. ക്ഷത്രിയന്ന് എങ്കിൽ വീതികൊണ്ട് ഒമ്പതിട്ട് ഒന്നു വീതികൊണ്ടും, പതിനഞ്ചിട്ട് ഒന്നു നീളംകൊണ്ടും അഴിക്ക. വൈശ്യന്ന് എങ്കിൽ പന്ത്രണ്ടിട്ടു മൂന്നുവീതികൊണ്ടും, പത്തൊമ്പതിട്ടു മൂന്നു നീളംകൊണ്ടും അഴിക്ക.

ഇനിയും മറ്റൊരു പ്രകാരം മുകളിലേ പണിയേ പറയുന്നു.

Shripuram Publications
www.shripuram.org

തന്മസ്തകേ നവവിഭാഗതയാ വിഭക്തേ
ഭാഗം വിശോദ്ധ്യ പരിതഃ ശിവഭാഗദൈർഘ്യം
ദ്വാത്രിംശദംശകതയാ പരികല്പ്യ ഭാഗാ-
നേകൈകശോ ദ്വിജമുഖേഷു വിശോധയേദ്വാ. 141

തന്മസ്തകേ നവവിഭാഗതയാ വിഭക്തേ = ശിവലിംഗത്തിന്റെ മുകളിലേ വൃത്തത്തേ ഒമ്പതായിട്ടു പകുത്താൽ പരിതഃ ഭാഗം വിശോദ്ധ്യ = ചുറ്റും ഓരോ അംശത്തേക്കളവൂ. ദ്വിജമുഖേഷു ശിവഭാഗദൈർഘ്യം ദ്വാത്രിംശദംശകതയാ പരികല്പ്യ = പൂജാഭാഗനീളത്തേ മുപ്പത്തിരണ്ടായിട്ടു പകുത്താൽ, ദ്വിജമുഖേഷു ഏകൈകശഃ വിശോധയേദ് വാ = ബ്രാഹ്മണാദി ജാതിക്രമേണ ഒന്നും രണ്ടും മൂന്നും നാലും അംശങ്ങളേ മുകളിൽ കളഞ്ഞു ഉരുട്ടി ഉണ്ടാക്കു. ഇങ്ങനെയുമാം.

അത് എന്നിയേ മറ്റൊരു പ്രകാരം ചൊല്ലുന്നു.

ലിംഗാഗ്രവണ്ണത്തേ ഒമ്പതു പകുത്താൽ ഒരംശംകൊണ്ടു ചുറ്റമഴിച്ച് പിന്നെ ശിവഭാഗനീളത്തേ മുപ്പത്തിരണ്ടംശത്താൽ ബ്രാഹ്മണനെങ്കിൽ തലയ്ക്കലൊരംശമഴിപ്പൂ. ക്ഷത്രിയന് എങ്കിൽ രണ്ടംശമഴിപ്പൂ. വൈശ്യന് എങ്കിൽ മൂന്നംശമഴിപ്പൂ. ശൂദ്രനെങ്കിൽ നാലംശമഴിപ്പൂ.

കുർവീത ത്രപുഷീഫലാഗ്രസദൃശം
ഛത്രോപമം മസ്തകം
ബാലേന്ദ്വാകൃതി കുക്കുടാണ്ഡസദൃശം
വിപ്രാദിവർണ്ണക്രമാത്
ഭേദാഃ സർവസമാംശകപ്രഭൃതയോ-
നാഹപ്രഭേദാന്വിതാ-
സ്തേ/പ്യേതത്ക്രമതഃ സ്യുരേതദനലോ-
മാംഗീകൃതിശ്ചേഷ്യതേ. 142

വിപ്രാദിവർണ്ണക്രമാത് ബ്രാഹ്മണാദിവർണ്ണക്രമേണ, മസ്തകം ത്രപുഷീഫലാഗ്രസദൃശം = ബ്രാഹ്മണർക്ക് ലിംഗത്തിന്റെ മുകളു ചുരയ്ക്കായുടെ മുകളിലേപ്പോലെയും, ഛത്രോപമം = ക്ഷത്രിയനു കുടയുടെ പോലെയും, ബാലേന്ദ്വാകൃതി = വൈശ്യനു ചന്ദ്രക്കലപോലെയും, കുക്കുടാണ്ഡസദൃശം = ശൂദ്രനു കോഴിമുട്ടപോലെയും, കുർവീത = ഉണ്ടാക്കണം. സർവസമാംശകപ്രഭൃതയഃ നാഹപ്രഭേദാന്വിതാഃ തേ ഭേദാഃ അപി = ബ്രാഹ്മണാദിവർണ്ണങ്ങൾക്കു മുമ്പിൽ സർവസമം സമാംശം വൃദ്ധ്യുത്തരം ഈശാധികം ഇങ്ങനെ നാലു പ്രകാരം പറഞ്ഞഭേദങ്ങളും ചുറ്റ ഭേദങ്ങളുംകൂടി ഉണ്ടാക്കുകയുമാം. ഏതത് ക്രമതഃ, ബ്രാഹ്മണാദിവർണ്ണാദിക്രമേണ അ

www.shripuram.org
Shripuram Publications
www.shripuram.org

നുലോമാംഗീകൃതിഃ ച ഇഷ്യതേ = തനിക്കു തനിക്കു പറഞ്ഞതും കീഴാ യിട്ടു പറഞ്ഞ ജാതിക്കു പറഞ്ഞതും കൊള്ളാം.

ഇനി ആകാരത്തേ ചൊല്ലുന്നു.

ലിംഗാഗ്രഭാഷ ചുരയ്ക്കയുടെ അഗ്രംപോലെ ബ്രാഹ്മണർക്ക്, കുടപോ ലെ ക്ഷത്രിയർക്ക്, ചന്ദ്രക്കലപോലെ വൈശ്യർക്ക്, കോഴിമുട്ടപോലെ ശൂദ്രർക്ക്, ഗർഭഗൃഹംകൊണ്ടു ചൊല്ലിയതു സാധാരണമെന്നും വരും. ഇ വയെല്ലാം നടേ ചൊല്ലിയപോലെ അവരവർക്കു തന്റെതന്റേതും തങ്ങളു ടെ കീഴേവയും കൊള്ളാം.

ഭങ്ക്ത്വാ ത്രേധാ ശിവാംശായതിമുപരിതനം
ഭാഗമുലൽക്ഷിപ്യ ശിഷ്ടം
കൃത്വാഽഷ്ടാംശം സമാസ്ഥാല്യ ച വിഷുവസിരാ-
സൂത്രമത്രാഷ്ടമാംശേ
ലിംഗാഭം ലക്ഷ്മ സാധാരണമഥ യവരൂ-
പം മഹേഭേക്ഷണാഭം
വ്രീഹ്യാകാരം ച ബദ്ധാഞ്ജലിനിഭമപി വി-
പ്രാദിക്ലൃപ്ത്യാ ലിഖേദ്വാ. 143

ശിവാംശായതിം ത്രേധാ ഭങ്ക്ത്വാ = ശിവഭാഗനീളത്തേ മൂന്നായിട്ടു പകുത്താൽ, ഉപരിതനം ഭാഗം ഉൽക്ഷിപ്യ = അതിൽ മുകളിലേ ഭാഗ ത്തേ മുകളിൽ നിർത്തി, ശിഷ്ടം അഷ്ടാംശം കൃത്വാ = ശിഷ്ടം താഴത്തേ ഭാഗത്തേ രണ്ടിനേയും ഒന്നാക്കി എട്ടായി പകുപ്പൂ. അത്ര വിഷുവസിരാ സൂത്രം ആസ്ഥാല്യ = ഇവിടെ ചുവട്ടിൽ തുടങ്ങി ഏഴംശം കഴിവോളം നേ രേ നടുവിൽ സുഷുമ്നാനാഡിയായ സൂത്രത്തെ ഇട്ട് രേഖയേ ഉണ്ടാക്കൂ. അ ഥ അഷ്ടമാംശേ സാധാരണം ലക്ഷ്മ = രേഖയുടെ മുകളിൽ എട്ടാമത്തേ അംശത്തിൽ നാലു ജാതികൾക്കും സമാനമായിരിക്കുന്ന ശിവലിംഗാ കൃതിയായ അടയാളത്തേ ഉണ്ടാക്കൂ. അഥ വിപ്രാദിക്ലൃപ്ത്യാ യവരൂപം മ ഹേഭേക്ഷണാഭം വ്രീഹ്യാകാരം ബദ്ധാഞ്ജലിനിഭം അപി ലിഖേദ് വാ = ബ്രാഹ്മണർക്ക് ഈ അടയാളം യവംപോലെയും, ക്ഷത്രിയന്ന് ആന യുടെ കണ്ണുപോലെയും, വൈശ്യന്നു നെല്ലുപോലെയും, ശൂദ്രന്നു കൈര ണ്ടുംകൂട്ടി തൊഴുന്നപോലെയും ഉണ്ടാക്കിലും ആം.

ലക്ഷണത്തെ ചൊല്ലുന്നു.

ശിവഭാഗനീളത്തേ മൂന്നു പകുത്തു മീതേ ഇട്ടു കളഞ്ഞ ശേഷത്തെ എട്ടംശിച്ച് ആ സൂത്രങ്ങൾ ചുറ്റമിട്ടേപ്പൂ. മുമ്പിൽ മയ്യത്തിലും സൂത്രമിട്ടു. അതിൽ കീഴേന്നു തുടങ്ങി എട്ടംശത്തിൽ ലക്ഷ്മമിട്ടു. അതു നേരേ മുമ്പി ലായിരിക്കയും വേണം. ലിംഗാകാരമെങ്കിലെല്ലാവർക്കും കൊള്ളാം. യ

www.shripuram.org
Shripuram Publications
www.shripuram.org

വംപോലെയെങ്കിൽ ബ്രാഹ്മണർക്ക്, ആനക്കണ്ണുപോലെയെങ്കിൽ ക്ഷത്രിയർക്ക്, നെല്ലുപോലെയെങ്കിൽ വൈശ്യർക്ക്, തൊഴുത കൈപോലെയെങ്കിൽ ശൂദ്രർക്ക്.

രേഖാം ലക്ഷണമൂലതോ മണിമയീം
മൂലാംശയുഗ്മാന്തിമം
രേഖേ ദക്ഷിണപാർശ്വജേ ച പരിലി-
ഖ്യേഷ്വംശമദ്ധ്യാവധി
ഊർദ്ധ്വാഗ്രൈർവൃത്തസൂത്രകൈസ്ത്രിദശകോ-
ഷ്ഠാനി പ്രകല്പ്യാഥ തേ
തത്കർണക്രമതഃ പരാഗവനിപ-
ങ്ക്ത്യന്തേ മിഥോ യോജയേത്. 144

ലക്ഷണമൂലതഃ മൂലാംശയുഗ്മാന്തിമം മണിമയീം രേഖാം = ലക്ഷണത്തിന്റെ ചുവട്ടിൽ തുടങ്ങി കീഴ്പ്പോട്ടു ചുവട്ടിലെ രണ്ടംശത്തിന്റെ മേലേ വക്കോളം മണിരേഖയേയും, ഇഷ്വംശമദ്ധ്യാവധി ദക്ഷിണപാർശ്വജേ രേഖേ ച പരിലിഖ്യ = പിന്നെ ലക്ഷണത്തിന്റെ ചുവട്ടിൽ മണിരേഖയുടെ രണ്ടു പുറത്തുംകൂടി കീഴ്പ്പോട്ട് അഞ്ചാമത്തേ അംശത്തിന്റെ നടുവിലോളം പാർശ്വരേഖകളേയും വരപ്പൂ. ഊർദ്ധ്വാഗ്രൈഃ വൃത്തസൂത്രകൈഃ ത്രിദശകോഷ്ഠാനി പ്രകല്പ്യ = പിന്നെ ഈ അഞ്ചംശം കഴിവോളവും വൃത്തരേഖകൾ ഇട്ട് ചുറ്റിനേ ആറായിട്ട് അംശിച്ച് ആ അംശങ്ങളിൽ പഞ്ചാംശം കഴിവോളം ആറ് ഊർദ്ധ്വരേഖകളും ഇട്ട് മുപ്പതുപദങ്ങൾ വരുത്തിയാൽ, തത് കർണ്ണക്രമതഃ അവനിപങ്ക്ത്യന്തേ പരാക് തേ മിഥഃ യോജയേത് = ആ പദങ്ങളുടെ കർണ്ണമാർഗ്ഗേണ രണ്ടു പുറത്തുമുള്ള പാർശ്വരേഖകളേ വരച്ച് പൃഷ്ഠഭാഗത്ത് ആദ്യംശകത്തിന്റെ മുകളിൽ അന്യോന്യം രണ്ടു രേഖകളേയും യോജിപ്പിക്കണം.

രേഖാലക്ഷണത്തേ ചൊല്ലുന്നു.

ലക്ഷ്മലക്ഷണത്തിന്റെ ചുവട്ടിൽനിന്നു രേഖാനടുവേ കീഴ്പോട്ടു കീഴീന്നു തുടങ്ങി രണ്ടാമംശത്തിന്റെ അറ്റത്തോളം വരപ്പൂ. അതിന്നു മണിരേഖയെന്നു പേര്. പിന്നെ ലക്ഷ്മത്തിന്റെ താഴത്തു രണ്ടു രേഖ വരപ്പൂ. ശിവാംശത്തിന്റെ ചുറ്റുകൊണ്ട് ആറ് അംശിപ്പൂ. അപ്പോളയ്യാറു മുപ്പതു പദമുണ്ടാം. പിന്നെ ആ രണ്ടു രേഖകളും അവിടെനിന്ന് ഓരോ പദങ്ങളുടെ കർണ്ണത്തൂടേ വരച്ച് നേരേ പിന്നിൽ കീഴേ ഒരംശം കിടക്കും. രേഖ അറ്റത്തു തങ്ങളിൽ കൂടുകയും വേണം. അവറ്റിന്നു പാർശ്വരേഖകൾ എന്നു പേര്.

Shripuram Publications
www.shripuram.org

വിസ്താരോഽധമലക്ഷണേ ദ്വിയവത-
സ്തത്പാദവൃദ്ധ്യോർദ്ധ്വതോ-
രേഖാ തദ്ദലതോ മിതാ മണിമയീ
തൽസാമിക്ലൃപ്തേപുരേ
രേഖാ ദക്ഷിണവാമമദ്ധ്യരചിതാ
ബ്രഹ്മാജിതാനംഗജി-
ദ്ദേവത്യാശ്ചതുരശ്രകാദിശിവലിം-
ഗാംശാശ്ച തദ്ദേവതാഃ. 145

അധമലക്ഷണേ ദ്വിയവതഃ വിസ്താരഃ = അധമത്തുങ്കൽ രണ്ടു യവം വിസ്താരമായിട്ടു ലക്ഷണത്തേ ഉണ്ടാക്കൂ. ഊർദ്ധ്വതഃ തൽപാദവൃദ്ധ്യാ = മദ്ധ്യമത്തുങ്കൽ രണ്ടേകാൽ യവം വിസ്താരമായും ഉത്തമത്തുങ്കൽ രണ്ടര യവം വിസ്താരമായും ലക്ഷണം ഭവിക്കും. യവം ലിംഗനീളത്തുങ്കൽനിന്ന് ഉണ്ടാക്കുന്നത്, മണിമയീ രേഖാ തദ്ദലതഃ മിതാ = മണിരേഖയ്ക്കു ലക്ഷണത്തിൽ പാതി വിസ്താരം വേണം. പരേ തത്സാമിക്ലൃപ്തേ = പാർശ്വരേഖകൾക്കു മണിരേഖയിൽ പാതി വിസ്താരം വരും. ദക്ഷിണവാമമദ്ധ്യരചിതാഃ രേഖാഃ ബ്രഹ്മാജിതാനംഗജിദ്ദേവത്യാഃ = ദക്ഷിണഭാഗത്തേ രേഖയ്ക്കു ബ്രഹ്മാവു ദേവതാ, വാമഭാഗത്തേ രേഖയ്ക്കു വിഷ്ണു ദേവതാ, മണിരേഖയ്ക്കു ശിവൻ ദേവാതാ, ചതുരശ്രകാദിശിവലിംഗാംശാഃ തദ്ദേവതാഃ = ചതുരശ്രഭാഗത്തു ബ്രഹ്മാവും അഷ്ടാശ്രഭാഗത്തു വിഷ്ണുവും വൃത്തഭാഗത്തു ശിവനും ദേവതകൾ ഭവിക്കും.

ഇനി അവറ്റിന്റെ വിസ്താരത്തേ ചൊല്ലുന്നു.

ലക്ഷ്മത്തിന്നു രണ്ടു തോര അധമം, രണ്ടേകാൽ തോര മദ്ധ്യമം. രണ്ടരത്തോര ഉത്തമം. ലക്ഷ്മവിസ്താരത്തിൽ പാതി മണിരേഖയുടെ വിസ്താരം. പാർശ്വരേഖകൾക്കും വിസ്താരം അവ്വണ്ണംതന്നെ കണ്ടുകൊൾക. പിന്നെ വലത്തേ രേഖയ്ക്കു ബ്രഹ്മൻ ദേവതയാകുന്നത്. ഇടത്തേ രഖയ്ക്കു വിഷ്ണു ദേവതയാകുന്നത്. നടുവിലേതു ശിവൻ ദേവതയാകുന്നത്. പിന്നെ ശിവലിംഗത്തിന്റെ ചതുരശ്രത്തിന്നു ബ്രഹ്മൻ ദേവത. അഷ്ടാശ്രത്തിന്നു വിഷ്ണു ദേവത. വൃത്തത്തിന്നു ശിവൻ ദേവത. ഇങ്ങനെ ലിംഗലക്ഷണത്തേ ചൊല്ലി.

അനന്തരം പീഠാദികളേ ഉണ്ടാക്കുവാൻ പറയുന്നു.

ബിംബേ ബിംബോച്ഛ്രയസമസമായാമവിസ്താരയുക്തം
സ്വവ്യാസാർദ്ധോച്ഛ്രയപരിഗതം ച പ്രകുർവീത പീഠം
ലിംഗവ്യാസത്രിഗുണിതവിതത്യാതതിഭ്യാം സമേതം
ലിംഗേ സ്വാഷ്ടാശ്രകസമസമുച്ഛ്രായി തുര്യശ്രരൂപം. 146

www.shripuram.org
Shripuram Publications
www.shripuram.org

ബിംബേ ബിംബോച്ഛ്രയസമസമായാമവിസ്താരയുക്തം = ബിംബത്തുങ്കൽ ഒക്കെയും ബിംബനീളത്തോളം വിസ്താരവും നീളവുംകൂടി, സ്വവ്യാസാർദ്ധോച്ഛ്രയപരിഗതം പീഠം പ്രകുർവീത = പീഠവിസ്താരത്തിൽ പാതി പൊക്കവും ആയി പീഠത്തേ ഉണ്ടാക്ക. ലിംഗേ ലിംഗവ്യാസത്രിഗുണിതവിതത്യാതതിഭ്യാം സമേതം = ശിവലിംഗത്തുങ്കൽ ലിംഗവിസ്താരത്തുങ്കൽ ഇരട്ടിച്ചതുകൊണ്ടു ദീർഘവിസ്താരത്തോടും, സ്വാഷ്ടാശ്രകസമസമുച്ഛ്രായി ത്ര്യശ്രരൂപം പീഠം പ്രകുർവീത = ലിംഗത്തിന്റെ അഷ്ടാശ്രത്തോളം പൊക്കത്തോടുംകൂടി ചതുരശ്രമായിട്ടു പീഠത്തേ ഉണ്ടാക്ക.

ഇനി പീഠലക്ഷണത്തേ ചൊല്ലുന്നു.

ബിംബത്തുങ്കൽ ഈ ബിംബത്തിന്റെ നീളത്തോളം നീളവുമായി ആ നീളത്തോളം വിസ്താരവുമായി വിസ്താരത്തിൽ പാതി പൊക്കവുമായി ചതുരശ്രമായിട്ട് പണിചെയ്ക. ശിവലിംഗത്തുങ്കൽ ലിംഗവണ്ണത്തിൽ മൂന്നിരട്ടി നീളവുമായി ആ നീളത്തോളം വിസ്താരവുമായി ലിംഗത്തിന്റെ അഷ്ടാശ്രനീളത്തോളം ഇവരവുമായി ചതുരശ്രമായിട്ടു പണി ചെയ്ക.

ദ്വ്യഷ്ടാംശേ ശിവപീഠകേ ക്ഷിതിശരാ-
ബ്ധീന്ദ്വംശകേ പാദുകം
പ്രാദധ്വാജ്ജഗതീം തഥാ കുമുദകം
തത് പട്ടികാം ച ക്രമാത്
അംശാഭ്യാം ഗളമംശകേന ഗളപ-
ട്ടിം ജാഗതേഽബ്ധ്യംശിനി
ഗ്രീവാന്തേഽർദ്ധയുതദ്വയേന വളഭിം
ശിഷ്ടേന പട്ടിം സദാ. 147

ശിവപീഠകേ ദ്വ്യഷ്ടാംശേ = ശിവന്റെ പീഠത്തിന്റെ പൊക്കത്തേ പതിനാറായിട്ടു പകുത്താൽ, ക്ഷിതിശരാബ്ധീന്ദ്വംശകൈഃ പാദുകം ജഗതീം കുമുദകം തത് പട്ടികാം ച = ഒരംശംകൊണ്ട് പാദുകത്തേയും അഞ്ചംശകംകൊണ്ടു ജഗതിയേയും നാലംശംകൊണ്ടു കുമുദത്തേയും ഒരംശംകൊണ്ടു കുമുദപട്ടികയേയും, അംശാഭ്യാം ഗളം = രണ്ടംശംകൊണ്ടു ഗളത്തേയും, അംശകേന ഗളപട്ടിം = ഒരംശംകൊണ്ടു ഗളപട്ടികയേയും, ജാഗതേ അബ്ധ്യംശിനി = ജഗതി നാലംശമെങ്കിൽ, ഗ്രീവാന്തേ അർദ്ധയുതദ്വയേന വളഭിം = ഗളം കഴിഞ്ഞാൽ രണ്ടരകൊണ്ടു പട്ടികയേയും വളരിനേയും ഉണ്ടാക്ക. ശിഷ്ടേന സദാ പട്ടിം ച പ്രാദദ്ധ്യാത് = ശിഷ്ടമുള്ള ഒന്നരകൊണ്ടുതാൻ രണ്ടുകൊണ്ടുതാൻ രണ്ടുപക്ഷത്തിലും പട്ടിയേയും ക്രമേണ ഉണ്ടാക്ക.

ഇനി പീഠത്തിന്റെ അവയവത്തേ ചൊല്ലുന്നു.

www.shripuram.org
Shripuram Publications
www.shripuram.org

പീഠത്തിന്റെ ഇവരത്തേ പതിനാറംശിച്ചാൽ ഒരംശം പാദുകം. (അഞ്ച്) അംശം ജഗതി. നാലംശം കുമുദകം. ഒരംശം കുമുദപട്ടം. രണ്ടംശം ഗളം. ഒരംശം ഗളത്തിന്മേലേ പട്ടം. രണ്ടംശം പടി. എന്നിയേ മറ്റൊരു പ്രകാരം ചൊല്ലുന്നു. ഒന്നുകൊണ്ടു പാദുകം, നാലുകൊണ്ടു ജഗതി, നാലു കൊണ്ടു കുമുദകം, ഒന്നുകൊണ്ടു പട്ടം, രണ്ടുകൊണ്ടു ഗളം, രണ്ടരകൊണ്ടു വളര്, ഒന്നരകൊണ്ടു പടി എന്നാകിലുമാം.

പീഠേ മുക്ത്വാ പ്രതിഷ്ഠാവടമുദധിവിഭാ-
ഗം വിധായാവശിഷ്ടം
ദ്വാഭ്യാമാധായ പാഥോവലയമുദകധാ-
ത്രീം വിധായാംശകേന
ശിഷ്ടേനാധായ തദ്വേഷ്ടനമഥ തദ്ദക്
ത്ര്യംശവിസ്താരദൈർഘ്യം
കുര്യാദഷ്ടാശ്രമാശാംശകകൃതജലകു-
ല്യം കൃശാഗ്രം പ്രണാളം. 148

പീഠേ പ്രതിഷ്ഠാവടം മുക്ത്വാ അവശിഷ്ടം ഉദധിവിഭാഗം പ്രകല്പ്യ = പീഠത്തിന്റെ മുകളിൽ പ്രതിഷ്ഠാഗർത്തത്തേ നീക്കി ശേഷം ചുറ്റുമുള്ള വിസ്താരത്തേ നാലായിട്ടു പകുത്താൽ, ദ്വാഭ്യാം പാഥോവലയം = രണ്ടു ഭാഗംകൊണ്ടു നടുവിൽ വെള്ളം പോകുവാനുള്ള വൃത്തത്തേയും, അംശകേന ഉദകധാത്രീം ശിഷ്ടേന തദ്വേഷ്ടനം ച = ഒരംശംകൊണ്ടു വെള്ളമൊഴുകുവാനുള്ള വഴിയും ഒരംശംകൊണ്ടു പുറത്തു മേഖലയേയുമുണ്ടാക്കൂ. തദ്ദക് ത്ര്യംശവിസ്താര ദൈർഘ്യം = പീഠത്തിന്റെ വടക്ക് പീഠവിസ്താരത്തിൽ മൂന്നിലൊന്നു വിസ്താരദീർഘമായ, അഷ്ടാശ്രം ആശാംശകകൃത ജലകുല്യം കൃശാഗ്രം പ്രണാളം കുര്യാത് = എട്ടു പട്ടമായും പത്താലൊന്നു കൊണ്ടു വെള്ളം പോകുന്ന വഴിയോടുംകൂടി തലയ്ക്കു വണ്ണം കുറഞ്ഞുവരുമാറ് ഓകിനേയുമുണ്ടാക്കൂ.

ഇനി പീഠത്തിന്റെ മേലേഭാഗത്തേ വിഭാഗത്തേ ചൊല്ലുന്നു.

പീഠത്തിന്റെ നടുവിൽ പ്രതിഷ്ഠാസ്ഥാനം കല്പിച്ചേടത്തുന്ന് ശേഷിച്ചതിനേ നാലു പകുത്താൽ നടുവിലേതു രണ്ടംശവും വെള്ളം പോവാൻ കുഴിക്കണം. വീതിയിൽ പാതി കുഴി. അകമേയും ഓരോ അംശം വെള്ളത്തിന്റെ തടവ്. പിന്നെ പീഠത്തിന്റെ വടക്കേപ്പുറത്തു പീഠവിസ്താരത്തിൽ മൂന്നൊന്നു വണ്ണവും അത്രയും നീളവുമായിട്ട് ഓവുപണി ചെയ്യണം. അഗ്രം ചെറുതായി ഇരിക്കയും വേണം വീതിയിൽ പത്താലൊന്നു വെള്ളം പോവാൻ കുഴിക്കയും വേണം. മാതൃകത്തുങ്കൽനിന്നു പതിനാറാലൊന്ന് കിഴക്കോട്ടു നീങ്ങിയിരിക്കിലുമാം.

www.shripuram.org
Shripuram Publications
www.shripuram.org

ബിംബേ നപുംസകശിലാം നിജനാളമൂല-
വിസ്താരതോ/ധിചരണാംശദളാംശതാനാം
ദ്വിഘ്നപ്രഥാം ച വിദധീത നിജപ്രഥാർദ്ധ-
പാദോനതത്സമസമുച്ഛ്രയസമ്പ്രപന്നാം. 149

ബിംബേ നിജനാളമൂലവിസ്താരതഃ അധിചരണാംശദളാം ശതാനാം = ബിംബത്തുങ്കൽ തന്റെ നാളവിസ്താരത്തിൽ ഒന്നേകാൽ ഒന്നര വിസ്താരമായിട്ടും, ദ്വിഘ്നപ്രഥാം ച = രണ്ടിരട്ടി വിസ്താരമായിട്ടും, നപുംസകശിലാം വിദധീത = നപുംസകശിലയേ ഉണ്ടാക്ക. നിജപ്രഥാർദ്ധപാദോനത്സമസമുച്ഛ്രയസമ്പ്രപന്നാം = നപുംസകശിലയ്ക്കു തന്റെ വീതിയിൽ പാതിയും മുക്കാലും വീതിയോളം കനവുമുണ്ടായിരിക്കണം.

ഇനി നപുംസകശിലയേ ചൊല്ലുന്നു.

ബിംബത്തുങ്കലേ നപുംസകശിലയ്ക്ക് തന്റെ നാളമൂലത്തുങ്കലേ വീതിയിൽ ഒന്നേകാൽ താൻ ഒന്നരതാൻ ഇരട്ടിതാൻ വിസ്താരമായി, വീതിയിൽ പാതിതാൻ മുക്കാലുതാൻ സമംതാൻ ഇവരവുമായിട്ട് ഉണ്ടാക്കണം.

ഭങ്ക്ത്വാ ത്രിധാ/ംഘ്രിദൃഷദുച്ഛ്രയമേകമംശം
പീഠേ ദ്വിഭാഗമുപവേശയതുർവ്വരായാം
ദ്വ്യേകാർദ്ധിതാംഗുലമിതം ഖനതുത്തമാദി
ബ്രഹ്മാശ്മമൂർദ്ധ്ന്യുചിതനാളനിവേശനായ. 150

അംഘ്രിദൃഷദുച്ഛ്രയം ത്രിധാ ഭങ്ക്ത്വാ = നപുംസകശിലയുടെ പൊക്കത്തെ മൂന്നായിട്ടു പകുത്താൽ, പീഠേ ഏകം അംശം ഉർവരായാം ദ്വിഭാഗം ഉപവേശയതു = ഒരംശംപീഠത്തുങ്കൽ കേറിയും രണ്ടംശം ഭൂമിയിങ്കലും വരുമാറു വയ്ക്കണം. ഉത്തമാദി ബ്രഹ്മാശ്മ മൂർദ്ധ്നി ഉചിതനാളനിവേശനായ ദ്വ്യേകാരദ്ധിതാംഗുലമിതം ഖനതു = ഉത്തമമായിരിക്കുന്ന നപുസംകശിലയുടെ മുകളിൽ നാളത്തിന്റെ ചുവടു ചെല്ലുന്നതിന്നായിട്ട് രണ്ടംഗുലം താത്തു കുഴിക്കണം. മദ്ധ്യമനപുംസകശിലയിങ്കൽ ഒരംഗുലവും അധമനപുംസകശിലയിങ്കൽ അരയാംഗുലവും താത്തു കുഴിക്കണം.

അതിന്റെ പ്രതിഷ്ഠയെ ചൊല്ലുന്നു.

നപുംസകശിലയുടെ ഇവരത്തേ മൂന്നു പകുത്താൽ ഒരംശം പീഠത്തിൽ മേല്പോട്ടു പൂവിക്കയും വേണം. രണ്ടംശം ഭൂമിയിൽ കീഴ്പോട്ടു താഴ്കയും വേണം. ആ പാദശിലയുടെ മുകളിൽ രണ്ടു വിരലുതാൻ ഒരു വിരലുതാൻ അരവിരലുതാൻ കുഴിക്കണം. നാളംപൂവാൻ തക്കവണ്ണം ആക്കുഴിൽ നടുവിലും എട്ടുദിക്കിലും ഇങ്ങനെ ഒമ്പതു രത്നകൂപങ്ങളും വേണം.

www.shripuram.org
Shripuram Publications
www.shripuram.org

നപുംസകശിലയുടെ കുഴിൽ രത്നന്യാസത്തിന് ഒമ്പതു കുഴിയുണ്ടാക്കണം. ശിവങ്കലേ നപുംസകശിലയെ പറയുന്നു.

ലിംഗായാമസമോ നപുംസകശിലാ-
വ്യാസോ വരിഷ്ഠോ/വരഃ
പൂജാംശദ്വിഗുണസ്തദന്തരമിതാ-
വഷ്ടാംശിതായാം ക്രമാത്
അംശർദ്ധ്യാ/ധമമദ്ധ്യേദാദികവിധിർ-
വ്യാസാർദ്ധതോ/ംഘ്ര്യന്തിമ-
ശ്ചോത്സേധശ്ച തഥാ ലിംഗവിനിവേ
ശാർഹശ്ച കാര്യോ/വടഃ. 151

ലിംഗായാമസമഃ നപുംസകശിലാവ്യാസഃ വരിഷ്ഠഃ = ശിവലിംഗത്തിന്റെ നീളത്തോളം ദീർഘവിസ്താരമായി ഉണ്ടാകുന്ന നപുംസകശില ഉത്തമം. പൂജാംശദ്വിഗുണഃ അവരഃ = പൂജാഭാഗത്തിലിരട്ടി നീളമുള്ള നപുംസകശില അധമം. തദന്തരമിതൌ അഷ്ടാംശിതായാം = ഈ രണ്ടിന്റെ ഇടയിലുള്ള നീളത്തെ എട്ടായിട്ടു പകുത്തു, അംശർദ്ധ്യാ അധമമദ്ധ്യമാദികവിധിഃ = പൂജാഭാഗത്തിൽ ഓരോ അംശംകൂടി കൂട്ടിയാൽ അധമമദ്ധ്യമം അധമോത്തമം = ഇങ്ങനെ തുടങ്ങി ഒമ്പതു പ്രകാരം നപുംസംകശിലയുടെ നീളമുണ്ടാക്കാം. വ്യാസാർദ്ധതഃ അംഘ്ര്യന്തിമഃ ഉത്സേധഃ ച = നപുംസകശിലയുടെ വീതിയിൽ പാതി കനം ഉത്തമം. വീതിയിൽ കാൽവാശി കനമുള്ളത് അധമം. അവിടെയും കനത്തിന്റെ ഇടം അംശിച്ച് ഓരോ അംശംകൂട്ടി ഒമ്പതു പ്രകാരം കനവുമുണ്ടാക്കാം. ലിംഗവിനിവേശാർഹഃ അവടഃ ച കാര്യഃ = ശിവലിംഗത്തിന്റെ ചുവടു ചെല്ലുന്നതിന്നു തക്കതായിട്ട് കുഴിയും അക്കുഴിയിൽ രത്നന്യാസത്തിനു വേണ്ടുന്ന ഒമ്പതു കുഴിയും കൂടെ ഉണ്ടാക്കണം.

ഇനി ശൈവത്തിങ്കലേ നപുംസകശിലയേ ചൊല്ലുന്നു.

ലിംഗത്തിന്റെ നീളത്തോളം നപുംസകശിലയുടെ വിസ്താരം. അത് ഉത്തമോത്തമം. പൂജാംശനീളത്തിലിരട്ടി അധമാധമം. അതിന്റെ പ്രകാരം പൂജാംശദ്വിഗുണവും ലിംഗായാമവും തങ്ങളിലുള്ള അന്തരംകൊണ്ടു എട്ടംശിച്ചു പൂജാംശദ്വിഗുണത്തിൽ ഓരോ അംശംകൂടെ കൂട്ടിയിരിപ്പൂ. അവിടെ പൂജാംശദ്വിഗുണം അധമാധമം. അതിൽ ഒരംശംകൂടിയത് അധമമദ്ധ്യമം. രണ്ടു കൂടിയാൽ അധമോത്തമം. മൂന്നുകൂടിയാൽ മദ്ധ്യമാധമം. ആറുകൂടിയാൽ ഉത്തമാധമം. ലിംഗത്തോളമുള്ളത് ഉത്തമോത്തമം. പിന്നെ വിസ്താരത്തിൽ പാതി ഉത്തമോത്തമമായുള്ള ഇവരം. വീതിയിൽ നാലൊന്ന് അധമോത്തമം. അവിടെയും അന്തരംകൊണ്ട് എട്ടംശിച്ച്

www.shripuram.org
Shripuram Publications
www.shripuram.org

ഒക്കെ ഉണ്ടാക്കിക്കൊള്ളൂ. അതിന്റെ മുകളിൽ ലിംഗത്തിന്റെ ചതുരശ്രം പോവാൻ തക്കവണ്ണം കുഴിച്ചുകൊള്ളുക. അതിൽ നടേത്തെപ്പോലെ രത്നക്ഷപങ്ങളും വേണം. അതിന്റെ അവകാശം വരുന്നേടത്ത് പ്രതിഷ്ഠിച്ചുകൊള്ളുക.

അനന്തരം ബലിബിംബാദികളേപ്പറയുന്നു.

സകളേ സതി മൂലബിംബകേ
നിഗമാംശോന്മിതി കർമ്മബിംബകം
സകളാകൃതി നിഷ്കളേ/പി വാ
സ്ഥിതമാസീനമുത പ്രകല്പയേത്. 152

സകളേ നിഷ്കളേ അപി മൂലബിംബകേ = അവയവത്തോടുകൂടീട്ടും ലിംഗാകൃതിയായിട്ടും രണ്ടുപ്രകാരമുള്ള മൂലബിംബത്തുങ്കൽ, നിഗമാംശോന്മിതി സകളാകൃതി കർമ്മബിംബകം = മൂലബിംബത്തിന്റെ നാലൊന്നുകൊണ്ട് അവയവങ്ങളോടുകൂടീട്ട് കർമ്മബിംബത്തേ ഉണ്ടാക്കണം. സ്ഥിതം ഉത ആസീനം വാ പ്രകല്പയേത് = നില്പായിട്ടുതന്നെ എന്നിയേ, ഇരിപ്പായിട്ടുമാം.

ഇവിടെ നാലൊന്നുകൊണ്ട് കർമ്മബിംബത്തിന്റെ നീളം പറഞ്ഞത് എല്ലാടവും ഒന്നുപോലെ ചേരുന്നതല്ലായ്കകൊണ്ട് വിമർശിനിയിൽ വേർപെട്ടു പറഞ്ഞിരിക്കുന്ന പ്രമാണത്തേയും കൂടെ എഴുതുന്നു.

"മഹതി പ്രതിമായാമേ
തിഥിഭക്തേ മധുദ്വിഷഃ
അഗ്ന്യാദ്യദ്ര്യന്തിമൈരംശൈർ-
ബലിബിംബം പ്രകല്പയേത്.
സ്വായാമപഞ്ചഷഡ്ഭാഗൈഃ
കർമ്മാർച്ചാഷ്ട്യംശിതേ/ഥവാ
അബ്ധ്യാശുഗരസാദ്ര്യംശൈ-
രല്പേ മഹതി വാ ഭവേത്." - ഇതി

"ബിംബദീർഘനൃപഭാജിതേം/ശകൈ-
ർവ്വേദഭൂതരസപർവ്വതൈസ്തഥാ
അംഗുലൈശ്ച ഭവതി സ്വയോനിജൈഃ
കർമ്മബിംബമിതിരച്യുതാര്യയോഃ."

ബിംബനീളത്തേ പതിനാറായി പകുത്താൽ അതിൽ നാലൊന്നാ

www.shripuram.org
Shripuram Publications
www.shripuram.org

യിട്ടും അഞ്ചൊന്നായിട്ടും ആറൊന്നായിട്ടും ഏഴൊന്നായിട്ടും കർമ്മബിംബത്തേ ഉണ്ടാക്കൂ. സ്വയോനിജൈഃ അംഗുലൈഃ ച കർമ്മബിംബമിതിഃ ഭവതി = എന്നതുകൊണ്ട് മൂലബിംബത്തിന്റെ യോനി ഒത്തുവരുന്ന അംഗുലംകൊണ്ടും യവംകൊണ്ടും കർമ്മബിംബത്തിന്റെ നീളമുണ്ടാക്കാം. ഇപ്രകാരം തന്നെ അധികമുണ്ടാക്കിവരുന്നത്.

ഇനി ബിംബത്തുങ്കലേ അർച്ചനാമൂർത്തിയെ ചൊല്ലുന്നു.

ബിംബത്തിൽ നാലൊന്ന് ഇവരമായിട്ടു കർമ്മബിംബത്തെ ഉണ്ടാക്കുക. ബിംബമായി പണി ചെയ്യണം. ലിംഗത്തിൽ ബിംബമായിയും ലിംഗമായിയും ചെയ്യാം. എല്ലാടവും ഇരുന്നിട്ടും നിന്നുട്ടുമാം.

ആയാമേന ശിവാംശകസ്യ രചയേ-
ന്നാഹേന വാ സമ്മിതം
വ്യാസേനാപി ച മന്ത്രലിംഗവിഷയേ
തത് കർമ്മബിംബം ശിവേ
ഭങ്ക്ത്വാ ഷോഡശധാ പുനസ്ത്രയമിദം
രുദ്രാംകശൈലാശുഗാ-
ഗ്ന്യംശൈർവാധികമൂനിതം ച കുഹചിത്
കുര്യാത്തദൌചിത്യതഃ. 153

ശിവേ മന്ത്രലിംഗവിഷയേ ശിവാംശകസ്യ ആയാമേന = ശിവങ്കൽ ലിംഗത്തുങ്കൽ വൃത്തഭാഗത്തുങ്കലേ നീളംകൊണ്ടുതാൻ, നാഹേന വാ വ്യാസേന അപി വാ = വൃത്തഭാഗത്തുങ്കലേ ചുറ്റുകൊണ്ടുതാൻ വിസ്താരംകൊണ്ടുതാൻ, തത്കർമ്മബിംബം രചയേത് = ഈ മൂന്നുപ്രകാരവും ബലിബിംബത്തേ ഉണ്ടാക്കാം. ഇദം ത്രയം ഷോഡശധാ ഭങ്ക്ത്വാ = ഈ മൂന്നു പ്രകാരം പറഞ്ഞതിനേയും പതിനാറായിട്ടു പകുത്താൽ, രുദ്രാങ്കശൈലാശുഗാഗ്ന്യംശൈഃ = അതിൽ പതിനൊന്ന് ഒമ്പത് ഏഴ് അഞ്ച് മൂന്ന് ഈ അംശങ്ങളേക്കൊണ്ടും കർമ്മബിംബനീളമുണ്ടാക്കാം. കുഹചിത് തദൌചിത്യതഃ അധികം ഊനിതം ച കുര്യാത് = കർമ്മബിംബത്തുങ്കലേ യോനിപ്പെട്ടുവരുന്നതിന്റെ ഔചിത്യം നോക്കി ഈ പറഞ്ഞതിൽ അല്പം അധികമായിട്ടും കുറച്ചിട്ടും വേണ്ടിവരും.

ബലിബേരത്തിങ്കലേ കർമ്മബിംബത്തേ ചൊല്ലുന്നു.

ശിവാംശത്തിന്റെ നീളത്തോളംതാൻ വണ്ണത്തോളംതാൻ ലിംഗത്തുങ്കലേ കർമ്മബിംബത്തിന്റെ നീളം. പിന്നെ ഇവ മൂന്നിനേക്കൊണ്ടും പതിനൊന്നുതാൻ ഒമ്പതുതാൻ ഏഴുതാൻ മൂന്നുതാൻ ഓരോന്നും അംശമേറിയും കുറഞ്ഞും കൊള്ളാം. അപ്പോൾ മുപ്പത്തിമൂന്നുപ്രകാരമുണ്ടാം. ഇതിലവിടെ ഉചിതമാകുന്നതിനേ കണ്ടുകൊള്ളണം.

www.shripuram.org
Shripuram Publications
www.shripuram.org

ശിഖിവിശിഖസുഷിരഭക്തേ
മൂലഗൃഹേ മൂലബിംബേ ച
നേത്രാഗ്നിഭൃതഭാഗൈർ-
ബാലഗൃഹം ബാലലിംഗം ച. 154

മൂലഗൃഹേ മൂലബിംബേ ച ശിഖിവിശിഖസുഷിരഭക്തേ = മൂലപ്രാസാദത്തേയും മൂലബിംബത്തേയും മൂന്നുകൊണ്ടുതാൻ അഞ്ചുകൊണ്ടുതാൻ ഒമ്പതുകൊണ്ടുതാൻ പകുത്താൽ, നേത്രാഗ്നിഭൃതഭാഗൈഃ ബാലഗൃഹം ബാലബിംബം ച കുര്യാത് = രണ്ടുഭാഗംകൊണ്ടും മൂന്നുഭാഗംകൊണ്ടും അഞ്ചുഭാഗംകൊണ്ടും ബാലാലയത്തേയും ബാലബിംബത്തേയുമുണ്ടാക്കൂ.

ഇനി ഇളംകോവിൽ കൊള്ളുവാൻ ചൊല്ലുന്നു.

മൂലപ്രാസാദത്തെ മൂന്നുതാനഞ്ചുതാൻ ഒമ്പതുതാൻ പകുത്താൽ രണ്ടും മൂന്നും അഞ്ചും ഇങ്ങനെ ബാലപ്രാസാദം കൊള്ളേണ്ടു. അവ്വണ്ണം തന്നെ ബാലബിംബവും മൂലബിംബത്തേക്കൊണ്ടു കണ്ടുകൊള്ളുക. അവിടെ നപുംസകശില വേണ്ട എന്നു വിശേഷം. ഇതു മൂലപ്രാസാദത്തിന്റെ ഈശാന്തകോണിൽതാൻ വായുകോണിൽതാൻ പ്രതിഷ്ഠിക്കേണ്ടു.

ഇതി തന്ത്രസമുച്ചയേ ദ്വിതീയഃ
പടലോ ദർശിതദേവധിഷ്ണ്യലക്ഷ്മാ
പരിമണ്ഡപബിംബലിംഗപീഠാ-
ദികക്ലുപ്ത്യുക്തിസമന്വിതഃ സമാപ്തഃ. 155

ഇതി തന്ത്രസമുച്ചയേ = ഇപ്രകാരം തന്ത്രസമുച്ചയത്തുങ്കൽ, ദർശിതദേവധിഷ്ണ്യലക്ഷ്മാ = ദർശിക്കപ്പെട്ടിരിക്കുന്ന പ്രാസാദങ്ങളുടെ ലക്ഷണങ്ങളോടുകൂടി, പരിമണ്ഡപബിംബലിംഗപീഠാദികക്ലുപ്ത്യുക്തിസമന്വിതഃ = ചുറ്റമ്പലങ്ങളുടേയും വിളക്കുമാടം തുടങ്ങി പഞ്ചപ്രാകാരങ്ങളുടേയും ബിംബത്തിന്റേയും ശിവലിംഗത്തിന്റെ പീഠത്തിന്റേയും നപുംസകശിലയുടേയും ലക്ഷണങ്ങളോടുംകൂടിയിരിക്കുന്ന, ദ്വിതീയഃ പടലഃ സമാപ്തഃ = രണ്ടാമത്തേ പടലം സമാപ്തമായി ഭവിച്ചു.

ഇതി തന്ത്രസമുച്ചയഭാഷായാം
ദ്വിതീയഃ പടലഃ സമാപ്തഃ

Shripuram Publications
www.shripuram.org